Newspaper for Malayalees Worldwide ◆Estd.2020

# വാചകം
# VACHAKAM

CHICAGO
VOL.4 / ISSUE 13 / PAGES 32
25
സെപ്റ്റംബർ 2024
ബുധനാഴ്ച
1200 കന്നി 9

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World

## 100 ബില്യൺ ഡോളറിന്റെ നിർമ്മാണ പദ്ധതി

# മധ്യവർഗ അമേരിക്കക്കാർക്ക് വിലക്കയറ്റത്തെ നേരിടാൻ ഹാരിസിന്റെ നയരേഖ





പിറ്റ്സ്ബർഗ്: വൈറ്റ് ഹൗസിലെ തന്റെ എതിരാളിയെ ലക്ഷ്യം വച്ച്, മധ്യവർഗ അമേരിക്കക്കാർക്ക് വിലക്കയറ്റത്തെ നേരിടാൻ കുട്ടികളുടെ പരിചരണവും മുതിർന്നവരുടെ പരിചരണച്ചെലവും കുറയ്ക്കുമെന്ന് വൈസ് പ്രസിഡന്റ് കമല ഹാരിസ് പ്രതിജ്ഞയെടുത്തു.പെൻസിൽവാനിയയിലെ പിറ്റ്സ്ബർഗ് ഇക്കണോമിക് ക്ലബിൽ സംസാരിക്കവേയാണ് അവർ തന്റെ നിലപാട് വ്യക്തമാക്കിയത്. ഡെമോക്രാറ്റിക് പാർട്ടിയുടെ പ്രസിഡൻഷ്യൽ നോമിനി തന്റെ സാമ്പത്തിക അജണ്ടയുടെ മൂന്ന് പ്രധാന വശങ്ങൾ വിശദീകരിച്ചു. കുറഞ്ഞ ചെലവ്, അമേരിക്കൻ നവീകരണത്തിലും സംരംഭകത്വത്തിലുമുള്ള നിക്ഷേപം, ഭാവിയിലെ വ്യവസായങ്ങളിലെ ആഗോള എതിരാളികൾ എന്നിവ ലക്ഷ്യം വച്ചുള്ളതാണ് തന്റെ നയം എന്ന് കമല വ്യക്തമാക്കുന്നു.ഉൽപ്പാദനത്തിൽ 100 ബില്യൺ ഡോളറിന്റെ പുതിയ നിക്ഷേപങ്ങളുടെ രൂപരേഖയിലൂടെ പ്രത്യയശാസ്ത്രത്തിന് അടിമപ്പെടാത്ത ഒരു പ്രായോഗികവാദിയായി ഭരിക്കാൻ കമല ഹാരിസ് പ്രതിജ്ഞയെടുക്കുകയായിരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സയൻസ്, എനർജി ഡെവലപ്മെന്റ് എന്നിവയിലും അമേരിക്കൻ

ശേഷം പേജ് 8ൽ

സത്യത്തിന്റെ സത്യാനന്തരകാല പരിശോധന
(ഡോ. സെബാസ്റ്റ്യൻ പോൾ എഴുതുന്നു) പേജ് 05

ഏഷ്യൻ അമേരിക്കൻ വോട്ടർമാർക്ക് ഇടയിൽ ട്രംപ് ഇഴയുന്നു; കമല ബഹുദൂരം മുന്നിൽ പേജ് 06

അന്നയുടെ മരണമൊഴി മൗനം; എങ്കിലും വാചാലം പേജ് 15

കേരള രാഷ്ട്രീയത്തിൽ 'അയ്യപ്പനും കോശി'യും സീസൺ ടു സൂപ്പർ ഹിറ്റ് പേജ് 22

പുകയുന്ന പശ്ചിമേഷ്യ: ആഗോള സമാധാനത്തിന് ഭീഷണി പേജ് 25



## ലക്ഷ്യം സർക്കാർ അടച്ചുപൂട്ടൽ ഒഴിവാക്കൽ;
# ഫണ്ടിംഗ് വിപുലീകരണം പാസാക്കി കോൺഗ്രസ്

വാഷിംഗ്ടൺ: സർക്കാർ അടച്ചുപൂട്ടൽ ഒഴിവാക്കാനായി, സർക്കാർ ഏജൻസികൾക്ക് ഡിസംബർ വരെ ധനസഹായം നൽകുന്ന ഒരു താൽക്കാലിക നടപടിക്ക് കോൺഗ്രസ് ബുധനാഴ്ച അംഗീകാരം നൽകി. സഭ അംഗീകരിച്ചതിന് തൊട്ടുപിന്നാലെ 78-18 വോട്ടിന് സെനറ്റും നടപടിക്ക് അംഗീകാരം നൽകി. ഡിസംബർ 20 വരെ ഏജൻസികൾക്ക് ബിൽ ഫണ്ട് നൽകുന്നു. കൂടാതെ റിപ്പബ്ലിക്കൻ പ്രസിഡൻഷ്യൽ നോമിനി ഡൊണാൾഡ് ട്രംപിനെതിരായ രണ്ട് കൊലപാതക ശ്രമങ്ങൾക്ക് ശേഷം രഹസ്യ സേവനത്തെ ശക്തിപ്പെടുത്തുന്നതിന് 231 മില്യൺ ഡോളർ കൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമത്തിൽ ഒപ്പിടാൻ ബിൽ പ്രസിഡന്റ് ജോ ബൈഡന്റെ മേശപ്പുറത്തേക്ക് അയച്ചു. ഈ ഉഭയകക്ഷിത്വം അമേരിക്കയെ സംബന്ധിച്ചിടത്തോളം ഒരു നല്ല തീരുമനമാണ്. കൂടുതൽ ക്രിയാത്മകവും ഉഭയകക്ഷിപരവുമായ പ്രവർത്തനത്തിന് ഇത് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു. വോട്ടെടുപ്പിന് നി

ശേഷം പേജ് 8ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

## ഇസ്രായേൽ ഹിസ്ബുള്ള സംഘർഷം;

# 21 ദിവസത്തെ വെടിനിർത്തലിന് ആഹ്വാനം ചെയ്ത് യുഎസും സഖ്യകക്ഷികളും



വാഷിംഗ്ടൺ: ലെബനനിൽ നടക്കുന്ന ഇസ്രായേൽ-ഹിസ്ബുള്ള സംഘർഷം ഉടനടി അവസാനിപ്പിക്കാനും, സമാധാന ചർച്ചകൾ നടത്താനുമായി യുഎസും ഫ്രാൻസും മറ്റ് സഖ്യകക്ഷികളും സംയുക്തമായി 21 ദിവസത്തെ വെടിനിർത്തലിന് ആഹ്വാനം ചെയ്തു.

ന്യൂയോർക്കിലെ യുഎൻ ജനറൽ അസംബ്ലിൽ നടത്തിയ സംയുക്ത പ്രസ്താവനയിൽ, സംഘർഷം അസഹനീയവും അസ്വീകാര്യവുമാണെന്നാണ് വിലയിരുത്തിയത്. അമേരിക്ക, ഓസ്ട്രേലിയ, കാനഡ, യൂറോപ്യൻ യൂണിയൻ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, ജപ്പാൻ, സൗദി അറേബ്യ, യുണൈറ്റഡ് അറബ് എമിറേറ്റ്സ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളാണ് വെടിനിർത്തലിന് ആഹ്വാനം ചെയ്തിരിക്കുന്നത്.

വെടിനിർത്തൽ കരാർ ഇസ്രായേൽ-ലെബനൻ അതിർത്തിയിൽ മാത്രമേ ബാധകമാകൂ. എന്നിരുന്നാലും ഇസ്രായേലും ഹമാസും തമ്മിലുള്ള വെടിനിർത്തലിനും ബന്ദികളെ മോചിപ്പിക്കുന്നതിനുമുള്ള മുടങ്ങിക്കിടക്കുന്ന ചർച്ചകൾ പുനരാരംഭിക്കുന്നതിന് മൂന്നാഴ്ചത്തെ വെടിനിർത്തൽ വേണമെന്നാണ് മുതിർന്ന യുഎസ് ഉദ്യോഗസ്ഥർ പറയുന്നത്.

ഇസ്രയേലും ഹിസ്ബുള്ളയും തമ്മിലുള്ള സംഘർഷം പൂർണ്ണ തോതിലുള്ള യുദ്ധത്തിലേക്ക് നീങ്ങുമെന്ന് പ്രസിഡന്റ് ജോ ബൈഡൻ ആശങ്ക പ്രകടിപ്പിച്ചു.വെടിനിർത്തൽ കരാർ കൈവരിക്കാൻ വിവിധ പങ്കാളികളുമായി യുഎസിന്റെ ശ്രമങ്ങൾ സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കെൻ എടുത്തുപറഞ്ഞു.

ബൈഡന്റെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജേക്ക് സള്ളിവൻ, മുതിർന്ന ഉപദേഷ്ടാക്കളായ ബ്രെറ്റ് മക്ഗുർക്ക്, അമോസ് ഹോച്ച്സ്റ്റീൻ എന്നിവർ മധ്യസ്ഥ ചർച്ചകൾക്കായി മിഡിൽ ഈസ്റ്റ് സഖ്യകക്ഷികളുമായി ബന്ധപ്പെടുന്നുണ്ട്. ഈ നിർദ്ദേശവുമായി ബന്ധപ്പെട്ട് അവർ ഇസ്രായേൽ ഉദ്യോഗസ്ഥരുമായും ബന്ധപ്പെട്ടിട്ടുണ്ട്.

അതേസമയം ഇസ്രയേൽ പ്രതിരോധ സേന ബുധനാഴ്ച തെക്കൻ ലെബനനിലും ബെക്കയുടെ കിഴക്കൻ പ്രദേശത്തും വ്യോമാക്രമണം തുടരുകയാണ്. യുദ്ധവിമാനങ്ങൾ ഉപയോഗിച്ച് ഹിസ്ബുള്ളയുടെ 280 ഓളം കേന്ദ്രങ്ങളിലാണ് ഇസ്രയേൽ ആക്രമണം അഴിച്ചുവിട്ടത്. ലെബനന്റെ തെക്കൻ പട്ടണമായ ടെബ്നൈനിലുണ്ടായ വ്യോമാക്രമണത്തിൽ രണ്ട് പേർ കൊല്ലപ്പെടുകയും 10 പേർക്ക് പരുക്കേൽക്കുകയും ചെയ്തതായി ലെബനൻ ആരോഗ്യ മന്ത്രാലയം അറിയിച്ചു. കിഴക്കൻ ലെബനനിലെ ബാൽബെക്ക് -ഹെർമൽ പ്രദേശത്ത് ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ ഏഴ് പേർ കൊല്ലപ്പെടുകയും 38 പേർക്ക് പരുക്കേൽക്കുകയും ചെയ്തു.

## American Diary — 60 Years Ago

### This Day in History

EUFAULA, Okla. (KFOR) – The Oklahoma Historical Society (OHS) is highlighting Oklahoma's largest lake located in southeastern Oklahoma near the city of Eufaula.

According to OHS, Lake Eufaula dam was dedicated on September 25, 1964, with President Lyndon B. Johnson in attendance. The dam created Oklahoma's largest capacity lake.



September 25, 1964



# യുഎസിൽ എത്തുന്ന സെലെൻസ്കിയുമായി ട്രംപ് കൂടിക്കാഴ്ച നടത്തില്ല

വാഷിംഗ്ടൺ: യുഎസിസിൽ എത്തുന്ന ഉക്രേനിയൻ പ്രസിഡന്റ് വ്ളാഡിമിർ സെലെൻസ്കിയെ ഡൊണാൾഡ് ട്രംപ് കാണാൻ സാധ്യതയില്ലെന്ന് റിപോർട്ടുകൾ.

മുൻ പ്രസിഡന്റിനെ കാണാൻ സെലൻസ്കി പദ്ധതിയിട്ടിരുന്നതായി കഴിഞ്ഞയാഴ്ച ഉക്രേനിയൻ ഉദ്യോഗസ്ഥരുടെ പ്രസ്താവന ഉണ്ടായിരുന്നെങ്കിലും ഇരുവരും തമ്മിൽ ഒരു കൂടിക്കാഴ്ചയും ഷെഡ്യൂൾ ചെയ്തിട്ടില്ലെന്ന് ട്രംപ് വക്താവ് അസോസിയേറ്റഡ് പ്രസ്സിനോട് പറഞ്ഞു.

ന്യൂയോർക്കിൽ നടക്കുന്ന യുഎൻ ജനറൽ അസംബ്ലിയുടെ 79ാമത് സെഷനിൽ പങ്കെടുക്കാനാണ് സെലൻസ്കി എത്തുന്നത്. തന്റെ യാത്രയ്ക്ക് മുമ്പ്, ഉക്രെയ്നിലെ യുദ്ധം അവസാനിപ്പിക്കാനുള്ള വിക്ടറി പ്ലാൻ റിപ്പബ്ലിക്കൻ പ്രസിഡന്റ് സ്ഥാനാർത്ഥി ട്രംപിനും യുഎസ് പ്രസിഡന്റ് ജോ ബൈഡനും ഡെമോക്രാറ്റിക് പ്രസിഡന്റ് സ്ഥാനാർത്ഥിയായ വൈസ് പ്രസിഡന്റ് കമലാ ഹാരിസിനും മുന്നിൽ അവതരിപ്പിക്കാൻ പദ്ധതിയിട്ടിരുന്നതായും സെലൻസ്കി പറഞ്ഞിരുന്നു. എന്നാൽ ഈ ഘട്ടത്തിൽ ട്രംപുമായി ഒരു കൂടിക്കാഴ്ചയ്ക്ക് സാധ്യതയില്ല,

അതേസമയം സെലൻസ്കിയുടെ യുഎസ് യാത്രയ്ക്ക് മുമ്പുതന്നെ, വിദേശ നേതാക്കളുമായുള്ള കൂടിക്കാഴ്ചകൾക്ക് പകരം പ്രചാരണത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാൻ ചില സഖ്യകക്ഷികൾ ട്രംപിനെ പ്രേരിപ്പിച്ചിരുന്നുവെന്നാണ് അടുത്ത വൃത്തങ്ങൾ പറയുന്നത്.

# അഫ്ഗാനിലെ യുഎസ് പിൻവാങ്ങൽ; ബൈഡനും ഹാരിസിനും എതിരായ ജിഒപി പ്രമേയം സഭ അംഗീകരിച്ചു




വാഷിംഗ്ടൺ: അഫ്ഗാനിസ്ഥാനിൽ നിന്നുള്ള യുഎസ് പിൻവാങ്ങലിന് പ്രസിഡന്റ് ജോ ബൈഡനെയും വൈസ് പ്രസിഡന്റ് കമല ഹാരിസിനെയും അപലപിച്ച് ഹൗസ് റിപ്പബ്ലിക്കൻമാർ ബുധനാഴ്ച വോട്ടു ചെയ്തു. വാഷിംഗ്ടണിലെ അവരുടെ പ്രവർത്തനങ്ങൾക്ക് നിയമപരമായ പ്രാധാന്യമില്ലാത്തതും എന്നാൽ നവംബറിലെ തിരഞ്ഞെടുപ്പിന് മുന്നോടിയായി ഒരു രാഷ്ട്രീയ പോരിനും വഴിവയ്ക്കുന്നതാണ് നീക്കം. 10 ഡെമോക്രാറ്റുകളും എല്ലാ റിപ്പബ്ലിക്കൻമാരും അനുകൂലിച്ച് വോട്ട് ചെയ്തതോടെ പ്രമേയം 219-194 പാസായി.

അഫ്ഗാനിസ്ഥാനിലെ പിൻവാങ്ങലിലുടനീളം തീരുമാനങ്ങളെടുക്കുന്നതിലും നടപ്പിലാക്കുന്നതിലും പരാജയപ്പെട്ടതിന് ബൈഡനെയും ഹാരിസിനെയും ഭരണത്തിലെ മറ്റ് ഉൽ ലെ ചാവേർ ബോംബാക്രമണത്തിൽ കൊല്ലപ്പെട്ട 13 യുഎസ് സൈനികരുടെ മരണത്തിന് അവരെ കുറ്റപ്പെടുത്തുകയും ചെയ്തു. കരാറിലെ തന്റെ പങ്കിന് ട്രംപാണ് ഉത്തരവാദിയെന്നും അമേരിക്കയുടെ ഏറ്റവും ദൈർഘ്യമേറിയ യുദ്ധം അവസാനിപ്പിക്കാനുള്ള ബൈഡന്റെ തീരുമാനത്തോട് അവർ യോജിക്കുന്നുവെന്നും ഇപ്പോൾ പ്രസിഡന്റ് സ്ഥാനത്തേക്കുള്ള ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയായ ഹാരിസ് തിരിച്ചടിച്ചു.

റിപ്പബ്ലിക്കൻമാർ അവരുടെ സഭയിലെ ഭൂരിപക്ഷം ഉപയോഗിച്ചാണ് അടുത്ത ആഴ്ചകളിൽ ട്രംപിന്റെ കാര്യം ഉന്നയിക്കുന്നത്. ബൈഡനെ കൂടുതലും കുറ്റപ്പെടുത്തുന്ന ഒരു റിപ്പോർട്ട് പുറത്തിറക്കാനാണ് നീക്കം. ചൊവ്വാഴ്ച ഹൗസ് ഫോറിൻ അഫയേഴ്സ് കമ്മിറ്റി, കാബിനറ്റ് സെക്രട്ടറിയുമായി നടന്ന തർക്കത്തെത്തുടർന്ന് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കനെതിരെ കോൺഗ്രസ് അലക്ഷ്യ ആരോപണങ്ങളും സഭയിൽ ഉന്നയിച്ചു.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors: C. Radhakrishnan, Dr. Sebastian Paul, N.P. Chekutty, Sergey Antony, Antony Chadayammury, Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242
1-773-842-9149
Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.

## റീ...പോളിംഗ്




*എഡിജിപിയുടേത് നാണംകെട്ട തൃശ്ശൂർ പൂരം റിപ്പോർട്ട് എന്ന് പരാമർശം*

## സീറോമലബാർ നാഷണൽ ഫാമിലി കോൺഫറൻസ്

# ബിഷപ്പ് മാർ ജോയ് ആലപ്പാട്ടും ബിഷപ്പ് എമിരറ്റസ് മാർ ജേക്കബ് അങ്ങാടിയത്തും പങ്കെടുക്കും

## വെള്ളിയാഴ്ച ഫിലാഡൽഫിയയിൽ തിരിതെളിയും

ഫിലാഡൽഫിയ: ഷിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയിലെ അത്മായസംഘടനയായ സീറോമലബാർ കത്തോലിക്കാ കോൺഗ്രസിന്റെ (എസ്.എം.സി.സി.) രജത ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നടക്കുന്ന സീറോമലബാർ കുടുംബസംഗമത്തിന് സെപ്തംബർ 27 വെള്ളിയാഴ്ച്ച രണ്ടുമണിക്ക് രജിസ്ട്രേഷനോടെ തുടക്കമാവും.

സീറോമലബാർ വിശ്വാസ പാരമ്പര്യങ്ങൾക്കനുസരിച്ചുള്ള ലിറ്റർജിക്കൽ ആഘോഷങ്ങളോടൊപ്പം, കണ്ണിനും, കാതിനും, മനസിനും ഒരുപോലെ കുളിർമ്മയേകുന്ന വിവിധ രസക്കൂട്ടു പരിപാടികളുമായി വെള്ളിയാഴ്ച്ച സമാരംഭിക്കുന്ന ത്രിദിന കുടുംബസമ്മേളനത്തിന്റെ ആദ്യ ദിവസം തന്നെ വ്യത്യസ്ത രുചിഭേദത്തിന്റെ സ്വരരാഗസംഗീതമസാലക്കൂട്ടുകളുമായി ലോകപ്രശസ്ത സംഗീത ബാൻഡായ 'മസാല കോഫി'യുടെ അത്യുഗ്രപ്രകടനം കാണികളെ സംഗീതത്തിന്റെ മാസ്മരിക ലോകത്തേക്കു കൂട്ടിക്കൊണ്ടു പോകും.



വിവിധ ഭാഷകളിൽ ആലപിക്കപ്പെടുന്ന സംഗീതധാര കലാസ്വാദകരുടെ പ്രത്യേകിച്ച് യുവജനങ്ങളുടെ ഹൃദയം കവരും. ആഘോഷമായ ദിവ്യബലിയോടെ ആരംഭിക്കുന്ന സമ്മേളനത്തിന്റെ രണ്ടാം ദിവസം യൂത്ത്‌വോളിബോൾ ടൂർണമെന്റ്, വിവിധവിഷയങ്ങളെ അധികരിച്ചുള്ള വിജ്ഞാനപ്രദമായ ചർച്ചാസമ്മേളനങ്ങൾ, യംഗ് പ്രൊഫഷണൽസ് മീറ്റ്, വൈവിദ്ധ്യമാർന്ന കലാപരിപാടികൾ, നസ്രാണിതനിമയിലുള്ള ഘോഷയാത്ര, ലിറ്റർജിക്കൽ ക്വയർഫെസ്റ്റ്, ഫാഷൻ ഷോ, ബാങ്ക്വറ്റ് എന്നിവ ക്രമീകരിച്ചിട്ടുണ്ട്.

പാടും പാതിരി എന്നറിയപ്പെടുന്ന കർണാട്ടിക് സംഗീത ഗുരു റവ. ഡോ. പോൾ പൂവത്തിങ്കൽ സി.എം.ഐ നയിക്കുന്ന സായാഹ്ന സംഗീതം ആണ് സെപ്തംബർ 28 ശനിയാഴ്ച്ചയിലെ ഹൈലൈറ്റ്.

വൈകുന്നേരം ഏഴുമണിമുതൽ ആരംഭിക്കുന്ന ഈ സംഗീതനിശയിൽ പൂവത്തിങ്കലച്ചനൊപ്പം അനുഗൃഹീത ഗായകരായ ബ്രിസ്റ്റോ സേവ്യർ, സുഷമ പ്രവീൺ എന്നിവരും അണിചേരും. സമാപനദിവസമായ ഞായറാഴ്ച്ച ഒമ്പതരക്ക് ആഘോഷമായ ദിവ്യബലി. ഷിക്കാഗോ രൂപതാമെത്രാന്മാരും, വൈദികരും കാർമ്മികരാവുന്ന ദിവ്യബലി മധ്യേ വിവാഹജീവിതത്തിന്റെ 25, 50 വർഷങ്ങൾ പിന്നിടുന്ന ജൂബിലി ദമ്പതിമാരെ ആശീർവദിച്ചനുഗ്രഹിക്കും.

ഫാമിലി കോൺഫറൻസിന്റെ രക്ഷാധികാരികളായ ബിഷപ് മാർ ജോയ് ആലപ്പാട്ട്, ബിഷപ് എമരിത്തൂസ് മാർ ജേക്കബ് അങ്ങാടിയത്ത്, വികാരി ജനറാൾ റവ. ഫാ. ജോൺ മേലേപ്പുറം, എസ്.എം.സി.സി. നാഷണൽ ഡയറക്ടർ റവ. ഫാ. ജോർജ് എളംബാശേരിൽ, ആതിഥേയ ഇടവകവികാരി റവ. ഡോ. ജോർജ് ദാനവേലിൽ, സഹവികാരി റവ. ഫാ. റിനേഴ്സ് കോയിക്കലോട്ട് എന്നിവർ സമ്മേളനത്തിൽ ആദ്യന്തം പങ്കെടുക്കും.

കുടുംബസമ്മേളനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് ooo.ൊരരഷൗയശഹലല.ീൃഴ എന്ന വെബ്സൈറ്റിലൂടെ രജിസ്റ്റർ ചെയ്യാൻ സാധിക്കും. വാക്ക് ഇൻ രജിസ്ട്രേഷനും സ്വീകരിക്കും. വെള്ളിയാഴ്ച്ച വൈകുന്നേരം 7:30 മുതൽ നടക്കുന്ന മസാല കോഫി സംഗീതപ്രോഗ്രാമിന് പൊതുജനങ്ങൾക്ക് പാസുമൂലം പ്രവേശനം അനുവദിച്ചിട്ടുണ്ട്. ടിക്കറ്റുകൾ ഇൻഡ്യൻ കടകളിലും, വെള്ളിയാഴ്ച്ച ദിവസം സീറോമലബാർ പള്ളിയുടെ രജിസ്ട്രേഷൻ കൗണ്ടറിലും ലഭിക്കും.

രജിസ്ട്രേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക്: ജോർജ് മാത്യു സി.പി.എ. +1-267-549-1196, ജോസ് മാളേയ്ക്കൽ +1-215-873-6943, സിബിച്ചൻ ചെമ്പ്ളായിൽ +1-215-869-5604 എന്നിവരുമായി ബന്ധപ്പെടുക.

ജോസ് മാളേയ്ക്കൽ






# മർത്തമറിയം വനിതാ സമാജം വാർഷിക കോൺഫറൻസ് റെജിസ്ട്രേഷൻ പൂർത്തീകരിച്ചു



ഷിക്കാഗോ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ സൗത്ത് വെസ്റ്റ് അമേരിക്ക ഭദ്രാസന മർത്ത മറിയം വനിതാ സമാജം വാർഷിക കോൺഫറൻസ് 2024ന്റെ റെജിസ്ട്രേഷൻ സെപ്തംബർ 15ന് പൂർത്തീകരിച്ചു. ഭദ്രാസനത്തിലുള്ള എല്ലാ റീജിയനുകളിൽ നിന്നും സമാജ അംഗങ്ങൾ ഈ കോൺഫെറെൻസിൽ സംബന്ധിക്കുന്നതിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2024 ഓക്ടോബർ 3 വ്യാഴാഴ്ച മുതൽ 5 ശനിയാഴ്ച വരെ ഷിക്കാഗോയിലെ എൽമസ്റ്റിലുള്ള സെയിന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ നടക്കുന്ന കോൺഫെറെൻസിൽ ഷിക്കാഗോ റീജിയണിലെ വിവിധ ഇടവകകളിൽ നിന്നും, ഭദ്രാസനത്തിന്റെ മറ്റു റീജിയണനുകളിൽ ഉള്ള ദേവാലയങ്ങളിൽ നിന്നുമായി നാനൂറോളം വനിതകൾ പങ്കെടുക്കും.

"GLORIFICATION THROUGH WITNESSING" 1 Corinthians 9:16, ‘‘ദൈവ മഹത്ത്വം സുവിശേഷത്തിന്റെ സാക്ഷ്യത്തിലൂടെ ’’ എന്ന ഈ വർഷത്തെ കോൺഫറൻസ് ആപ്ത വാക്യത്തെ അടിസ്ഥാനമാക്കി, സുവിശേഷ പ്രാസംഗികനും, വേദപുസ്തക പണ്ഡിതനുമായ,മെഡിക്കൽ ഡയറക്ടർ ഡോ. വിനോ ജോൺ ദാനിയേൽ മുഖ്യ സന്ദേശം നൽകും.

കൂടാതെ മുഖ്യ അതിഥികൾ ആയി സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ ഹോണറബിൾ ഡോ. തോമസ് മാർ ഇവാനിയോസ്, അഹമ്മദാബാദ്, ഭദ്രാസനാധിപനായ ഹോണറബിൾ ഡോ. ഗീവർഗീസ് മാർ തിയോഫിലോസ് എന്നീ പിതാക്കന്മാരും ഈ കോൺഫെറെൻസിൽ പങ്കുചേരും. ആത്മീയ ജീവിതത്തിനു പ്രചോദനം ഏകുന്ന വിവിധ സെഷനുകളും ഈ കോൺഫെറെൻസിൽ ക്രമീകരിച്ചിട്ടുണ്ട്.

കോൺഫെറെൻസിന്റെ വിജയകരമായ നടത്തിപ്പിനായി ഫാ. ഹാം ജോസഫ് (കോൺഫറൻസ് ഡയറക്ടർ), ജിജി കെ, സൈമൺ (കൺവീനർ), റവ.ഫാ. ഡോ. ഐസക് ബി. പ്രകാശ് (വൈസ് പ്രസിഡന്റ്, എം.എം.വി.എസ്), സുനു ജോയ് (ജനറൽ സെക്രട്ടറി), ലിനി ശങ്കരത്തിൽ (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

കൂടാതെ ഷിക്കാഗോയിലുള്ള എല്ലാ വൈദികരുടെയും നേതൃത്വത്തിൽ വിവിധ കമ്മിറ്റകൾ ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു. റവ. ഫാ. തോമസ് മാത്യുവിന്റെ നേതൃത്വത്തിൽ ഷിക്കാഗോ ഓർത്തഡോക്സ് കൊയർ ഗാന ശുശ്രുഷകൾ നിർവഹിക്കും.

ഈ കോൺഫെറെൻസിൽ വളരെ ആകർഷണീയങ്ങളായ സമ്മാനങ്ങൾ നൽകിക്കൊണ്ട് റാഫിൾ ഡ്രോ നടത്തുന്നതിനായി ക്രമീകരിച്ചിരിക്കുന്നു.

*ഏലിയാമ്മ പുന്നൂസ്*

## സീതാറാം യെച്ചൂരി അനുസ്മരണവും സെമിനാറും നടത്തി



ഷിക്കാഗോയിലെ പുരോഗമന രാഷ്ട്രീയ സാംസ്കാരിക സംഘടന, കേരള കൾച്ചറൽസെന്റർ, സഖാവ് സീതാറാം യച്ചൂരി അനുസ്മരണവും നവകേരള സൃഷ്ടിയിൽ പ്രവാസികളുടെ പങ്ക് എന്ന വിഷയത്തിൽ സെമിറും നടത്തി. ഇന്ത്യൻ ജനാധിപത്യത്തിന്റെ ആത്മശക്തികളായ മതേതരത്വവും ബഹുസ്വരതയും കാത്തുസൂക്ഷിക്കുവാൻ തന്റെ വിദ്യാർഥികാലം തൊട്ട് ജീവിതാവസാനം വരെപോരാടിയ ഇന്ത്യയുടെ വിപ്ലവ നായകൻ അന്തരിച്ച സീതാറാം യെച്ചൂരിയുടെ ജീവിത പോരാട്ട സമരങ്ങൾ ഷിക്കാഗോയിൽ കൾച്ചറൽ സെന്റർ ഓഫ് ഷിക്കാഗോ അനുസ്മരിച്ചു.

സെപ്തംബർ മാസം പതിനേഴാം തീയതി വൈകിട്ട് എട്ടുമണിക്ക് കനായ പാരിഷ്ഹോളിൽ വെച്ചു കൂടിയ അനുസ്മരണ സമ്മേളനം കേരള കൾച്ചറൽ സെന്റർപ്രസിഡന്റ് ബിജോയ് കാപ്പൻ അധ്യക്ഷത വഹിച്ചു. റോയി മുളകുന്നം മുഖ്യഅതിഥിയെ സമ്മേളനത്തിന് പരിചയപ്പെടുത്തി. സി.പി.ഐയുടെ സംസ്ഥാനസെക്രട്ടറിയും, ചിന്തകനും വാഗ്മിയും ആയ ബിനോയ് വിശ്വം നമ്മെവിട്ടുപിരിഞ്ഞ വിട്ടുപിരിഞ്ഞ സീതാറാം യെച്ചൂരിയും ആയി ചേർന്നുള്ളപ്രവർത്തന അനുഭവങ്ങൾ സമ്മേളനത്തിൽ പങ്കുവെച്ചു.

ഇന്ത്യയുടെ മതേതരത്വവും, ജനാധിപത്യവും മനുഷ്യത്വവും മാനവികതയും അട്ടിമറിക്കപ്പെടുന്നസാഹചര്യങ്ങളിൽ ഒക്കെ സീതാറാം ഒരു പോരാട്ടമായി മുന്നിൽ നിന്നിട്ടുണ്ട്, അത്തരത്തിൽ കാലഘട്ടത്തിന് ആവശ്യമായ മതേതരത്വ മൂല്യങ്ങളെചേർത്തുപിടിച്ചുകൊണ്ട് മറ്റ് മതേതര പാർട്ടികളുമായി കൈകൊടുത്ത മുന്നോട്ടുപോകുവാൻ സീതാറാം യെച്ചൂരി നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു, അത്തരം ചിന്തകൾ നമ്മൾ ഉള്ളിലേക്ക് ആവാഹിച്ചു കൊണ്ട് അതുൾക്കൊണ്ടുകൊണ്ട് നമ്മൾ ആയിരിക്കുന്ന ഇടങ്ങളിൽ പ്രവർത്തിക്കുവാൻ ബിനോയി വിശ്വം അനുസ്മരണ പ്രസംഗത്തിൽ ആഹ്വാനം ചെയ്തു. തന്റെ ഏറ്റവുംപ്രിയപ്പെട്ട ഒരു സഖാവിനെയാണ് തനിക്ക് നഷ്ടമായതെന്നും ആ സഖാവിന് അന്ത്യാഭിവാദ്യമർപ്പിച്ചു കൊണ്ടാണ് തന്റെ പ്രസംഗം അവസാനിപ്പിച്ചത്.

ഷിക്കാഗോയിലെ വിവിധ രാഷ്ട്രീയ കൂട്ടായ്മകളെ പ്രതിനിധീകരിച്ചുകൊണ്ട്, പീറ്റർകുളങ്ങര, രതീദേവി, സാം ജോർജ്, ജയ്ബു കുളങ്ങര, സതീശൻ നായർ, സണ്ണി വള്ളിക്കുളം എന്നിവർ അനുസ്മരണാ പ്രസംഗങ്ങൾനടത്തി. ബിൻസി തോമസ് സ്വാഗതവും, ലെജി പട്ടരു മഠത്തിൽ നന്ദിയുംപ്രകാശിപ്പിച്ച സമ്മേളനത്തിൽ എംസിയായി ഐപ്പ് വർഗ്ഗീസ് യോഗം നിയന്ത്രിച്ചു. കേരള കൾച്ചറൽ സെന്റർ സെക്രട്ടറി ജോൺ പാട്ടപ്പതി, സിബി കദളിമറ്റം എന്നിവർഅനുസ്മരണ സമ്മേളനത്തിന് നേതൃത്വം നൽകി.

അനുസ്മരണ സമ്മേളനത്തിനോട് ചേർന്ന് ‘നവകേരള സൃഷ്ടിയിൽ പ്രവാസികളുടെ പങ്ക്’ എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട സെമിനാറിൽ ബിനോയി വിശ്വം മുഖ്യപ്രഭാഷണം നടത്തി. എബി സുരേഷ് മോഡറേറ്ററായി നടത്തിയ പൊതു ചർച്ചയിൽ കേരളത്തിന്റെ വികസനത്തെ പറ്റിയുള്ള ആശങ്കകളും നേട്ടങ്ങളും പങ്കെടുത്തവർ പങ്കുവെച്ചു. വ്യവസായ മേഖലയിൽഉൾപ്പെടെകേരളംമുന്നോട്ടുകുതിക്കുകയാണെന്നും, അതി ദരിദ്രരെ കണ്ടെത്തി അത് നിർമാർജനംചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും, അങ്ങനെ സമസ്ത മേഖലകളിലും ബഹുജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് ഇടതുപക്ഷ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നു എന്നും മറുപടി പ്രസംഗത്തിൽ ബിനോയിശ്വം ഓർമ്മിപ്പിച്ചു. എല്ലാ പ്രവാസികളുടെയും കുടുംബത്തിന്റെയും ആത്മാർത്ഥമായ സഹകരണം കേരളത്തിന്റെ സമസ്ത മേഖലയുടെയുംവികസനത്തിന് അദ്ദേഹം അഭ്യർത്ഥിച്ചു.

## കെ.പി.സി.സി സെക്രട്ടറി കറ്റാനം ഷാജിക്ക് ഷിക്കാഗോയിൽ വമ്പിച്ച സ്വീകരണം നൽകുന്നു



ഷിക്കാഗോ: കെ.പി.സി.സി സെക്രട്ടറിയും ഓണാട്ടുകര കോക്കനാട്ട് കോർപ്പറേഷൻ ചെയർമാനുമായ കറ്റാനം ഷാജിക്ക് ഷിക്കാഗോയിലെ കോൺഗ്രസ് അനുഭാവികളുടെയും ഒ.ഐ.സി.സിയുടെ നേതൃത്വത്തിലും മൗണ്ട് പ്രൊസ്പെറ്റസിലുള്ള തിലക് റെസ്റ്റോറന്റിൽ വച്ച് ഒക്ടോബർ 5ന് ഉച്ചയ്ക്ക് 12.30ന് വമ്പിച്ച സ്വീകരണം നൽകുന്നു. ഈ സമ്മേളനത്തിലേക്ക് ഷിക്കാഗോയിലുള്ള എല്ലാ മലയാളികളേയും ക്ഷണിക്കുന്നതായി ഒ.ഐ.സി.സി നാഷണൽ വൈസ് പ്രസിഡന്റ് ഗ്ലാഡ്സൺ വർഗീസ്, ഒ.ഐ.സി.സി ഷിക്കാഗോയുടെ പ്രസിഡന്റ് ലുയി ഷിക്കാഗോ, ഒ.ഐ.സി.സി മിഡ്വെസ്റ്റ് ചെയർമാൻ ഡോ. ഡാൽബി പോൾ ചെന്നോത്ത്, ഒ.ഐ.സി.സി ഷിക്കാഗോ ട്രഷറർ രാജൻ തോമസ്, സെക്രട്ടറി സിനു പലക്കത്തടം എന്നിവരും മറ്റു കമ്മിറ്റി അംഗങ്ങളും അറിയിച്ചു.

സെപ്തംബർ 23ന് ന്യൂയോർക്കിൽ എത്തുന്ന കറ്റാനം ഷാജിക്ക് ഒ.ഐ.സി. വൈസ് പ്രസിഡന്റ് ചാരുമൂടി ജോസിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകുന്നുണ്ട്. അതിനു ശേഷം ഫിലാഡൽഫിയ, ഫ്ളോറിഡ, ഡാളസ്, ഹൂസ്റ്റൺ എന്നീ സ്ഥലങ്ങളിലും വിവിധ കോൺഗ്രസ് അനുഭാവികളുടെ നേതൃത്വത്തിൽ സ്വീകരണം നൽകും.



പലരും പലതും 5

# സത്യത്തിന്റെ സത്യാനന്തരകാല പരിശോധന



ഡോ. സെബാസ്റ്റ്യൻ പോൾ

പത്രപ്രവർത്തനം പഠിച്ചപ്പോഴും പത്രപ്രവർത്തകൻ ആയിരുന്നപ്പോഴും സി.പി സ്കോട്ടിന്റെ പ്രസിദ്ധമായ ആപ്തവാക്യത്തിലല്ലാതെ ഫാക്ട് എന്ന വാക്ക് കേട്ടിട്ടില്ല. സത്യാനന്തരകാലം എന്നത് സത്യമല്ലാത്തതും സത്യമെന്നു തോന്നിപ്പിക്കുന്നതുമായ മിഥ്യകളുടെ കാലമായതുപോലെ ഇന്ന് ഫാക്ട് ചെക്ക് എന്നു കേട്ടാൽ വസ്തുതയെ സംശയാസ്പദമാക്കുന്ന ഔദ്യോഗിക പരിശോധന എന്ന് മനസിലാക്കണം. ഈ സംവിധാനം ഗീബൽസിന്റെ കാലത്ത് പ്രോപഗാണ്ട എന്നും പിന്നീട് സെൻസർഷിപ്പെന്നും അറിയപ്പെട്ടു. ഇന്ത്യയിൽ അടിയന്തരാവസ്ഥ ഉണ്ടെങ്കിൽ മാത്രം സാധ്യമാകുന്ന സെൻസർഷിപ്പിന്റെ മറുരൂപമാണ് ഫാക്ട്ചെക്ക്. വാർത്ത വസ്തുതയ്ക്ക് നിരക്കുന്നതോ അല്ലയോ എന്ന പരിശോധന സർക്കാർ നടത്തുമ്പോൾ സ്വതന്ത്രമായ മാധ്യമപ്രവർത്തനം അസാധ്യമാകുന്നു.

സർക്കാരിനെതിരെ ഡിജിറ്റൽ മാധ്യമങ്ങളിലും സമൂഹമാധ്യമങ്ങളിലും വരുന്ന വ്യാജവാർത്തകൾ കണ്ടെത്താനും നിർബന്ധപൂർവം നീക്കം ചെയ്യാനും ഇൻഫർമേഷൻ ടെക്നോളജി നിയമത്തിൽ വരുത്തിയ ഭേദഗതി അസാധുവാക്കിക്കൊണ്ടുള്ള ബോംബെ ഹൈക്കോടതി വിധി അഭിപ്രായപ്രകടനസ്വാതന്ത്ര്യം പരിരക്ഷിക്കുന്ന കാര്യത്തിൽ ഉണ്ടായ സുപ്രധാനമായ നടപടിയാണ്. രണ്ടായിരത്തിൽ പാർലമെന്റ് നിർമിച്ചതും പിന്നീട് പലവട്ടം ഭേദഗതി ചെയ്തിട്ടുള്ളതുമായ ഇൻഫർമേഷൻ ടെക്നോളജി നിയമത്തിലെ പല വ്യവസ്ഥകളും ഭരണഘടനയ്ക്ക് നിരക്കുന്നതല്ലെന്ന് ശ്രേയ സിങ്ഗാൾ കേസ് ഉൾപ്പെടെ പല കേസുകളിലും സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്.

പ്രസ് ഇൻഫർമേഷൻ ബ്യൂറോ എന്ന സർക്കാർ സംവിധാനത്തെ ഡിസ് ഇൻഫർമേഷൻ ബ്യൂറോ ആക്കിക്കൊണ്ട് പരോക്ഷമായ സെൻസർഷിപ്പാണ് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കാൻ ശ്രമിച്ചത്. പിഐബിയുടെ അനുബന്ധമായി പ്രവർത്തിക്കുന്ന ഫാക്ട്ചെക്ക് യൂണിറ്റ് ഏതെങ്കിലും വാർത്ത വസ്തുതാവിരുദ്ധമെന്നു പ്രഖ്യാപിച്ചാൽ ആ വാർത്ത ഓൺലൈൻ മാധ്യമങ്ങളിൽനിന്ന് പിൻവലിക്കണമെന്ന വ്യവസ്ഥയാണ് റദ്ദാക്കപ്പെട്ട ഭേദഗതിയിലുണ്ടായിരുന്നത്.

അടിയന്തരാവസ്ഥയിൽ പത്രങ്ങൾക്കുമേൽ ചുമത്തിയത് മുൻകൂർ സെൻസർഷിപ്പായിരുന്നു. അച്ചടിക്കുന്നതിനുമുമ്പ് സെൻസറുടെ അനുവാദം വാങ്ങിയിരിക്കണം. അന്നത്തെ പ്രീ സെൻസർഷിപ് ഇന്നത്തെ അപ്രഖ്യാപിത അടിയന്തരാവസ്ഥയിൽ പോസ്റ്റ് സെൻസർഷിപ്പായി. അഭിപ്രായപ്രകടനസ്വാതന്ത്ര്യം നിലനിൽക്കുന്ന ജനാധിപത്യ സംവിധാനത്തിൽ ഗർഹണീയമായ തിന്മയാണ് രണ്ടും. നിയമനടപടിക്ക് നേതൃത്വം




നൽകിയ എഡിറ്റേഴ്സ് ഗിൽഡ് ഓഫ് ഇന്ത്യ ഈ അർത്ഥത്തിലാണ് കോടതി വിധിയെ സ്വാഗതം ചെയ്തത്. വിശ്വാസ്യതയുള്ള വാർത്ത മാത്രം ജനങ്ങൾക്കെത്തിക്കുകയെന്നസദുദ്ദേശ്യത്തോടെയാണ്ഫാക്ട്ചെക്ക്യൂനിറ്റ്സ്ഥാപിച്ചതെന്ന സർക്കാരിന്റെ വാദം കോടതിയിൽ പൊളിഞ്ഞു. സർക്കാരിനെതിരെയുള്ള വാർത്തയുടെ നിജസ്ഥിതി സർക്കാർതന്നെ പരിശോധിക്കുന്ന സംവിധാനം ജനാധിപത്യത്തിലെ അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തെ പരിഹാസ്യമാക്കുന്ന കോമഡിയായിത്തീരും.

അടിയന്തരാവസ്ഥയെ ദുരന്തത്തിൽ കലാശിച്ച കോമഡിയാക്കി മാറ്റിയതിന്റെ പ്രധാന ഉത്തരവാദികൾ അന്നത്തെ സെൻസർമാരായിരുന്നു. കുട്ടനാട്ടിൽ വസന്ത ബാധിച്ച് താറാവുകൾ കൂട്ടത്തോടെ ചാകുന്നു എന്ന പതിവുവാർത്ത അടിയന്തരാവസ്ഥക്കാലത്ത് ഞാൻ റിപ്പോർട്ട് ചെയ്തപ്പോൾ ജനങ്ങളിൽ അനാവശ്യമായ ഭീതി പരത്തുമെന്ന കാരണത്താൽ സെൻസർ പ്രസിദ്ധീകരണത്തിന് അനുമതി നൽകിയില്ല. പ്രധാനമന്ത്രി നരേന്ദ്ര മോദി കഴിഞ്ഞ വർഷം ഉദ്ഘാടനം ചെയ്ത അയോധ്യയിലെ റെയിൽവേ സ്റ്റേഷന്റെ മതിൽ ഇടിഞ്ഞുവീണുവെന്ന വാർത്ത വ്യാജമെന്ന് ഫാക്ട്ചെക്ക് യൂനിറ്റ് കണ്ടെത്തിയതോടെ സോഷ്യൽ മീഡിയയിൽനിന്ന് നീക്കം ചെയ്യേണ്ടിവന്നു. മതിൽ ഇടിഞ്ഞില്ല എന്നല്ല ഇടിഞ്ഞ മതിൽ സർക്കാരിന്റേതല്ല എന്ന കണ്ടെത്തലാണ് എഫ്സിയു നടത്തിയത്. സർക്കാരിന് അഹിതകരമായ വാർത്ത തെറ്റാണെന്ന് സർക്കാർതന്നെ കണ്ടെത്തി നശിപ്പിക്കുന്ന രീതി ഏകാധിപത്യത്തിൽ മാത്രം കണ്ടു പരിചയമുള്ളതാണ്.

നല്ല വിളയോടൊപ്പം കളയും വളരുമെന്നത് ഭൂമിയുടെ സത്യം. ഗോതമ്പിനൊപ്പം വളർന്ന കളകൾ പിഴുതു മാറ്റാൻ തുനിഞ്ഞ വേലക്കാരെ തടയുന്ന കർഷകനെക്കുറിച്ച് കളകളുടെ ഉപമയിൽ യേശു പറയുന്നുണ്ട്. കളകൾ പറിച്ചെടുക്കുമ്പോൾ അവയോടൊപ്പം വിള തരുന്ന ഗോതമ്പുചെടികളും പിഴുതു കളയാൻ സാധ്യതയുള്ളതുകൊണ്ടാണ് രണ്ടും ഒരുമിച്ച് വളരട്ടെ എന്ന് കർഷകൻ പറയുന്നത്. കൊയ്ത്തുകാരെത്തുമ്പോൾ കളകൾ ശേഖരിച്ച് തീയിലെറിയും. വയലിലെ കളകൾക്ക് സമാനമാണ് വ്യാജവാർത്ത. അത് കണ്ടെത്തി നീക്കം ചെയ്യുന്ന ജോലി ചെയ്യേണ്ടവരല്ല ചെയ്യുന്നതെങ്കിൽ വലിയ അപകടത്തിനു കാരണമാകും. സർക്കാരിന്റെ വേലക്കാർ വയലിലേക്കിറങ്ങിയാൽ നല്ല വാർത്തയും പിഴുതുകളഞ്ഞെന്നു വരും. കളകൾ കണ്ടെത്തി ചുട്ടുകളയുന്ന ജോലി പ്രസ് കൗൺസിൽ തുടങ്ങിയ സ്ഥാപനങ്ങളെയാണ് ഏൽപിക്കേണ്ടത്.

വ്യാജവാർത്ത പ്രചരിപ്പിക്കരുതെന്ന് പഴയ നിയമത്തിലെ പുറപ്പാട് പുസ്തകത്തിൽ പറയുന്നു. You shall not utter a false report എന്നാണ് ഇംഗ്ലിഷ് ബൈബിളിൽ കാണുന്നത്. False എന്നാൽ വ്യാജം എന്ന് അർത്ഥമില്ല.

Fake news എന്നത് സത്യാനന്തരകാലത്ത് സൃഷ്ടിക്കപ്പെട്ട പദമാണ്. തെറ്റായി ധരിക്കുന്ന കാര്യം പ്രകടമായ ദുരുദ്ദേശ്യത്തോടെയല്ലാതെ പ്രചരിപ്പിക്കുന്നതാണ് തെറ്റായ വാർത്ത. അത് തിരുത്തപ്പെടാറുണ്ട്. ദുരുദ്ദേശ്യത്തോടെ സൃഷ്ടിക്കപ്പെടുന്നതാണ് വ്യാജവാർത്ത. സത്യവും മിഥ്യയും തിരിച്ചറിയാത്ത ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കാലത്ത് deepfakes ആണ് നമ്മെ വലയം ചെയ്യുന്നത്. ജനാധിപത്യത്തിന്റെ വയലിൽ വിതയ്ക്കപ്പെടുന്ന കളകൾ കണ്ടെത്തി നശിപ്പിക്കുന്ന ജോലി പിഐബി ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികളെ ഏൽപിച്ചാൽ പതിര് മാത്രമല്ല കതിരും നശിപ്പിക്കപ്പെടും.

ഭരണഘടനയുടെ അനുച്ഛേദം 19(1)(എ) എല്ലാത്തരം വർത്തമാനങ്ങളെയും അഭിപ്രായപ്രകടനത്തെയും സംരക്ഷിക്കുന്നു. സത്യം, അസത്യം എന്ന വേർതിരിവ് ഭരണഘടനയിൽ ഇല്ല. നിയന്ത്രണങ്ങൾ സാധൂകരിക്കപ്പെടുന്നത് മറ്റു ചില കാരണങ്ങളാലാണ്. വ്യാജമെന്നോ തെറ്റെന്നോ തെറ്റുധാരണാജനകമെന്നോ മുദ്രകുത്തി യാതൊന്നിനെയും അമർച്ച ചെയ്യുന്നതിന് ഭരണഘടന അനുവദിക്കുന്നില്ല. ഒരാളുടെ തെറ്റ് മറ്റൊരാൾക്ക് തെറ്റല്ലാതാകും എന്നതാണ് അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തെ സങ്കീർണമാക്കുന്നത്. സോക്രട്ടീസിന്റെ, കാലം തെളിയിച്ച സത്യം, ആതൻസിലെ പ്രോസിക്യൂട്ടർമാർക്ക് അപകടകരമായ അസത്യമായിരുന്നു. ഗൗരവമുള്ള പരാമർശങ്ങൾ മാത്രമല്ല ആക്ഷേപഹാസ്യവും ഔദ്യോഗികമായി നിരാകരിക്കപ്പെടും.

അതുകൊണ്ടാണ്എഡിറ്റേഴ്സ്ഗിൽഡിനൊപ്പം സ്റ്റാൻഡ്അപ് കൊമീഡിയൻകുനാൽകമ്രയും കോടതിയിലെത്തിയത്. ഹിതകരമല്ലാത്തതെല്ലാം നിയമവിരുദ്ധമാക്കാൻ കഴിയുന്ന ഫാക്ട്ചെക്ക് സെൻസർഷിപ്പിന്റെ മറുപേരാണെന്ന അടിസ്ഥാനത്തിലാണ് ബോംബെ ഹൈക്കോടതി ജസ്റ്റിസ് എ.എസ് ചന്ദുർക്കറുടെ ടൈബ്രേക്കർ വിധിയിലൂടെ നിലപാടെടുത്തത്. ഐടി ചട്ടഭേദഗതിയിലൂടെ നടപ്പാക്കാൻ ശ്രമിച്ച ഫാക്ട്ചെക്കിങ് ഭരണഘടനാവിരുദ്ധമാണെന്ന് മൂന്നംഗ ബെഞ്ചിലെ രണ്ടു ജഡ്ജിമാർ വിധിച്ചു. സത്യം സത്യമായി പ്രചരിക്കുന്നതിന് സത്യാന്വേഷണ പരീക്ഷണങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിൽനിന്ന് വേറിട്ടു നിൽക്കണം.

*സൗത്ത് ലൈവ് എന്ന ഓൺലൈൻ വാർത്താ പോർട്ടലിന്റെ എഡിറ്റർ ഇൻ ചീഫ് ആണ് ലേഖകൻ*




OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA



Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com

EMSONS REALTY

240 E. LAKE STREET, SUITE 109B, ADDISON, IL 60101

BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

## ഏഷ്യൻ അമേരിക്കൻ വോട്ടർമാർക്ക് ഇടയിൽ

# ട്രംപ് ഇഴയുന്നു; കമല ബഹുദൂരം മുന്നിൽ...

ഏറ്റവും പുതിയ സർവേ ഫലം പറയുന്നത് യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഏഷ്യൻ അമേരിക്കൻ വോട്ടർമാർക്ക് ഇടയിൽ കമല ഹാരിസിന്റെ ജനപ്രീതി കുതിച്ചുയർന്നു എന്നാണ്. റിപ്പബ്ലിക്കൻ പാർട്ടി നേതാവും എതിർ സ്ഥാനാർത്ഥിയുമായ ഡൊണാൾഡ് ട്രംപിനേക്കാൾ വളരെയധികം മുന്നേറ്റമാണ് ഈ വിഭാഗങ്ങൾക്ക് ഇടയിൽ കമല നടത്തിയതെന്ന് വ്യക്തമാക്കുന്ന സർവേ ഫലങ്ങളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്.

ഷിക്കാഗോ സർവകലാശാലയിലെ എൻഒആർസി നടത്തിയ സർവേയുടെ ഫലങ്ങളാണ് ചൊവ്വാഴ്ച പുറത്ത് വന്നത്. ട്രംപിനെക്കാൾ ഏഷ്യൻ അമേരിക്കൻ വോട്ടർമാർക്ക് ഇടയിൽ 38 പോയിന്റിന്റെ ലീഡ് കമലയ്ക്ക് ഉണ്ടെന്നാണ് ഏറ്റവും പുതിയ സർവേ ഫലം വ്യക്തമാക്കുന്നത്. ഡെമോക്രാറ്റിക് പാർട്ടിയുടെ സ്ഥാനാർത്ഥിയായി കമല ഹാരിസ് ജോ ബൈഡന് പകരം എത്തിയ ശേഷമുള്ള ഈ വിഭാഗത്തിലെ ആദ്യ സർവേ കൂടിയാണിത്.




### എൻഒആർസി

ഷിക്കാഗോ യൂണിവേഴ്സിറ്റിയിലെ നാഷണൽ ഒപിനിയൻ റിസർച്ച് സെന്റർ (എൻഒആർസി) യുണൈറ്റഡ് സ്റ്റേറ്റ്സിലെ ഒരു സ്വതന്ത്ര സാമൂഹിക ഗവേഷണ സ്ഥാപനമാണ്. 1941ലാണ് ഇത് സ്ഥാപിതമായത്. അതിന്റെ കോർപ്പറേറ്റ് ആസ്ഥാനം ഷിക്കാഗോ നഗരത്തിലാണ് സ്ഥിതി ചെയ്യുന്നത്. യുണൈറ്റഡ് സ്റ്റേറ്റ്സിൽ ഉടനീളം മറ്റ് പല സ്ഥലങ്ങളിലും ഓഫീസുകളും ഉണ്ട്.

ജൂലൈയിലാണ് ജോ ബൈഡൻ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നില്ലെന്ന് അറിയിച്ചത്. അനാരോഗ്യവും ട്രംപുമായി നടത്തിയ സംവാദത്തിൽ മോശം പ്രകടനവും എല്ലാം ബൈഡൻ പിന്മാറാനുള്ള കാരണങ്ങളായി വിലയിരുത്തപ്പെടുന്നു. തുടർന്ന് കമല ഹാരിസ് പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനാർത്ഥിയായി തീരുമാനിക്കപ്പെടുകയായിരുന്നു.

പുതിയ സർവേ റിപ്പോർട്ടുകൾ പ്രകാരം ഏഷ്യൻ അമേരിക്കൻ വോട്ടർമാർക്കിടയിൽ കമല ഹാരിസ് ഡൊണാൾഡ് ട്രംപിനേക്കാൾ ബഹുദൂരം മുൻപിലാണ്. ഇവർക്കിടയിൽ നേരത്തെ ബൈഡൻ മത്സര രംഗത്തുണ്ടാവുമെന്ന് കരുതിയ സമയത്ത് പുറത്തുവിട്ട സർവേയിൽ 15 ശതമാനം പേരുടെ പിന്തുണയാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നതെങ്കിൽ ഈ ലീഡ് 38 ആക്കി ഉയർത്താൻ കമല ഹാരിസിന് കഴിഞ്ഞുവെന്നതാണ് ശ്രദ്ധേയമായ കാര്യം.

മാത്രമല്ല ഏഷ്യൻ അമേരിക്കൻ വോട്ടർമാരിൽ 66 ശതമാനവും കമല ഹാരിസിന് വോട്ട് ചെയ്യുമെന്നാണ് സർവേ വ്യക്തമാക്കുന്നത്. എന്നാൽ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെ പിന്തുണയ്ക്കുന്നുവെന്ന് പറഞ്ഞത് കേവലം 28 ശതമാനം പേർ മാത്രമാണ്. ശേഷിക്കുന്ന ആറ് ശതമാനം പേർ ഇവരല്ലാതെ മറ്റൊരാൾക്ക് വോട്ട് ചെയ്യുമെന്നോ അതല്ലെങ്കിൽ ആര് വേണമെന്ന് തീരുമാനിക്കാത്തവരോ ആണ്. 2024 ഏപ്രിൽ -മെയ് മാസങ്ങളിലായ നടത്തിയ ഏഷ്യൻ അമേരിക്കൻ വോട്ടർ സർവേയിൽ 46 ശതമാനം പേരാണ് ബൈഡനെ പിന്തുണച്ചത്, ഇതിലാവട്ടെ 31 ശതമാനം പേർ ഡൊണാൾഡ് ട്രംപിനെ പിന്തുണച്ചിരുന്നു. ശേഷിക്കുന്ന 23 ശതമാനം പേർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തില്ലെന്നാണ് പറഞ്ഞിരുന്നത്. ഇതിലാണ് ഇപ്പോൾ കമല വന്നതോടെ വലിയ മാറ്റം ഉണ്ടായിരിക്കുന്നത്.

കൂടാതെ വൈസ് പ്രസിഡന്റ് സ്ഥാനത്ത് മത്സരിക്കുന്ന മിനസോട്ട ഗവർണർ കൂടിയായ ടിം വാൾസ് കൂടുതൽ ജനപ്രിയനാണെന്നും സർവേ വ്യക്തമാക്കുന്നു. റിപ്പബ്ലിക്കൻ നോമിനിയായ ജെഡി വാൻസും ഇക്കാര്യത്തിൽ പിന്നിലാണ്. പുതിയ സർവേയും കമല ഹാരിസിന്റെ മുന്നേറ്റം പ്രവചിച്ചതോടെ യുഎസിൽ ഡെമോക്രാറ്റിക് പാർട്ടി വീണ്ടും അധികാരത്തിൽ വരുമോ എന്നാണ് എല്ലാവരുടെയും ചോദ്യം.

അതേസമയം അഭിപ്രായ സർവേകൾ മാത്രം കണക്കിലെടുത്ത് ഒരു മുൻവിധി രൂപപ്പെടുത്തുന്നതിൽ അർത്ഥമില്ലെന്നാണ് വിദഗ്ധർ ഉൾപ്പെടെ അഭിപ്രായപ്പെടുന്നത്. തിരഞ്ഞെടുപ്പിന് ഇനിയും സമയം അവശേഷിക്കുന്നുണ്ട്. ഇത്രയൊക്കെ ആണെങ്കിലും ഇത്തവണ വോട്ടെടുപ്പിന് മുൻപ് തന്നെ കമല ഹാരിസ് ട്രംപിനെക്കാൾ ഒരുപടി മുന്നിലാണ്. ഇത് അന്തിമ ഫലത്തിൽ പ്രകടമാവുമോ എന്നതാണ് രാഷ്ട്രീയ നിരീക്ഷകർ ഉറ്റുനോക്കുന്നത്.

# അമേരിക്ക ആര് ഭരിക്കും? ജൂനിയർ നൊസ്ട്രാഡാമസിന്റെ പ്രവചനം

യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിനുള്ള അങ്കം മുറുകുകയാണ്. ഒരു ഭാഗത്ത് ഇന്ത്യൻ വംശജയായ കമല ഹാരിസ് ശക്തമായ പ്രകടനം കാഴ്ചവയ്ക്കുമ്പോൾ മറുവശത്ത് കനത്ത വെല്ലുവിളി ഉയർത്തി മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ഉണ്ട്. പെട്ടെന്നൊരു വിജയിയെ പ്രവചിക്കുക അത്ര എളുപ്പമല്ല.

എന്നാൽ ഇതിൽ യാതൊരു ഉത്കണ്ഠയും ഇല്ലാതെ ഒരു പ്രവചനം നടത്തിയിരിക്കുന്നത്, മറ്റാരുമല്ല അമേരിക്കൻ തിരഞ്ഞെടുപ്പ് പ്രവചനത്തിന്റെ കാര്യത്തിൽ പേരുകേട്ട അലൻ ലിച്ച്മാൻ ആണ്. യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിലെ നോസ്ട്രഡാമസ് എന്നാണ് അദ്ദേഹത്തെ പൊതുവെ വിളിക്കുന്നത്.

ഇക്കുറി കമലയും ട്രംപും നേർക്കുനേർ ഏറ്റുമുട്ടുമ്പോൾ ആരാവും വിജയി എന്ന കാര്യത്തിൽ ലിച്ച്മാൻ യാതൊരു സംശയവും കൂടാതെ തന്റെ ഉത്തരം നൽകി കഴിഞ്ഞു.



### ആരാവും വിജയി?

2024 ലെ അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ നിലവിലെ വൈസ് പ്രസിഡന്റ് കൂടിയായ ഡെമോക്രാറ്റിക് പാർട്ടിയുടെ സ്ഥാനാർത്ഥി കമലാ ഹാരിസ് വിജയിക്കുമെന്നാണ് അദ്ദേഹത്തിന്റെ പ്രവചനം. ന്യൂയോർക്ക് ടൈംസ് പങ്കുവച്ച ഒരു വീഡിയോയിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.

'കമല ഹാരിസ് അമേരിക്കയുടെ അടുത്ത പ്രസിഡന്റാകും' എന്ന് ലിച്ച്മാൻ ആത്മവിശ്വാസത്തോടെ പറയുന്ന വീഡിയോ വലിയ രീതിയിൽ വൈറലാകുകയും ചെയ്തിരുന്നു.

തിരഞ്ഞെടുപ്പ് നവംബർ അഞ്ചിന് നടക്കാനിരിക്കെയാണ് അദ്ദേഹത്തിന്റെ ഈ പ്രവചനം. ഡെമോക്രാറ്റിക് പാർട്ടിയെ പ്രതിനിധീകരിക്കുന്ന കമലാ ഹാരിസും റിപ്പബ്ലിക്കൻ സ്ഥാനാർഥി ഡൊണാൾഡ് ട്രംപും തമ്മിലാണ് കടുത്ത മത്സരം നടക്കുന്നത്.

കഴിഞ്ഞ നാല് പതിറ്റാണ്ടിലേറെയായി തിരഞ്ഞെടുപ്പ് ഫലങ്ങൾ കൃത്യമായി പ്രവചിച്ച റെക്കോർഡുള്ള ലിച്ച്മാൻ, ട്രംപിന്റെ 2016 ലെ വിജയവും ബൈഡന്റെ 2020 ലെ ജയവും ഒക്കെ മുൻകൂട്ടി കണ്ട ചുരുക്കം ചിലരിൽ ഒരാൾ മാത്രമാണ്.

അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ 50 വർഷത്തോളം ചരിത്രം പഠിപ്പിച്ച വ്യക്തി കൂടിയാണ് അദ്ദേഹം. ഇക്കാലയളവിൽ വികസിപ്പിച്ചെടുത്ത 'കീസ് ടു വൈറ്റ് ഹൗസ്' മോഡലിനെ അടിസ്ഥാനമാക്കിയാണ് ലിച്ച്മാൻ തന്റെ പ്രവചനങ്ങൾ നടത്താറുള്ളത്. ഈ രീതി വച്ചാണ് കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി ലിച്ച്മാൻ തെറ്റാതെ പ്രവചനങ്ങൾ നടത്തിയിട്ടുള്ളത്.

ഈ ശൈലിയിൽ 13 ശരിയോ തെറ്റോ എന്നുള്ള ഉത്തരം പറയാൻ കഴിയുന്ന ചോദ്യങ്ങൾ അടങ്ങിയിരിക്കുന്നു. ഇത് നിലവിലുള്ള പാർട്ടിയുടെ തോൽവിയുടെ സാധ്യത നിർണ്ണയിക്കുന്ന രീതി ആണെന്ന് വേണമെങ്കിൽ പറയാം. ആറോ അതിലധികമോ കീകൾ നിലവിലെ സ്ഥാനാർത്ഥിക്ക് എതിരായാൽ, അവർ തോൽക്കുമെന്ന് അർത്ഥം.

# ഇറാൻ വധഭീഷണി: ട്രംപ് പ്രചാരകർക്ക് മുന്നറിയിപ്പ് നൽകി യുഎസ് ഇന്റലിജൻസ്

ന്യൂയോർക്ക്: ഡൊണാൾഡ് ട്രംപിനെ വധിക്കുമെന്ന ഇറാനിൽ നിന്നുള്ള ഭീഷണികളെക്കുറിച്ച് യുഎസ് ഇന്റലിജൻസ് വിവരം നൽകിയിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ പ്രചാരകർ വ്യക്തമാക്കി. റിപ്പബ്ലിക്കൻ പ്രസിഡന്റ് സ്ഥാനാർത്ഥിയെ ഇല്ലാതാക്കാനും അരാജകത്വം വിതയ്ക്കാനുമുള്ള ശ്രമത്തിൽ അദ്ദേഹത്തെ വധിക്കുമെന്ന ഇറാനിൽ നിന്നുള്ള ഭീഷണികളെക്കുറിച്ച് വിശദീകരിച്ചുതായി പ്രചാരകർ പ്രസ്താവനയിൽ പറഞ്ഞു.



അതിന്റെ ഉദ്ദേശ്യം വിശദീകരിച്ചിട്ടില്ല. മാത്രമല്ല ഇപ്പോൾ പരാമർശിച്ച ഭീഷണികൾ പുതിയതാണോ അതോ മുമ്പ് റിപ്പോർട്ട് ചെയ്തതാണോ എന്നതിലും വ്യക്തതയില്ല. എന്നാൽ അഭിപ്രായത്തിനുള്ള അഭ്യർത്ഥനയോട് ഇറാൻ സർക്കാർ ഉടനടി പ്രതികരിച്ചില്ല. എന്നാൽ അമേരിക്കൻ കാര്യങ്ങളിൽ ഇടപെടുന്നു എന്ന യുഎസ് അവകാശവാദം ടെഹ്റാൻ മുമ്പ് നിഷേധിച്ചിരുന്നു.





# ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ 11–ാമത് ചീട്ടുകളി മത്സരം ഒരുക്കങ്ങൾ പൂർത്തിയായി

## സെപ്തംബർ 28 ശനിയാഴ്ച ഷിക്കാഗോ ക്നാനായ സെന്ററിൽ

ഷിക്കാഗോ മലയാളി സമൂഹത്തെ പ്രകമ്പനം കൊള്ളിച്ച ഇന്റർനാഷണൽ വടംവലി മത്സരത്തിനു ശേഷം ഷിക്കാഗോ സോഷ്യൽ ക്ലബ്ബ് അണിയിച്ചൊരുക്കുന്ന 11-ാമത് നാഷണൽ ചീട്ടുകളി മത്സരം 2024 സെപ്തംബർ 28 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഷിക്കാഗോ ക്നാനായ സെന്ററിൽ (1800 ഋ., ഉമസഗ്നാ ടേൃലലേ, ഉലുഹമശിലെ കഘ 60018) വച്ചാണ് മത്സരം നടത്തുന്നത്.

ഈ വാശിയേറിയ മത്സരത്തിൽ 28 (ലേലം) ഒന്നാം സമ്മാനം സെന്റ് മേരീസ് പെട്രോളിയം സ്പോൺസർ ചെയ്യുന്ന 1501 ഡോളറും കെ.കെ. ചാണ്ടി ട്രോഫിയും, രണ്ടാം സമ്മാനം റോയൽ ഗ്രോസറി & കിച്ചൺ സ്പോൺസർ ചെയ്യുന്ന 751 ഡോളർ എവർ റോളിംഗ് ട്രോഫിയും, മൂന്നാം സമ്മാനം ക്ലിയർടാക്സ് കൺസൽട്ടിംഗ് സ്പോൺസെർ ചെയ്യുന്ന 501 ഡോളറും എവർറോളിംഗ് ട്രോഫിയും, നാലം സമ്മാനം സൈമൺ ചക്കാലപ്പടവിൽ സ്പോൺസർ ചെയ്യുന്ന 251 ഡോളറും ട്രോഫിയുമാണ്.

റമ്മി മത്സരത്തിൽ ഒന്നാം സമ്മാനം അർബൻ ക്ലീനേഴ്സ് സ്പോൺസർ ചെയ്യുന്ന 1501 ഡോളറും ട്രോഫിയും, രണ്ടാം സമ്മാനം കറി ലീഫ്സ് സ്പോൺസർ ചെയ്യുന്ന 751 ഡോളറും ട്രോഫിയും, മൂന്നാം സമ്മാനം പീറ്റർ കുളങ്ങര സ്പോൺസർ ചെയ്യുന്ന 501 ഡോളറും ട്രോഫിയും, നാലാം സമ്മാനം റോയി നെല്ലാമറ്റം സ്പോൺസർ ചെയ്യുന്ന 251 ഡോളറും ട്രോഫിയുമാണ്.

ഭാരവാഹികളായ സിബി കദളിമറ്റം (പ്രസിഡന്റ്), ജെസ്സ്മോൻ പുറമഠത്തിൽ (വൈസ് പ്രസിഡന്റ്), സിബി കൈതക്കത്തൊട്ടിയിൽ (സെക്രട്ടറി), ജോമോൻ തൊടുകയിൽ (ട്രഷറർ), സാബു പടിഞ്ഞാറേൽ (ജോയിന്റ് സെക്രട്ടറി) എന്നിവരും ചീട്ടുകളി കോ-ഓാർഡിനേറ്റേഴ്സായ അഭിലാഷ് നെല്ലാമറ്റം, റോയി മുണ്ടയ്ക്കപ്പറമ്പിൽ, പ്രസാദ് വെള്ളിയാൻ, ബിജോയി കാപ്പൻ, ലൂക്കാച്ചൻ പൂഴിക്കുന്നേൽ എന്നിവരും, അലക്സ് പടിഞ്ഞാറേലിന്റെ നേതൃത്വത്തിലുള്ള ജഡ്ജിംഗ് പാനലും, ടെക്നിക്കൽ കോർഡിനേറ്റർ മനോജ് വഞ്ചിയിൽ എന്നിവരും തയ്യാറായിക്കഴിഞ്ഞു. ഈ വാശിയേറിയ മത്സരത്തിലേക്ക് നോർത്ത് അമേരിക്കയിലെ എല്ലാ മലയാളി ചീട്ടുകളി പ്രേമികളെയും ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ മെമ്പേഴ്സിന്റെ പേരിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ടൂർണമെന്റ് കമ്മിറ്റിയും സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്: സിബി കദളിമറ്റം 847-338-8265, ജെസ്മോൻ പുറമഠത്തിൽ 224-766-9695, സിബി കൈതക്കത്തൊട്ടിയിൽ 773-620-1202, ജോമോൻ തൊടുകയിൽ 312-719-3517, സാബു പടിഞ്ഞാറേൽ 708-299-3208, അഭിലാഷ് നെല്ലാമറ്റം 224-388-4530, റോയി മുണ്ടയ്ക്കപ്പറമ്പിൽ 773-540-0100, പ്രസാദ് വെള്ളിയാൻ 847-322-2560, ബിജോയ കാപ്പൻ 630-656-7336.

◗ *മാത്യു തട്ടാമറ്റം*

# യുഎസിലെ വ്യക്തിഗത സമ്പാദ്യ നിരക്ക് കുറഞ്ഞതായി സോക്ജെൻ

ന്യൂയോർക്ക്: യുഎസിലെ വ്യക്തിഗത സമ്പാദ്യ നിരക്ക് കുറഞ്ഞതായി സോക്ജെൻ സ്ട്രാറ്റജിസ്റ്റ് ആൽബർട്ട് എഡ്വേർഡ്സ് ബുധനാഴ്ച വ്യക്തമാക്കി. കുടുംബങ്ങൾ അവരുടെ വ്യക്തിഗത വരുമാനത്തിന്റെ 3% ൽ താഴെ മാത്രമേ ലാഭിക്കുന്നുള്ളൂവെന്ന് വാണിജ്യ വകുപ്പ് ഡാറ്റ കാണിക്കുന്നുവെന്ന് സൊസൈറ്റ് ജനറൽ ചൂണ്ടിക്കാട്ടി.

ഒരു പ്രധാന യുഎസ് ഉപഭോക്തൃ സൂചകം പ്രതിസന്ധി നിലയിലേക്ക് താഴ്ന്നുവെന്ന് സോക്ജെൻ വ്യക്തമാക്കുന്നു. വാണിജ്യ വകുപ്പിൽ നിന്നുള്ള കണക്കുകൾ പ്രകാരം, യുഎസിലെ വ്യക്തിഗത സേവിംഗ്സ് നിരക്കിലെ ഇടിവാണ് ബാങ്ക് ചൂണ്ടിക്കാണിക്കുന്നത്. 2008 സാമ്പത്തിക പ്രതിസന്ധിക്ക് മുമ്പ് സേവിംഗ്സ് നിരക്ക് 3% ത്തിൽ താഴെയായി എന്ന് സോക്ജെൻ സ്ട്രാറ്റജിസ്റ്റ് ആൽബർട്ട് എഡ്വേർഡ്സ് ബുധനാഴ്ച ക്ലയന്റുകൾക്ക് ഒരു കുറിപ്പിലൂടെ മുന്നറിയിപ്പ് നൽകി.

ഇത് ഒരു നല്ല വാർത്തയായി തോന്നാമെങ്കിലും പ്രശ്നം, ഇത്രയും താഴ്ന്ന നിലയിലേക്ക് ഇടിഞ്ഞതിന് ശേഷം സേവിംഗ്സ് നിരക്ക് വീണ്ടും ഉയരാൻ സാധ്യതയുണ്ട് എന്നതാണ്. ഉപഭോക്താക്കൾ അവരുടെ ചെലവുകൾ പിൻവലിക്കുകയും അവരുടെ സമ്പാദ്യം വീണ്ടും കെട്ടിപ്പടുക്കാൻ തുടങ്ങുകയും ചെയ്താൽ സമ്പദ്‌വ്യവസ്ഥ മാന്ദ്യം അനുഭവിക്കുമെന്ന് പ്രവചകർ വാദിക്കുന്നു. വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിച്ചത് അതാണ്, മാന്ദ്യത്തിന് മുമ്പുള്ള സമ്പാദ്യ നിരക്കിലെ വർദ്ധനവ്, എഡ്വേർഡ്സ് കുറിച്ചു.

സാമ്പത്തിക പ്രതിസന്ധിയുടെ കാലത്തെപ്പോലെ കുടുംബങ്ങൾ കടബാധ്യതയുള്ളവരല്ലെങ്കിലും, അമേരിക്കക്കാർ ഇപ്പോഴും സാമ്പത്തിക ബുദ്ധിമുട്ടിന്റെ ലക്ഷണങ്ങൾ കാണിക്കുന്നുണ്ട്.

പ്രൈമെറിക്ക നടത്തിയ രണ്ടാം പാദ സർവേ പ്രകാരം, ഇടത്തരം വരുമാനമുള്ള കുടുംബങ്ങളിൽ മൂന്നിൽ രണ്ട് പേരും തങ്ങളുടെ വരുമാനം ജീവിതച്ചെലവിനേക്കാൾ കുറവാണെന്ന് വ്യക്തമാക്കുന്നു.

76% യുഎസ് ഉപഭോക്താക്കളും മൂന്നാം പാദത്തിൽ വ്യാപാരം കുറയുമെന്ന് പ്രതീക്ഷിക്കുന്നു. അതിൽ വാങ്ങലുകൾ കുറയുക, കിഴിവുകൾക്കായി തിരയുക തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നുവെന്ന് മക്കിൻസി ആന്റ് കമ്പനിയുടെ പഠനം പറയുന്നു.

## നിര്യാതരായി



### ജിമ്മി സൈമൺ

ഷിക്കാഗോയിലെ നോർത്ത് ലേക്കിലുള്ള കിൻഡ്രഡ് ആശുപത്രിയിലെ റെസ്പിറേറ്ററി തെറാപ്പി സൂപ്പർവൈസർ ജിമ്മി സൈമൺ നിര്യാതനായി. കേരളത്തിലെ നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ ഡ്യൂട്ടിഫ്രീ ഷോപ്പിൽ കുഴഞ്ഞ് വീണാണ് മരണം സംഭവിച്ചത്. കേരളത്തിലെ പുന്നത്തറയിലുള്ള അമ്മയെ കാണാനായിട്ടാണ് നെടുമ്പാശ്ശേരിയിലെത്തിയത്.വെട്ടുകാട്ടിൽ പരേതനായ സൈമണിന്റെയും തങ്കമ്മയുടെയും മകനാണ്. ഭാര്യ: റാണി കടവിൽ. മക്കൾ: നിമ്മി, നീതു, ടോണി. മരുമകൻ: ഉണ്ണി. സംസ്കാരം കേരളത്തിലെ വെട്ടിമുകൾ സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ നടത്തി.



### റോസ് മാത്യു പുത്തൻപുരയ്ക്കൽ

ഷിക്കാഗോ : എൽമസ്റ്റിലുള്ള മാത്യുവിന്റെയും കോരാസൺ പുത്തൻപുരയ്ക്കലിന്റെയും മകൾ റോസ് മാത്യു പുത്തൻപുരയ്ക്കൽ (33) നിര്യാതയായി.സഹോദരങ്ങൾ: ഏപ്രിൽ എർപെലോ (മാർക്ക് എൽപെലോ), ജോസഫ് പുത്തൻ പുരയ്ക്കൽ.സഹോദരിയുടെ കുട്ടികളായ ഇവാൻ, ഷാർലറ്റ്) സംസ്കാര ശുശ്രൂഷ സെപതംബർ 26 വ്യാഴാഴ്ച രാവിലെ 10 മണി മുതൽ സീറോ മലബാർ ചർച്ച് തുടർന്ന് സംസ്കാരം ഹിൽസൈഡിലുള്ള ക്യൂൻ ഓഫ് ഹെവൻ കാത്തലിക് സെമിത്തേരിയിൽ.







# ഹാരിസിന്റെ നയരേഖ

(ഒന്നാം പേജ് തുടർച്ച)

നിർമ്മിത ഉൽപ്പന്നങ്ങളെ പിന്തുണയ്ക്കുന്നതിനൊപ്പം നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും വ്യാവസായിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നികുതി ക്രെഡിറ്റുകൾ ആവശ്യപ്പെടുന്ന ഒരു 'അമേരിക്ക ഫോർവേഡ്' അജണ്ട ഹാരിസ് നിർദ്ദേശിച്ചു.

ഈ പ്ലാനിന് ഏകദേശം 100 ബില്യൺ ഡോളർ ചിലവാകും. കൂടാതെ അന്താരാഷ്ട്ര നികുതി പരിഷ്കരണത്തിൽ വരുമാനത്തിന്റെ ഒരു ഭാഗം നൽകുകയും ചെയ്യും. ഇത് അന്താരാഷ്ട്ര നികുതി തന്ത്രങ്ങളെ മറികടക്കാനും ശ്രമിക്കുന്നു. അതിലൂടെ യുണൈറ്റഡ് സ്റ്റേറ്റ്സിന് അവരുടെ ന്യായമായ വിഹിതം നൽകുന്നതിന് സാധിക്കുമെന്നും ഹാരിസ് വ്യക്തമാക്കി. ''എന്റെ സമീപനത്തിൽ ഞാൻ പ്രായോഗികത പുലർത്തുമെന്ന് ഞാൻ നിങ്ങളോട് വാഗ്ദാനം ചെയ്യുന്നു. കാരണം, പ്രത്യയശാസ്ത്രത്താൽ നാം പരിമിതപ്പെടേണ്ടതില്ലെന്നും പകരം പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരങ്ങൾ തേടണമെന്നും ഞാൻ വിശ്വസിക്കുന്നു. മാത്രമല്ല, സ്വതന്ത്രവും ന്യായവുമായ വിപണികളിൽ ഞാൻ വിശ്വസിക്കുന്നു.'' ഹാരിസ് തിങ്ങി നിറഞ്ഞ ജനക്കൂട്ടത്തോട് പറഞ്ഞു.

വിവിധ നയ പ്രശ്നങ്ങളിൽ വെളിച്ചം വീശുന്നതിനാൽ വിമർശനങ്ങളുമായി പോരാടുന്ന ഹാരിസ്, റിപ്പബ്ലിക്കൻ എതിരാളിയായ ഡൊണാൾഡ് ട്രംപിനെ കോടീശ്വരൻ വിഭാഗത്തിന്റെ സ്ഥാനാർത്ഥിയായി ചിത്രീകരിക്കുകയും തന്നെ മധ്യവർഗ സ്ഥാനാർത്ഥിയായി നിലനിർത്തിക്കൊണ്ട് അവർക്ക് പിന്തുണയേകുന്ന കാര്യങ്ങൾക്ക് മുൻതൂക്കം നൽകുകയും ചെയ്യുന്നു. ഇടത്തരക്കാരുടെ ചെലവ് കുറയ്ക്കാൻ ഡൊണാൾഡ് ട്രംപിന് ഉദ്ദേശ്യമില്ല. വാസ്തവത്തിൽ, അദ്ദേഹത്തിന്റെ സാമ്പത്തിക അജണ്ട വിലകൾ ഉയർത്തും. ആക്രമണാത്മക താരിഫുകൾക്കായുള്ള ട്രംപിന്റെ പദ്ധതി പരിശോധിച്ച പക്ഷപാതരഹിതമായ സാമ്പത്തിക വിദഗ്ധരെ ഉദ്ധരിച്ച് അവർ വ്യക്തമാക്കി.

ഏറ്റവും ഉയർന്ന പണപ്പെരുപ്പം കണ്ട പാൻഡെമിക് കാലഘട്ടത്തിൽ നിന്ന് അമേരിക്കൻ സമ്പദ്വ്യവസ്ഥയെ എങ്ങനെ പുറത്തുകൊണ്ടുവരും എന്നതിനെക്കുറിച്ചുള്ള വിശദമായ നിർദ്ദേശം വൈസ് പ്രസിഡന്റ് കമല ഹാരിസിന്റെ പ്രസിഡന്റ് തിരഞ്ഞെടുപ്പ് പ്രചാരണം ഒഴിവാക്കിയതായാണ് റിപ്പബ്ലിക്കൻമാരുടെ പ്രധാന വിമർശനം. എന്നാൽ വിശദമായ സാമ്പത്തിക പദ്ധതിയിലൂടെയും ട്രംപിനെതിരെയുള്ള നിശിത വിമർശനങ്ങളിലൂടെയുമാണ് ഹാരിസ് വിമർശകർക്ക് ചുട്ട മറുപടി നൽകുന്നത്.

അമേരിക്കൻ മധ്യവർഗത്തെ കെട്ടിപ്പടുക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഊന്നൽ നൽകിയുള്ള തന്റെ പദ്ധതികൾ എന്തൊക്കെയാണെന്ന് ആവിഷ്കരിച്ചുകൊണ്ടാണ് അവർ വിമർശനങ്ങൾക്ക് മറുപടി നൽകിയത്. സമ്പദ്വ്യവസ്ഥയുടെ വ്യത്യസ്തമായ രണ്ട് ദർശനങ്ങൾക്കിടയിലുള്ള തിരഞ്ഞെടുപ്പായി യുഎസ് തിരഞ്ഞെടുപ്പിനെ അവർ വിശേഷിപ്പിച്ചു.

മൂന്ന് വ്യത്യസ്ത ക്രിമിനൽ കുറ്റങ്ങൾ നേരിടുന്ന മുൻ റിയൽ എസ്റ്റേറ്റ് ഡെവലപ്പറും റിയാലിറ്റി ടെലിവിഷൻ താരവുമായ ട്രംപിന് താനും തപ്പോലുള്ള അമേരിക്കക്കാരിൽ ഏറ്റവും സമ്പന്നരായ ആളുകൾക്കും ജീവിതം മികച്ചതാക്കുന്നതിൽ മാത്രമേ താൽപ്പര്യമുള്ളൂ എന്ന് ഹാരിസ് പറഞ്ഞു. നേരെമറിച്ച്, ഒരു അമ്മ വളർത്തിയെടുത്ത അവളുടെ സ്വന്തം മധ്യവർഗത്തിനായി, ചെറുകിട ബിസിനസ്സുകളുടെ ഭാഗ്യം വർദ്ധിപ്പിക്കുന്നതിനും അമേരിക്കൻ തൊഴിലാളികളെ ശാക്തീകരിക്കുന്നതിനും താൻ പ്രതിജ്ഞാബദ്ധയാണെന്ന് അവർ ആവർത്തിച്ച് വ്യക്തമാക്കി.

അദ്ദേഹത്തിന്റെ അജണ്ട സമ്പദ്വ്യവസ്ഥയെ ദുർബലപ്പെടുത്തുകയും അധ്വാനിക്കുന്ന ആളുകളെയും മധ്യവർഗത്തെയും ദോഷകരമായി ബാധിക്കുകയും ചെയ്യും. ഡൊണാൾഡ് ട്രംപിനെ സംബന്ധിച്ചിടത്തോളം, നമ്മുടെ സമ്പദ്വ്യവസ്ഥ മികച്ച രീതിയിൽ പ്രവർത്തിക്കുന്നത് വലിയ അംബരചുംബികളായ കെട്ടിടങ്ങൾ ഉള്ളവർക്കാണ്. യഥാർത്ഥത്തിൽ അവ നിർമ്മിക്കുന്നവർക്കല്ല. അവർ കൂട്ടിച്ചേർത്തു.

അവസര സമ്പദ്വ്യവസ്ഥ എന്ന് താൻ വിളിക്കുന്നതിനെക്കുറിച്ച് പതിവായി സംസാരിച്ചിട്ടുള്ള ഹാരിസ് പ്രത്യയശാസ്ത്രത്തെ അടിസ്ഥാനമാക്കിയല്ല, മറിച്ച് സാമാന്യബുദ്ധിയെ അടിസ്ഥാനമാക്കിയുള്ള ഒരു സാമ്പത്തിക പദ്ധതി നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിലാണ് അവരുടെ ശ്രദ്ധ. ട്രംപിന്റെ സമീപനത്തിനുപകരം കോർപ്പറേറ്റ് നികുതി വെട്ടിക്കുറവുകളും താരിഫുകളും പണപ്പെരുപ്പം വർദ്ധിപ്പിക്കുമെന്ന് മിക്ക വിദഗ്ധരും പറയുന്നു. അമേരിക്കക്കാരെ ഒരു വീട് വാങ്ങാനും ബിസിനസ്സ് ആരംഭിക്കാനും സമ്പത്ത് കെട്ടിപ്പടുക്കാനും സഹായിക്കുന്ന സാമാന്യബുദ്ധിയുള്ള പരിഹാരങ്ങൾ കണ്ടെത്തുമെന്നും ഹാരിസ് പ്രതിജ്ഞയെടുത്തു.

വോട്ടർമാരുടെ പ്രധാന പ്രശ്നങ്ങളായി സ്ഥിരമായി റാങ്ക് ചെയ്യുന്ന സമ്പദ്വ്യവസ്ഥയെ ആരാണ് മികച്ച രീതിയിൽ കൈകാര്യം ചെയ്യുക, ജീവിതച്ചെലവ് പരിഹരിക്കുക എന്നിവയെക്കുറിച്ചുള്ള ട്രംപിന്റെ നേട്ടത്തെ നിർവീര്യമാക്കാനുള്ള ഹാരിസിന്റെ ശ്രമമായിരുന്നു ഈ പ്രസംഗം. സമ്പദ്വ്യവസ്ഥ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് അവരുടെ പ്രചാരണം ഇതിനകം തന്നെ വോട്ടർമാർക്കിടയിൽ മികച്ച പ്രതികരണമാണ് നേടിയത്. പെൻസിൽവാനിയ പോലുള്ള പോരാട്ട ഭൂമിയിലെ തീരുമാനമാകാത്ത വോട്ടർമാർക്ക് ഇത് നിർണായകമായേക്കാമെന്ന് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നു.

# ഫണ്ടിംഗ് വിപുലീകരണംപാസാക്കി കോൺഗ്രസ്

(ഒന്നാം പേജ് തുടർച്ച)

മിഷങ്ങൾക്ക് മുമ്പ് സെനറ്റ് ഭൂരിപക്ഷ നേതാവ് ചക്ക് ഷുമർ വ്യക്തമാക്കി. മൂന്ന് മാസത്തേക്ക്സർക്കാരിന്ധനസഹായംനൽകുന്നതിനുള്ള സ്റ്റോപ്പ്ഗാപ്പ് നടപടിക്കാണ് സഭയും സെനറ്റും അംഗീകാരം നൽകിയത്. നിയമ നിർമ്മാണം ഡിസംബർ 20 വരെയാണ് സർക്കാരിന് ധനസഹായം നൽകുക. വിപുലീകരണം പാസാക്കാനോ ഷട്ട്ഡൗൺ നേരിടാനോ നിയമനിർമ്മാതാക്കൾക്ക് ഒക്ടോബർ ഒന്ന് വരെ സമയമുണ്ടായിരുന്നു. എന്നാൽ തിരഞ്ഞെടുപ്പ് ദിനത്തിലേക്കുള്ള അവസാന പ്രചാരണത്തിനായി നിയമനിർമ്മാതാക്കൾ നഗരം വിടുന്നതിനാൽ ബുധനാഴ്ച തന്നെ താൽക്കാലിക ഫണ്ടിംഗ് നടപടിക്ക് അംഗീകാരം നൽകുകയായിരുന്നു.

# യുഎസിലെ ഉക്രെയ്ൻ അംബാസഡറെ നീക്കം ചെയ്യണമെന്ന് സ്പീക്കർ മൈക്ക് ജോൺസൺ

വാഷിംഗ്ടൺ: യുഎസിലെ ഉക്രെയ്ൻ അംബാസഡറെ നീക്കം ചെയ്യണമെന്ന് പ്രസിഡന്റ് സെലൻസ്കിയോട് ആവശ്യപ്പെട്ട് യുഎസ് ഹൗസ് സ്പീക്കർ മൈക്ക് ജോൺസൺ. പെൻസിൽവാനിയയിലെ ഒരു വെടിമരുന്ന് പ്ലാന്റിലേക്കുള്ള സെലെൻസ്കിയുടെ സന്ദർശനം വിവാദമായതിന് പിന്നാലെയാണ് ജോൺസണിന്റെ ആവശ്യം.

റിപ്പബ്ലിക്കൻ പ്രസിഡൻഷ്യൽ നോമിനി ഡൊണാൾഡ് ട്രംപുമായി അടുപ്പമുള്ള ജോൺസൺ, പ്ലാന്റ് പര്യടനത്തിലേക്ക് ഒരു റിപ്പബ്ലിക്കൻമാരെയും ക്ഷണിച്ചിട്ടില്ലെന്നും ഇത് അംബാസഡർ ഒക്സാന മാർക്കറോവ സംഘടിപ്പിച്ചതാണെന്ന് അദ്ദേഹം പറഞ്ഞു. ഇത്തരം വ്യാവസായിക പ്ലാന്റുകൾ സ്ഥിതി ചെയ്യുന്ന ജില്ലയെ പ്രതിനിധീകരിക്കുന്ന ഹൗസ്, സെനറ്റ് അംഗങ്ങളെ ക്ഷണിക്കുന്നത് സാധാരണ നടപടിക്രമമാണെന്നാണ് സൈനിക ഉദ്യോഗസ്ഥൻ പറയുന്നത്.

സംസ്ഥാന ഗവർണർ ജോഷ് ഷാപ്പിറോ, സെന. ബോബ് കേസി, ജില്ലയിലെ ജനപ്രതിനിധി മാറ്റ് കാർട്ട്റൈറ്റ്, എല്ലാ ഡെമോക്രാറ്റുകളും സന്ദർശനത്തിൽ പങ്കെടുത്തു. ബൈഡന്റെ ജന്മനാടായ സ്ക്രാന്റണിലാണ് പ്ലാന്റ് സ്ഥിതി ചെയ്യുന്നത്. റഷ്യൻ കരസേനയെ പ്രതിരോധിക്കാനുള്ള തന്റെ രാജ്യത്തിന്റെപോരാട്ടത്തിന് ഏറ്റവും നിർണായകമായ ആയുധങ്ങൾ നിർമ്മിക്കുന്ന തൊഴിലാളികൾക്ക് നന്ദി പറയാനാണ് സെലെൻസ്കി സ്ക്രാന്റൺ ആർമി വെടിമരുന്ന് പ്ലാന്റ് സന്ദർശിച്ചത്.





# ഒന്നാം സ്ഥാനം അംബാനിക്കല്ല, അത് മറ്റൊരു ശതകോടീശ്വരന്!

ഇന്ത്യയിൽ ശതകോടീശ്വരൻമാരുടെ എണ്ണം വർധിച്ചതായി നേരത്തെ ഫോബ്സിന്റെ റിപ്പോർട്ട് ചെയ്തിരുന്നു. ഇവരെല്ലാം തമ്മിൽ വലിയ മത്സരം തന്നെയാണ് ബിസിനസ് മേഖലയിൽ നടക്കുന്നത്. മുകേഷ് അംബാനി ഗൗതം അദാനി, ശിവ് നാടാർപോലുള്ള വമ്പൻമാർ സമ്പത്തിന്റെ കാര്യത്തിലും മത്സരിക്കാറുണ്ട്.

അതേസമയം ആരാണ് ഇപ്പോൾ ഇന്ത്യയിലെ ഏറ്റവും വലിയ സമ്പന്നൻ എന്നതിൽ മറ്റൊരുപേര് പുറത്തുവന്നിരിക്കുകയാണ്. ഇന്ത്യയിലെ സമ്പന്നരുടെ പട്ടികയിൽ കാര്യമായ മാറ്റം വന്നിട്ടുണ്ട്. ഒന്നാം സ്ഥാനത്താണ് മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നത്. ആദ്യ പത്തിൽ ആരെല്ലാം ഉണ്ടെന്ന് പരിശോധിക്കാം.

മുകേഷ് അംബാനി ഇന്ത്യയിലെ അതിസമ്പന്നരിൽ രണ്ടാം സ്ഥാനത്തേക്കാണ് വീണിരിക്കുന്നത്. പകരം ഒന്നാം സ്ഥാനം സ്വന്തമാക്കിയിരിക്കുന്നത് ഗൗതം അദാനിയാണ്. അദാനി ഗ്രൂപ്പിന്റെ സ്ഥാപകനും ചെയർമാനുമാണ് അദ്ദേഹം.

തുറമുഖങ്ങൾ, ലോജിസ്റ്റിക്സ്, ഊർജം, കാർഷിക ബിസിനസ്, തുടങ്ങി നിരവധിമേഖലകളിലേക്ക് അദാനി ബിസിനസ് സാമ്രാജ്യം വ്യാപിപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടെ അദാനി ഗ്രൂപ്പ് വൻ വളർച്ചയാണ് നേടിയത്. രണ്ടാം സ്ഥാനത്തുണ്ടായിരുന്ന അവരെ ഒന്നാമതെത്തിച്ചത് വിവിധ കമ്പനികൾ ഓഹരി വിപണിയിൽനേട്ടമുണ്ടാക്കിയതാണ്. 11,61800കോടിയാണ് അദാനിയുടെ ആസ്തി.

മുകേഷ് അംബാനിയാണ് രണ്ടാം സ്ഥാനത്തുള്ളത്. അടുത്തിടെ ഓഹരി വിപണിയിലെ വീഴ്ച്ച അടക്കം ഉണ്ടായത് അംബാനിയെ രണ്ടാം സ്ഥാനത്തേക്ക് എത്തിക്കുകയായിരുന്നു. 10,14700കോടിയാണ് മുകേഷ് അംബാനിയുടെ ആസ്തി.

പെട്രോകെമിക്കൽസ്, റിഫൈനിംഗ് ഓയിൽ, ടെലികമ്മ്യൂണിക്കേഷൻസ്, റീട്ടെയിൽമേഖലയിലാണ് റിലയൻസ് ഗ്രൂപ്പ് പ്രവർത്തനം നടത്തുന്നത്.

മൂന്നാം സ്ഥാനത്ത് പ്രതീക്ഷിച്ചത് പോലെ ശിവ് നാടാരാണ്. 3,14000കോടിയാണ് നാടാരുടെ ആസ്തി. എച്ച്സിഎൽ ടെക്നോളജീസിന്റെ സ്ഥാപകനാണ് അദ്ദേഹം.

ഇന്ത്യൻ ഐടിമേഖലയിൽ ശിവ് നാടാരിനെപോലെ ഏതെങ്കിൽ അതിസമ്പന്നൻ ഇല്ല. ഐടി ബിസിനസിൽ നാടാരിന്റെ കമ്പനി ബഹുദൂരം മുന്നിലാണ്.

സൈറസ് പൂനാവാലയാണ് നാലാം സ്ഥാനത്തുള്ളത്. 2,89900 രൂപയാണ് ആസ്തി. പൂനാവാല ഗ്രൂപ്പിന്റെ ചെയർമാനാണ് അദ്ദേഹം. ഇന്ത്യയിലെ പ്രമുഖ വാക്സിൻ നിർമാതാക്കളായ സെറം ഇൻസ്റ്റിറ്റ്യൂട്ട് സൈറസിന്റേതാണ്. ലോകത്ത് തന്നെ ഏറ്റവും കൂടുതൽ വാക്സിൻ നിർമിക്കുന്നതും ഇവർക്കാണ്.

ദിലീപ് ഷാംങ്വിയാണ് അഞ്ചാം സ്ഥാനത്ത്. 2,49900കോടി രൂപയാണ് അദ്ദേഹത്തിന്റെ ആസ്തി. സൺ ഫാർമസ്യൂട്ടിക്കൽ ചെയർമാനാണ് അദ്ദേഹം. കുമാർ മംഗളം ബിർള 2,35200കോടി, ഗോപിചന്ദ് ഹിന്ദുജ 2,35000, രാധാകൃഷ്ണ ധമനി 1,90900കോടി, അസിം പ്രേംജി 1,900700കോടി, നീരജ് ബജാജ് 1,62800കോടി രൂപ എന്നിങ്ങനെയാണ് ആദ്യ പത്തിൽ ഉള്ളവരുടെ ആസ്തി.






## SEEKING BRIDE

**Parents are seeking** proposal for their son 48 years, US Citizen, working with a MNC in Texas, having two children in first marriage (14 year boy & 12 year daughter (Joint custody), Height 182cm, weight 168.

**Ph: 281-631-5103**
**longwood81@yahoo.com**

#090424

**Seeking proposal for** the son 28 years old Living in Dubai working a pvt. LL C company as an engineer at planning section. His education qualification is BE. Mechanic Engineeringfrom Herroitwatt college Dubai campus. Native place Changanacherry. Born and brought up in Dubai. Father passed away. 2 elder sisters married and settled. Mother is working and staying in Dubai with Orville. Seekingan allianceefrom Romancatholic girl. Now mother and son here in Chicago.

**Contact 00971502811046**

**Mail to: susanpadiyath@gmail.com**

#090424

## SEEKING BRIDEGROOM

**Roman Catholic parents** invite propsals for their daughter 26years, Height 5'7, Weight 68kg, BSc Nursing, working as a Registered Nurse (St. Georges NHS Trust, Tooting) in London, UK from the parents of professionally qualified christian matches. Interesting parents may contact with details.

**Contact: 708-304-2116**

**Mail: sibymathayi@icloud.com**

#090424

## BABYSITTER WANTED

**ഷിക്കാഗോയിൽ താമസിക്കുന്ന യുവ** ദമ്പതികൾക്ക് ഒന്നര വയസ്സുള്ള കുട്ടിയെ നോക്കാൻ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്. താൽപ്പര്യമുള്ളവർ വിളിക്കുക

**പോൾ വടകര (708-307-1122)**

#090424

## CARETAKER WANTED

**ഒരു വൃദ്ധന്റെ കാര്യങ്ങൾ** നോക്കാൻ പാചകം അറിയുന്ന ആരോഗ്യമുള്ള ഒരു സ്ത്രീയെ സ്ഥിരമായി വേണം. താമസ സൗകര്യങ്ങൾ ഉണ്ട്.

**താല്പര്യമുണ്ടെങ്കിൽ ഈ നമ്പറിൽ**
**224-382-3669**

ബന്ധപ്പെടുകയോ മെസ്സേജ് വിടുകയോ ചെയ്യുക

#090424






## For Blessings Received



മിശിഹായുടെസ്നേഹിതനും,വിശുസ്ത ദാസനുമായ വി.യുദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യംപറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായേ അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

(ദിവസം 9 പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനക്കു നിവൃത്തിയുണ്ടാകും. ഒൻപത് ദിവസം ചൊല്ലുക അത് ഒരുകാലത്തും സഫലമാകാതിരിക്കില്ല.

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഒരു വിശ്വാസി, വുഡ്റിഡ്ജ്**

#092524

Newspaper for Malayalees Worldwide ◆Estd.2020

വാചകം VACHAKAM

**ബന്ധപ്പെടുക:**
**773-888-2242,**
**773-842-9149**
vachakamonline@gmail.com
news@vachakam.com

**For E-Paper reading visit Vachakam.com**

Vachakam.com


# 25th മാമാങ്കത്തിന് ഡിട്രോയിറ്റ് അപ്പച്ചൻ നഗർ ഒരുങ്ങിക്കഴിഞ്ഞു

ഡിട്രോയിറ്റ്: ഒക്ടോബർ 4,5,6 (വെള്ളി, ശനി, ഞായർ) തീയതികളിൽ ഡിട്രോയിറ്റ് 'അപ്പച്ചൻ നഗറിൽ' വച്ച് (Pearl Event Center, 26100 Northwestern Highway Southfield, MI 48076) നടത്തപ്പെടുന്ന ഇന്റർനാഷണൽ 56 കാർഡ് ഗെയിമിന്റെയും സിൽവർ ജൂബിലി ആഘോഷത്തിന്റെയും ഒരുക്കങ്ങൾ പൂർത്തിയായതായി സംഘാടകർ അറിയിച്ചു. ഏകദേശം തൊണ്ണൂറ് ടീമുകൾ മാറ്റുരയ്ക്കുന്ന ഈ വാശിയേറിയ മത്സരത്തിന്റെ രജിസ്ട്രേഷൻ ഒക്ടോബർ 4 വെള്ളിയാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് ആരംഭിക്കും.

തുടർന്ന് ദേശീയ സമിതി യോഗവും ജനറൽ ബോഡിയും അതിനെത്തുടർന്ന് ഉദ്ഘാടനവും നടക്കും. ആദ്യ മത്സരം വൈകുന്നേരം കൃത്യം 4മണിക്ക് ആരംഭിക്കും. അതിനനുസരിച്ചാവണം നിങ്ങളുടെ യാത്രാപരിപാടികൾ ആസൂത്രണം ചെയ്യാൻ. ഒക്ടോബർ 3ന് വ്യാഴാഴ്ച മികച്ച പരിശീലന ഗെയിമുകൾ ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ കഴിവതും വ്യാഴാഴ്ച എത്തിച്ചേരുവാൻ എല്ലാവരെയും സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു.



വ്യാഴാഴ്ച എത്തിച്ചേരുന്നവർക്ക് ഭക്ഷണപാനീയങ്ങൾ ഒരുക്കുന്നതാണ്. 200 ഡോളർ വീതമാണ് ടൂർണമെന്റ് രജിസ്ട്രേഷൻ ഫീസ്. വരുന്നവർക്കുള്ള താമസ സൗകര്യങ്ങൾക്കു വേണ്ടിയുള്ള ക്രമീകരണങ്ങൾക്കായി റൂമുകൾ സ്വന്തമായി ബുക്ക് ചെയ്യുവാൻ ബന്ധപ്പെടേണ്ട ഹോട്ടലുകൾ: Hampton Inn (Southfield): 248-256-2350, Staybridge Suites (Southfield): 947-479-4747.

ഗെയിമുകളിൽ വിജയികളാവുന്ന ടീമുകൾക്ക് ഒന്നാം സമ്മാനമായി മൂവായിരം ഡോളർ, രണ്ടാം സമ്മാനം രണ്ടായിരത്തി ഒരുനൂറ് ഡോളർ, മൂന്നാം സമ്മാനം ആയിരത്തി അഞ്ഞൂറ് ഡോളർ, നാലാം സമ്മാനം ആയിരത്തി ഇരുനൂറ് ഡോളർ എന്നീ ക്രമത്തിൽ ക്യാഷ് അവാർഡുകളും, ട്രോഫികളും നൽകുന്നതാണ്. ഒന്നാം സമ്മാനം വലിയപറമ്പിൽ ഫാമിലിയും, രണ്ടാം സമ്മാനം ജൂബി ജെ. ചക്കുങ്കൽ (ഇ4ഉ ങീൃഴേമഴല), മൂന്നാം സമ്മാനം കണക്റ്റിക്കട്ടിൽ നിന്നുമുള്ള മധു കുട്ടി, നിധിൻ ഈപ്പൻ, രാജീവ് ജോർജ് എന്നിവരും, നാലാം സമ്മാനം ജോസഫ് മാത്യു(ഫ്രണ്ട്സ് ഓഫ് അപ്പച്ചൻ) എന്നിവരാണ് സ്പോൺസർ ചെയ്തിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക്: വെബ് സൈറ്റ്: 56International.com

ടൂർണമെന്റ് കോർഡിനേറ്റേഴ്സ്: മാത്യു ചെരുവിൽ (56 ഇന്റർനാഷണൽ ചെയർമാൻ 586-206-6164), ജോസ് ഏബ്രഹാം (ടൂർണമെന്റ് ചെയർമാൻ) 248-802-8952, ജോർജ് വന്നിലം (വൈസ് ചെയർമാൻ) 248-921-9941

എക്സിക്യൂട്ടീവ് കമ്മറ്റി മെംബേഴ്സ്: സുനിൽ എൻ. മാത്യു 734-272-5264, ജോസ് ഫിലിപ്പ് 248-767-9952, സുനിൽ മാത്യു 248-982-0177, ബിജോയ്സ് തോമസ് 248-761-9979, മാത്യു ചെമ്പോല 914-338-6914

◗ രാജു ശങ്കരത്തിൽ

# വീണ്ടും സംഘർഷഭരിതമായി മിഡിൽ ഈസ്റ്റ്: യുദ്ധകോപ്പുകളുമായി യുഎസും

മിഡിൽ ഈസ്റ്റ് ഒരിക്കൽ കൂടെ സംഘർഷഭരിതമാകുമ്പോൾ അമേരിക്ക ഉൾപ്പെടേയുള്ള കക്ഷികൾ പ്രദേശത്തെ സൈനിക സാന്നിധ്യം കൂടുതൽ ശക്തമാക്കുകയാണ്. ഇസ്രായേലും ഹിസ്ബുള്ളയും തമ്മിലുള്ള ആക്രമണങ്ങൾ ഒരു സമ്പൂർണ്ണ യുദ്ധത്തിലേക്ക് നയിക്കുമോയെന്നാണ് പ്രധാന ആശങ്ക. ഇസ്രായേൽ തങ്ങളുടെ വാർത്താവിനിമയ ഉപകരണങ്ങളിലൂടെ നടത്തിയ ആക്രമണം റെഡ് ലൈൻ കടക്കുന്നതാണെന്നാണ് ഹിസ്ബുള്ള അറിയിച്ചത്. മറുവശത്ത് ഹമാസിന്റെ ഭാഗത്ത് നിന്നുള്ള ഭീഷണിയും ഇപ്പോഴും ശക്തമായി നിലനിൽക്കുന്നു.



യുഎസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിനുമായി ഈ ആഴ്ച നിരന്തരം കൂടിക്കാഴ്ച നടത്തിയ ഇസ്രായേലി പ്രതിരോധ മന്ത്രി യോവ് ഗാലന്റ് ലെബനനിലെ ഹിസ്ബുള്ളയ്ക്കെതിരായി ശ്രദ്ധ കേന്ദ്രീകരിച്ച് യുദ്ധത്തിന്റെ ഒരു 'പുതിയ ഘട്ട'ത്തിന് തുടക്കം കുറിക്കുന്നതായും അറിയിച്ചിരുന്നു. അതേസമയം മേഖലയിൽ ഏതെങ്കിലും തരത്തിലുള്ള കാര്യമായ തരത്തിലുള്ള സൈനിക ശേഷി വർധനവിനെക്കുറിച്ച് അമേരിക്ക ഇതുവരെ പ്രതികരിച്ചിട്ടില്ല. എന്നാൽ കരസേനയെ കൂടുതലായി അയക്കുന്നതായി പെന്റഗൺ അറിയിക്കുകയും ചെയ്തു.

നമ്മുടെ സേനയെ സംരക്ഷിക്കാനും ഇപ്പോൾ അവിടെയുള്ള ശേഷിയിലും ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ട്. ഇസ്രായേലിനെ പ്രതിരോധിക്കാൻ ഞങ്ങളും വരേണ്ടതുണ്ടോയെന്ന് പെന്റഗൺ വക്താവ് സബ്രീന സിംഗ് ചോദിച്ചിരുന്നു. ഏകദേശം 34,000 യുഎസ് സേനയെയാണ് മുഴുവൻ മിഡിൽ ഈസ്റ്റും ഉൾക്കൊള്ളുന്ന യുഎസ് സെൻട്രൽ കമാൻഡിലേക്ക് വിന്യസിച്ചിരിക്കുന്നത്. ഇസ്രായേൽ-ഹമാസ് യുദ്ധത്തിന്റെ ആദ്യ മാസങ്ങളിൽ അധിക കപ്പലുകളും വിമാനങ്ങളും അയച്ചതിനാൽ ആ സൈനികരുടെ എണ്ണം ഏകദേശം 40,000 ആയി ഉയർന്നു.

ഏതാനും ആഴ്ചകൾക്ക് മുമ്പ്, ഇസ്രായേലിനും ലെബനനുമിടയിൽ സംഘർഷം ഉടലെടുത്തതിനാൽ ഓസ്റ്റിൻ രണ്ട് വിമാനവാഹിനിക്കപ്പലുകളോടും അവയ്ക്കൊപ്പമുള്ള യുദ്ധക്കപ്പലുകളോടും മേഖലയിൽ തങ്ങാൻ ഉത്തരവിട്ടപ്പോൾ മൊത്തം സേന 50,000 ആയി ഉയർന്നു. ഒരു കാരിയർ സ്ട്രൈക്ക് ഗ്രൂപ്പ് വിട്ട് ഏഷ്യപസഫിക്കിലേക്ക് നീങ്ങുകയും ചെയ്തു. ബീഫ്അപ്പ് സാന്നിധ്യം ഇസ്രായേലിനെ പ്രതിരോധിക്കാനും യുഎസിന്റെയും സഖ്യകക്ഷികളുടെയും ഉദ്യോഗസ്ഥരെയും സ്വത്തുക്കളെയും സംരക്ഷിക്കുന്നതിനും സഹായിക്കുന്നു. നാവികസേനയുടെ യുദ്ധക്കപ്പലുകൾ കിഴക്കൻ മെഡിറ്ററേനിയൻ കടൽ മുതൽ ഒമാൻ ഉൾക്കടൽ വരെ പ്രദേശത്തുടനീളം ചിതറിക്കിടക്കുന്നു, കൂടാതെ വ്യോമസേനയുടെയും നാവികസേനയുടെയും യുദ്ധവിമാനങ്ങൾ തന്ത്രപരമായി നിരവധി സ്ഥലങ്ങളിൽ അധിഷ്ഠിതമാണ്.

അമേരിക്കയുടെ രണ്ട് വിമാനവാഹിനിക്കപ്പലുകളാണ് മേഖലയിൽ സ്ഥിതി ചെയ്യുന്നത്. യുദ്ധവിമാനങ്ങളും നിരീക്ഷണ വിമാനങ്ങളും അത്യാധുനിക മിസൈലുകളുമുള്ള അതിശക്തമായ വിമാനവാഹിനിക്കപ്പലിന്റെ സാന്നിധ്യം ഇറാനുമായുള്ള സംഘർഷ സാഹചര്യത്തിലാണ് സ്ഥിരമായി ഇവിടെ നിലയുറപ്പിക്കാൻ തുടങ്ങിയത്.

എബ്രഹാം ലിങ്കണും അതിന്റെ മൂന്ന് ഡിസ്ട്രോയറുകളും ഒമാൻ ഉൾക്കടലിലും രണ്ട് യുഎസ് നേവി ഡിസ്ട്രോയറുകൾ ചെങ്കടലിലും തുടരുന്നു. കഴിഞ്ഞ മാസം ഓസ്റ്റിൻ ഈ മേഖലയിലേക്ക് നിർദേശിച്ച ജോർജിയ ഗൈഡഡ് മിസൈൽ അന്തർവാഹിനി നേരത്തെ ചെങ്കടലിലായിരുന്നു സ്ഥിതി ചെയ്തിരുന്നത്. എന്നാൽ നിലവിൽ എവിടെയാണ് ഇതെന്ന് വ്യക്തമല്ല. കിഴക്കൻ മെഡിറ്ററേനിയൻ കടലിൽ ആറ് യുഎസ് യുദ്ധക്കപ്പലുകൾ ഉണ്ട്, അതിൽ 26-ാമത് മറൈൻ എക്സ്പെഡിഷണറി യൂണിറ്റിനൊപ്പം വാസ്പ് ആംഫിബിയസ് ആക്രമണ കപ്പലും ഉൾപ്പെടുന്നു.

നാവിക സേനയുടെ മൂന്ന് ഡിസ്ട്രോയറുകളും ആ പ്രദേശത്തുണ്ട്. എബ്രഹാം ലിങ്കണിൽ നിന്നുള്ള അരഡസനോളം എഫ്/എ18 യുദ്ധവിമാനങ്ങൾ ഈ മേഖലയിലെ ലാൻഡ് ബേസിലേക്കും മാറ്റി. യുഎഎസ് വ്യോമസേന കഴിഞ്ഞ മാസം അത്യാധുനിക എഫ്-22 യുദ്ധവിമാനങ്ങളുടെ ഒരു അധിക സ്ക്വാഡ്രൺ മേഖലയിലേക്ക് അയച്ചു. ഇത് മിഡിൽ ഈസ്റ്റിലെ മൊത്തം കര അധിഷ്ഠിത ഫൈറ്റർ സ്ക്വാഡ്രണുകളുടെ എണ്ണം നാലായി ഉയർത്തി. സേനയിൽ എ-10 തണ്ടർ ബോൾട്ട് II ഗ്രൗണ്ട് അറ്റാക്ക് എയർക്രാഫ്റ്റ്, എഫ്-15ഇ സ്ട്രൈക്ക് ഈഗിൾസ്, എഫ്-16 ഫൈറ്റർ ജെറ്റുകൾ എന്നിവയുടെ സ്ക്വാഡ്രൺ ഉൾപ്പെടുന്നു. ഏതൊക്കെ രാജ്യങ്ങളിൽ നിന്നാണ് വിമാനങ്ങൾ സർവീസ് നടത്തുന്നതെന്നത് ഇതുവരെ വ്യക്തമല്ല.

എഫ്-22 ഫൈറ്റർ ജെറ്റുകളുടെ വരവ്, ശത്രുവിന്റെ വ്യോമ പ്രതിരോധത്തെ അടിച്ചമർത്താനും ഇലക്ട്രോണിക് ആക്രമണങ്ങൾ നടത്താനുമുള്ള ശേഷി യുഎസ് സേനയ്ക്ക് നൽകുന്നു. ഒരു ഓപ്പറേഷനിൽ മറ്റ് യുദ്ധവിമാനങ്ങളെ സംഘടിപ്പിക്കുന്ന ഒരു 'ക്വാർട്ടർബാക്ക്' ആയി പ്രവർത്തിക്കാനും എഫ്-22ന് കഴിയും.

എന്നാൽ തങ്ങൾ ലക്ഷ്യമിടുന്ന കേന്ദ്രങ്ങൾ ആക്രമിക്കാൻ മിഡിൽ ഈസ്റ്റ് അടിസ്ഥാനമാക്കിയുള്ള വിമാനങ്ങൾ ആവശ്യമില്ലെന്ന് ഫെബ്രുവരിയിൽ യു.എസ് കാണിച്ചു തന്നു. ഫെബ്രുവരിയിൽ, ടെക്സസിലെ ഡൈസ് എയർഫോഴ്സ് ബേസിൽ നിന്ന് ഒരു ജോഡി ബി-1 ബോംബറുകൾ പറന്നുയരുകയും ഇറാഖിലെയും സിറിയയിലെയും 85 ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ്സ് കോർപ്സ് ഖുഡ്സ് ഫോഴ്സ് കേന്ദ്രങ്ങൾ തകർക്കുകയും ചെയ്തിരുന്നു.

# പടിഞ്ഞാറൻ രാജ്യങ്ങൾക്ക് അണുവായുധ ഭീഷണിയുമായി പുടിൻ



മോസ്കോ: പടിഞ്ഞാറൻ രാജ്യങ്ങൾക്ക് അണുവായുധ ഭീഷണിയുമായി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ. റഷ്യയ്ക്കെതിരായ ഏത് ആക്രമണവും റഷ്യൻ ഫെഡറേഷനെതിരായ സംയുക്ത ആക്രമണമായി കണക്കാക്കുമെന്ന് പുടിൻ പറഞ്ഞു.

'അണുബോംബ് ബ്ലാക്ക്മെയിലിംഗ് അല്ലാതെ ലോകത്തെ ഭയപ്പെടുത്താനുള്ള ഉപകരണങ്ങളൊന്നും റഷ്യയുടെ പക്കലില്ലെന്നും, ഈ തന്ത്രങ്ങൾ ഞങ്ങളുടെ അടുത്ത് വിലപോകില്ലെന്നും ഭീഷണിയോട് പ്രതികരിച്ച് ഉക്രേനിയൻ പ്രസിഡന്റ് സെലെൻസ്കിയുടെ ചീഫ് ഓഫ് സ്റ്റാഫ് ആൻഡ്രി യെർമാക് പറഞ്ഞു.

അതിനിടെ, യുഎസിലെയും യൂറോപ്പിലെയും തന്റെ സഖ്യകക്ഷികളോട് റഷ്യൻ പ്രദേശത്ത് കയറി ആക്രമിക്കാൻ ദീർഘദൂര ആയുധങ്ങൾ ഉപയോഗിക്കുന്നതിന് അനുമതി തേടുമെന്ന് സെലെൻസ്കി പറഞ്ഞു.

എന്നാൽ റഷ്യയ്ക്കുള്ളിൽ യുഎസ് ആയുധങ്ങൾ ഉപയോഗിച്ച് ആക്രമണം നടത്താൻ ഉക്രയ്നെ അധികാരപ്പെടുത്തിയിട്ടില്ലെന്ന് ബൈഡൻ ഭരണകൂടം സൂചിപ്പിച്ചു.

### സ്പേസ് എക്സ് പദ്ധതി; രണ്ട് വർഷത്തിനുള്ളിൽ ചൊവ്വയിലേക്ക് 5 സ്റ്റാർഷിപ്പ്;

# നാല് വർഷത്തിനുള്ളിൽ മനുഷ്യരെ എത്തിക്കും

ന്യൂയോർക്ക്: രണ്ട് വർഷത്തിനുള്ളിൽ ചൊവ്വയിലേക്ക് അഞ്ച് ആളില്ലാ സ്റ്റാർഷിപ്പ് അയയ്ക്കാൻ സ്പേസ് എക്സ് പദ്ധതി. സ്പേസ് എക്സിന്റെ സിഇഒ ഇലോൺ മസ്കാണ് ഇക്കാര്യം സമൂഹ മാധ്യമങ്ങളിലൂടെ പ്രഖ്യാപിച്ചത്. രണ്ടു വർഷത്തിനുള്ളിൽ ചൊവ്വയിലേക്ക് അഞ്ച് സ്റ്റാർഷിപ്പുകൾ സ്പേസ് ചൊവ്വയിലേക്ക് അയയ്ക്കുമെന്ന് സ്പേസ് എക്സ് ഈ മാസം ആദ്യം പ്രഖ്യാപിച്ചിരുന്നു. ചൊവ്വയിലേക്ക് ക്രൂവിനെ അയയ്ക്കുന്ന സ്റ്റാർഷിപ്പ് പദ്ധതി ആളില്ലാ പദ്ധതിയുടെ വിജയത്തെ ആശ്രയിച്ച് ഇരിക്കും.

ആദ്യം അയയ്ക്കുന്ന അഞ്ച് ആളില്ലാ സ്റ്റാർഷിപ്പുകൾ സുരക്ഷിതമായി ലാൻഡ് ചെയ്താൽ ക്രൂവിനെ ഉൾപ്പെടുത്തിയുള്ള പദ്ധതി നാലു വർഷത്തിനുള്ളിൽ ആരംഭിക്കാമെന്നാണ് മസ്കിന്റെ പ്രതീക്ഷ. എന്നാൽ ആദ്യ ഘട്ടത്തിൽ പ്രതിസന്ധികൾ നേരിട്ടാൽ ചൊവ്വയിലേക്ക് ക്രൂവിനെ അയയ്ക്കുന്ന പദ്ധതി രണ്ടു വർഷത്തേക്ക് കൂടെ നീട്ടി വയ്ക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

ജൂണിൽ ബഹിരാകാശത്തുനിന്ന് സ്റ്റാർഷിപ്പ് തിരിച്ചിറക്കുന്ന പദ്ധതിയിൽ മസ്കിന്റെ കമ്പനി പ്രധാനപ്പെട്ട നേട്ടം കൈവരിച്ചിരുന്നു. ചന്ദ്രനിലേക്ക് ചരക്കും മനുഷ്യനെയും എത്തിക്കാനുള്ള വമ്പൻ പദ്ധതിയും അടുത്ത 10 വർഷത്തിനുള്ളിൽ നടപ്പിലാക്കും. അതേസമയം, ചൊവ്വ ദൗത്യമാണ് സ്പേസ് എക്സിന്റെ സ്വപ്ന പദ്ധതി.

ചൊവ്വയിലേക്കുള്ള ബഹിരാകാശ പേടകത്തിന് ധാരാളം ഇന്ധനവും വിഭവങ്ങളും ആവശ്യമാണ്, അതിനാൽ ബഹിരാകാശ ഏജൻസികൾ തങ്ങളുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള മികച്ച അവസരത്തിനായി ഭൂമിചൊവ്വ ട്രാൻസ്ഫർ വിൻഡോ (arth-Mars transfer window) തുറക്കുന്നതിനായി കാത്തിരിക്കുകയാണ് സ്പേസ് എക്സ്.



# അമേരിക്കയെ പങ്കാളിയാക്കി വൻ കളികൾക്ക് യുഎഇ



യുഎഇയും അമേരിക്കയും തമ്മിൽ വ്യാപര ബന്ധം കൂടുതൽ ശക്തമാകുകയാണ്. യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാന്റെ ആദ്യ ഔദ്യോഗിക അമേരിക്കൻ യാത്ര യുഎഇ-യുഎസ് സാമ്പത്തിക വളർച്ചയെയും നവീകരണത്തെയും പ്രോൽസാഹിപ്പിക്കുമെന്നാണ് തിങ്കളാഴ്ച വാഷിംഗ്ടൺ ഡിസിയിൽ നടന്ന ഇരുനേതാക്കളുടെയും കൂടിക്കാഴ്ചയ്ക്ക് മുന്നോടിയായി ഉന്നത ഉദ്യോഗസ്ഥരെ ഉദ്ധരിച്ചുള്ള റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

യുഎസ് പ്രസിഡന്റ് ജോ ബൈഡൻ, വൈസ് പ്രസിഡന്റ് കമലാ ഹാരിസ് എന്നിവരുമായി ഷെയ്ഖ് മുഹമ്മദിന്റെ കൂടിക്കാഴ്ചയുടെ അജണ്ടയിൽ ഗാസയിലെ യുദ്ധം പോലുള്ള പ്രധാന പ്രാദേശിക വെല്ലുവിളികളെക്കുറിച്ചുള്ള ചർച്ചകളും ഉൾപ്പെട്ടേക്കും. എന്നാൽ പരമ്പരാഗതമായ ബന്ധത്തിന് അപ്പുറത്തേക്ക് ബന്ധം മുന്നോട്ട് കൊണ്ടുപോകാൻ യുഎഇ ശ്രമിക്കുന്നതിനാൽ സാമ്പത്തിക പുനക്രമീകരണമാണ് പ്രാഥമിക ലക്ഷ്യമെന്നാണ് യുഎഇ പ്രസിഡന്റിന്റെ ഏറ്റവും മുതിർന്ന നയതന്ത്ര ഉപദേഷ്ടാവ് അൻവർ ഗർഗാഷ് ദുബായിൽ ഒരു ബ്രീഫിംഗിൽ മാധ്യമപ്രവർത്തകരോട് വ്യക്തമാക്കുകയുണ്ടായി.

പ്രാദേശിക സംഘർഷം, എണ്ണ, പ്രതിരോധം എന്നിവയോടൊപ്പം തന്നെ വ്യാപാര പങ്കാളിത്തവും ചർച്ചാ വിഷയമാകും. സാമ്പത്തിക, സുരക്ഷാ സഹകരണം വിപുലീകരിക്കാൻ യുഎഇ പ്രസിഡന്റ് ശ്രമിക്കുമെന്ന് മാത്രമല്ല, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, പുനരുപയോഗ ഊർജം, കാലാവസ്ഥ, ബഹിരാകാശം തുടങ്ങിയ പ്രധാന മേഖലകളിലും പുതിയ കാൽവെപ്പുകൾ നടത്തും.

യുഎഇയിലെ മുൻനിര ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സ്ഥാപനമായ ജി 42ൽ 1.5 ബില്യൺ ഡോളറിന്റെ നിക്ഷേപം മൈക്രോസോഫ്റ്റ് ഏപ്രിലിൽ നടത്തിയിരുന്നു. ചൈനയുമായുള്ള നിക്ഷേപവും നയതന്ത്ര ബന്ധങ്ങളും നിലനിർത്തുന്നതിനൊപ്പം തന്നെ അമേരിക്കൻ നിക്ഷേപം ആകർഷിക്കുക എന്ന യുഎഇയുടെ ലക്ഷ്യത്തെ ശക്തിപ്പെടുത്തിക്കൊണ്ട് യുഎസിന്റെ പ്രധാന ബിസിനസ് നേതാക്കളുമായും ടെക് എക്സിക്യൂട്ടീവുകളുമായും അൽനഹ്യാൻ കൂടിക്കാഴ്ചകൾ നടത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ബെയ്ജിംഗുമായി അമേരിക്കൻ സാങ്കേതിക വിദ്യ പങ്കിടുന്നതിനെക്കുറിച്ചുള്ള ഭയം കാരണം യുഎഇക്ക് ചിപ്പ് സാങ്കേതിക വിദ്യ നൽകുന്നതിൽ അമേരിക്ക ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ചില നിയന്ത്രണങ്ങളുണ്ടെങ്കിലും അഞ്ച് പതിറ്റാണ്ടിലേറെ നീണ്ടുനിൽക്കുന്ന വ്യാപാര നിക്ഷേപ പങ്കാളിത്തമാണ് അമേരിക്കയ്ക്കും യുഎഇയ്ക്കും ഇടയിലുള്ളത്.

2023 ൽ യുഎഇയും യുഎസും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം ഏകദേശം 31.4 ബില്യൺ ഡോളറായിരുന്നു. യുഎ ഇയിലേക്കുള്ള യുഎസിന്റെ കയറ്റുമതി 24.8 ബില്യൺ ഡോളറിൽ കൂടുതലാണെന്ന് വാഷിംഗ്ടൺ ഡിസിയിലെ യുഎഇ എംബസിയും അറിയിച്ചിട്ടുണ്ട്. ലോകത്തെ എണ്ണ വിതരണത്തിന്റെ ഏകദേശം 4% ഉത്പാദിപ്പിക്കുന്ന യുഎഇക്ക് അമേരിക്കയിൽ മൊത്തം 1 ട്രില്യൺ ഡോളറിന്റെ നിക്ഷേപമുണ്ട്. മാത്രമല്ല അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റിയും മുബദാലയും ഉൾപ്പെടെയുള്ള യുഎഇ സോവറിൻ വെൽത്ത് ഫണ്ടുകൾ അമേരിക്കൻ റിയൽ എസ്റ്റേറ്റ്, ഇൻഫ്രാസ്ട്രക്ചർ, ടെക്നോളജി മേഖലകളിലെ പ്രധാന നിക്ഷേപകരാണ്.




# കനേഡിയൻ പാർലമെന്റിലെ ഓണാഘോഷത്തിൽ സജീവ സാന്നിധ്യമായി ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി

ഒട്ടാവ: കനേഡിയൻ പാർലമെന്റിലെ മൂന്നാമത് ഓണാഘോഷത്തിലെ സജീവ സാന്നിധ്യമായി ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി. ഫൊക്കാന എന്ന സംഘടന എങ്ങനെ അമേരിക്കയിലെയും കാനഡയിലെയും മലയാളി സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തിക്കുന്നു എന്ന് കൃത്യമായി വിശദീകരിച്ചതിലൂടെ അദ്ദേഹം ഏവരുടെയും ശ്രദ്ധ ആകർഷിച്ചു.

അമേരിക്കയിലും കാനഡയിലും അനുദിനം വർധിച്ചു വരുന്ന മലയാളി സമൂഹത്തിന്റെ ഉന്നമനത്തിൽ ഫൊക്കാന ചെലുത്തുന്ന സ്വാധീനം സ്വാഗതാർഹമാണ്. സെപ്തംബർ 18 ബുധനാഴ്ച ഓട്ടവയിലെ സർ ജോൺ എ മക്ഡോണൾഡ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ മുഖ്യ അതിഥിയായിരുന്ന, മലയാളി കുടുംബ വേരുള്ള യൂക്കോൺ പ്രീമിയർ രഞ്ജ് പിള്ള അഭിപ്രായപ്പെട്ടു.

ഫെഡറൽ മിനിസ്റ്റർ കമൽ ഖേര, കൺസർവ്വേറ്റീവ് പാർട്ടി ഡപ്യൂട്ടി ലീഡർ റ്റിം ഉപാൽ, പാർലമെന്റ് അംഗങ്ങളായ ജസ്രാജ് ഡിലോൺ, ഡാൻ മ്യൂസ്, ഷുവ് മജുംന്താർ, ലാറി ബ്രോക്ക്, ആനാ റോബേർട്ട്സ്, ആര്യ ചന്ദ്ര, ഗാർനറ്റ് ജെനുയിസ്, ടോണി ബാൾഡിനെലി എന്നിവർ ആയിരുന്നു വർണാഭമായ ഓണാഘോഷത്തിൽ പങ്കെടുത്ത മറ്റു പ്രമുഖർ.

മലയാളികളുടെ തനിമയും പാരമ്പര്യവും ഒട്ടും ചോർന്നു പോകാതെ മറ്റുള്ളവരിലേക്ക് എത്തിക്കാൻ പാകത്തിലാണ് ഓണാഘോഷം സങ്കടിപ്പിച്ചത്. ഫൊക്കാന പ്രസിഡന്റ് എന്ന നിലയിൽ സജിമോൻ ആന്റണി പരിപാടിയുടെ സംഘാടകരെ അഭിനന്ദിച്ചു. ഓണാഘോഷം ഊഷ്മളമായ രീതിയിൽ ആഘോഷിക്കാൻ അവസരമൊരുക്കിയ, പരിപാടിയുടെ ഹോസ്റ്റ് ആയിരുന്ന പാർലമെന്റ് അംഗം മൈക്കിൾ ബാരാട്ടിനോടുള്ള ഫൊക്കാനയുടെ സ്നേഹാദരം അറിയിക്കാൻ പ്രസിഡന്റ് സജിമോൻ ആന്റണി മറന്നില്ല.

കാനഡയിലെ വിവിധ രാഷ്ട്രീയസാമൂഹികസാംസ്കാരിക രംഗങ്ങളിലെ പാർലമെന്റ് അംഗങ്ങൾ പങ്കെടുത്ത ചടങ്ങിൽ ഫൊക്കാന മാതൃകാപരമായ പ്രവർത്തനം ആണ് കാഴ്ച്ച വയ്ക്കുന്നത് എന്ന് പല പ്രമുഖരും അഭിപ്രായപ്പെടുകയുണ്ടായി. കാനഡയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സംഘടനകളുടെ പ്രതിനിധികൾ ഉൾപ്പടെ എഴുനൂറോളം ആളുകളാണ് ആഘോഷത്തിൽ പങ്കെടുത്തത്.

ട്രിനിറ്റി ഗ്രൂപ്പ് ആയിരുന്നു ഓണാഘോഷത്തിന്റെ ഗ്രാന്റ് സ്പോൺസർ. ബിജു ജോർജ് ചെയർമാനും, റാം മതിലകത്ത് കൺവീനറും, രേഖാ സുധീഷ് ഇവന്റ് കോഡിനേറ്ററും, സതീഷ് ഗോപാലൻ, ടോമി കോക്കാടൻ എന്നിവർ കോചെയറും, സുധീഷ് പണിക്കർ ഹോസ്പിറ്റാലിറ്റി ഓപ്പറേഷൻസ് കോഡിനേറ്ററും, പ്രവീൺ വർക്കി കമ്മ്യൂണിറ്റി ഔട്ട്റീച്ച് കോർഡിനേറ്ററും ആയ സംഘാടക സമിതി ആണ് ഓണാഘോഷത്തിന് നേതൃത്വം നൽകിയത്.

ഫൊക്കാന ട്രസ്റ്റി ബോർഡ് ചെയർ ജോജി തോമസിന്റെ സാനിധ്യവും പ്രേത്യകം ശ്രദ്ധിക്കപ്പെട്ടു. ബിജു ജോർജ് ചെയർമാനായി പ്രവർത്തിച്ച ഈ ഓണാഘോഷം മലയാളി തനിമ വിളിച്ചോതുന്നതിനൊപ്പം ബിജു ജോർജിന്റെ നേതൃത്വപാടവം എടുത്തുകാട്ടിയ ഓണാഘോഷം കൂടിയായിരുന്നു.

*സരൂപ അനിൽ, ഫൊക്കന ന്യൂ ടീം*

# അവിശ്വാസ പ്രമേയത്തെ അതിജീവിച്ച് ജസ്റ്റിൻ ട്രൂഡോ സർക്കാർ



പാർലമെന്റിലെ മറ്റ് രണ്ട് രാഷ്ട്രീയ പാർട്ടികളായ ന്യൂ ഡെമോക്രാറ്റിക് പാർട്ടി (എൻഡിപി), ബ്ലോക്ക് ക്യൂബെക്കോയിസ് എന്നിവരിൽ നിന്ന് പിന്തുണ ഉറപ്പിക്കാനുള്ള പ്രതിപക്ഷ നേതാവ് പിയറി പൊയ്‌ലിവറിന്റെ ശ്രമം പരാജയപ്പെട്ടതിനെത്തുടർന്നാണ് പ്രമേയം പരാജയപ്പെട്ടത് (വോട്ടിങ് നില 211-120),

ട്രൂഡോയുടെ ലിബറലുകളുമായുള്ള സഖ്യം ന്യൂ ഡെമോക്രാറ്റിക് പാർട്ടി അവസാനിപ്പിച്ചതോടെ സർക്കാർ ന്യൂനപക്ഷമായിരുന്നു. ഈ പശ്ചാത്തലത്തിലാണ് അദ്ദേഹത്തിന്റെ മുഖ്യ എതിരാളിയായ കൺസർവേറ്റിവ് പാർട്ടി നേതാവ് പിയർ പോളിയാവ്രെ അവിശ്വാസ പ്രമേയം അവതരിപ്പിച്ചത്. 9 വർഷമായി കാനഡ ഭരിക്കുന്നത് ലിബറൽ സർക്കാരാണ്.

അതേസമയം ഈ വർഷം ജൂണിൽ ട്രൂഡോയുടെ അംഗീകാര റേറ്റിങ് 63% ത്തിൽ നിന്ന് 28% ആയി കുറഞ്ഞിരുന്നു. വർദ്ധിച്ചു വരുന്ന ജീവിതച്ചെലവും, വീട് വാടകയും സംബന്ധിച്ച ആശങ്കകൾക്കിടയിൽ. ഈ വേനൽക്കാലത്ത് ടൊറന്റോയിലും മോൺട്രിയലിലും അദ്ദേഹത്തിന്റെ ലിബറൽ പാർട്ടി രണ്ട് ഉപതെരഞ്ഞെടുപ്പുകളിൽ പരാജയപ്പെട്ടിരുന്നു.



# 72–ാം ദിവസം നോവായി അർജുൻ

അങ്കോള (ഉത്തര കർണ്ണാടക): ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് കണ്ണാടിക്കൽ സ്വദേശി അർജുന്റെ ട്രക്ക് കണ്ടെത്തി കരയിലെത്തിച്ചു. തകർന്ന ക്യാബിനുള്ളിൽ ജീർണിച്ചനിലയിൽകുടുങ്ങിക്കിടന്നമൃതദേഹം ആശുപത്രി മോർച്ചറിയിലേക്കു മാറ്റി. ഗംഗാവലി പുഴയിൽ ഡ്രെഡ്ജർ ഉപയോഗിച്ചുള്ള തിരച്ചിലിലാണ് ട്രക്ക് കണ്ടെത്തിയത്. ട്രക്ക് നിറുത്തിയിട്ടിരുന്ന ലക്ഷ്മണന്റെ ചായക്കടയുടെ മുന്നിലെ റോഡിൽ നിന്ന് 120 മീറ്റർ ദൂരത്തിൽ 12 മീറ്റർ താഴ്ചയിലായിരുന്നു അത്.

നാവികസേനയുടെ ഡ്രോൺ പരിശോധനയിൽ മാർക്ക് ചെയ്തിരുന്ന പോയിന്റ് രണ്ടിലെ (സി.പി2) മൺകൂനയ്ക്കടിയിൽ ഇന്നലെ രാവിലെയാണ് സ്കൂബ ഡൈവേഴ്സ് സംഘം ട്രക്കിന്റെ ഭാഗം കണ്ടെത്തിയത്. തലകീഴായി ചെളിക്കുണ്ടിലാണ്ട നിലയിലായിരുന്നു.മണ്ണുംകല്ലുംപാറയുംനിറഞ്ഞലോറിയുടെ ക്യാബിനിൽ പൂർണമായി ജീർണിച്ച് ശരീരഭാഗങ്ങൾ വേർപെട്ടനിലയിലായിരുന്നു മൃതദേഹം. ഷിരൂരിലെ ദേശീയപാതയ്ക്കു സമീപം നിറുത്തിയിട്ട ട്രക്കിൽ അർജുൻ ഉറങ്ങിക്കിടക്കുമ്പോഴാണ് കുന്നിടിഞ്ഞ് ഗംഗാവലി പുഴയുടെ ആഴങ്ങളിലേക്ക് പതിച്ചത്.

ഇന്നലെ രാവിലെ ട്രക്കിന്റെ അണ്ടർവാട്ടർ ദൃശ്യങ്ങൾ പകർത്തിയ നാവികസേന, മേലധികാരികളെയും ജില്ല ഭരണകൂടത്തെയും അത് ബോധ്യപ്പെടുത്തി. തുടർന്ന് പുഴയിലെ വെള്ളം കുറയാൻ വേലിയിറക്കം വരെ കാത്തിരുന്നു.



വൈകിട്ട് മൂന്നു മണിയോടെ ഡ്രെഡ്ജറിലെ ക്രെയിൻ ഉപയോഗിച്ച് ട്രക്കിന്റെ ക്യാബിൻ ഉയർത്തി. ക്യാബിനിൽ നിന്ന് മൃതദേഹ ഭാഗങ്ങൾ പുറത്തെടുത്ത് ബോട്ടിലേക്കുമാറ്റി.

നാലരയോടെ സതീഷ് കൃഷ്ണസായി എം.എൽ.എ ഡ്രെഡ്ജറിൽ എത്തി മൃതദേഹം കരയ്ക്കെത്തിക്കാൻ നിർദ്ദേശിച്ചു. ട്രക്ക് വടം കെട്ടി ക്രെയിൻ ഉപയോഗിച്ച് വലിച്ച് കരയ്ക്കുകയറ്റി.

കാർവാർ എസ്.പി നാരായണയുടെ നേതൃത്വത്തിൽ പൊലീസ് സംഘം പ്രത്യേക ബോട്ടിൽ വൈകിട്ട് അഞ്ചരയോടെ മൃതദേഹം വച്ചിരുന്ന ഡിങ്കി ബോട്ടിൽ എത്തി മേൽനടപടികൾ സ്വീകരിച്ചു. ഡി.എൻ.എ പരിശോധനയ്ക്കുള്ള സാമ്പിൾ എടുത്തശേഷം മൃതദേഹം ഇന്ന് കുടുംബത്തിന് വിട്ടുകൊടുക്കും.

## ഉത്തരം 72–ാം ദിവസം

ദുരന്തം നടന്ന് 72–ാം ദിവസമാണ് അർജുനും ട്രക്കും എവിടെ എന്ന ചോദ്യത്തിന് ഉത്തരം ലഭിച്ചത്. അർജുന്റെ സഹോദരീ ഭർത്താവ് ജിതിൻ, ലോറി ഉടമ മനാഫ് എന്നിവരും മറ്റു ബന്ധുക്കളും സ്ഥലത്തുണ്ടായിരുന്നു. ജൂലായ് 16 നാണ് മണ്ണിടിച്ചലിൽ അർജുനെ കാണാതായത്.

മൂന്നു ഘട്ടങ്ങളിലായി തിരച്ചിൽ നടന്നു. ശക്തമായ മഴയും അടിയൊഴുക്കും കാരണം പലതവണ തിരച്ചിൽ നിറുത്തിവയ്ക്കേണ്ടിവന്നു. ഗോവയിൽ നിന്ന് ഡ്രെഡ്ജർ എത്തിച്ചു നടത്തിയ മൂന്നാംഘട്ട തിരച്ചിലാണ് ഫലപ്രാപ്തിയിലെത്തിയത്.

## എല്ലാവരോടും നന്ദിയുണ്ടെന്ന് ലോറി ഉടമ മനാഫ്

അർജുനോടിച്ച ലോറിയും അർജുന്റെ മൃതദേഹവും പുറത്തെടുക്കുമ്പോൾ നിറഞ്ഞ നന്ദിയുമായി ലോറി ഉടമ മനാഫ്. അവനെ ജീവനോടെ കിട്ടുമെന്ന് കരുതിയായിരുന്നു കാത്തിരിപ്പ്. മലയാളികളെല്ലാം കൂടെ നിന്നു. തുടക്കം മുതൽ എം.കെ.രാഘവൻ എം.പിയും കേരളത്തിൽ നിന്നുള്ള മന്ത്രിമാരും ഒപ്പം കർണാടക സർക്കാരും ഉണ്ടായിരുന്നു. അർജുന്റെ കുടുംബത്തിന് നൽകിയ വാക്കാണ് അവനെ തിരിച്ചെത്തിക്കുമെന്ന്. പക്ഷെ ജീവനോടെ കഴിഞ്ഞില്ല. മൃതദേഹമായിട്ടെങ്കിലും അവനെ തിരിച്ചെത്തിക്കാനാവുമെന്നത് ആശ്വാസകരമാണ്. ഇപ്പോൾ രണ്ടുമാസം കഴിഞ്ഞു. ഇനി രണ്ടുവർഷമായെങ്കിലും അതിനായി താനീ പുഴത്തീരത്ത് കാത്തിരിക്കുമായിരുന്നെന്നും മനാഫ്.

## വടം പൊട്ടി, ലോറി കരയ്ക്ക് കയറ്റിയില്ല

അങ്കോള: ക്രെയിനിൽ കെട്ടിയ വടം ഉപയോഗിച്ച് അർജുന്റെ ലോറി കരയ്ക്ക് കയറ്റാനുള്ള ശ്രമം ഇന്നലെ നടന്നില്ല. രണ്ടു തവണ വടം പൊട്ടി. ഇന്നു രാവിലെ ലോറി കരയ്ക്ക് എത്തിക്കാനുള്ള ശ്രമം തുടരും. അർജുന്റെ ഒപ്പം കാണാതായ കർണ്ണാടക സ്വദേശികളായ ലോകേഷ്,ജഗന്നാഥൻ എന്നിവരെ കണ്ടെത്തുന്നതിനുള്ള തെരച്ചിൽ തുടരുമെന്ന് ജില്ല ഭരണകൂടം അറിയിച്ചു.

അർജുന്റെ മൃതദേഹം ഇന്നു നാട്ടിൽ എത്തിക്കാനുള്ള ശ്രമങ്ങളാണ് ഇന്നലെ വൈകുന്നതുവരെ ഷിരൂരിൽ നടന്നത്. ഡി.എൻ.എ ടെസ്റ്റ് നടത്താനുള്ള സാമ്പിൾ എടുത്തശേഷം മൃതദേഹം കുടുംബത്തിന് വിട്ടുനൽകുമെന്ന് അറിയിച്ചതായി ലോറി ഉടമ മനാഫ് പറഞ്ഞു. നേരത്തെ കുടുംബത്തിന്റെ ആവശ്യപ്രകാരം ഡി.എൻ.എ ടെസ്റ്റ് നടത്താതെതന്നെ മൃതദേഹം വിട്ടുനൽകുമെന്ന് അറിയിപ്പ് ഉണ്ടായിരുന്നു.

ലോറിയിൽ ഉള്ളത് അർജുന്റെ മൃതദേഹം തന്നെയാണെന്ന് കുടുംബത്തിന് ഉറപ്പായതിനാൽ ഡി.എൻ.എ ടെസ്റ്റ് വേണ്ടെന്നായിരുന്നു പ്രാഥമിക നിലപാട്.

## ഒപ്പം നിന്നവരെ നന്ദി അറിയിച്ച് മുഖ്യമന്ത്രി

അർജുന്റെ കുടുംബത്തിനും കേരളത്തിലെ ജനങ്ങൾക്കുമൊപ്പം നിന്നവർക്ക് നന്ദി അറിയിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയ്ക്ക് അയച്ച കത്തിലാണ് കേരളത്തിനും സർക്കാരിനും വേണ്ടി പിണറായി നന്ദി അറിയിച്ചത്. രക്ഷാപ്രവർത്തനം നടത്തിയ കർണാടക സർക്കാരിനോടുള്ള നന്ദിയും മുഖ്യമന്ത്രി കത്തിൽ വ്യക്തമാക്കി.

## അനുശോചിച്ച് മോഹൻലാൽ

അർജുന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി നടൻ മോഹൻലാൽ. മനമുരുകി പ്രാർത്ഥിച്ച എല്ലാവരുടേയും ഹൃദയങ്ങളിലെ നൊമ്പരമായി പ്രിയപ്പെട്ട അർജുനെന്നാണ് നടൻ മോഹൻലാൽ അനുസ്മരിച്ചത്.









# എ.ഡി.ജി.പി അജിത്കുമാറിനെതിരെ അന്വേഷണത്തിന് ഉത്തരവിട്ട് മുഖ്യമന്ത്രി





തിരുവനന്തപുരം: തൃശൂരിലും കോവളത്തും വച്ച് ആർ.എസ്.എസിന്റെ രണ്ട് ഉന്നതനേതാക്കളുമായി കൂടിക്കാഴ്ച നടത്തിയ എ.ഡി.ജി.പി എം.ആർ.അജിത്കുമാറിനെതിരെ പൊലീസ് മേധാവി ഷേഖ് ദർവേഷ് സാഹിബിന്റെ അന്വേഷണത്തിന് മുഖ്യമന്ത്രി ഉത്തരവിട്ടു. ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തെന്നും പെരുമാറ്റച്ചട്ടം മറികടന്നെന്നും കണ്ടെത്തിയാൽ ക്രമസമാധാന ചുമതലയിൽ നിന്നൊഴിവാക്കും.

അന്വേഷണത്തിന് ഡി.ജി.പിയെ വിളിച്ചുവരുത്തി മുഖ്യമന്ത്രി നിർദ്ദേശിക്കുകയായിരുന്നു. പി.വി.അൻവർ എം.എൽ.എയുടെ ആരോപണങ്ങളന്വേഷിക്കുന്ന ഡി.ജി.പിയുടെ സംഘമാവും ഇതും അന്വേഷിക്കുക. കൂടിക്കാഴ്ചകൾക്ക് ഇടനിലക്കാരനായ ആർ.എസ്.എസ് നേതാവ് കൈമനം ജയകുമാറിന് പൊലീസ് നോട്ടീസയച്ചു. കോവളത്തെ കൂടിക്കാഴ്ചയിൽ ഒപ്പമുണ്ടായിരുന്നെന്ന് സംശയിക്കുന്നവരെ വിളിച്ചു വരുത്തും.

തൃശൂരിൽ ആർ.എസ്.എസ് ജനറൽ സെക്രട്ടറി ദത്താത്രേയ ഹൊസബളെയെയും കോവളത്ത് റാം മാധവിനെയുമാണ് കണ്ടത്. തൃശൂരിലെ കൂടിക്കാഴ്ച പ്രതിപക്ഷനേതാവ് വി.ഡി.സതീശനാണ് വെളിപ്പെടുത്തിയത്. പിന്നാലെ, കോവളത്തെ കൂടിക്കാഴ്ച പുറത്തു വന്നു. തൃശൂരിലെ കൂടിക്കാഴ്ച സ്വകാര്യസന്ദർശനമെന്ന് എ.ഡി.ജി.പി മുഖ്യമന്ത്രിയോട് വിശദീകരിച്ചിരുന്നു.

പൊലീസുദ്യോഗസ്ഥരെ രാഷ്ട്രീയചർച്ചയ്ക്ക് അയയ്ക്കുന്ന പതിവില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞൊഴിഞ്ഞിരുന്നതാണ്. കൂടിക്കാഴ്ചകൾക്ക് രാഷ്ട്രീയവും വ്യക്തിപരവുമായ ലക്ഷ്യങ്ങൾക്ക് പുറമെ, ഇടനില സ്വഭാവവുമുണ്ടെന്നാണ് ഇന്റലിജൻസിന്റെ കണ്ടെത്തൽ. പാർലമെന്റ് തിരഞ്ഞെടുപ്പിൽ ബി.ജെ.പിയുടെ രാഷ്ട്രീയതന്ത്രങ്ങളൊരുക്കിയ യു.പി ആസ്ഥാനമായ ഏജൻസിക്ക് കേരളത്തിലെ വിവരങ്ങൾ നൽകാനായിരുന്നു തൃശൂരിലെ കൂടിക്കാഴ്ചയെന്നും സൂചനയുണ്ട്. ഇത് ഗുരുതരസ്വഭാവമുള്ളതാണ്.

ആറു വട്ടം ശുപാർശയുണ്ടായിട്ടും കിട്ടാതെപോയ രാഷ്ട്രപതിയുടെ പൊലീസ്മെഡൽ, പൊലീസ് മേധാവിയാവാനുള്ള അവസരം എന്നിവയ്ക്കായി എ.ഡി.ജി.പി ശ്രമിച്ചെന്നും സൂചനയുണ്ട്. പാറമേക്കാവ് വിദ്യാമന്ദിറിൽ ആർ.എസ്.എസ് ക്യാമ്പിനിടെയായിരുന്നു തൃശൂരിലെ കൂടിക്കാഴ്ച. രേഖയിൽ വരാതിരിക്കാൻ ഔദ്യോഗിക വാഹനം ഉപേക്ഷിച്ച് ആർ.എസ്.എസ് നേതാവിന്റെ കാറിലായിരുന്നു യാത്ര.

# ലൈംഗിക പീഡനക്കേസുകൾ, ഇടവേള ബാബുവും അറസ്റ്റിൽ; പിടികൊടുക്കാതെ സിദ്ദിഖ്





കൊച്ചി: നടനും എം.എൽ.എയുമായ മുകേഷിന് പിന്നാലെ, താരസംഘടനയായ 'അമ്മ'യെ വർഷങ്ങളോളം നയിച്ച മുൻ ജനറൽ സെക്രട്ടറി ഇടവേള ബാബുവും ലൈംഗിക പീഡനക്കേസിൽ അറസ്റ്റിലായി ജാമ്യത്തിലിറങ്ങി.

മുൻകൂർ ജാമ്യാപേക്ഷ തള്ളിയതിന് പിന്നാലെ ഒളിവിൽപ്പോയ നടൻ സിദ്ദിഖിനെ ഇന്നലെയും കണ്ടെത്താൻ പ്രത്യേക അന്വേഷണ സംഘത്തിന് (എസ്.ഐ.ടി) കഴിഞ്ഞില്ല. സിദ്ദിഖിനെ ഉടൻ പിടികൂടുമെന്ന് ആവർത്തിച്ച് പറയുന്ന എസ്.ഐ.ടി, നടന് സുപ്രീംകോടതിയെ സമീപിക്കാനുള്ള അവസരം നൽകാനാണ് അറസ്റ്റ് വൈകിക്കുന്നതെന്ന ആക്ഷേപവുമുയർന്നു.

സിദ്ദിഖ് പോകാനിടയുള്ള ഇടങ്ങളിലെല്ലാം അന്വേഷണം നടത്തിയെങ്കിലും വിവരമൊന്നും ലഭിച്ചിട്ടില്ല. സംസ്ഥാനം വിട്ടുപോയിട്ടില്ലെന്ന നിഗമനത്തിലാണ് പൊലീസ്. സിദ്ദിഖിന്റെ മൊബൈൽ ഫോൺ ഇന്നലെ രാവിലെ സ്വിച്ച് ഓണായി. വൈകാതെ വീണ്ടും ഓഫായി. ടവർ ലോക്കേഷൻ കേന്ദ്രീകരിച്ചുള്ള അന്വേഷണം സിദ്ദിഖിനെ കുടുക്കുമെന്ന് കരുതിയെങ്കിലും എസ്.ഐ.ടി അതിനും മുതിർന്നില്ല. വൈകിട്ടോടെ സിദ്ദിഖ് കീഴടങ്ങുമെന്ന അഭ്യൂഹം പരന്നെങ്കിലും അതുമുണ്ടായില്ല. കേസുമായി ബന്ധപ്പെട്ട് സിദ്ദിഖിന്റെ മകൻ ഇന്നലെയും അഭിഭാഷകനുമായി കൂടിക്കാഴ്ച നടത്തിയതായാണ് വിവരം. സുപ്രീംകോടതിയെ സമീപിച്ചാൽ അറസ്റ്റ് വീണ്ടും നീണ്ടേക്കും.

മൂന്ന് മണിക്കൂറിലധികം നീണ്ട ചോദ്യംചെയ്യലിന് ശേഷമായിരുന്നു ഇടവേള ബാബുവിന്റെ അറസ്റ്റ് രേഖപ്പെടുത്തിയത്. ഹൈക്കോടതിയിൽ നിന്ന് മുൻകൂർജാമ്യം നേടിയിരുന്നതിനാൽ പിന്നീട് വിട്ടയച്ചു. രാവിലെ 10ന് എറണാകുളത്തെ തീരദേശ പൊലീസ് ആസ്ഥാനത്ത് ചോദ്യം ചെയ്യലിന് ഹാജരായ ബാബുവിനെ എ.ഐ.ജി ജി. പൂങ്കുഴലിയുടെ നേതൃത്വത്തിലുള്ള അന്വേഷണസംഘമാണ് മണിക്കൂറോളം ചോദ്യം ചെയ്തത്. യുവതിയുടെ ആരോപണങ്ങൾ ബാബു നിഷേധിച്ചു. അറസ്റ്റിന് പിന്നാലെ എറണാകുളം ജനറൽ ആശുപത്രിയിലെത്തിച്ച് ലൈംഗികശേഷി പരിശോധിച്ച ശേഷമാണ് വിട്ടയച്ചത്.

അമ്മയിൽ അംഗത്വം വാഗ്ദാനം ചെയ്ത് ഫ്ളാറ്റിലേക്ക് വിളിച്ചുവരുത്തി പീഡിപ്പിച്ചെന്നാണ് കേസ്. ആലുവ സ്വദേശിനിയായ നടിയുടെ പരാതിയിൽ സ്ത്രീത്വത്തെ അപമാനിക്കൽ, പീഡനം തുടങ്ങിയ വകുപ്പുകൾ ചുമത്തി കഴിഞ്ഞ മാസം 28ന് എറണാകുളം നോർത്ത് പൊലീസ് രജിസ്റ്റർ ചെയ്ത കേസ് പിന്നീട് പ്രത്യേക സംഘത്തിന് കൈമാറുകയായിരുന്നു. നടിയെ ഫ്ളാറ്റിൽ എത്തിച്ച് തെളിവെടുത്തിരുന്നു.










# സിദ്ദിഖ് കേസ്: സുപ്രീംകോടതിയിൽ വമ്പൻ അഭിഭാഷകർ

ന്യൂഡൽഹി: പീഡനക്കേസിൽ നടൻ സിദ്ദിഖിന്റെ മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കമ്പോൾ സുപ്രീംകോടതിയിൽ തീപാറും. എണ്ണം പറഞ്ഞ മുതിർന്ന അഭിഭാഷകരാണ് സിദ്ദിഖിനും, അതിജീവിതയ്ക്കും, സംസ്ഥാന സർക്കാരിനും വേണ്ടി ഹാജരാകുന്നത്. അതും രാജ്യത്തെ കോളിളക്കമുണ്ടാക്കിയ കേസുകളിൽ വമ്പൻ കക്ഷികൾക്ക് വേണ്ടി വാദിച്ചവർ.

ബോളിവുഡ് സൂപ്പർതാരം ഷാരൂഖ് ഖാന്റെ മകൻ ആര്യൻ ഖാൻ ലഹരിക്കേസിൽ അറസ്റ്റിലായപ്പോൾ ജാമ്യത്തിലിറക്കിയ സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകൻ മുകുൾ റോത്തഗിയാണ് സിദ്ദിഖിന്റെ അഭിഭാഷകൻ. നടിയെ ആക്രമിച്ച കേസിലെ പ്രതിയും നടനുമായ ദിലീപിന് വേണ്ടിയും സുപ്രീംകോടതിയിൽ ഹാജരായത് അദ്ദേഹമാണ്.

സംസ്ഥാന സർക്കാരിന് വേണ്ടി മുൻ സോളിസിറ്റർ ജനറൽ രഞ്ജിത് കുമാറാണ് ഹാജരാകുന്നത്. നടിയെ ആക്രമിച്ച കേസിൽ നടി മഞ്ജു വാര്യർ ഉൾപ്പെടെയുള്ള സാക്ഷികളെ വീണ്ടും വിസ്തരിക്കരുതെന്ന് ദിലീപ് ആവശ്യപ്പെട്ടപ്പോൾ സർക്കാരിന് വേണ്ടി അതിനെ എതിർക്കുകയും അനുകൂലവിധി നേടുകയും ചെയ്തത് അഡ്വ. രഞ്ജിത് കുമാറാണ്. ആ കേസിൽ ഏറ്റുമുട്ടിയവർ സിദ്ദിഖ് കേസിലും നേർക്കുനേർ വരുന്നുവെന്നതാണ് ശ്രദ്ധേയം.

അതിജീവിത സമീപിച്ചത് സ്ത്രീകളുടെ അവകാശങ്ങൾക്കായി പൊരുതുന്ന മുതിർന്ന അഭിഭാഷകരായ ഇന്ദിരാ ജയ്സിംഗിനെയും വൃന്ദ ഗ്രോവറിനെയുമാണ്.

ഗുജറാത്ത് കലാപത്തിനിടെ കൂട്ടബലാത്സംഗത്തിനിരയാകുകയും, മകളുടെ അടക്കം അരും കൊലകൾ കൺമുന്നിൽ കാണുകയും ചെയ്ത ബിൽക്കിസ് ബാനുവിന് നീതി ഉറപ്പിക്കാൻ ഈ വനിതാ അഭിഭാഷകർ പരമോന്ന കോടതിയിൽ നിയമപോരാട്ടം നടത്തിയിരുന്നു.

### ഉടൻ പരിഗണിക്കുമോ?

മുൻകൂർ ജാമ്യാപേക്ഷ അടിയന്തരമായി പരിഗണിക്കണമെന്ന് സിദ്ദിഖിന്റെ അഭിഭാഷകൻ ആവശ്യപ്പെടുമോയെന്നതാണ് നിർണായകം. ഈയാഴ്ച ഇനി നാളെ മാത്രമാണ് സുപ്രീംകോടതി സിറ്റിംഗുള്ളത്. നാളെ അടിയന്തരമായി പരിഗണിക്കണമെങ്കിൽ ഇന്ന് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ ശ്രദ്ധയിൽപ്പെടുത്തണം.

ജാമ്യാപേക്ഷയ്ക്ക് അടിയന്തര സ്വഭാവമുണ്ടെന്ന് ചീഫ് ജസ്റ്റിസിന് ബോദ്ധ്യപ്പെട്ടാലേ നാളെ ലിസ്റ്റ് ചെയ്യൂ. അല്ലെങ്കിൽ പുതിയ കേസുകൾ പോലെ അടുത്ത തിങ്കളാഴ്ചയോ, വെള്ളിയാഴ്ചയോ മാത്രമേ ലിസ്റ്റ് ചെയ്യൂ എന്നാണ് അറിയുന്നത്.

### നിരപരാധിയാണെന്ന് സുപ്രീംകോടതി ഹർജിയിൽ സിദ്ദിഖ്

മുൻകൂർ ജാമ്യംതേടി സുപ്രീംകോടതിയെ സമീപിച്ച നടൻ സിദ്ദിഖ്, ഹൈക്കോടതി നിരീക്ഷണങ്ങളെ ഹർജിയിൽ ചോദ്യം ചെയ്തിട്ടുണ്ട്. നടനെതിരെയുള്ള ആരോപണങ്ങൾ പരിശോധിക്കുമ്പോൾ പ്രഥമദൃഷ്ട്യാ തന്നെ കുറ്റം ചെയ്തുവെന്ന സൂചനയാണുള്ളതെന്ന് ഹൈക്കോടതി നിരീക്ഷിച്ചിരുന്നു.

ഇതടക്കമുള്ള നിരീക്ഷണങ്ങളെയാണ് സിദ്ദിഖ് ഹർജിയിൽ ചോദ്യം ചെയ്യുന്നത്. താൻ നിരപരാധിയാണെന്നും ക്രിമിനൽ പശ്ചാത്തലമില്ലെന്നും ഹർജിയിൽ പറയുന്നു. തെളിവു ശേഖരണത്തിന് അറസ്റ്റോ, കസ്റ്റഡിയിൽ ചോദ്യം ചെയ്യലോ ആവശ്യമില്ലെന്നും ചൂണ്ടിക്കാട്ടുന്നു. മുതിർന്ന അഭിഭാഷകൻ മുകുൾ റോത്തഗിയുടെ മകൾ രഞ്ജിത റോത്തഗി മുഖേനയാണ് ഹർജി സമർപ്പിച്ചത്. മുകുൾ റോത്തഗിയാകും സിദ്ദിഖിനുവേണ്ടി ഹാജരാകുക.

### സിദ്ദിഖിനെ തെരയുന്നത് 6 പൊലീസ് സംഘങ്ങൾ

യുവനടിയെ മാനഭംഗപ്പെടുത്തിയെന്ന കേസിൽ മുൻകൂർജാമ്യം നിഷേധിക്കപ്പെട്ടതിനെ തുടർന്ന് ഒളിവിൽ പോയ നടൻ സിദ്ദിഖിനെ തിരയുന്നത് പൊലീസിന്റെ ആറ് സംഘങ്ങൾ. രാജ്യം വിടാതിരിക്കാൻ ലുക്ക്ഔട്ട് നോട്ടീസും പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന അതിർത്തികളിലും നിരീക്ഷണമുണ്ട്. സിദ്ദിഖിനെ പിടികൂടാൻ മ്യൂസിയം പൊലീസ് കൊച്ചിയിലെത്തി തിരച്ചിൽ തുടരുകയാണ്.

സിദ്ദിഖ് മുൻകൂർ ജാമ്യം തേടി സുപ്രീംകോടതിയെ സമീപിച്ചതിനാൽ വിധിവരുംവരെ അന്വേഷണ സംഘം കാത്തിരുന്നേക്കാം. സിദ്ദിഖിനെതിരേ ജീവപര്യന്തം തടവ് കിട്ടാവുന്ന ബലാത്സംഗം (ഐപിസി 376), 2വർഷം തടവുശിക്ഷയുള്ള ഭീഷണിപ്പെടുത്തൽ (506) വകുപ്പുകളാണ് ചുമത്തിയിരിക്കുന്നത്.

നടിമാരുടെ ആരോപണങ്ങളിൽ ബലാത്സംഗക്കുറ്റം ചുമത്തപ്പെട്ടവരെയെല്ലാം അറസ്റ്റ്ചെയ്യാനാണ് പൊലീസിന്റെ തീരുമാനം. ഹൈക്കോടതി മുൻകൂർ ജാമ്യം നൽകിയവരെ വിളിച്ചുവരുത്തി ചോദ്യംചെയ്ത് അറസ്റ്റ് രേഖപ്പെടുത്തി വിട്ടയയ്ക്കും.

സിദ്ദിഖിന്റെ കാര്യത്തിൽ ഇനി തെളിവു ശേഖരണം വേണ്ട. ആവശ്യത്തിന്തെളിവുകൾലഭിച്ചിട്ടുണ്ട്. അറസ്റ്റിലായാൽ ഹൈക്കോടതി നിർദ്ദേശപ്രകാരം മെഡിക്കൽ പരിശോധന നടത്തും. ജസ്റ്റിസ് ഹേമ കമ്മിറ്റി മുമ്പാകെ ലൈംഗിക അതിക്രമങ്ങൾ വെളിപ്പെടുത്തിയവരെ നേരിൽ കണ്ട് പ്രത്യേക സംഘം മൊഴിയെടുക്കുന്നുണ്ട്. വെളിപ്പെടുത്തലിൽ ഉറച്ചുനിന്നാൽ കേസെടുക്കും.

# എ.ഡി.ജി.പിക്ക് എതിരെയുള്ള അന്വേഷണം തമാശ: അൻവർ



നിലമ്പൂർ: പരസ്യ പ്രതികരണം പാടില്ലെന്ന സി.പി.എം സെക്രട്ടേറിയറ്റിന്റെ നിർദ്ദേശം അവഗണിച്ച് എ.ഡി.ജി.പി എം.ആർ.അജിത് കുമാറിനെതിരെ ആരോപണങ്ങൾ ആവർത്തിച്ച് പി.വി.അൻവർ എം.എൽ.എ. എ.ഡി.ജി.പിക്കെതിരെ സർക്കാർ പ്രഖ്യാപിച്ച അന്വേഷണത്തേയും പരിഹസിച്ചു. അജിത്കുമാർ കൊടുംക്രിമിനലാണെന്നും അദ്ദേഹത്തെ സർവീസിൽ നിന്ന് പുറത്താക്കണമെന്നും ആവശ്യപ്പെട്ടു.

പൊലീസ് സേനയ്ക്ക് പറ്റുന്ന വ്യക്തിയല്ല അദ്ദേഹം. അന്വേഷണം 2024ലെ ഏറ്റവും വലിയ തമാശയാണ്. ഹെഡ്മാസ്റ്ററെ കുറിച്ചുള്ള കാര്യം പ്യൂൺ അന്വേഷിച്ച് ഹെഡ്മാസ്റ്റർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നത് പോലെയാണത്. ഇനി അന്വേഷണത്തിന്റെ ആവശ്യമില്ലെന്നാണ് വ്യക്തിപരമായ അഭിപ്രായം.

ആർ.എസ്.എസിനു വേണ്ടി എല്ലാ കാര്യങ്ങളും അജിത്കുമാർ നടപ്പാക്കുന്നുണ്ട്. പൂരം കലക്കിച്ചത് എ.ഡി.ജി.പിയാണ്. ഇത് ചർച്ച ചെയ്യാൻ മാത്രമാവില്ല അദ്ദേഹം കണ്ടിട്ടാവുക. എ.ഡി.ജി.പിക്ക് ആർ.എസ്.എസുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്ന് അന്വേഷിക്കുന്നതു തന്നെ തമാശയാണെന്നും പറഞ്ഞു.

അൻവറിന്റെ നിലപാടുകൾ ശത്രുക്കൾക്ക് പാർട്ടിയേയും സർക്കാരിനേയും അക്രമിക്കാനുള്ള ആയുധമായെന്നും അൻവർ തിരുത്തണമെന്നും ആവശ്യപ്പെട്ട് നേരത്തെ സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റ് പ്രസ്താവനയിറക്കിയിരുന്നു. തുടർന്ന് പാർട്ടി നിർദ്ദേശം അനുസരിക്കാൻ ബാദ്ധ്യസ്ഥനാണെന്നും പരസ്യപ്രസ്താവന താത്കാലികമായി അവസാനിപ്പിക്കുകയാണെന്നും അൻവർ പ്രഖ്യാപിച്ചിരുന്നു. അതിന് പിന്നാലെയാണ് വീണ്ടും ആരോപണവുമായി രംഗത്തെത്തിയത്.









# അന്നയുടെ മരണമൊഴി മൗനം; എങ്കിലും വാചാലം



ബാബു കദളിക്കാട്

ആധുനിക കാലത്തെ തൊഴിലിടങ്ങളിൽ അധികരിക്കുന്ന സമ്മർദ്ദ വേലിയേറ്റങ്ങൾ എത്രത്തോളം അപായകരമെന്ന് വ്യക്തമാക്കുന്നു കൊച്ചിക്കാരിയായ അന്ന സെബാസ്റ്റ്യന്റെ അപമൃത്യു. ഏണസ്റ്റ് ആൻഡ് യംഗ് എന്ന അന്താരാഷ്ട്ര സ്ഥാപനത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റായി ജോലിനോക്കുകയായിരുന്ന അന്നയുടെ മരണത്തെക്കുറിച്ച് അന്വേഷിക്കുമെന്ന് കേന്ദ്ര തൊഴിൽ സഹമന്ത്രി വ്യക്തമാക്കിയതിന്റെ നേരിയ പ്രതിഫലനം ദൃശ്യമെങ്കിലും ഷൈലോക്കിന്റെ അവതാരമായ കോർപ്പറേറ്റ് മനേജർമാരുടെ യഥേഷ്ട വാഴ്ച നിലനിൽക്കുന്ന കഴുത്തറപ്പൻ സംസ്കാരത്തെ മയപ്പെടുത്താൻ ഫലപ്രദമായ നടപടികൾ ഉണ്ടാകുമെന്ന പ്രതീക്ഷയല്ല പൊതുവേയുള്ളത്.

'സമ്മർദ്ദത്തെ എങ്ങനെ നേരിടണമെന്ന് കുട്ടികളെ വീടുകളിൽ നിന്ന് പഠിപ്പിച്ച് കൊടുക്കണമെന്നും ദൈവത്തെ ആശ്രയിച്ചാൽ മാത്രമേ സമ്മർദ്ദങ്ങളെ നേരിടാനാകൂ'വെന്നും കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ പ്രസ്താവന നടത്തിയത് അന്നയുടെ അപമൃത്യുവിനിടയിലും തീവ്രമായ കോർപ്പറേറ്റ് വാഴ്ചയോടുള്ള അമിത വിധേയത്വത്താലാണെന്ന വിമർശം വ്യാപകം. 'മാൻപവർ' പരമാവധി കുറച്ച് കൂടുതൽ ലാഭം നേടുകയെന്നതാണ് വമ്പൻ കമ്പനികളുടെ നയം. കമ്പനികളുടെ ലാഭവും സാമ്പത്തിക വളർച്ചയും മാത്രമാണ് അവരുടെ ലക്ഷ്യം. വ്യക്തികളും അവരുടെ ആരോഗ്യവും ജീവനും ഇതിനു മുന്നിൽ ഒന്നുമല്ല. തൊഴിലാളികളുടെ അധ്വാനശേഷി പരമാവധി പിഴിഞ്ഞെടുക്കുന്നു. അതിനെതിരെ പ്രതികരിച്ചാൽ പീഡിപ്പിക്കപ്പെടും. അന്നയുടെ മാതാവ് അനിത കമ്പനിക്കയച്ച പരാതി ദേശീയ മാദ്ധ്യമങ്ങളിലൂടെ പുറത്തുവന്നതോടെയാണ് പ്രശ്നം സമൂഹശ്രദ്ധ നേടിയതും കേന്ദ്ര അന്വേഷണത്തിന് ഇടയാക്കിയതും.

അന്ന സെബാസ്റ്റ്യന്റെ മരണം അമിത ജോലിഭാരത്തെ തുടർന്നാണെന്ന് ആരോപണം ഉയരുകയും ഇതേക്കുറിച്ച് കേന്ദ്ര തൊഴിൽ മന്ത്രാലയം അന്വേഷണം പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ വിശദീകരണവുമായി രംഗത്തു വന്നു ഏണസ്റ്റ് ആൻഡ് യങ് ഗ്ലോബൽ (ഇവൈ) ചെയർമാൻ രാജീവ് മേമാനി. സ്ഥാപനത്തിലെ മറ്റു ജീവനക്കാർക്ക് കൊടുക്കുന്നതു പോലെയുള്ള ജോലി മാത്രമേ അന്നയ്ക്കു നൽകിയിരുന്നുള്ളൂവെന്നും അമിത ജോലിയെ തുടർന്നുള്ള മാനസിക സമ്മർദ്ദമാണ് മരണത്തിനു കാരണമെന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നുമാണ് ദേശീയ മാധ്യമത്തിനു നൽകിയ അഭിമുഖത്തിൽ ചെയർമാൻ പറഞ്ഞത്. അന്ന ഔദ്യോഗികമായി രേഖപ്പെടുത്തിയില്ല തന്റെ പരാതികളെന്നത് കമ്പനിക്കു പിടിവള്ളിയാകുന്നു. അതേസമയം, മൗനമെങ്കിലും വാചാലമായ അന്നയുടെ മരണമൊഴി വായിച്ചെടുക്കാൻ കഴിയുന്നുണ്ട് ആ കുട്ടിയുടെ മാതാപിതാക്കൾക്കും സുഹൃത്തുക്കൾക്കും.

അന്നയുടെ ദുരന്തം പാർലമെന്റിൽ ഉന്നയിക്കുമെന്ന് പിതാവ് സെബാസ്റ്റ്യൻ ജോസഫിന് (സിബി) വീഡിയോ കോളിൽ രാഹുൽ ഗാന്ധി ഉറപ്പു നൽകി. നിരവധി ജനനേതാക്കൾ അന്നയുടെ കങ്ങരപ്പടിയിലെ വീട്ടിലെത്തി മാതാപിതാക്കളെ ആശ്വസിപ്പിച്ചു. 25 വർഷത്തിലേറെയായി ഫോർച്യൂൺ മാസികയുടെ 100 മികച്ച കമ്പനികളുടെ പട്ടികയിലുള്ള ഇവൈയുടെ അനുബന്ധ സ്ഥാപനമായ എസ്സാർ ബാറ്റ്ലിബോയിൽ (പുണെ) ചാർട്ടേഡ് അക്കൗണ്ടന്റായിരുന്നു അന്ന. ഡെലോയ്റ്റ്, കെപിഎംജി, പിഡബ്ളിയുസി എന്നിവയ്ക്കൊപ്പം ലോകത്തിലെ ഏറ്റവും വലിയ നാല് അക്കൗണ്ടിംഗ്, പ്രൊഫഷണൽ സേവന സ്ഥാപനങ്ങളിൽ ഒന്നാണ് ഏണസ്റ്റ് ആൻഡ് യങ് ഗ്ലോബൽ.

ജൂലൈ 21ന് കമ്പനിയിൽ കുഴഞ്ഞു വീണായിരുന്നു ഈ ഇരുപത്തിനാലുകാരിയുടെ മരണം. പിന്നാലെ കമ്പനിയിലെ തൊഴിൽ ചൂഷണവും അമിത ജോലിയുമാണ് മരണകാരണമെന്ന് കുടുംബം ആരോപണമുന്നയിച്ചു. ഡിസ്റ്റിംഗ്ഷനോടെ സിഎ വിജയിച്ച ശേഷം മാർച്ചിലാണ് അന്ന കമ്പനിയിൽ ജോലിക്കു കയറിയത്. അന്നു മുതൽ താങ്ങാവുന്നതിൽ കൂടുതൽ ജോലിയാണ് മാനേജർ അന്നയെക്കൊണ്ട് ചെയ്യിപ്പിച്ചത്. ഔദ്യോഗിക ജോലികൾക്കൊപ്പം മറ്റു പല ചുമതലകളും അന്നയെ ഏൽപിച്ചിരുന്നതായി കത്തിൽ അനിത അഗസ്റ്റിൻ പറയുന്നു. ശനിയും ഞായറും ഓഫീസ് അവധിയാണെങ്കിലും താമസ സ്ഥലത്തു നിന്ന് കമ്പനിക്കു വേണ്ടി ജോലി ചെയ്യേണ്ട അവസ്ഥയായിരുന്നു. ഇതുമൂലം രാത്രി കൃത്യമായി ഉറങ്ങാൻ പോലും സാധിച്ചിരുന്നില്ല. നാല് മാസത്തിനിടെ രണ്ട് തവണയേ ലീവിൽ വീട്ടിൽ വരാനായുള്ളൂ. ഈ ഘട്ടത്തിലും വിശ്രമമുണ്ടായിരുന്നില്ല. വീട്ടിലിരുന്ന് കമ്പനിക്കു വേണ്ടി ജോലി ചെയ്യേണ്ടിവന്നിരുന്നു.

ജോലിഭാരത്താലുള്ള മാനസിക സമ്മർദ്ദമാണ് ഹൃദയാഘാതത്തിനിടയാക്കിയതെന്നും കമ്പനി പണിയെടുപ്പിച്ചു കൊല്ലുകയായിരുന്നു അന്നയെയെന്നും അനിതയുടെ കത്തിൽ പറയുന്നു. ആ കത്തിൽ പറയുന്ന കാര്യങ്ങൾ മകൾ നഷ്ടപ്പെട്ട ഒരു അമ്മയുടെ ഹൃദയവികാരങ്ങൾ മാത്രമല്ല, ആധുനിക തൊഴിൽ സാഹചര്യങ്ങളിലെ സങ്കീർണതകളുടെ സമഗ്ര വിവരണം കൂടിയാണ്. കമ്പനി ചെയർമാൻ ഇത് നിഷേധിച്ചെങ്കിലും അന്നയുടെ കുടുംബത്തിന്റെ ആരോപണങ്ങളെ ശരിവെച്ചുകൊണ്ട് കൂടുതൽ ജീവനക്കാർ രംഗത്തു വന്നുകൊണ്ടിരിക്കയാണ്. 50 ഓളം രാജ്യങ്ങളിൽ സാന്നിധ്യമുള്ള കമ്പനിയാണ് എണസ്റ്റ് ആൻഡ് യങ് ഗ്ലോബൽ. പലപ്പോഴും പതിനെട്ട് മണിക്കൂറോളം ജോലി ചെയ്തിരുന്നു അന്നയെന്നും നാല് മണിക്കൂറാണ് മിക്ക ദിവസങ്ങളിലും ഉറങ്ങിയിരുന്നതെന്നും അന്നയുടെ സുഹൃത്ത് ആൻമേരി സോഷ്യൽ മീഡിയയിലൂടെ വെളിപ്പെടുത്തി. ഐടി അനുബന്ധ മേഖലകളിലെ സങ്കീർണമായ തൊഴിൽ സാഹചര്യത്തെക്കുറിച്ചുള്ള ഗൗരവതരമായ ചർച്ചകൾക്ക് ഇതു വഴി തെളിച്ചിട്ടുണ്ട്.

തുടക്കക്കാർക്ക് പരിചയം കുറവായിരിക്കും. അതിനൊപ്പം താങ്ങാനാവാത്ത 'വർക്ക് ലോഡ്' കൊടുത്താൽ അവർക്ക് ഉറങ്ങാൻ പോലും സമയം കിട്ടില്ല. വകുപ്പുകളുടെ മാനേജർമാർ വിവേചന ബുദ്ധിയോടെ ഇതു കൈകാര്യം ചെയ്യുന്നില്ലെന്ന പരാതി മിക്കവർക്കുമുണ്ട്. ഇക്കാര്യം ഉറപ്പാക്കുന്നതിൽ കമ്പനി മാനേജ്മെന്റ് ശ്രദ്ധിക്കേണ്ടതാണ്. ഇവിടെ ഇത് രണ്ടും ഉണ്ടായില്ല എന്ന് വേണം അനുമാനിക്കാൻ. ഇതേക്കുറിച്ച് നടക്കുന്ന അന്വേഷണത്തിൽ കമ്പനിയുടെ ഭാഗത്ത് വീഴ്ചയുണ്ടെന്ന് കണ്ടെത്തിയാൽ മതിയായ നഷ്ടപരിഹാരം കമ്പനി അന്നയുടെ കുടുംബത്തിന് നൽകേണ്ടതാണെന്ന അഭിപ്രായം പലരും ഉന്നയിക്കുന്നു. ലക്ഷങ്ങളുടെ ശമ്പളത്തിന് പിന്നാലെ പരക്കം പായുന്നവർ രണ്ടുവട്ടം ചിന്തിക്കാനും ഈ സംഭവം ഹേതുവാകണമെന്ന നിരീക്ഷണവും ശക്തം. ഐടി മേഖലയിൽ ആത്മഹത്യകൾ വർധിക്കുന്നതായി വാർത്തയുണ്ടായിരുന്നു. ജോലി സമ്മർദ്ദമാണ് ഇതിനു പ്രധാന കാരണമെന്നാണ് പറയപ്പെടുന്നത്.

അന്നയുടെ മരണം സംഭവിച്ചതു നിമിത്തമാക്കി ഡിവൈഎഫ്ഐ പ്രതിഷേധ ഇ-മെയിൽ ക്യാമ്പയിൻ നടത്തുന്നുണ്ട്. പ്രധാനമന്ത്രിക്കും തൊഴിൽമന്ത്രിക്കും ഒരു ലക്ഷം ഇമെയിൽ അയക്കുമെന്ന് സംസ്ഥാന ഭാരവാഹികൾ അറിയിച്ചു. അമിത ജോലി ഭാരം സഹിക്കാനാകാതെ വന്നതു മൂലം അന്ന സെബാസ്റ്റ്യൻ മരണപ്പെട്ട വിഷയത്തിൽ കേന്ദ്ര ഗവൺമെന്റ് മറുപടി പറയണമെന്നും ഇതുമായി ബന്ധപ്പെട്ട് യുവജനങ്ങളെ അപഹസിക്കുന്ന രീതിയിൽ പ്രസ്താവന നടത്തിയ കേന്ദ്രമന്ത്രി നിർമല സീതാരാമൻ മാപ്പ് പറയണമെന്നും അവർ പറഞ്ഞു.

## തീരാത്ത ഭാരം

ഏതൊരാൾക്കും താങ്ങാവുന്നതിലുമപ്പുറമാണ് കമ്പനിയുടെ ജോലി ഭാരമെന്ന് തന്റെ ഭാര്യയുടെ അനുഭവം വിവരിച്ചു കൊണ്ട് ആകാശ് വെങ്കിട്ട സുബ്രഹ്മണ്യൻ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ജോലിഭാരം അസഹ്യമായതിനെ തുടർന്ന് തന്റെ ഭാര്യ ഇ-വൈ കമ്പനി ജോലി ഉപേക്ഷിക്കുകയായിരുന്നു. അല്ലായിരുന്നുവെങ്കിൽ അന്നയ്ക്ക് സംഭവിച്ചത് അവൾക്കും സംഭവിക്കാമായിരുന്നു. ജോലിഭാരം മൂലമാണ് പലരും രാജി വെച്ചിട്ടുള്ളത്. അതേസമയം ഈ കമ്പനിയുടെ ഇന്ത്യക്കു പുറത്തുള്ള യൂണിറ്റുകളിൽ അമിതജോലി ഭാരം അടിച്ചേൽപ്പിക്കുന്നില്ല. എത്രമാത്രം പ്രയാസവും കഷ്ടപ്പാടും സഹിച്ചാണ് ഓരോ തൊഴിലാളിയും ജോലി ചെയ്യുന്നതെന്ന് അന്വേഷിക്കാൻ ഇന്ത്യയിൽ കാര്യക്ഷമമായ നിയമവും സംവിധാനവുമില്ല. തൊഴിലാളികൾക്ക് ലഭിക്കുന്ന ശമ്പളത്തിൽ നിന്ന് എത്രത്തോളം നികുതി പിരിക്കാനാകുമെന്ന ചിന്ത മാത്രമേ സർക്കാരിനുള്ളുവെന്നും ആകാശ് വെങ്കിട്ട സുബ്രഹ്മണ്യൻ കുറിപ്പിൽ ആരോപിക്കുന്നു.

മിക്ക അന്താരാഷ്ട്ര കമ്പനികളും തൊഴിലാളികളെ പരമാവധി ചൂഷണം ചെയ്യുന്നുണ്ട്. സാധാരണ തൊഴിൽ സ്ഥാപനങ്ങൾ തൊഴിൽ സമയം എട്ട് മണിക്കൂറിൽ പരിമിതപ്പെടുത്തുമ്പോൾ പ്രതിദിനം 12 മുതൽ 16 മണിക്കൂർ വരെയാണ് വിദേശ കമ്പനികൾ ജീവനക്കാരെക്കൊണ്ട് പണിയെടുപ്പിക്കുന്നത്. വിശ്രമത്തിന് ഇടവേളകളില്ലാതെ, കൃത്യസമയത്ത് ഭക്ഷണം കഴിക്കാൻ സാധിക്കാതെ മാനസിക, ശാരീരിക രോഗങ്ങൾ ബാധിക്കുന്നവർ കുറവല്ല. പാതിരാത്രി വരെ ഓഫീസിൽ തങ്ങി വീട്ടിലെത്തിയാൽ പലർക്കും ഉറക്കത്തിനു ഗുളികകളുടെയും മയക്കുമരുന്നിന്റെയും സഹായം തേടേണ്ടി വരുന്നു. കമ്പനി മേധാവികളുടെ ഇഷ്ടം സമ്പാദിക്കാൻ തുടക്കക്കാരായ ജീവനക്കാർ ഉത്സാഹം കാണിക്കുകയും മേലുദ്യോഗസ്ഥർ ഏൽപ്പിക്കുന്ന ജോലികളെല്ലാം കഷ്ടപ്പെട്ടു തീർക്കുകയും ചെയ്യും. ഈ മാനസികാവസ്ഥ കമ്പനി അധികൃതർ പരമാവധി ചൂഷണം ചെയ്യുകയാണ്.

അന്ന സെബാസ്റ്റ്യന്റെ മരണത്തിന് ഉത്തരവാദിയെന്നരോപിക്കപ്പെടുന്ന ഉദ്യോഗസ്ഥനോട് അവധിയിൽ പ്രവേശിക്കാൻ കമ്പനി നിർദേശം നൽകിയത് ആരോപണത്തിൽ കഴമ്പുണ്ടെന്ന സൂചന നൽകുന്നു. കമ്പനി നടത്തുന്ന ഔദ്യോഗിക അന്വേഷണം പൂർത്തിയാകുന്നത് വരെ ജോലിയിൽ കയറേണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. അന്നയുടെ മരണത്തോടെ ഈ കമ്പനിയുടെ മോശം തൊഴിൽ സാഹചര്യത്തെക്കുറിച്ച് ഇന്ത്യയിൽ മാത്രമല്ല, ആഗോള തലത്തിൽ തന്നെ ചർച്ച നടന്നു കൊണ്ടിരിക്കയാണ്. സ്ഥാപനത്തിലെ തൊഴിൽ സാഹചര്യം എത്രത്തോളം സുരക്ഷിതമാണ്, തൊഴിൽ ചൂഷണം നടക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സമഗ്ര അന്വേഷണം നടക്കേണ്ടതുണ്ട്. ഇന്ത്യൻ തൊഴിലാളികളെ ഏത് ഭാരവും ചുമക്കുന്ന കഴുതകളായി കാണുന്ന ബഹുരാഷ്ട്ര കമ്പനികളുടെ ചിന്താഗതി അവസാനിപ്പിക്കേണ്ടത് അനിവാര്യം.

പഴയ കാലത്ത് ഇന്ത്യയിൽ നിലനിന്നിരുന്ന തദ്ദേശീയമായ തൊഴിൽ സംസ്കാരം വളരെ വ്യത്യസ്തമായിരുന്നു. സമൂഹത്തിന്റെ അടിത്തട്ടിൽ കഴിഞ്ഞിരുന്നവരെ കായികമായ ജോലിക്കല്ലാതെ മറ്റൊന്നിനും ഭൂവുടമകൾ അനുവദിച്ചിരുന്നില്ല. ഭരണവുമായി ബന്ധപ്പെട്ട ജോലികൾ ജാതിയുടെ മേന്മ നോക്കി മാത്രമാണ് നൽകിയിരുന്നത്. ഭൂരിപക്ഷം വരുന്ന അടിസ്ഥാന ജനവിഭാഗം ഭൂവുടമകളുടെ പാടങ്ങളിൽ പണിയെടുത്താണ് ജീവിതം നയിച്ചിരുന്നത്. ഇവരാകട്ടെ പലപ്പോഴും ഭൂവുടമകൾക്ക് തലമുറകളായി കടക്കാരായിരുന്നു. അതിനാൽ ശമ്പളമില്ലാതെയും ജോലി ചെയ്യാൻ അവർ ബാദ്ധ്യസ്ഥരായിരുന്നു. സാധാരണക്കാരന്റെ സത്യസന്ധതയും കൂറും മറ്റും മുതലെടുക്കുന്ന രീതിയാണ് പൊതുവെ നിലനിന്നിരുന്നത്.

ബ്രിട്ടീഷുകാരുടെ വരവോടെ ഇതിൽ മാറ്റം വന്നുതുടങ്ങിയെങ്കിലും സ്വാതന്ത്ര്യാനന്തരമാണ് ഇന്ത്യയുടേതെന്ന് പറയാവുന്ന ഒരു തൊഴിൽ സംസ്കാരം നിരവധി അവകാശ സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും മറ്റും ഭാഗമായി ഇവിടെ രൂപപ്പെട്ടു തുടങ്ങിയത്. എന്നിട്ടും പല പ്രശ്നങ്ങളും ഉണ്ടായിരുന്നു. അവകാശങ്ങളെപ്പറ്റി ബോധവാനായ തൊഴിലാളി പക്ഷേ ഉത്തരവാദിത്വങ്ങളെക്കുറിച്ച് വേണ്ട രീതിയിലുള്ള ബോദ്ധ്യം പുലർത്തിയിരുന്നില്ല. മാത്രമല്ല തൊഴിൽ നൽകുന്നവരെ ശത്രുപക്ഷത്ത് കാണാനുള്ള മനോഭാവവും പല തൊഴിലാളി സംഘടനകളും വളർത്തിക്കൊണ്ടുവരികയും ചെയ്തു.

നല്ലതു പോലെ ജോലിചെയ്യുക എന്നത് ഒരു മനോഭാവമായി വളർത്തിയെടുത്ത രാജ്യങ്ങളാണ് വളർച്ച നേടിയിട്ടുള്ളത്. ആഗോളവത്ക്കരണത്തിന് ശേഷം ഇന്ത്യയിൽ തൊഴിൽ സംസ്കാരത്തിൽ വിപ്ളവകരമായ മാറ്റങ്ങളുണ്ടായി. നിശ്ചിത സമയത്തെ ജോലി എന്നതു പോലും അപ്രസക്തമായി മാറി. സങ്കേതികതയുടെ വളർച്ച ജോലിയിൽ അചിന്തനീയമായ മാറ്റങ്ങളാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. അതനുസരിച്ച് ജോലി ഒരോരുത്തരിലും ഏൽപ്പിക്കുന്ന സമ്മർദ്ദത്തിലും മാറ്റങ്ങൾ വന്നു. ഏതു ജോലിയും നിത്യമായ അഭ്യാസത്തിലൂടെയും പ്രയത്നത്തിലൂടെയുമാണ് വഴങ്ങി വരുന്നത്. തുടക്കത്തിൽ പല ജോലികളും കാഠിന്യമുള്ളതായി തോന്നുന്നത് പരിചയക്കുറവിന്റെ കൂടിയുള്ള പ്രശ്നമാണ്. അതിനാൽ പഴയ കാലത്ത് തുടക്കക്കാർക്ക് താരതമ്യേന കാഠിന്യം കൂടിയ ജോലികൾ ആദ്യം തന്നെ നൽകുമായിരുന്നില്ല. ഇന്നതെല്ലാം മാറി.

## ചൂഷണം തുടർക്കഥ

തൊഴിൽ മേഖലയിലെ ചൂഷണത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. പണ്ട് കായികമായ അധ്വാനമാണ് ചൂഷണവിധേയമായതെങ്കിൽ ഇന്ന് അതു ബൗദ്ധിക തലത്തിലേക്കു മാറിയെന്നു മാത്രം. അമേരിക്കയിലെ അടിമത്തകാലവും അതിനെതിരേ നടന്ന പോരാട്ടങ്ങളും ബ്രിട്ടീഷ് കൊളോണിയൽ ഭരണകാലത്തെ ചൂഷണങ്ങളും തൊഴിൽ നിയമങ്ങളുമൊക്കെ കഴിഞ്ഞ നൂറ്റാണ്ടുകളെ സംഘർഷഭരിതമാക്കിയിരുന്നു. ചില വിപ്ലവ പ്രസ്ഥാനങ്ങളുടെ മാത്രമല്ല, തീവ്രവാദ സംഘടനകളുടെപോലും രൂപീകരണത്തിനു വഴിതെളിച്ചത് ഇത്തരം തൊഴിൽ ചൂഷണങ്ങളായിരുന്നു. ഇരുപതാം നൂറ്റാണ്ടോടെ ആ നികൃഷ്ട ചൂഷണ മനോഭാവത്തിന് വലിയ മാറ്റമുണ്ടായി. സോഷ്യലിസ്റ്റ് ആശയങ്ങൾ ലോകവ്യാപകമായി. എങ്കിലും തൊഴിൽ ചൂഷണവും തികച്ചും അനാരോഗ്യകരവുമായ തൊഴിൽ സാഹചര്യങ്ങളും പല മേഖലകളിലും നിലനിന്നു. സംഘടിതവും ഒറ്റപ്പെട്ടതുമായ നിരവധി പോരാട്ടങ്ങൾ അതിനെതിരേ ഉണ്ടായി.

കേരളത്തെ സംബന്ധിച്ചിടത്തോളം ഇത്തരമൊരു സാമൂഹ്യ പരിഷ്കരണ പോരാട്ടത്തിന് ഏറെ വളക്കൂറുണ്ടായിരുന്നു. തൊഴിലാളി വർഗ സമഗ്രാധിപത്യം എന്ന ആശയം രാഷ്ട്രീയത്തിൽ മാത്രമല്ല സാഹിത്യ, കലാസാംസ്കാരിക രംഗത്തും ആളുകളെ ആവേശഭരിതരാക്കി. അതിന്റെ പ്രതിഫലനം സാമൂഹ്യരംഗത്തും പ്രതിഫലിച്ചു. ഭരണാധികാരം കൈപ്പിടിയിലായപ്പോൾ തൊഴിലാളി വർഗ സമഗ്രാധിപത്യമൊക്കെ കാലഹരണപ്പെട്ടു എന്നത് മറ്റൊരു യാഥാർഥ്യം. ഇന്ന് അവരെയും നിയന്ത്രിക്കുന്നത് മൂലധന ശക്തികളും കോർപറേറ്റ് മുതലാളിമാരുമാണ്. അതിനിപ്പോൾ ഇടതു വലതു വ്യത്യാസമൊന്നും ഇല്ലാതായി. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള തത്രപ്പാടിൽ സംസ്ഥാനത്ത് തൊഴിൽ മേഖലയാകെ സംഘർഷപൂരിതമായ സംഭവങ്ങളും അരങ്ങേറുന്നു. തൊഴിൽ ദാതാക്കൾക്ക് സമരം നടത്തേണ്ട സാഹചര്യമുണ്ടായി. തൊഴിലെടുക്കാതെ തൊഴിലാളികൾ 'നോക്കുകൂലി' വാങ്ങി പുതിയ തൊഴിൽ സംസ്കാരം ഉണ്ടാക്കി. അതു പരിധിവിട്ടപ്പോൾ തൊഴിലാളി വർഗ പ്രസ്ഥാനങ്ങൾക്കും നേതാക്കൾക്കും തന്നെ 'നോക്കുകൂലി'യെ അപലപിക്കേണ്ടിവന്നു. എന്നിട്ടും അതൊന്നും ഇതുവരെ പൂർണമായി തുടച്ചുനീക്കാനായിട്ടില്ല.

കാലം മാറിയതോടെ പുതിയ തൊഴിൽ മേഖലകളും തൊഴിൽ സംസ്കാരവും ഉടലെടുത്തു. ആധുനിക ശാസ്ത്ര സങ്കേതിക മികവ് പുതിയ തൊഴിൽ മേഖലകളെ സമ്പുഷ്ടമാക്കി. ലോകക്രമം തന്നെ മാറിമറിഞ്ഞു. കോവിഡ് മഹാമാരിയുടെ പ്രത്യാഘാതങ്ങളും തൊഴിൽ മേഖലയിൽ പ്രതിഫലിച്ചു. വർക്ക് ഫ്രം ഹോം സംസ്കാരം വളർന്നു. അതിന്റെ ഗുണദോഷങ്ങൾ ഇനിയും ചർച്ച ചെയ്യാനിരിക്കുന്നതേയുള്ളൂ. കുറെയേറെ ഐടി കമ്പനികൾ വീടു വിട്ട് ഓഫീസിലേക്ക് ജീവനക്കാരെ വിളിച്ചുതുടങ്ങിയെങ്കിലും ഓഫീസിലെ ജോലി കഴിഞ്ഞു വീട്ടിലെത്തിയാലും പല അസൈൻമെന്റുകളും അവർക്കു ചെയ്തുതീർക്കേണ്ടിവരുന്നു. ഇത് അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ മാത്രമല്ല ജിവിതത്തെയും വ്യക്തിബന്ധങ്ങളെയും പോലും ബാധിക്കുന്നു. 'വർക്ക് ലൈഫ് ബാലൻസ്' പലപ്പോഴും മിഥ്യ മാത്രം. അതു ജീവനെടുക്കുന്ന സാഹചര്യത്തിലേക്കു വളർന്നിരിക്കുന്നു എന്നതാണ് അന്നയുടെ അനുഭവം വ്യക്തമാക്കുന്നത്.

സ്കൂൾ, കോളജ് തലത്തിലെല്ലാം അന്ന മികച്ച അക്കാദമിക് നിലവാരം പുലർത്തിയിരുന്നു. ഇവൈയിൽ ചേർന്നശേഷവും അതേ ശൈലി തുടർന്നു. ഏല്പിച്ച ജോലികൾ ഏതു വിപരീത സാഹചര്യത്തിലും ചെയ്തു തീർക്കുക എന്നതായിരുന്നു അന്നയുടെ രീതി. ഐടി തുടങ്ങി ചില മേഖലകളിൽ ഇന്ന് ഒരാൾ ജോലി തുടങ്ങുന്നതു തന്നെ വളരെ ഉയർന്ന ശമ്പളം കൈപ്പറ്റിക്കൊണ്ടാണ്. അതിനാൽ കമ്പനികൾ അവരിൽ നിന്ന് ആവശ്യത്തിൽ കൂടുതൽ പ്രതീക്ഷിക്കുന്ന ഒരു പ്രവണത വളർന്നുവരുന്നുണ്ട്. അതിന്റെ ഒരു ഇരയാണ് അമിത ജോലിസമ്മർദ്ദം താങ്ങാനാവാതെ ഹൃദയസ്തംഭനത്താൽ മരണമടഞ്ഞ അന്ന. ആധുനിക തൊഴിലിടങ്ങളിലെ മുഷ്യത്വരഹിത സാഹചര്യങ്ങൾക്കു വിരാമമിടാൻ ഇടയാക്കുമോ ഈ ദാരുണസംഭവമെന്നതാണ് ഇനിയറിയേണ്ടത്





# ചൂരൽമല ഉരുൾപൊട്ടൽ: 108 ഹെക്ടർ സുരക്ഷിതമല്ലെന്ന് പഠന റിപ്പോർട്ട്



കൽപ്പറ്റ: ചൂരൽമല മുണ്ടക്കൈ ഉരുൾപൊട്ടൽ വഴി 108 ഹെക്ടർ സ്ഥലം സുരക്ഷിതമല്ലാതായെന്ന് സംസ്ഥാന സർക്കാർ നിയോഗിച്ച ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ റിട്ട.ശാസ്ത്രജ്ഞൻ ജോൺ മത്തായി വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട്. റിപ്പോർട്ട് ഇന്നലെ സർക്കാരിന് സമർപ്പിച്ചു.

ഉരുൾപൊട്ടൽ മനുഷ്യപ്രേരിതമല്ല. ഒരു കിലോമീറ്റർ ചുറ്റളവിൽ ക്വാറികളോ മനുഷ്യ നിർമ്മിതമായ ഡാമുകളോ ഇല്ല. കാലാവസ്ഥാ വ്യതിയാനമാണ് ഉരുൾപൊട്ടലിന് മുഖ്യ കാരണം.

ഉരുൾ പൊട്ടുന്നതിന്റെ രണ്ട് ദിവസം 572.8 മില്ലിമീറ്റർ മഴയാണ് ലഭിച്ചത്. 300 മില്ലിമിറ്ററിൽ കൂടുതലാണെങ്കിൽ തന്നെ ഉരുൾ പൊട്ടും. 29ന് രാത്രി മണിക്കൂറിൽ 50 മില്ലിമീറ്റർ തോതിൽ മഴ പെയ്തിട്ടുണ്ട്. ഈ മഴയും നീർച്ചാലുകൾ വഴിയുള്ള വെള്ളവും എല്ലാം പ്രഭവകേന്ദ്രത്തിന് സമീപം ഉരുൾപൊട്ടാനിടയാക്കിയെന്നാണ് റിപ്പോർട്ടിലുള്ളത്.

പ്രഭവകേന്ദ്രത്തിൽ നിന്ന് 25 ലക്ഷം ക്യൂബിക് മീറ്റർ മണ്ണും പാറയും താഴേക്ക് പതിച്ചു. മൂന്ന് ലക്ഷം ടൺ മേൽമണ്ണ് നഷ്ടമായിട്ടുണ്ട്. പ്രദേശം ബലഹീനമായിരുന്നുവെന്ന് ജിയോ ടെക്നിക്കൽ പഠനവുമുണ്ട്. പ്രഭവകേന്ദ്രത്തിൽ ഒരു ഉരുൾപൊട്ടൽ മാത്രമേ മുണ്ടക്കൈയിൽ നടന്നിട്ടുള്ളു. അവിടെ നിന്നുള്ള വെള്ളവും പാറക്കെട്ടുകളും മരങ്ങളുമെല്ലാം ഒഴുകിയെത്തി ഡാം പോലെ മൂന്നിടങ്ങളിൽ രൂപം കൊള്ളുകയായിരുന്നു. അത് മൂന്ന് തവണ പൊട്ടിയിട്ടുണ്ട്. വെള്ളോലിപ്പാറ, പുഞ്ചിരിമട്ടം,സീതമ്മകുണ്ട് എന്നിവിടങ്ങളിലാണ് ഡാം പോലെ വെള്ളവും മരങ്ങളും പാറകളും അടിഞ്ഞുകൂടിയത്. ഇവിടെ മുപ്പത് മീറ്റർ ഉയരത്തിൽ വെള്ളം പൊങ്ങിയിട്ടുണ്ട്. ഇരുവശങ്ങളിലുമുള്ള നിർമ്മിതികൾ പാടെ ഒലിച്ചുപോയി.

7.1 കിലോ മീറ്റർ ദൂരത്തിലുള്ളതെല്ലാം ഒഴുകിപ്പോയി. പ്രഭവ കേന്ദ്ര പ്രദേശം 36 ഡിഗ്രി ചരിവുണ്ട്. ആറ് ചെറു ചാലുകൾ പ്രഭവകേന്ദ്രത്തിന് സമീപം ഉണ്ടായിരുന്നു. ഉരുൾപൊട്ടൽ നാശം വിതച്ച പുഴയുടെ ഇരുകരകളിലും നൂറ് മീറ്റർ ഇടവിട്ട് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയായിരുന്നു പരിശോധന.

# ഇന്ത്യ – ഗൾഫ് – യൂറോപ്പ് സാമ്പത്തിക ഇടനാഴി; വമ്പൻ പ്രഖ്യാപനങ്ങൾ ഇങ്ങനെ

യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനുമായി നടത്തിയ ചർച്ചയിൽ മുഖ്യ വിഷയമായി ഇന്ത്യ-ഗൾഫ്-ഇസ്രായേൽ-യൂറോപ്പ് സാമ്പത്തിക ഇടനാഴി. പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിലാക്കുന്നതിന് നേതാക്കൾ ധാരണയിലെത്തി. പാത യാഥാർഥ്യമായാൽ ഏഷ്യ-യൂറോപ്പ് മേഖലയുടെ മുഖഛായ മാറും.

ഇന്ത്യയിൽ നിന്ന് തുടങ്ങുന്ന പാതയുടെ ആദ്യ പ്രഖ്യാപനം കഴിഞ്ഞ വർഷമായിരുന്നു. പിന്നീട് പങ്കാളിത്ത രാജ്യങ്ങളുടെ നേതാക്കൾ വിവിധ ഘട്ടങ്ങളിൽ തുടർ ചർച്ചകൾ നടത്തി. ഇപ്പോൾ നടന്ന അമേരിക്ക-യുഎഇ ചർച്ച ഇതിൽ നിർണായകമാണ്. പദ്ധതി യാഥാർഥ്യമാകുന്നതിൽ മുൻകൈ എടുക്കുന്ന പ്രധാന രാജ്യമാണ് യുഎസ്. വാഷിങ്ടണിൽ നടന്ന ചർച്ചയ്ക്ക് ശേഷം മറ്റൊരു സുപ്രധാന പ്രഖ്യാപനവും ബൈഡൻ നടത്തി.

കഴിഞ്ഞ വർഷം സെപ്തംബറിൽ ന്യൂഡൽഹിയിൽ നടന്ന ജി20 രാജ്യങ്ങളുടെ ഉച്ചകോടിയിലാണ് ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴിയുടെ പ്രഖ്യാപനമുണ്ടായത്. കഴിഞ്ഞ ഫെബ്രുവരിയിൽ ഇന്ത്യയും യുഎഇയും പദ്ധതി സംബന്ധിച്ച ചട്ടക്കൂട് കരാർ ഒപ്പുവച്ചു. മെയ് മാസത്തിൽ തുടർ ചർച്ചകളും നടന്നു. ശേഷം യുഎഇ പ്രതിനിധികൾ ഇന്ത്യയിലെത്തി ചർച്ച നടത്തിയ പിന്നാലെയാണ് യുഎഇ പ്രസിഡന്റ് അമേരിക്കയിലെത്തി ചർച്ച നടത്തിയിരിക്കുന്നത്.



ഇന്ത്യയിൽ നിന്ന് ആരംഭിക്കുന്ന കപ്പൽ പാത യുഎഇയിലേക്കും ശേഷം റെയിൽപാത സൗദി അറേബ്യ, ജോർദാൻ, ഇസ്രായേൽ എന്നിവിടങ്ങളിലേക്കും അവിടെ നിന്ന് കപ്പൽ പാത യൂറോപ്പിലേക്കുമാണ് ഉദ്ദേശിക്കുന്നത്. ഇന്ത്യയിൽ നിന്ന് പുറപ്പെടുന്ന ചരക്കുകൾ ജിസിസി രാജ്യങ്ങൾ വഴി ജോർദാനിലൂടെ റെയിൽ മാർഗം ഇസ്രായേലിലെ ഹൈഫ തുറമുഖത്തെത്തിക്കും. ഇവിടെ നിന്നാണ് യൂറോപ്പിലേക്ക് പോകുക.

ഏഷ്യയിലെ മറ്റ് രാജ്യങ്ങൾ ചരക്ക് കടത്തിന് ഈ പാതയെ ആശ്രയിക്കും. ആ രാജ്യങ്ങളിൽ നിന്നുള്ള ചരക്കുകൾ മുംബൈയിലെത്തിച്ച ശേഷമാകും പുറപ്പെടുക എന്നാണ് വിവരം. ഇതോടെ ഇന്ത്യ മേഖലയിലെ വൻ ശക്തിയാകാനുള്ള വഴി ഒരുങ്ങുകയാണ്. പാകിസ്ഥാനിലെ കറാച്ചി വഴി ചൈന നിർമിക്കുന്ന ചരക്കുപാതയ്ക്ക് ബദലാകും ഇന്ത്യയിൽ നിന്ന് തുടങ്ങുന്ന ഈ സാമ്പത്തിക ഇടനാഴി.

പാത കടന്നുപോകുന്ന രാജ്യങ്ങൾ തമ്മിലുള്ള ബന്ധം ശക്തമാകുമെന്ന് ബൈഡനും ശൈഖ് മുഹമ്മദും നടത്തിയ ചർച്ചയ്ക്ക് ശേഷം പ്രസ്താവനയിൽ പറയുന്നു. കാർബൺ ബഹിർഗമനം കുറയ്ക്കുന്ന ചരക്കു കടത്തായിരിക്കുമിത്. ഏഷ്യ, യൂറോപ്പ്, പശ്ചിമേഷ്യ എന്നീ മേഖല വ്യാപാര രംഗത്ത് മുന്നേറുമെന്നും പ്രതീക്ഷിക്കുന്നു. ചൈനയുടെ പാതയ്ക്ക് ബദൽ എന്ന നിലയിലാണ് അമേരിക്ക ഇതിനെ സഹായിക്കുന്നത്.

യുഎഇയെ അമേരിക്കയുടെ പ്രധാന പ്രതിരോധ പങ്കാളിയായി ജോ ബൈഡൻ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇന്ത്യയ്ക്ക് ശേഷം അമേരിക്ക പ്രതിരോധ പങ്കാളിയായി പ്രഖ്യാപിക്കുന്ന ആദ്യ രാജ്യമാണ് യുഎഇ. സൈനിക പ്രതിരോധ രംഗത്ത് ഇരുരാജ്യങ്ങളും കൂടുതൽ ഇളവുകളോടെ സഹകരണം ശക്തമാക്കുമെന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സൈനിക അഭ്യാസങ്ങളും സൈനിക സഹകരണവും ആയുധ ഇടപാടുകൾക്ക് ഇളവ് നൽകലുമെല്ലാം ഇതിന്റെ ഭാഗമായുണ്ടാകും. 2021 ൽ ഇന്ത്യയെ പ്രധാന പ്രതിരോധ പങ്കാളിയായി അമേരിക്ക പ്രഖ്യാപിച്ചിരുന്നു.









# തിരുത്തൽവാദികൾ അരങ്ങ് കൈയ്യേറിയ നിമിഷം




**മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്ക് എന്ന പേരിൽ പോലീസുകാരെ മഫ്ത്തിയിൽ സദസ്സിന് ഇടയിൽ കൊണ്ടിരുത്തിയതാണ് വിഷയം. തിരുത്തൽവാദികൾ അതിശക്തമായി മുദ്രാവാക്യം മുഴക്കി. ഒപ്പം അവരുടെ ശക്തി തെളിയിക്കാനുള്ള ശ്രമത്തിലായി. കാർത്തികേയൻ ഗ്രൂപ്പിന്റെ വക്താവ് എന്നോണം ജമാൽ മണക്കാടൻ ഒരു കസേര വലിച്ചെടുത്ത് മുന്നോട്ടുവന്നപ്പോൾ അതിന്റെ തൊട്ടു പിറകെ അജയ് തറയിലും ഓടിയെത്തി. മഫ്ത്തിവേഷത്തിലുള്ള പോലീസുകാരെ പിടിച്ചു പുറത്താക്കാനും അടിച്ചു ഓടിക്കാനും വേണ്ടിയാണ് അവർ അങ്ങനെ പാഞ്ഞ് എത്തിയത്. എന്തായാലും ഈ വാർത്ത ഹൈക്കമാന്റിന്റെ ശ്രദ്ധയിലും പെട്ടു.**


ജോഷി ജോർജ്

അങ്ങിനെ ആന്റണി കേന്ദ്രമന്ത്രി ആയി ഡൽഹിക്കു പോയെങ്കിലും കേരളത്തിൽ കോൺഗ്രസിന്റെ സ്ഥിതി വളരെ പരിതാപകരമായ അവസ്ഥയിലേക്ക് ആണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. രാജ്യത്ത് എമ്പാടും ബാബറി മസ്ജിദ് പൊളിച്ചതിനെ തുടർന്നുള്ള ചർച്ചകൾ കൊടുമ്പിരി കൊള്ളുകയാണ്. കേരളത്തിലാണെങ്കിൽ കോൺഗ്രസിലെ ആഭ്യന്തര കുഴപ്പങ്ങളും കെ.ആർ. ഗൗരിയെ സി.പി.എമ്മിൽ നിന്ന് പുറത്താക്കാൻ നടക്കുന്ന നീക്കങ്ങളും ഒക്കെയായി കുടുംബിരിക്കൊള്ളുന്ന രാഷ്ട്രീയ അന്തരീക്ഷമാണ് കേരളത്തിൽ.

അങ്ങനെയിരിക്കുകയാണ് എ.ഐ.സി.സിയുടെ ആ നിർദ്ദേശം വരുന്നത്. എല്ലാ സംസ്ഥാനങ്ങളിലും കോൺഗ്രസിന്റെ നേതൃത്വത്തിൽ വർഗീയ വിരുദ്ധ കൺവെൻഷൻ സംഘടിപ്പിക്കണം. അത് പ്രകാരം 1993 ജനുവരി 23ന് ശനിയാഴ്ച എറണാകുളം ടൗൺഹാളിൽ വർഗീയ വിരുദ്ധ കൺവെൻഷൻ നടത്താൻ തീരുമാനിച്ചു.

അതൊരു ദാരുണ സംഭവം ആയി മാറി. ടി.ഒ.ബാവയെ കെ.പി.സി.സി മുൻ പ്രസിഡന്റ് എന്ന നിലയിൽ ആദരിച്ച് വേദിയിൽ ഇരുത്തി. ഒപ്പം മുഖ്യമന്ത്രി കെ. കരുണാകരൻ, വയലാർ രവി, കെ. ശങ്കരനാരായണൻ, ഉമ്മൻചാണ്ടി തുടങ്ങിയവരും വേദിയിലുണ്ട്. ഇതിനിടെ മറ്റൊരു വിചിത്രമായ പ്രശ്നം ഉരുണ്ടുകൂടി.

മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്ക് എന്ന പേരിൽ പോലീസുകാരെ മഫ്ത്തിയിൽ സദസ്സിന് ഇടയിൽ കൊണ്ടിരുത്തിയതാണ് വിഷയം. തിരുത്തൽവാദികൾ അതിശക്തമായി മുദ്രാവാക്യം മുഴക്കി. ഒപ്പം അവരുടെ ശക്തി തെളിയിക്കാനുള്ള ശ്രമത്തിലായി. കാർത്തികേയൻ ഗ്രൂപ്പിന്റെ വക്താവ് എന്നോണം ജമാൽ മണക്കാട് എന്ന കളമശ്ശേരിക്കാരൻ ഒരു കസേര വലിച്ചെടുത്ത് മുന്നോട്ടുവന്നപ്പോൾ അതിന്റെ തൊട്ടു പിറകെ അജയ് തറയിലും ഓടിയെത്തി. മഫ്ത്തിവേഷത്തിലുള്ള പോലീസുകാരെ പിടിച്ചു പുറത്താക്കാനും അടിച്ചു ഓടിക്കാനും വേണ്ടിയാണ് അവർ അങ്ങനെ പാഞ്ഞ് എത്തിയത്.

അതോടെ സദസ്സ് ആകെ ഇളകി. ഉന്തും തള്ളും ഒച്ചപ്പാടും... അങ്ങനെ ആകെ ബഹളമയം. ഇതാ... കണ്ടില്ലേ, സർവ്വതും നശിപ്പിക്കാൻ നോക്കുന്നത് അവൻ ഒരുത്തനാണ്. ജി. കാർത്തികേയനെ നോക്കി കരുണാകരൻ കലിയടങ്ങാതെ പറഞ്ഞു. അത് കേട്ടെങ്കിലും ജി. കാർത്തികേയൻ ഒരക്ഷരം മിണ്ടാതെ മൗ നം തുടർന്നുകൊണ്ടേയിരുന്നു.



സംഗതി അനുനിമിഷം വഷളായി വരുന്നതിനാൽ അല്പസമയത്തിനുള്ളിൽ തന്നെ യോഗം പിരിച്ചുവിടുകയും ചെയ്തു. യോഗം അലങ്കോലപ്പെടുത്താൻ ആസൂത്രിത ശ്രമം നടന്നു എന്ന് ആരോപിച്ച വയലാർ രവി ഉറഞ്ഞുതുള്ളി. ഇത്തരം നടപടികൾ ഒരു കാരണവശാലും വെച്ചുപൊറുപ്പിക്കില്ല എന്നു പറഞ്ഞു. മഫ്ത്തിയിൽ പ്രതിനിധി ചമഞ്ഞ പോലീസുകാരെ ഇറക്കി വിടണമെന്ന് ആവശ്യപ്പെട്ട പ്രവർത്തകരെ പോലീസ് ഉപദ്രവിച്ചതാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം എന്ന് കാർത്തികേയനും ഷാനവാസും പറഞ്ഞു. അപ്പോൾ ഉമ്മൻചാണ്ടി ചാടി എഴുന്നേറ്റ് ചോദിച്ചു : കോൺഗ്രസിന്റെ പ്രവർത്തകരിൽ നിന്നും മുഖ്യമന്ത്രിക്ക് സുരക്ഷാ ഭീഷണി ഉണ്ടെന്നാണ് ഈ പറഞ്ഞതിന്റെ അർത്ഥം. എന്തിനാണ് കോൺഗ്രസ് പ്രവർത്തകരുടെ ഇടയിലേക്ക് മഫ്ത്തിയിൽ പോലീസ് എത്തിയത്?

പോലീസിന്റെ സാന്നിധ്യം അങ്ങനെ ഉണ്ടായിരുന്നെങ്കിൽ അത് തീർച്ചയായും അന്വേഷിച്ചേ പറ്റൂ. കെ.പി.സി.സി അംഗങ്ങളായ ഷുക്കൂർ, അജയ് തറയിൽ, ജമാൽ മണക്കാട്, ഡി.സി.സി അംഗങ്ങളായ ആർ.ബി ഉണ്ണിത്താൻ, വി.ഡി സതീശൻ, ബാബു പ്രസാദ് എന്നിവരെ അച്ചടക്ക നടപടിയുടെ ഭാഗം എന്ന നിലയിൽ സസ്പെൻഡ് ചെയ്തു.

പോലീസ്? അങ്ങിനെ മഫ്ത്തിയിലൊന്നും എത്തിയിരുന്നില്ലെന്ന് 100% ഉറപ്പാണെന്ന് പിന്നീട് കരുണാകരൻ തറപ്പിച്ചു പറഞ്ഞു. എങ്കിലും എറണാകുളം ടൗൺഹാളിൽ നടന്ന ഈ സംഭവം കോൺഗ്രസിന് ചീത്ത പേരുണ്ടാക്കി എന്നായിരുന്നു ഹൈകമാൻഡ് കണ്ടെത്തിയത്.

ഇതിനിടെ 1993 മാർച്ച് 27,28 തീയതികളിൽ ഹരിയാനയിലെ സൂരജ് കുണ്ടിൽ എ.ഐ.സി.സിയുടെ പ്രത്യേക സമ്മേളനം വിളിച്ചുകൂട്ടി. വയലാർ രവിയും കെ. കരുണാകരനും പി. പത്മരാജനും ഉമ്മൻചാണ്ടിയും മറ്റും ഡൽഹിയിൽ എത്തിയിരിക്കുകയാണ്. എല്ലാവരും കേരള ഹൗസിലാണ് ഒത്തുകൂടിയത്. ആ അവസരത്തിലാണ് വ്യസനകരമായ ഒരു വാർത്ത അറിയുന്നത്

ലീഡർ കരുണാകരന്റെ ഭാര്യ കല്യാണിക്കുട്ടിയമ്മ അന്തരിച്ചു. അമേരിക്കയിലുള്ള മിൽക്കിനോക്കി സെന്റ് മേരീസ് ആശുപത്രിയിൽ ഹൃദയശസ്ത്രക്രിയ കഴിഞ്ഞ് വിശ്രമിക്കുകയായിരുന്നു കല്യാണിക്കുട്ടിയമ്മ. എന്നാൽ മാർച്ച് 25ന് രാത്രി അപ്രതീക്ഷിതമായി മരണം അവരെ കൂട്ടിക്കൊണ്ടു പോയി. കരുണാകരന്റെ മകൾ പത്മജയും മുരളിയുടെ ഭാര്യ ജ്യോതിയും ആയിരുന്നു കല്യാണിക്കുട്ടിയമ്മയ്ക്കൊപ്പം അമേരിക്കയിൽ ഉണ്ടായിരുന്നത്. ഭാര്യയുടെ മരണം ലീഡർ കരുണാകരന് താങ്ങാവുന്നതിനും അപ്പുറമായിരുന്നു.

1954ൽ അമ്മാവന്റെ മകൾ കല്യാണിക്കുട്ടി അമ്മയെ ഗുരുവായൂർ ക്ഷേത്രത്തിൽ വച്ചാണ് കരുണാകരൻ കല്യാണം കഴിക്കുന്നത്. അദ്ദേഹത്തിനന്ന് 36 വയസ്സും കല്യാണിക്കുട്ടിയമ്മയ്ക്ക് 30 വയസ്സും ആയിരുന്നു പ്രായം. വല്ലാത്തൊരു ദാമ്പത്യപ്രണയമാണ് അവർക്കിടയിലുണ്ടായിരുന്നത്. കരുണാകരനാകെ നിശബ്ദനായി ചുരുണ്ടുകൂടിയിരുന്നുപോയി.

എ.ഐ.സി.സിയിൽ എത്തിയ നേതാക്കൾക്കായി കരുണാകരൻ പിറ്റേന്ന് പ്രാതൽ ഒരുക്കിയിരുന്നു. അത് റദ്ദാക്കി. അടുത്ത ദിവസം ശനിയാഴ്ച രാത്രി 11ന് ഭൗതികദേഹം വിമാനത്താവളത്തിൽ എത്തിയപ്പോൾ മുരളിക്കൊപ്പം വയലാർ രവിയും കെ.വി. തോമസും പി.സി. ചാക്കുകയും ഉമ്മൻചാണ്ടിയും പോയി. പ്രത്യേക വിമാനത്തിൽ കരുണാകരനും കുടുംബങ്ങളും കൊച്ചിയിലേക്ക് യാത്രതിരിച്ചു. 28-ാം തിയതിയായിരുന്നു ശവസംസ്കാരം.

ഏത് ആപൽ ഘട്ടത്തിലും ഉറച്ച മനസ്സോടെ മാത്രം നിന്നിരുന്ന കരുണാകരൻ, കല്യാണി കുട്ടിയമ്മയുടെ ഭൗതികശരീരത്തിന് അടുത്ത് ഇരിക്കുമ്പോൾ വികാരവിക്ഷോഭം അടക്കാൻ നന്നേ പാടുപെടുന്നത് കണ്ടു. അദ്ദേഹത്തിന്റെ സദാ തിളക്കമുള്ള കണ്ണുകളെ നനവ് മൂടുന്നതും ആ മുഖം ആകെ ഒരു ശോക ഛായ പടരുന്നതും കരുണാകര ഭക്തന്മാർക്ക് സഹിക്കാവുന്നതായിരുന്നില്ല.

ഈ പ്രശ്നങ്ങൾക്ക് ഒക്കെ ഇടയിലാണ് ഒറ്റപ്പാലത്ത് ഉപതെരഞ്ഞെടുപ്പ് നടക്കാൻ പോകുന്നത് കെ.ആർ. നാരായണൻ ഉപരാഷ്ട്രപതി ആയപ്പോൾ ഒഴിവ് വന്ന ഒറ്റപ്പാലം ലോക്സഭാ മണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പ് ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള ബലപരീക്ഷണത്തിന് വേദിയായി മാറുകയായിരുന്നു.

ബാബറി മസ്ജിദ് തകർത്തതിനു ശേഷം ഇന്ത്യയിൽ ആദ്യമായി നടക്കുന്ന തെരഞ്ഞെടുപ്പായിരുന്നു ഒറ്റപ്പാലത്തേത്. യു.ഡി.എഫിന്റെ സ്ഥാനാർത്ഥിയായി അവിടെ കെ.കെ. ബാലകൃഷ്ണനെ സ്ഥാനാർത്ഥിയാക്കി. എസ്. ശിവരാമൻ എന്ന ചെറുപ്പക്കാരനെയാണ് ഇടതുമുന്നണി കളത്തിൽ ഇറക്കിയത്. എല്ലാ അർത്ഥത്തിലും അതിഭീകരമായ മത്സരം. മുസ്ലിംലീഗിനെ സംബന്ധിച്ച് ഇത് ഒരു അഭിമാന പ്രശ്നമായിരുന്നു. ബാബറി മസ്ജിദ് തന്നെയാണ് പ്രധാന വിഷയം. ശബാന കേസ് വിധിയെ തുടർന്ന് ശരീരത്തിന്റെ സംരക്ഷണത്തിന് രാജീവ് ഗാന്ധി സ്വീകരിച്ച നടപടികൾ വോട്ടർമാരുടെ മുന്നിൽ നിരത്തിയാണ് കോൺഗ്രസ് പ്രതിരോധം തീർക്കാൻ ശ്രമിച്ചത്. രണ്ടു ലക്ഷത്തിലേറെ മുസ്ലിം വോട്ടുകൾ ഉള്ള മണ്ഡലമാണ് ഒറ്റപ്പാലം.

(തുടരും)



# ആരാണ് ഹരിണി അമരസൂര്യ?



ശ്രീലങ്കയുടെ പതിനാറാമത് പ്രധാനമന്ത്രിയായി ഹരിണി അമരസൂര്യ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റിരിക്കുകയാണ്. ശ്രീലങ്കയുടെ ചരിത്രത്തിൽ ഈ അഭിമാനകരമായ സ്ഥാനം ഏറ്റെടുക്കുന്ന മൂന്നാമത്തെ വനിതയാണ് ഹരിണി. നീതിന്യായ വിദ്യാഭ്യാസം, തൊഴിൽ, ശാസ്ത്രം, സാങ്കേതിക വിദ്യ, ആരോഗ്യം, നിക്ഷേപം എന്നിവ ഉൾപ്പെടെയുള്ള നിർണായക മേഖലകളുടെ മേൽനോട്ടം ഹരിണി അമരസൂര്യയ്ക്കാണ്.

1994ൽ അന്തരിച്ച സിരിമാവോ ബണ്ഡാര നായകെ അധികാരമേറ്റതിന് ശേഷമുള്ള ആദ്യത്തെ വനിതാ പ്രധാനമന്ത്രിയാണ് ഹരിണി. ജെവിപിഎൻ പിപി സംഖ്യത്തിലെ പ്രമുഖ മുഖങ്ങളിൽ ഒരാളുമാണ്. പ്രസിഡൻ്റ് അനുര കുമാര ദിസവായകെയാണ് ഹരിണിയെ തിരഞ്ഞെടുത്തത്.

ഹരിണി എഡിൻബർഗ് സർവകലാശാലയിൽ നിന്ന് നരവംശശാസ്ത്രത്തിൽ പിഎച്ച്ഡി നേടിയിട്ടുണ്ട്. ഒരു പ്ലാൻ്ററിൻ്റെ മകളായ ഹരിണി ശ്രീലങ്കയുടെ തെക്കൻ ഭാഗത്താണ് വളർന്ന്. പിന്നീട് സർക്കാർ തേയിലത്തോട്ടങ്ങൾ ഏറ്റെടുത്തപ്പോൾ കൊളംബിയിലേക്ക് മാറി. ഹരിണി അവിടെയുള്ള ഒരു സ്വകാര്യ സ്കൂളിൽ ആയിരുന്നു.

ഒരു ഫെമിനിസ്റ്റിൻ്റെ പാത തിരഞ്ഞെടുത്തുകൊണ്ട്, ശ്രീലങ്കയിലെ ആഭ്യന്തര കലാപത്തിൻ്റെ സങ്കീർണ്ണതകളിലൂടെയും ഹരിണി സഞ്ചരിച്ചിട്ടുണ്ട്. വിദേശത്ത് അമേരിക്ക, ഇന്ത്യ, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ തുടർ വിദ്യാഭ്യാസം നേടി. സ്വന്തം രാജ്യത്തെ അന്താരാഷ്ട്ര മാനുഷിക, വികസന മേഖലയിലേക്ക് ഹരിണി സംഭാവന നൽകി.

2011 ൽ രാജപക്സെ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഹരിണി സഹപ്രവർത്തകർക്കൊപ്പം സർക്കാരിനെതിരെ പ്രതിഷേധ മാർച്ച് നടത്തിയിരുന്നു. തുടർന്ന് 2015 ൽ മൈതിർപാല സിരിസേന സർക്കാർ അധികാരത്തിൽ വന്നപ്പോൾ അവർ ജെവിപിയിലേക്ക് തിരിഞ്ഞുയ പ്രധാനമന്ത്രിയായി ഹരിണി അധികാരമേറ്റതോടെ, ശ്രീലങ്കൻ ഗവൺമെൻ്റ് ഒരു പുതിയ അധ്യായം ആരംഭിക്കും.

# കർണാടകയെ ഞെട്ടിച്ച മഹാലക്ഷ്മി കൊലക്കേസിലെ പ്രതി മരിച്ച നിലയിൽ



ബംഗ്ളൂരു: കർണാടകയെ ഞെട്ടിച്ച മഹാലക്ഷ്മി കൊലക്കേസിലെ പ്രതിയെ മരിച്ച നിലയിൽ കണ്ടെത്തിയതായി റിപ്പോർട്ട്. ഒഡിഷയിൽ ആത്മഹത്യ ചെയ്ത നിലയിലാണ് പ്രതി മുക്തി രഞ്ജൻ റോയിയെ കണ്ടെത്തിയത്. ഇയാൾക്കായി പൊലീസ് നാടൊട്ടുക്കും തിരച്ചിൽ നടത്തുന്നതിനിടെയാണ് മരണ വാർത്ത എത്തിയത്. ഒരു മരത്തിൽ കെട്ടി തൂങ്ങിയ നിലയിലായിരുന്നു മുക്തി രഞ്ജൻ റോയിയെ കണ്ടെത്തിയത്.

ബംഗ്ളൂരുവിൽ യുവതിയെ കൊന്നു ഫ്രിഡ്ജിൽ സൂക്ഷിച്ച കേസിലെ പ്രതിയെ കണ്ടു എന്ന് പൊലീസിന് വിവരം ലഭിച്ചിരുന്നു. തുടർന്ന് മുക്തി രഞ്ജൻ റോയി ഒഡീഷയിൽ ഉണ്ടെന്നറിഞ്ഞ് അന്വേഷണ സംഘം കസ്റ്റഡിയിൽ എടുക്കാൻ എത്തിയപ്പോഴാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. കൊലപാതകത്തിന് ശേഷം ഒളിവിലായിരുന്ന റോയിയെ ഒഡീഷയിലെ ഭദ്രക് ജില്ലയിലെ ശ്മശാനത്തിന് സമീപമാണ് മരിച്ച നിലയിൽ കണ്ടെത്തിയതെന്ന് പൊലീസ് അറിയിച്ചു.

# മുഖ്യമന്ത്രി സിദ്ധരാമയ്യയ്ക്കെതിരെ അന്വേഷണം നടത്താൻ ലോകായുക്തക്ക് കോടതി നിർദേശം

ബംഗ്ളൂരു: മൈസൂർ അർബൻ ഡെവലപ്മെൻ്റ് അതോറിറ്റി (മുഡ) ഭൂമി തട്ടിപ്പ് കേസിൽ മുഖ്യമന്ത്രി സിദ്ധരാമയ്യയ്ക്കെതിരെ അന്വേഷണം നടത്താൻ കർണാടകയിലെ പ്രത്യേക കോടതി ബുധനാഴ്ച ലോകായുക്തയോട് ഉത്തരവിട്ടു. മൂന്ന് മാസത്തിനകം റപ്പോർട്ട് സമർപ്പിക്കാൻ ലോകായുക്തയോട് ആവശ്യപ്പെട്ട കോടതി, കേസിൽ എഫ്ഐആർ ഫയൽ ചെയ്യാൻ അധികാരികളോട് നിർദേശിച്ചു.

മുഡ കേസിൽ അന്വേഷണത്തിന് ഗവർണർ അനുമതി നൽകിയതിൻ്റെ നിയമസാധുത ചോദ്യം ചെയ്ത് സിദ്ധരാമയ്യ സമർപ്പിച്ച ഹർജി കർണാടക ഹൈക്കോടതി തള്ളിയിരുന്നു. ഇതിന് പിന്നാലെയാണ് ലോകായുക്ത അന്വേഷണത്തിന് ഉത്തരവായത്. മുഡ ഭൂമി ഇടപാടിലും സിദ്ധരാമയ്യ തിരശ്ശീലയ്ക്ക് പിന്നിലില്ലെന്ന് അംഗീകരിക്കാൻ പ്രയാസമാണെന്ന് ജസ്റ്റിസ് എം നാഗപ്രസന്നയുടെ സിംഗിൾ ബെഞ്ച് പറഞ്ഞു. മുഡ കേസിൽ സിദ്ധരാമയ്യക്കെതിരെ ടിജെ എബ്രഹാം, സ്നേഹമയി കൃഷ്ണ, പ്രദീപ് കുമാർ എസ്പി എന്നിവർ നൽകിയ പരാതിയിലാണ് ജൂലൈയിൽ ഗവർണർ പ്രോസിക്യൂഷൻ അനുമതി നൽകിയത്.

ഗവർണറുടെ അനുമതി ഉത്തരവ് നിയമപരമായ ഉത്തരവുകളുടെ ലംഘനമാണെന്നും ഇന്ത്യൻ ഭരണഘടനയുടെ 163-ാം അനുച്ഛേദം അനുസരിച്ച് മന്ത്രിസഭയുടെ ഉപദേശം ഉൾപ്പെടെയുള്ള ഭരണഘടനാ തത്വങ്ങൾക്ക് വിരുദ്ധമാണെന്നും സിദ്ധരാമയ്യ ഹർജിയിൽ വാദിച്ചിരുന്നു. എന്നാൽ കോടതി ഇവ മുഖവിലക്കെടുത്തില്ല.










# പരം രുദ്ര സൂപ്പർ കമ്പ്യൂട്ടർ സെപ്തം. 26ന് രാജ്യത്തിന് സമർപ്പിക്കും

ന്യൂഡൽഹി: സൂപ്പർകമ്പ്യൂട്ടിംഗ് സാങ്കേതിക വിദ്യയിൽ ഇന്ത്യയെ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ വികസിപ്പിച്ച മൂന്ന് പരം രുദ്ര സൂപ്പർ കമ്പ്യൂട്ടറുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് (സെപ്തംബർ 26) രാജ്യത്തിന് സമർപ്പിക്കും. പൂനെയിലാണ് പരിപാടി.

130 കോടി രൂപ ചെലവിൽ ദേശീയ സൂപ്പർ കമ്പ്യൂട്ടിംഗ് മിഷന് കീഴിൽ തദ്ദേശീയമായി വികസിപ്പിച്ചതാണിവ. പൂനെ, ഡൽഹി, കൊൽക്കത്ത എന്നിവിടങ്ങളിലെ കേന്ദ്രങ്ങളിലാണ് സൂപ്പർ കമ്പ്യൂട്ടറുകൾ വിന്യസിച്ചത്. ഫാസ്റ്റ് റേഡിയോ ബേർസ്റ്റുകളും (എഫ്.ആർ.ബിസ്) മറ്റ് ജ്യോതിശാസ്ത്ര പ്രതിഭാസങ്ങളും പര്യവേക്ഷണം ചെയ്യുന്ന പൂനെയിലെ ജയന്റ് മീറ്റർ റേഡിയോ ടെലിസ്കോപ്പിന് (ജി.എം.ആർടി) സേവനം ലഭിക്കും.

ഡൽഹിയിൽ ഇന്റർ യൂണിവേഴ്സിറ്റി ആക്സിലറേറ്റർ സെന്ററിന്റെ (ഐ.യു.എ.സി)മെറ്റീരിയൽ സയൻസ്, അറ്റോമിക് ഫിസിക്സ് മേഖലകളിലെ ഗവേഷണം സൂപ്പർ കമ്പ്യൂട്ടർ സഹായത്തോടെ മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു.

കൊൽക്കത്തയിൽ എസ്.എൻ ബോസ് സെന്റർ ഫിസിക്സ്, കോസ്മോളജി, എർത്ത് സയൻസ് മേഖലകളിലെ ഗവേഷണങ്ങൾക്ക് ഇവ സഹായകമാകും.



### കാലാവസ്ഥ പ്രവചിക്കാൻ അർക്ക, അരുണി

കാലാവസ്ഥാ ഗവേഷണത്തിനായി 850 കോടി രൂപ ചെലവിൽ വികസിപ്പിച്ച 'അർക്ക', 'അരുണിമ' ഹൈപെർഫോമൻസ് കമ്പ്യൂട്ടിംഗ് (എച്ച്.പി.സി) സംവിധാനവും മോദി ഉദ്ഘാടനം ചെയ്യും. പൂനെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മെറ്റീരിയോളജി (ഐ.ഐ.ടി.എം), നോയിഡ നാഷണൽ സെന്റർ ഫോർ മീഡിയം റേഞ്ച് വെതർ ഫോർകാസ്റ്റ് (എൻ.സി.എം.ആർ.ഡബ്ല്യു.എഫ്) എന്നിവിടങ്ങളിൽ സ്ഥാപിച്ച എച്ച്.പി.സി ഉഷ്ണമേഖലാ ചുഴലിക്കാറ്റുകൾ, കനത്ത മഴ, ഇടിമിന്നൽ, മഞ്ഞുവീഴ്ച , ഉഷ്ണ തരംഗങ്ങൾ, വരൾച്ച, മറ്റ് പ്രതികൂല കാലാവസ്ഥാ പ്രതിഭാസങ്ങൾ എന്നിവ കൃത്യമായി പ്രവചിക്കാൻ സഹായിക്കും. സൂര്യനുമായുള്ള ബന്ധത്തെ പ്രതിഫലിപ്പിക്കുന്നതാണ് അർക്ക, അരുണിമ പേരുകൾ.

10,400 കോടി രൂപയുടെ പെട്രോളിയം, പ്രകൃതി വാതക മേഖലയിലെ വിവിധ സംരംഭങ്ങൾക്കും പ്രധാനമന്ത്രി തുടക്കം കുറിക്കും. ഊർജ്ജം, അടിസ്ഥാന സൗകര്യ വികസനം, ട്രക്ക്, കാബ് ഡ്രൈവർമാരുടെ സുരക്ഷ, മലിനീകരണമില്ലാത്ത ഗതാഗത സൗകര്യം, സുസ്ഥിര ഭാവി എന്നിവയിൽ പുതിയ പദ്ധതികൾ ശ്രദ്ധ കേന്ദ്രീകരിക്കും.

മഹാരാഷ്ട്രയിലെ സോലാപൂർ വിമാനത്താവളവും പ്രധാനമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും. മഹാരാഷ്ട്രയിലെ മൂന്നെണ്ണം ഉൾപ്പെടെ രാജ്യത്തുടനീളം 20 ദ്രവീകൃത പ്രകൃതി വാതക (എൽ.എൻ.ജി) സ്റ്റേഷനുകളും 225 കോടി രൂപ വിലമതിക്കുന്ന 1500ഇ20 (20% എഥനോൾ കലർന്ന) പെട്രോൾ റീട്ടെയിൽ ഔട്ട്ലെറ്റുകളും 7,855 ഏക്കർ വ്യാപിച്ചുകിടക്കുന്ന ബിഡ്കിൻ വ്യാവസായിക മേഖലയും പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും.

# ജമ്മുകാശ്മീർ രണ്ടാം ഘട്ടം: 54 ശതമാനം പോളിംഗ്



ന്യൂഡൽഹി: പ്രമുഖർ ഉൾപ്പെടെ ജനവിധി തേടുന്ന ജമ്മു കാശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പും സമാധാനപരമായി പൂർത്തിയായി. ഒടുവിൽ വന്ന റിപ്പോർട്ട് അനുസരിച്ച് 57.03 ശതമാനം പോളിംഗ് രേഖപ്പെടുത്തി. അന്തിമ റിപ്പോർട്ടിൽ മാറ്റം വന്നേക്കാം. ഭീകരർ സജീവമായ രജൗരി, പൂഞ്ച്, റിയാസി ജില്ലകളിൽ സമാധാനപരമായാണ് വോട്ടെടുപ്പ് നടന്നത്.

രാവിലെ ഏഴ് മുതൽ ബൂത്തുകളിൽ വോട്ടർമാരുടെ നീണ്ട നിര അനുഭവപ്പെട്ടു. മുൻ മുഖ്യമന്ത്രിയും നാഷണൽ കോൺഫറൻസ് നേതാവുമായ ഒമർ അബ്ദുള്ള, പി.സി.സി അദ്ധ്യക്ഷൻ താരിഖ് ഹമീദ് കർറ, ബി.ജെ.പി അദ്ധ്യക്ഷൻ രവീന്ദർ റെയ്ന തുടങ്ങിയവരാണ് ജനവിധി തേടുന്നത്.

യു.എസ്.എ, മെക്സിക്കോ, ഗയാന, ദക്ഷിണ കൊറിയ, സൊമാലിയ, പനാമ, സിംഗപ്പൂർ, നൈജീരിയ, സ്പെയിൻ, ദക്ഷിണാഫ്രിക്ക, നോർവേ, ടാൻസാനിയ, റുവാണ്ട, അൾജീരിയ, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികൾ വോട്ടെടുപ്പ് നിരീക്ഷിക്കാനെത്തി. ജമ്മുകാശ്മീരിൽ വോട്ടെടുപ്പിന് വിദേശികളുടെ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് നാഷണൽ കോൺഫറൻസ് നേതാവ് ഒമർ അബ്ദുള്ള പ്രതികരിച്ചു. 18ന് നടന്ന ആദ്യഘട്ട വോട്ടെടുപ്പിൽ 61ശതമാനം പോളിംഗാണ് രേഖപ്പെടുത്തിയത്.

### ശ്രീനഗറിൽ കുറവ്

ജമ്മുവിലെ പ്രശസ്ത ഹൈന്ദവ തീർത്ഥാടന കേന്ദ്രമായ ശ്രീ മാതാ വൈഷ്ണോ ദേവി ക്ഷേത്രമുള്ള മണ്ഡലത്തിലാണ് ഉയർന്ന പോളിംഗ് (75.29%). ഉയർന്ന പോളിംഗ് രേഖപ്പെടുത്തിയ മറ്റ് മണ്ഡലങ്ങൾ: പൂഞ്ച്ഹവേലി (72.71%), ഗുൽബ്ഗഡ് (72.19%), സുരൻകോട്ട് (72.18%), കാശ്മീർ താഴ്വരയിലെ 15 നിയമസഭാ മണ്ഡലങ്ങളിൽ ഖാൻസാഹിബിലാണ് ഉയർന്ന പോളിംഗ് (67.7%)., മറ്റുള്ളവ: കങ്കൻ (67.60%), ചാർഇഷെരീഫ് (66%), ഹബ്ബക്കടൽ മണ്ഡലത്തിലാണ് കുറവ്(15.80%), റിയാസി ജില്ലയിൽ കനത്ത സുരക്ഷയിൽ നടന്ന വോട്ടെടുപ്പിൽ 74.70% പോളിംഗ് രേഖപ്പെടുത്തി. തലസ്ഥാനമായ ശ്രീനഗറിൽ കുറഞ്ഞു (29.81%)









# തർക്കം; കോടതി കയറി നടി തൃഷ, ഒടുവിൽ തീർപ്പായി!



നടി തൃഷ കൃഷ്ണന്റെ ചെന്നൈയിലെ വസതിയുമായി ബന്ധപ്പെട്ട കേസിൽ അയൽവാസിയുമായി ഒത്തുതീർപ്പിലെത്തി താരം. തൃഷയും അയൽവാസിയായ മെയ്യപ്പനും ഭാര്യ ശ്രീമതി കാവേരിയും അവരുടെ അഭിഭാഷകരും ഒപ്പിട്ട സംയുക്ത സെറ്റിൽമെന്റ് മെമ്മോയിലാണ് കേസ് തീർപ്പാക്കിയത്. ജനുവരി 24 നായിരുന്നു തൃഷ ജസ്റ്റിസ് എൻ സതീഷ് കുമാറിന് മുമ്പാകെ പരാതി സമർപ്പിച്ചത്. ചെന്നൈയിലെ സെനോടാഫ് റോഡ് സെക്കൻഡ് ലെയ്നിലെ തൃഷയുടെ വസ്തുവിന്റെ കിഴക്കുള്ള ഭിത്തിയിൽ അയൽവാസി അറ്റകുറ്റപ്പണികൾ നടത്തുന്നത് തന്റെ വീടിന്റെ ഘടനാപരമായ സ്ഥിരതയെ ബാധിക്കുമെന്നതിനാൽ നിർമ്മാണപണികൾക്ക് താത്കാലിക സ്റ്റേ നൽകണമെന്ന് ആവശ്യപ്പെട്ടുള്ളതായിരുന്നു തൃഷയുടെ പരാതി. മെയ്യപ്പനും ഭാര്യ ശ്രീമതി കാവേരിയും 2023-ൽ സമീപത്തുള്ള വസ്തു വാങ്ങുകയും കെട്ടിടം പൊളിച്ച് പുനർനിർമ്മാണപ്പണികൾ ആരംഭിക്കുകയും ചെയ്തു. ഒരു മതിൽ അപ്പുറം നിൽക്കുന്ന വസ്തു പൊളിച്ചു പണിയുന്നതിലൂടെ തൃഷയുടെ ഉടമസ്ഥാവകാശത്തിലുള്ള കെട്ടിടത്തിനും കേടുപാടുകൾ വരാൻ സാധ്യതയുണ്ടെന്നായിരുന്നു തൃഷയുടെ വാദം. രണ്ട് യൂണിറ്റുകൾക്കും ഉറപ്പ് നൽകുന്നതാണ് പൊതുമതിൽ. പൊതുമതിൽ പൊളിക്കുന്നത് വസ്തുവിന്റെ നിലവിലുള്ള ഘടനയിൽ മാറ്റം വരുത്തുമെന്നും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും കോടതി കണ്ടെത്തി. ഇതേത്തുടർന്ന് പുനർനിർമാണത്തിന് ഇടക്കാല സ്റ്റേ അനുവദിച്ച് കോടതി ഉത്തരവിട്ടിരുന്നു. ഒത്തുതീർപ്പു ചർച്ച വിജയിക്കുകയും തർക്കം രമ്യമായി പരിഹരിക്കുകയും ചെയ്തതായാണ് ഒടുവിൽ താരം അറിയിച്ചത്.





# ‘കമലാ ഹാരിസിന് വോട്ട് ചെയ്യും, അത്ഭുതകരമായ സ്ഥാനാർത്ഥിയാണ്” ജെന്നിഫർ

ഈ വർഷത്തെ യുഎസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ കമലാ ഹാരിസിനെ പിന്തുണയ്ക്കുന്നതിനുള്ള കാരണം പറഞ്ഞ് നടി ജെന്നിഫർ ലോറൻസ്.‘‘ഗർഭച്ഛിദ്രം അക്ഷരാർത്ഥത്തിൽ ബാലറ്റിലാണ്, ഞാൻ കമലാ ഹാരിസിന് വോട്ട് ചെയ്യും. കാരണം അവർ ഒരു അത്ഭുതകരമായ സ്ഥാനാർത്ഥിയാണെന്ന് ഞാൻ കരുതുന്നു, പ്രത്യുൽപാദന അവകാശങ്ങൾ സംരക്ഷിക്കാൻ കമല തന്നാൽ കഴിയുന്നതെല്ലാം ചെയ്യുമെന്ന് എനിക്കറിയാം.ഗർഭച്ഛിദ്രം നിരോധിക്കാൻ പോകുന്ന ഒരാളെ വൈറ്റ് ഹൗസിൽ പ്രവേശിപ്പിക്കാതിരിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്നും ഓസ്കാർ ജേതാവായ നടി പറഞ്ഞു. ലോറൻസ് മുമ്പ് രാഷ്ട്രീയത്തെക്കുറിച്ചും സ്ത്രീകൾക്കുള്ള തുല്യാവകാശങ്ങളെക്കുറിച്ചും വാചാലയായിരുന്നു, ‘ഇനി രാഷ്ട്രീയമില്ലാത്ത ആളുകളുമായി തനിക്ക് ബന്ധം സ്ഥാപിക്കാൻ കഴിയില്ല, കാരണം രാജ്യത്തിന്റെ അവസ്ഥ വളരെ ഭയാനകമാണ്, രാഷ്ട്രീയം ആളുകളെ കൊല്ലുന്നുവെന്നും നേരത്തെ നടി സൂചിപ്പിച്ചിരുന്നു. തന്റെ നിർമ്മാണ കമ്പനിയിലൂടെ, വരാനിരിക്കുന്ന രണ്ട് ഡോക്യുമെന്ററികളും സ്ത്രീകളുടെ അവകാശങ്ങളിലേക്ക് വെളിച്ചം വീശുന്നതാണെന്ന് ലോറൻസ് പറഞ്ഞു.ബ്രെഡ് ആൻഡ് റോസസ്, അഫ്ഗാൻ ചലച്ചിത്ര നിർമ്മാതാവ് സഹ്റ മണി സംവിധാനം ചെയ്യുകയും മലാല യൂസഫ്സായി സഹനിർമ്മാതാവുകയും ചെയ്യും. മൈസി ക്രോയും ആബി പെറോൾട്ടും ചേർന്ന് സംവിധാനം ചെയ്ത സുറവ്സ്കി വി ടെക്സാസ്, ഹിലരിയും ചെൽസി ക്ലിന്റനും ചേർന്നാണ് നിർമ്മിക്കുന്നത്.

# സോഷ്യൽ മീഡിയയിൽ വൈറൽ ആയി കനകയുടെ പുതിയ ചിത്രം





ഒരുകാലത്ത് തമിഴ്, മലയാളം സിനിമകളിൽ തിരക്കേറിയ നായികയായിരുന്നു കനക. ഏറെ കാലമായി ചലച്ചിത്ര ലോകത്ത് നിന്നും സോഷ്യൽ മീഡിയയിൽ നിന്നും മാറി നിൽക്കുന്ന താരത്തിന്റെ പുതിയ ചിത്രങ്ങൾ ആണ് ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറൽ ആവുന്നത്.കനകയുടെ പുതിയ ചിത്രം കണ്ട് അക്ഷരാർത്ഥത്തിൽ അമ്പരന്നിരിക്കുകയാണ് ആരാധകർ. പഴയ ജനപ്രിയ നായിക കനക തന്നെയാണോ ഇതെന്ന് ആണ് ആരാധകർ ചോദിക്കുന്നത്. എന്നാൽ ചിത്രത്തിൽ കാണുന്നത് കനക തന്നെയാണെന്ന് സഹപ്രവർത്തകർ തിരിച്ചറിഞ്ഞു. ചെന്നൈ മാളിൽ വച്ച് ഒരു ആരാധകൻ പകർത്തിയതാണ് ഈ ചിത്രം.അതേസമയം സിനിമാ മേഖലയിൽനിന്ന് കാൽനൂറ്റാണ്ടായി അകന്നു ജീവിക്കുന്ന കനകയെ ചുറ്റിപ്പറ്റ് നിരവധി വിവാദങ്ങളും കേട്ടിരുന്നു. ക്യാൻസർ ബാധിച്ച് കനക മരിച്ചെന്നായിരുന്നു ആദ്യ വിവാദം. അച്ഛനും കനകയും തമ്മിലുള്ള സ്വത്ത് തർക്കവും വാർത്തകളിൽ വന്നിരുന്നു. അച്ഛൻ തന്നെ മനോരോഗിയാക്കി ചിത്രീകരിക്കുന്നുവെന്ന് ആരോപിച്ച് കനകയും രംഗത്തുവന്നിരുന്നു.

# 68 മില്യൺ ഡോളറിന്റെ ബെവർലി മാൻഷൻ വിൽക്കാൻ തീരുമാനമാക്കി ജെന്നിഫറും അഫ്ലെക്കും





ജെന്നിഫർ ലോപ്പസിന്റെയും ബെൻ അഫ്ലെക്കിന്റെയും വിവാഹമോചനത്തിനിടയിൽ താരങ്ങളുടെ 68 മില്യൺ ഡോളറിന്റെ ബെവർലി ഹിൽസ് മാൻഷൻ വിൽക്കാനുള്ള നീണ്ട പോരാട്ടത്തിന് ഒരു തീരുമാനമായതായി റിപ്പോർട്ട്. ഒരു ദമ്പതികൾ താരങ്ങളുടെ ബംഗ്ലാവ് വാങ്ങാൻ സമ്മതിച്ചു എന്ന റിപ്പോർട്ട് ആണ് ഇപ്പോൾ പുറത്തു വരുന്നത്.താരങ്ങളുടെ കുടുംബപ്രശ്നങ്ങൾ കാരണം നിരവധി പേർ ഇടപാടിൽ നിന്ന് പിന്മാറിയിരുന്നു. ജനീഫർ ലോപ്പസും അഫ്ലെക്കും തങ്ങളുടെ വീടിനായി നിർദ്ദേശിച്ച യഥാർത്ഥ വില 64 മില്യൺ ഡോളറായിരുന്നു.ന്യൂജേഴ്സിയിൽ നിന്നുള്ള ദമ്പതികൾക്ക് ആണ് മാൻഷൻ വാങ്ങാൻ താൽപ്പര്യമുമായി എത്തിയത്. എന്നാൽ താരങ്ങൾ നിശ്ചയിച്ചതിലും കുറഞ്ഞ വിലയ്ക്കാണ് അവർ വീട് വാങ്ങിയത് എന്നാണ് ലഭിക്കുന്ന വിവരം. 60 മില്യൺ ഡോളറിന് ആണ് ദമ്പതികൾ ബംഗ്ലാവ് വാങ്ങിയത്. ഇത് നിശ്ചയിച്ച വിലയേക്കാൾ 4 ദശലക്ഷം ഡോളർ കുറവാണ്.5,000 ഏക്കർ വിസ്തൃതിയുള്ള ഗസ്റ്റ്ഹൗസ്, കെയർടേക്കർ ഹൗസ്, രണ്ട് കിടപ്പുമുറികളുള്ള ഗാർഡ് ഹൗസ്, 80 വാഹനങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു വലിയ 12 കാർ ഗാരേജ് എന്നിവ ഉൾപ്പെടുന്നതാണ് ഈ വലിയ മാളിക. ജിം, ബോക്സിംഗ് റിംഗ്, ബാസ്ക്കറ്റ്ബോൾ, പിക്കിൾബോൾ കോർട്ടുകൾ, സ്പോർട്സ് ലോഞ്ച് എന്നിവയും ഇവിടെ സജ്ജീകരിച്ചിരിക്കുന്നു.

# പാരീസ് റാംപിനെ ഇളക്കിമറിച്ച് ഐശ്വര്യയും ആലിയയും

പ്രശസ്ത കോസ്മെറ്റിക് ബ്രാൻഡായ ലോറിയലിന്റെ ബ്രാൻഡ് അംബാസഡർമാരായ ബോളിവുഡ് താരങ്ങളാണ് ആലിയ ഭട്ടും ഐശ്വര്യ റായിയും. എന്നത്തേയും പോലെ പതിവു തെറ്റിക്കാതെ, ലോറിയലിന്റെ ബ്രാൻഡ് അംബാസഡറായി ഇത്തവണയും ഐശ്വര്യ റായ് ബച്ചൻ പാരീസ് ഫാഷൻ വീക്കിന്റെ റാംപിലെത്തി. ബലൂൺ ഹെം റെഡ് മോസ്സി ഗൗണിൽ ഏവരെയും അതിശയിപ്പിക്കുന്ന ലുക്കിലായിരുന്നു ഐശ്വര്യ റായ് ബച്ചന്റെ രംഗ പ്രവേശനം. അയഞ്ഞ സാറ്റിൻ റെഡ് ഗൗണും ബോൾഡ് റെഡ് ലിപ്സ്റ്റിക്കും ധരിച്ച് മുടി സ്റ്റൈൽ ചെയ്ത് റാമ്പിലൂടെ അവർ ചുവടുവെച്ച് കാണികൾക്ക് നമസ്തേ പറഞ്ഞു.സ്ലിറ്റുകളുള്ള ഫ്ലോർ ലെങ്ത്ത് കാസ്കേഡിംഗ് കേപ്പ് സ്ലീവ്, പ്ലീറ്റുകളുള്ള ഒരു സിഞ്ച്ഡ് ബബിൾ ഹെം, ഒരു ഒഴുകുന്ന സിൽഹൗറ്റ് എന്നിവ ഉൾപ്പെടുന്ന റെഡ് മോസ്സി ഗൗണിൽ ഐശ്വര്യ കൂടുതൽ സുന്ദരിയായി കാണപ്പെട്ടു. ലുക്കിന് ചെരുന്ന ഐലൈനർ, സ്മോക്കി ഐ ഷാഡോ, ചുവന്ന ലിപ് ഷെയ്ഡ്, കണ്പീലികളിൽ മസ്കര, ഇരുണ്ട പുരികങ്ങൾ, ബീമിംഗ് ഹൈലൈറ്റർ എന്നിവ ഉപയോഗിച്ച് ഐശ്വര്യ തന്റെ മോസ്സി ലുക്കിനെ സ്റ്റൈലിഷാക്കി.അതേസമയം ആദ്യമായാണ് ആലിയ ഭട്ട് പാരീസ് ഫാഷൻ വീക്കിൽ ചുവടുവയ്ക്കുന്നത്. സെലിബ്രിറ്റി ഫാഷൻ ഡിസൈനർ ഗൗരവ് ഗുപ്ത രൂപകല്പന ചെയ്ത അതിമോഹരമായ മെറ്റാലിക് സിൽവർ ബസ്റ്റിയർ അണിഞ്ഞ് റാമ്ബിൽ നടക്കുന്ന ആലിയയുടെ ചിത്രങ്ങൾ വൈറലാവുകയാണ്. സിൽവർ- മെറ്റാലിക് ഒഫ് ഷോൾഡർ കോർസെറ്റ് ആലിയയുടെ ഗ്ലാമറിൽ നിറഞ്ഞു നിന്നു. യു എസ് നടിയും മോഡലും സംവിധായികയുമായ ആൻഡി മക്ഡവലിനൊപ്പം ആലിയ റാമ്ബ് പങ്കിട്ടു.ഇരുവരും കൈകോർത്തു നടന്നപ്പോൾ അത് ഷോയിലെ അവിസ്മരണീയമായ നിമിഷമായി മാറി.





# വിവാഹ മോചനത്തിലേയ്ക്ക് 'രംഗീല ഗേൾ' ഊർമിളയും

'രംഗീല ഗേൾ' ഊർമിള മതോണ്ഡ്കറും ഭർത്താവ് മൊഹ്സിൻ അഖ്തർ മിറും വിവാഹമോചിതരാകുന്നു. വിവാഹമോചനമാവശ്യപ്പെട്ട് ഊർമിള മതോണ്ഡ്കർ മുംബൈയിലെ കോടതിയിൽ ഹർജി സമർപ്പിച്ചതായാണ് വിവരം. എട്ട് വർഷം നീണ്ട ദാമ്പത്യം അവസാനിപ്പിക്കാനുള്ള കാരണം വ്യക്തമല്ല.രംഗീല, സത്യ തുടങ്ങിയ ഹിറ്റ് ചിത്രങ്ങളിലൂടെ പ്രേക്ഷകരുടെ ഹൃദയത്തിൽ ചേക്കേറിയ നടിയാണ് ഊർമിള. 2016 ഫെബ്രുവരി നാലിനാണ് ഊർമിളയും മൊഹ്സിനും വിവാഹിതരായത്. വ്യത്യസ്ത മതത്തിൽപ്പെട്ടവരെന്നതും ഇരുവരും തമ്മിൽ പത്ത് വയസിന്റെ പ്രായ വ്യത്യാസം ഉണ്ടെന്നതും ഇവരുടെ വിവാഹത്തിൽ ചർച്ചയായ വിഷയങ്ങളായിരുന്നു. തങ്ങളുടെ ദാമ്പത്യജീവിതത്തിലെ ആനന്ദമുഹൂർത്തങ്ങൾ ഇരുവരും സാമൂഹികമാധ്യമങ്ങളിൽ പങ്കുവെയ്ക്കാറുണ്ടായിരുന്നു. വിവാഹമോചനം സംബന്ധിക്കുന്നതൊന്നും ഇതുവരെ ഇരുവരും പൊതുവിടത്തിൽ പങ്കുവെച്ചിട്ടില്ല. കുറച്ചുകാലമായി ദാമ്പത്യജീവിതത്തിൽ പ്രശ്നങ്ങളുണ്ടെന്നാണ് സൂചന. പ്രശ്നപരിഹാരത്തിന് ഊർമിളയും മൊഹ്സിനും ശ്രമിച്ചിരുന്നതായും സൂചനയുണ്ട്.സിനിമാമോഹങ്ങളുമായി കശ്മീർ സ്വദേശിയായ മൊഹ്സിൻ തന്റെ ഇരുപത്തിയൊന്നാം വയസിലാണ് മുംബൈയിലെത്തിയത്. എ മാൻസ് വേൾഡ്, ലക്ക് ബൈ ചാൻസ്, മുംബൈ മസ്ത് കലന്ദർ, ബി.എ പാസ്സ് എന്നീ ചിത്രങ്ങളിൽ അഭിനയിച്ച നടി സിനിമാമേഖല വിട്ട് ബിസിനസ്സിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. പ്രമുഖ ഡിസൈനർ മനീഷ് മൽഹോത്രയുമായി സഹകരിച്ച് പ്രവർത്തിക്കാനും തുടങ്ങിയിരുന്നു. തിരക്കുകൾ കുറഞ്ഞതോടെ രാഷ്ട്രീയജീവിതത്തിലേക്ക് പ്രവേശിച്ച ഊർമിള ആദ്യം കോൺഗ്രസ് പാർട്ടിയിലും പിന്നീട് ശിവസേനയിലും അംഗമായി. ഊർമിളയുടെ ജീവിതം ഏറെക്കുറേ പരസ്യമാണെങ്കിലും മൊഹ്സിനെ കുറിച്ച് പരിമിതമായ വിവരം മാത്രമാണ് പുറത്തറിയുന്നത്.

## അജിത് കുമാർ വീണ്ടും റേസിങ്ങിലേക്ക്!

# യൂറോപ്യൻ GT4 ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തേക്കും



2025ലെ യൂറോപ്യൻ GT4 ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ തമിഴ് നടൻ അജിത്ത് കുമാർ പദ്ധതിയിടുന്നതായി റിപ്പോർട്ട്. ഫെഡറേഷൻ ഓഫ് മോട്ടോർ സ്പോർട്സ് ക്ലബ് ഓഫ് ഇന്ത്യ (FMSCI)യുടെതാണ് ഈ പ്രഖ്യാപനം. അജിത്തിനെ GT4 ലേക്ക് കൊണ്ടുവരാൻ തയ്യാറായി നിരവധി സ്പോൺസേഴ്സാണ് രംഗത്തുള്ളതെന്നും എങ്ങടഇക പറയുന്നു. അജിത്ത് റേസിങ്ങിലേക്ക് തിരിച്ചു വരവ് നടത്തുന്നു എന്നറിഞ്ഞതോടെ ആവേശത്തിലാണ് ആരാധകർ. യുകെയിലും യൂറോപ്പിലും മിഡിൽ ഈസ്റ്റിലും ഉള്ള ടീമുകളുമായി ചർച്ചകൾ പുരോഗമിക്കുന്നതായി എഫ്എംഎസ്സിഐ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തു. അജിത്തിന്റെ പഴയ കാല റേസിങ് ചിത്രങ്ങൾക്കൊപ്പമാണ് പോസ്റ്റ് പങ്കുവെച്ചിരിക്കുന്നത്. നിമിഷ നേരം കൊണ്ടാണ് പോസ്റ്റ് വൈറലായത്. ദേശീയ മോട്ടോർസൈക്കിൾ റേസിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്താണ് അജിത്ത് തന്റെ റേസിങ് ജീവിതം ആരംഭിച്ചത്. പിന്നീട് നിരവധി റേസിങ് ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുത്തെങ്കിലും സിനിമാ കരിയറിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കനായി മാറി നിൽക്കുകയായിരുന്നു. മങ്കാത്ത എന്ന ബ്ലോക്ക് ബസ്റ്റർ ചിത്രത്തിന് ശേഷം, അജിത്-അർജുൻ-തൃഷ കൂട്ടുകെട്ട് വീണ്ടും വെള്ളിത്തിരയിൽ ഒന്നിക്കുന്നു എന്നതാണ് വിടാമുയർച്ചിയുടെ ഏറ്റവും വലിയ ഹൈലൈറ്റ്.



# ആർതി വീട്ടിൽ നിന്നു പുറത്താക്കി, പോലീസിൽ പരാതി നൽകി ജയം രവി

ഇതുവരെ നടൻ ജയം രവിയുടെ സോഷ്യൽ മീഡിയ നിയന്ത്രിച്ചിരുന്നത് ഭാര്യ ആർതിയായിരുന്നു. എന്നാൽ വിവാഹജീവിതത്തിൽ വിള്ളലുണ്ടായ ശേഷം ആർതിയിൽ നിന്നും സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ നിയന്ത്രണം ജയം രവി തിരിച്ചുവാങ്ങിയിരുന്നു. പിന്നാലെ ഭാര്യയ്ക്കും മക്കൾക്കുമൊപ്പമുള്ള ചിത്രങ്ങൾ സോഷ്യൽ മീഡിയ അക്കൗണ്ടുകളിൽ നിന്നും താരം നീക്കം ചെയ്തിരുന്നു. 15 വർഷത്തെ ദാമ്പത്യത്തിനൊടുവിൽ കഴിഞ്ഞ സെപ്റ്റംബർ ഒൻപതിനാണ് ഭാര്യയുമായുള്ള വിവാഹ ബന്ധത്തിൽ നിന്ന് പിന്തിരിയുന്നതെന്ന് താരം തന്റെ ആരാധകരെ അറിയിച്ചത്. എന്നാൽ വിവാഹമോചന വാർത്തയ്ക്ക് പിന്നാലെ കൂടുതൽ സങ്കീർണ്ണമാകുകയാണ് കാര്യങ്ങൾ! രവിയുടേത് ഏകപക്ഷീയമായ തീരുമാനമാണെന്നും താൻ വിവാഹമോചനത്തിന് ഇനിയും തയാറായിട്ടില്ലെന്നും ജയം രവിയുടെ ഭാര്യ ആർതി വ്യക്തമാക്കിയിരുന്നു. പിന്നാലെ ഒരു പരാതികൂടെ ഉയർന്നുകേൾക്കുന്നുണ്ട്. ചെന്നൈ ഇസിആർ റോഡിലെ ആർതിയുടെ വസതിയിൽ നിന്നും തന്നെ പുറത്താക്കിയെന്നും വീട്ടിൽ നിന്നും സാധനങ്ങൾ വീണ്ടെടുക്കാൻ സഹായിക്കണമെന്നും ആവശ്യപ്പെട്ട് ആർതിക്കെതിരെ നടൻ ജയം രവി പോലീസിൽ പരാതി നൽകിയതായാണ് റിപ്പോർട്ട്.ചെന്നൈയിലെ അഡയാർ പോലീസ് സ്റ്റേഷനിലാണ് ആർതിക്കെതിരെ ജയം രവി പരാതി രജിസ്റ്റർ ചെയ്തിരിക്കുന്നത്. തൻറെ സാധനങ്ങളെല്ലാം ആർതിയുടെ ആ വീട്ടിലാണെന്നും അത് തിരികെയെടുക്കാൻ പോലീസ് സഹായിക്കണമെന്നുമാണ് ആവശ്യം. വൈകാതെ തന്നെ കുട്ടികളുടെ കസ്റ്റഡിയ്ക്കായി നിയമപോരാട്ടത്തിന് ഇറങ്ങുമെന്ന് ജയം രവി മാധ്യമങ്ങളോട് വ്യക്തമാക്കിയിട്ടുണ്ട്.

# കേരള രാഷ്ട്രീയത്തിൽ 'അയ്യപ്പനും കോശി'യും സീസൺ ടു സൂപ്പർ ഹിറ്റ്

കേരളാ വിൻഡോ




ആന്റണി ചടയംമുറി

കേരളാരാഷ്ട്രീയത്തിൽ ഇപ്പോൾ 'അയ്യപ്പനും കോശിയും' എന്ന സച്ചി സിനിമയുടെ സീസൺ ടൂ അരങ്ങേറുകയാണ്. കുമ്മാട്ടിക്കളിയിൽ ചിലരെ 'ഊടു പാട് പിടിച്ച്' ഞെരുച്ചുകൊല്ലുന്ന ബിജു മേനോന്റെ അയ്യപ്പനെന്ന കഥാപാത്രവും, പഴയ തമ്പ്രാന്റെ തൊപ്പി തലയിലുള്ള പൃഥ്വിരാജിന്റെ കോശി എന്ന കഥാപാത്രവും തമ്മിലുള്ള ഉരസലും ചൊറിയലുമാണ് അയ്യപ്പനും കോശി എന്ന സിനിമയുടെ ഹൈലൈറ്റ്. ഇപ്പോൾ കേരളാരാഷ്ട്രീയത്തിൽ അയ്യപ്പൻ പൊലീസ് ആരാണെന്നും, മരിക്കാൻ എനിക്ക് ഭയമില്ലെന്നു പറഞ്ഞു കൊണ്ടിരിക്കുന്ന 'കോശി തമ്പ്രാ' ആരാണെന്നും ജനത്തിനു മനസ്സിലായിട്ടുണ്ട്.

### എന്തു ചോദിച്ചോളൂ, മറുപടി റെഡി!

മുഖ്യമന്ത്രി ഇപ്പോൾ പഴയ ആളല്ല. അദ്ദേഹത്തിന്റെ ശരീരഭാഷ മാറിയിട്ടുണ്ടെന്ന് ഒരു ചാനൽ ചർച്ചയിൽ പറഞ്ഞു കേട്ടത് വെറുതെയല്ല. മാധ്യമങ്ങളെ കാണാൻ മുൻകൂർ 'അപ്പോയ്മെന്റ്' എടുത്തു കളഞ്ഞു, നമ്മുടെ മുഖ്യൻ. അതു മാത്രമോ? എനിക്ക് പറയാനുള്ളത് കേട്ടാൽ മതിയെന്ന് ശാഠ്യം പിടിക്കാറുള്ള മുഖ്യമന്ത്രി ഇത്തവണ മാ. പ്രകളെ (മാധ്യമ പ്രവർത്തകർ) വിട്ടു പിരിയാതെ ഒരു മണിക്കൂറും 40 മിനിറ്റുമാണ് പ്രസ്റൂമിൽ കുത്തിയിരുന്നത്.

വാർത്താ ലേഖകർ തിരക്ക് കൂട്ടിയപ്പോൾ ''ഞാൻ ഇവിടെയിരിക്കുകയല്ലേ, എല്ലാറ്റിനും മറുപടി പറയാം'' എന്നൊരു ഉറപ്പും വാർത്താ സമ്മേളന മധ്യേ പിണറായിയുടെ ഭാഗത്തുനിന്നുണ്ടായി. ഭരണമായാലും പാർട്ടിയായാലും അവസാന വാക്ക് തന്റേതാണെന്ന മട്ടിൽ പാർട്ടിക്കു വേണ്ടി പോലും മുഖ്യൻ മറുപടി പറഞ്ഞത് വാർത്താ ലേഖകരുടെ കണ്ണ് തള്ളിച്ചു.

മലബാർ രാഷ്ട്രീയത്തിൽ സി.പി. എമ്മിന് ഗുരുതരമായ വോട്ട് ചോർച്ചയുണ്ടായത്, ഇനിയും കൂടാൻ ഇടയുള്ള വിധം മലപ്പുറം ജില്ലയെ 'കാരണ ഭൂതൻ' പ്രതിക്കൂട്ടിൽ നിർത്തിയെന്ന് ചില സഖാക്കൾ ആകുലപ്പെടുന്നുണ്ട്. മുഖ്യനു നേരെ പടപ്പുറപ്പാടിനിറങ്ങിയ ഇടതുപക്ഷ എം.എൽ.എ. പി.വി. അൻവറിന്റെ പേരിൽ ഇപ്പോൾ തന്നെ 15 പൊലീസ് കേസുകളുണ്ട്. അതോടൊപ്പം തീവ്രവാദ ബന്ധവും അൻവറിനു നേരെ ആരോപിക്കപ്പെടാൻ പൊലീസ് വഴി തേടുന്നതായി വാർത്തകളുണ്ട്. ഒപ്പം, അൻവറിന് സർക്കാരിനെതിരെ തിരിയാൻ മാത്രം 'വെടിമരുന്ന്' നൽകിയതാരാണെന്നും പൊലീസിലെ ഒരു വിഭാഗം അന്വേഷിക്കുന്നു.

വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി വെള്ളപൂശാനിടയുള്ള ഉന്നത പൊലീസ് ഉദ്യോഗസ്ഥൻ നടത്തിയ ഫ്ളാറ്റ് കച്ചവടം അൻവർ കൃത്യ സമയത്ത് മുൻകൂട്ടി വാർത്താ ലേഖകരെ അറിയിച്ചിരുന്നു. മുഖ്യമന്ത്രിയാകട്ടെ അതൊന്നും കേട്ട മട്ടിലല്ല വാർത്താ ലേഖകരെ അഭിസംബോധന ചെയ്തത്. അൻവർ എത്രത്തോളം അജിത് കുമാറിനെയും ശശിയെയും താഴ്ത്തിക്കെട്ടാൻ ശ്രമിച്ചുവോ അതിന്റെ മൂന്നിരട്ടി പള പളപ്പുള്ള 'ഗുഡ് സർവീസ് എൻട്രി' ഇരുവർക്കും നൽകാനും മുഖ്യമന്ത്രി ശ്രമിക്കുകയും ചെയ്തു. ഒരു സന്ദർഭത്തിൽ പൊളിറ്റിക്കൽ സെക്രട്ടറി 'മാതൃകാപരമായ' സേവനമാണ് കാഴ്ചവയ്ക്കുന്നതെന്ന് തട്ടിവിടാനും മുഖ്യമന്ത്രി മടിച്ചില്ല. അതിനർത്ഥം ഇരുവരും തന്റെ പ്രീതിഭാജനങ്ങളാണെന്നും അവരെ തൊട്ടുള്ള കളി വേണ്ടെന്നുമാണ് മുഖ്യൻ പരോക്ഷമായി വാർത്താ ലേഖകരെ അറിയിച്ചത്.

### പറയാക്കഥകളിലും പോരിന്റെ ചൂട് !

വരാനിരിക്കുന്ന നിയമസഭാ, ലോക്സഭാ ഉപതെരഞ്ഞെടുപ്പുകളിൽ സി.പി. എം. വെള്ളം കുടിക്കുമെന്ന കാര്യം ഉറപ്പായിക്കഴിഞ്ഞു. വയനാട്ടിൽ പ്രിയങ്കാ ഗാന്ധിയെ വൻഭൂരിപക്ഷത്തിൽ വിജയിപ്പിക്കേണ്ടത് ഇപ്പോൾ മുസ്ലീം രാഷ്ട്രീയ നേതാക്കൾക്ക് അനിവാര്യമായിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ഉപതെരഞ്ഞെടുപ്പുകളും ഇടതുകക്ഷികൾക്ക് ക്ഷീണമുണ്ടാക്കും. ഒരർത്ഥത്തിൽ, ഇതെല്ലാം 'അൻവർ ഇഫക്ട്' യി ചിത്രീകരിക്കാനും ശ്രമമുണ്ടാകാം. അൻവറിനെ കണ്ണൂർ സഖാക്കൾ കൈവിടാത്തതിനു കാരണം, പി. ശശിയോടുള്ള ആജന്മശത്രുതയാണെന്ന കാര്യവും മറക്കരുത്.

മുഖ്യമന്ത്രിക്കെതിരെ പ്രത്യക്ഷത്തിൽ പോരിനിറങ്ങാത്ത സി.പി.എം. നേതാക്കളിൽ ആരാണ് അൻവറിനെ സഹായിക്കുന്നതെന്ന ആശങ്കയിലാണ് മുഖ്യന്റെ പക്ഷത്തുള്ളവർ. ആരും എന്നെ ന്യായീകരിക്കാനിറങ്ങേണ്ട എന്ന് മേലാവിൽ നിന്നുള്ള കൽപ്പനയുള്ളതുകൊണ്ടോ, അതല്ലെങ്കിൽ ഇനി എന്ത് ന്യായികരിക്കാൻ എന്ന് ചിന്തിക്കുന്നതു കൊണ്ടോ ആകാം ബാലൻ വക്കീൽ പോലും ഇത്തവണ കമാന്ന് മിണ്ടിയതേയില്ല.

വാർത്താ ലേഖികമാരിൽ ഒരാൾ ഏതോ ഉടക്ക് ചോദ്യം ഉന്നയിച്ചപ്പോൾ, താൻ റിപ്പോർട്ടർ ചാനലിൽ നിന്നാണെന്ന് അവർ വിശദീകരിച്ചതും മുഖ്യമന്ത്രി 'ഹഹഹ' എന്ന് ചിരിച്ചതും മാധ്യമ ലേഖകർക്ക് കൗതുകമായി. ചാനലുകളായ ചാനലുകളെല്ലാം ആ ചിരി പകർത്തിയത് അൻവറിനുള്ള താക്കീതായി പിന്നീട് വ്യാഖ്യാനിക്കപ്പെടുകയും ചെയ്തു'.

### പൂഴ്ത്തിവയ്ക്കാനും വേണ്ടേ അൽപ്പം ഉളുപ്പ് ?

ഓരോ വിവാദങ്ങൾക്കുശേഷവും സർക്കാർ കമ്മീഷനുകളെ വയ്ക്കുന്നു. അല്ലെങ്കിൽ അന്വേഷണം പ്രഖ്യാപിക്കുന്നു. പക്ഷെ, ജനങ്ങളുടെ നികുതിപ്പണം ചെലവഴിച്ച് നടത്തുന്ന പല അന്വേഷണങ്ങളും പൂർത്തിയാകുന്നതു തന്നെ അപൂർവം. റിപ്പോർട്ട് കിട്ടിയാൽ തന്നെ അത് ജനത്തെ അറിയിക്കുന്നതിലും കാലതാമസമുണ്ടാകാറുണ്ട്. നാലര വർഷങ്ങൾക്കു മുമ്പ് സർക്കാരിന് സമർപ്പിച്ച ഹേമ കമ്മീഷൻ റിപ്പോർട്ട് ഭാഗികമായെങ്കിലും പുറത്തുവരാൻ ഹൈക്കോടതിയുടെ ഇടപെടൽ വേണ്ടിവന്നു. പൂരം കലക്കൽ റിപ്പോർട്ടും മാസങ്ങളോളം വൈകിയാണ് മുഖ്യന്റെ മേശപ്പുറത്തെത്തിയത്. എ.ഡി.ജി.പി. അജിത് കുമാറിന്റെ അനാസ്ഥയെക്കുറിച്ച് സൂചനകളുള്ള ഡിജിപിയുടെ റിപ്പോർട്ടിന്മേലുള്ള നടപടി ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം കൂടി അറിഞ്ഞശേഷം പരിഗണിക്കാമെന്നാണ് ഇന്നലത്തെ (ബുധൻ) മന്ത്രിസഭാ യോഗത്തിൽ മുഖ്യമന്ത്രി വിശദീകരിച്ചത്. റവന്യൂ മന്ത്രി കെ. രാജൻ ഏറെ സമ്മർദ്ദം ചെലുത്തിയെങ്കിലും മുഖ്യൻ വഴങ്ങിയില്ലത്രെ.

### രാത്രിയും തുറന്നിരിക്കുന്ന വക്കീലാപ്പീസുകൾ

എറണാകുളം ഓൾഡ് റെയിൽവേ സ്റ്റേഷൻ റോഡിലാണ് അഡ്വ. ബി. രാമൻപിള്ളയുടെ ഓഫീസ്. ദിലീപിന്റെയും സിദ്ദിഖിന്റെയും കേസുകൾ ഇപ്പോൾ വാദിക്കുന്നത് രാമൻപിള്ള വക്കീലാണ്. കുറെ ദിവസങ്ങളായി എറണാകുളത്തെ പല വക്കീലാപ്പീസുകളും 24 X 7 എന്ന മട്ടിലാണ് പ്രവർത്തിക്കുന്നത്. അഭിനയിച്ചു കിട്ടിയ പണമെല്ലാം വക്കീലാപ്പിസിൽ കൊടുത്താലും തടി വട്ടമെത്തിച്ചു കിട്ടണമെന്ന ചിന്തയിലാണ് പല താരങ്ങളും. വെള്ളിത്തിരയിൽ കൊലകൊമ്പന്മാരായ താര രാജാക്കന്മാർ എത്രയോ വിനീതരായിട്ടാണ് വക്കീലാപ്പീസുകൾ കയറിയിറങ്ങുന്നെന്നോ?

ജയസൂര്യയും ഇടവേള ബാബുവുമെല്ലാം മുൻകൂർ ജാമ്യം നേടാനുള്ള തിരക്കിലാണ്. ജയസൂര്യയുടെ ഇമേജ് നഷ്ടം ശതകോടികൾ മുടക്കിക്കഴിഞ്ഞ 'കടമറ്റത്ത് കത്തനാരെന്ന' ത്രീഡി ചിത്രത്തെ ബാധിക്കുമെന്ന അങ്കലാപ്പ് നിർമ്മാതാക്കൾക്കുണ്ട്. 'ഹോം' എന്ന സിനിമയുടെ സംവിധായകനായ റോജിൻ തോമസാണ് കത്തനാരെയും അണിയിച്ചൊരുക്കുന്നത്.

### ഇരുട്ടാകാൻ നോക്കിയിരുന്നോ പൊലീസ് ?

ചൊവ്വാഴ്ച (സെപ്ത.24) രാവിലെ 10 മണിയോടെയാണ് നടൻ സിദ്ദിഖിന്റെ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളിയത്. ഈ വാർത്ത കേട്ടതോടെ വക്കീലാപ്പീസിൽ ഉണ്ടായിരുന്ന സിദ്ദിഖ് മുങ്ങി. ഈ കുറിപ്പെഴുതുന്ന സമയത്തും സിദ്ദിഖ് പൊങ്ങിയിട്ടില്ല. സുപ്രീം കോടതിയിൽ നിന്ന് ജാമ്യം നേടാനുള്ള പരക്കം പാച്ചിലിലാണ് സിദ്ദിഖിന്റെ സുഹൃത്തുക്കൾ. സിദ്ദിഖിനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് തിരുവനന്തപുരത്താണ്. അതുകൊണ്ട് പൊലീസിൽ കീഴടങ്ങാൻ തലസ്ഥാനത്തു പോകേണ്ടിവരുമായിരുന്നു.

എന്നാൽ ജാമ്യാപേക്ഷ തള്ളുമ്പോൾ എറണാകുളം നോർത്ത് കസ്ബാ പൊലീസ് സ്റ്റേഷനിൽ നിന്ന് നോക്കിയാൽ കാണാവുന്ന ദൂരത്തിൽ വക്കീലാപ്പീസിലുണ്ടായിരുന്ന സിദ്ദിഖിനെ രക്ഷപ്പെടാൻ പോലീസ് അനുവദിച്ചുവെന്ന് ചിലർ കരുതുന്നുണ്ട്. മാത്രമല്ല, സിദ്ദിഖിന്റെ സുപ്രീംകോടതിയിലെത്താൻ സാധ്യതയുള്ള ജാമ്യാപേക്ഷയ്ക്കെതിരെ തടസ്സ ഹർജിയുമായി അതിജീവിതയുടെ അഭിഭാഷകനും സുപ്രീം കോടതിയിലെത്തുന്നുണ്ട്. ഇതോടെ സിദ്ദിഖിന് എളുപ്പത്തിൽ ജാമ്യം കിട്ടില്ലെന്ന് നിയമവിദഗ്ധർ കരുതുന്നു.

### 'വെടല' വേഷങ്ങൾ പണിയായോ?

വില്ലൻ വേഷങ്ങളോട് സിദീഖിന് അടങ്ങാത്ത കൊതിയാണ്. റേപ്പും ക്രൂരതകളുമുള്ള കഥാപാത്രങ്ങളെ ലഭിക്കാൻ സിദ്ദിഖ് ഏതുതരത്തിലുള്ള കോംപ്രമൈസിനും തയ്യാറാകുമായിരുന്നു. ജീത്തു ജോസഫിന്റെ 'നേരിൽ' അന്ധയായ യുവതിയെ ബലാത്സംഗം ചെയ്യുന്ന കഥാപാത്രത്തെ സപ്പോർട്ട് ചെയ്യുന്ന സിദ്ദിഖിന്റെ കഥാപാത്രത്തെ പ്രേക്ഷകർ കഠിനമായി തന്നെ വെറുത്തിരുന്നു. അത്തരം കഥാപാത്രങ്ങളിൽ നിന്നു കിട്ടിയ മാനസികാഹ്ലാദമാണ് സിദ്ദിഖിനെ പെണ്ണ് പിടിയനാക്കിയതെന്ന് ചിന്തിക്കുന്നവരുമുണ്ട്. പ്രേക്ഷകർ പ്രാകുന്ന വിധം നേരിലെ കഥാപാത്രത്തെ അവതരിപ്പിക്കാൻ സിദ്ദിഖ് പ്രകടിപ്പിച്ച അഭിനയ വൈദഗ്ധ്യം പ്രശംസിക്കപ്പെടുമ്പോഴും പച്ചയായ ജീവിതത്തിലും ആ നടനു ഇങ്ങനെയെല്ലാമാണെന്ന് പ്രേക്ഷകർ ധരിച്ചു വയ്ക്കുന്നതിൽ അവരെ കുറ്റപ്പെടുത്താനാവില്ല.

മുകേഷ് എം.എൽ.എയും നിരവധി സ്ത്രീലമ്പട വേഷങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. 'ക്രോണിക് ബാച്ചിലർ' എന്ന സിനിമയിൽ സ്വന്തം മകനായ മുകേഷിന്റെ കഥാപാത്രത്തെ ഒറിജിനൽ പേരായ ശ്രീകുമാർ എന്നല്ല 'സ്ത്രീ' കുമാർ എന്നാണ് അച്ഛൻ കഥാപാത്രമായ ജനാർദ്ദനൻ വിളിക്കുന്നത്. സരിത, മേതിൽ ദേവിക എന്നിവരുമായുള്ള വിവാഹമോചനത്തിന്റെ സോഷ്യൽ മീഡിയ ഭാഷ്യങ്ങളിലും മുകേഷിന്റെ 'സ്ത്രീ വിരുദ്ധത' തെളിഞ്ഞു കാണുന്നുണ്ട്.

വെള്ളിത്തിരയിലെ ജീവിതം തന്നെ യഥാർത്ഥ ജീവിതത്തിലും പകർത്തി അർമാദിക്കാമെന്ന ചിന്തയാണോ സിദ്ദിഖിനും മുകേഷിനും വിനയായി മാറിയത്? സിനിമയല്ലേ, എന്തും സംഭവിക്കാം. പ്രമുഖ ഡബ്ബിംഗ് ആർട്ടിസ്റ്റായ ഭാഗ്യലക്ഷ്മിയോട്, നിഴൽ പോലെ അവരെ പിന്തുടരുന്ന വല്യമ്മയെപ്പറ്റി ഒരു സൂപ്പർ താരം ചോദിച്ചത്, കെളവി (വല്യമ്മ) എപ്പോഴും കൂടെയുണ്ടാകുമോ എന്നായിരുന്നുവത്രെ!.





# ബോളിവുഡിൽ കരീന @25; കരിയറിലെ ഹിറ്റായ ലുക്കുകൾ

ബോളിവുഡിൽ 25 വർഷങ്ങൾ പൂർത്തിയാക്കി നടി കരീന കപൂർ. ഐക്കോണിക്കായി മാറിയ നിരവധി സിനിമകൾ കരീന ചെയ്തിട്ടുണ്ട്. കഭി ഖുശി കഭി ഖമ്മിലെ പൂ, ജബ് വി മെറ്റിലെ ?ഗീത് എന്നീ കഥാപാത്രങ്ങളെ ഇന്നും ആരാധകർ ഇരുകയ്യും നീട്ടി സ്വീകരിക്കുന്നു. ഫാഷന്റെയും ഫിറ്റ്നസിന്റെയും കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത താരം കൂടിയാണ് കരീന കപൂർ. കരീനയുടെ കരിയറിലെ ഹിറ്റായ ലൂക്കുകൾ കാണാം.

**കഭി ഖുഷി കഭി ഗാമിൽ നിന്നുള്ള പൂ (2001)**

ഗ്ലാമറിന്റെ രാജ്ഞിയായ പൂ എന്ന പൂജയെ ആർക്കാണ് മറക്കാൻ കഴിയുക? ലെഹങ്കകൾ മുതൽ അൾട്രാ-സ്റ്റൈലിഷ് ക്രോപ്പ് ടോപ്പുകളും ബോഡി ഫിറ്റ് വസ്ത്രങ്ങളും പൂവിന്റെ കഥാപാത്രം ഒരു ഫാഷൻ സ്റ്റാർ എന്നതിന്റെ ഉദാഹരണമാണ്. തിളങ്ങുന്ന മിനി സ്കേർട്ടുകളും ഗ്ലിറ്ററിങ് മേക്കപ്പും 2000-കളുടെ തുടക്കത്തിൽ ബോളിവുഡിന്റെ ഐക്കണായി മാറി.

**കംബഖ്ത് ഇഷ്കിൽ നിന്നുള്ള അവന്തിക (2009)**

ചിത്രത്തിൽ അവന്തിക എന്ന കഥാപാത്രത്തെ അവതരിപ്പിച്ച കരീനയു ആധുനികവും പാശ്ചാത്യവുമായ സ്റ്റൈലിംഗ് ശൈലികൾ സ്വീകരിച്ചു. ലെതർ ജാക്കറ്റുകളിലും ഫിഗർ-ഹഗ്ഗിംഗ് വസ്ത്രങ്ങളിലും തിളങ്ങിയ കരീന സ്വാതന്ത്ര്യവും ആത്മവിശ്വാസവും പ്രകടമാക്കി.

**വീരേ ദി വെഡ്ഡിംഗിൽ നിന്നുള്ള കാളിന്ദി (2018)**

വീരേ ദി വെഡ്ഡിംഗിലെ കാളിന്ദിയായി കരീനയുടെ വേഷം ബ്രൈഡൽ ഫാഷനിലെ ഐക്കൺ ആയിരുന്നു. ഫ്ലോറൽ പ്രിന്റും സങ്കീർണ്ണമായ എംബ്രോയ്ഡറിയും ചേർന്ന പേസ്റ്റൽ ലെഹങ്കയിൽ കാളിന്ദി എല്ലാവരെയും അമ്പരപ്പിച്ചു. പിന്നീട് ഈ മോഡേൺ ബ്രൈഡൽ സ്റ്റൈൽ നിരവധിപേർ അഡാപ്റ്റ് ചെയ്തിരുന്നു.

**ക്രൂ (2024)**

അടുത്തിടെ പുറത്തിറങ്ങിയ ക്രൂ എന്ന സിനിമയിൽ, കരീനയുടെ വേഷം ആധുനിക ഫാഷനും കാലാതീതമായ ചാരുതയും അണിനിരക്കുന്നതായിരുന്നു. ഒപ്പം ബോൾഡ് ട്രെൻഡി കണ്ണടകൾ ഉൾപ്പെടെയുള്ള ചിത്രത്തിന്റെ വാർഡ്രോബ് തിരഞ്ഞെടുപ്പുകൾ ഫാഷൻ സർക്കിളുകളിൽ ഇതിനകം തന്നെ പുതിയ ട്രെൻഡുകൾ സൃഷ്ടിച്ചിട്ടുണ്ട്.

**ഗീത് ഫ്രം ജബ് വി മെറ്റ് (2007)**

ജബ് വീ മെറ്റിലെ ഗീത് എന്ന കഥാപാത്രം കരീനയെ ഊർജ്ജസ്വലമായ ലുക്കിൽ പ്രദർശിപ്പിച്ചു. വർണ്ണാഭമായ കുർത്തകളും സൽവാർ സ്യൂട്ടുകളും മുതൽ സ്റ്റൈലിഷ് സ്കാർഫുകൾ വരെ, ഈ സിനിമയിലെ കരീനയുടെ ഫാഷൻ യുവത്വത്തിന്റെ ആഹ്ലാദത്തെ പ്രതീകപ്പെടുത്തുന്നു.

## ഇറ്റലിയിലെ തെരുവിൽ കൈകോർത്ത് ഹൃത്വിക്കും കിയാരയും



ആരാധകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഹൃത്വിക് റോഷൻ - കിയാര അദ്വാനി ചിത്രം വാർ 2 വിന്റെ ഷൂട്ടിംഗ് ദൃശ്യങ്ങൾ ലീക്കായി.ഷൂട്ടിംഗിൽ നിന്നുള്ള നിരവധി ചിത്രങ്ങളും വീഡിയോകളും ഇതിനോടകം വൈറലായിട്ടുണ്ട് . ഇറ്റലിയിലെ തെരുവുകളിൽ പ്രണയാർദ്രമായി ഹൃത്വിക്കും കിയാരയും കൈകോർത്ത് നടക്കുന്നത് വീഡിയോയിൽ കാണാം.ജീൻസിനൊപ്പം വെള്ള ടീ ഷർട്ടിന് മുകളിൽ നീല ഷർട്ട് ധരിച്ച ഹൃത്വിക്, പിങ്ക് വസ്ത്രത്തിൽ കിയാര സുന്ദരിയായി കാണപ്പെടുന്നു. പ്രീതം രചിച്ച വാർ 2 ലെ ഗാനം വെനീസ്, ടസ്കാനി, ലേക് കോമോ, നേപ്പിൾസ്, അമാൽഫി കോസ്റ്റ്, സോറെന്റോ പെനിൻസുല തുടങ്ങിയ സ്ഥലങ്ങളിലാണ് ചിത്രീകരിക്കുന്നത്.2023 ഒക്ടോബറിലാണ് വാർ 2 ചിത്രീകരണം ആരംഭിച്ചത്. ഹൃത്വിക് റോഷനും ടൈഗർ ഷ്റോഫും അഭിനയിച്ച 2019 ലെ ഹിറ്റ് ചിത്രത്തിന്റെ തുടർച്ചയാണിത്. തുടർച്ചയിൽ, ജൂനിയർ എൻടിആറുമുണ്ട്.

## 'കൈതി 2' ഉപേക്ഷിച്ചിട്ടില്ല; 2025ൽ ആരംഭിക്കുമെന്ന് കാർത്തി




മലയാളികൾക്ക് ഏറെ പ്രിയപ്പെട്ട താരങ്ങളിൽ ഒരാളാണ് കാർത്തി. സൂര്യയുടെ അനിയൻ എന്ന ലേബലിലാണ് ഇദ്ദേഹം സിനിമയിൽ എത്തുന്നത് എങ്കിലും ഇന്ന് സിനിമ മേഖലയിൽ ഇദ്ദേഹം സ്വന്തമായി ഒരു മുഖമുദ്ര ഉണ്ടാക്കിയെടുത്തിട്ടുണ്ട്. വൻ വിജയം നേടിയ ചില ചിത്രങ്ങളുടെ സീക്വലുകൾക്കായി പ്രേക്ഷകർക്കിടയിൽ വലിയ കാത്തിരിപ്പ് ഉണ്ടാവാറുണ്ട്. തമിഴ് സിനിമയുടെ കാര്യമെടുത്താൽ പ്രേക്ഷകർക്കിടയിൽ അത്തരത്തിൽ ഏറ്റവുമധികം കാത്തിരിപ്പ് ഉയർത്തിയിട്ടുള്ള ചിത്രം കൈതി 2 ആണ്. കാർത്തിയെ നായകനാക്കി ലോകേഷ് കനകരാജ് 2019 ൽ സംവിധാനം ചെയ്ത ചിത്രത്തിൻറെ രണ്ടാം ഭാഗം. ഈ ചിത്രം എന്ന് വരും എന്നത് തമിഴ് സിനിമാപ്രേമികൾ എപ്പോഴും അന്വേഷിക്കാറുള്ള കാര്യമാണ്. ഇപ്പോഴിതാ കാർത്തി തന്നെ അതിനുള്ള മറുപടി പറഞ്ഞിരിക്കുകയാണ്.ചിത്രം അടുത്ത വർഷം ആരംഭിക്കുമെന്നാണ് കാർത്തി പറയുന്നത്.

## മണിരത്നം ചിത്രം 'തഗ് ലൈഫ്' ചിത്രീകരണം പൂർത്തിയായി



കമൽ ഹാസനെ നായകനാക്കി മണിരത്നം സംവിധാനം ചെയ്യുന്ന ചിത്രമെന്ന നിലയിൽ ഓരോ അപ്ഡേറ്റും ട്രൻഡിങ് ആയിമാറിയ ചിത്രമാണ് തഗ് ലൈഫ്. തഗ് ലൈഫിന്റെ ചിത്രീകരണം പൂർത്തിയായ വിവരം നിർമാതാക്കൾ ഇന്ന് സോഷ്യൽ മീഡിയയിലൂടെ അറിയിച്ചു. കമൽ ഹാസന്റെ രാജ്കമൽ ഫിലിംസിനൊപ്പം മണി രത്നത്തിൻറെ മദ്രാസ് ടാക്കീസും ഉദയനിധി സ്റ്റാലിൻറെ റെഡ് ജയൻറ് മൂവീസും ചേർന്നാണ് ചിത്രം നിർമിക്കുന്നത്. രംഗരായ ശക്തിവേൽ നായ്ക്കർ എന്നാണ് ചിത്രത്തിൽ കമൽ ഹാസൻ അവതരിപ്പിക്കുന്ന കഥാപാത്രത്തിൻറെ പേര്. മണിരത്നത്തിനൊപ്പം പതിവ് സഹപ്രവർത്തകരായ സംഗീതസംവിധായകൻ എ.ആർ റഹ്മാനും എഡിറ്റർ ശ്രീകർ പ്രസാദും ഈ ചിത്രത്തിലും ഒരുമിക്കുന്നുണ്ട്. നീണ്ട 37 വർഷങ്ങൾക്കിപ്പുറമാണ് കമൽ ഹാസനും മണി രത്നവും ഒന്നിക്കുന്നത്.

## മഞ്ജുവിന്റെ ചുവടുകൾക്ക് ആവേശം പകർന്ന ശബ്ദം; 'മനസിലായോ' ഗായിക ഇവിടെയുണ്ട്





ടി ജെ ജ്ഞാനവേൽ സംവിധാനത്തിലൊരുങ്ങുന്ന വേട്ടയ്യനിലെ ബ്ലോക്ക്ബസ്റ്റർ ഹിറ്റ് ' മനസിലായോ' എന്ന ഗാനം ഇതിനോടകം തന്നെ സോഷ്യൽ മീഡിയയിൽ ട്രെൻഡിങ് ആണ്. മഞ്ജു വാര്യരും രജനിയും തകർത്ത ഈ ഗാനം അനിരുദ്ധ് രവിചന്ദറുടെ സംഗീതത്തിലൊരുങ്ങി മലേഷ്യ വാസുദേവൻ, യുഗേന്ദ്രൻ വാസുദേവൻ, ദീപ്തി സുരേഷ് എന്നിവർ ചേർന്നാണ് ആലപിച്ചത്. ഈ ഒരൊറ്റ ഗാനത്തിലൂടെ ഗായിക ദീപ്തി സുരേഷും താരപദവിയിലേക്ക് ഉയർന്നിരിക്കുകയാണ്.

മഞ്ജു വാര്യരുടെ ചടുലമായ നൃത്തത്തിനൊപ്പം ഗായികയുടെ ഊർജ്ജസ്വലമായ സ്വരത്തിന് ആരാധകരിൽ നിന്നും പ്രേക്ഷകരിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്. ദീപ്തിയുടെ അപാരമായ സ്റ്റാമിനയെയും ആളുകൾ പ്രശംസിക്കുന്നുണ്ട്. സൂപ്പർ സുബ്ബുവും വിഷ്ണു എടവനും ചേർന്നാണ് വരികൾ എഴുതിയിരിക്കുന്നത്. 2021-ൽ പുറത്തിറങ്ങിയ മാറാ എന്ന ചിത്രത്തിലെ ഉന്നൈതാനേ എന്ന ഗാനത്തിലൂടെയാണ് ഗായിക തന്റെ യാത്ര ആരംഭിച്ചത്. 2023-ൽ, എക്കാലത്തെയും വലിയ ഇന്ത്യൻ റിലീസുകളിലൊന്നായ ജവാനിലും ദീപ്തി പാടി. ദീപിക പദുക്കോൺ അവതരിപ്പിച്ച ആരാരാരി രാരോ എന്ന ഹിന്ദി ഗാനത്തിന് ദീപ്തിയാണ് ശബ്ദം നൽകിയത്. ഈ ഗാനത്തിന് മികച്ച പിന്നണി ഗായിക (സ്ത്രീ) ഫിലിംഫെയർ അവാർഡിന് നാമനിർദ്ദേശം ചെയ്യപ്പെടുകയുമുണ്ടായി.അതേസമയം ഒക്ടോബർ പത്തിനാണ് വേട്ടയ്യൻ റിലീസിനെത്തുന്നത്.



# ദുരൂഹതകളുമായി ഗുമസ്ഥൻ ട്രെയിലർ




ഏതാനും ചിത്രങ്ങളിൽ ചെറുതും വലുതുമായ ശ്രദ്ധേയമായ കഥാപാത്രങ്ങളെ അവതരിപ്പിച്ച് ശ്രദ്ധയാകർഷിച്ചു പോരുന്ന ജയ്സ് ജോസാണ് ഈ ചിത്രത്തിലെ കേന്ദ്ര കഥാപാത്രമായ ഗുമസ്ഥനെ അവതരിപ്പിക്കുന്നത്.ദിലീഷ് പോത്തൻ, ബിബിൻ ജോർജ്, സ്മിനു സിജോ, ഷാജു ശ്രീധർ, റോണി ഡേവിഡ് രാജ്, അസീസ് നെടുമങ്ങാട്, അലക്സാണ്ടർ പ്രശാന്ത്, തുടങ്ങി വൻ താരനിര അണിനിരക്കുന്നു.പുതുമുഖം നീമാമാത്യുവാണ് നായിക. സ്റ്റീഫൻ ദേവസി സംഗീത സംവിധാനം നിർവഹിക്കുന്ന ഈ സിനിമയുടെ പശ്ചാത്തല സംഗീതം ഒരുക്കിയത് ബിനോയ് എസ് പ്രസാദാണ്. ക്യാമറമാൻ എസ് കുമാറിന്റെ മകൻ, കുഞ്ഞുണ്ണി എസ് കുമാർ ക്യാമറ കൈകാര്യം ചെയ്തിരിക്കുന്ന സിനിമയുടെ എഡിറ്റിംഗ് അയൂബ് ഖാനാണ്.

## ബോക്സ്ഓഫീസ് തൂക്കി ടൊവിനോ; അജയന്റെ രണ്ടാം മോഷണം 100 കോടി ക്ലബിലേക്ക്




ബോക്സ്ഓഫീസ് കുതിപ്പ് തുടർന്ന് ടൊവിനോ തോമസ് ചിത്രം അജയന്റെ രണ്ടാം മോഷണം. റിലീസ് ചെയ്തു 12 ദിവസങ്ങൾ പൂർത്തിയായപ്പോൾ വേൾഡ് വൈഡ് കളക്ഷൻ 87 കോടിയിൽ എത്തിയെന്നാണ് അണിയറ പ്രവർത്തകർ പറയുന്നത്.ഓണം റിലീസായി സെപ്റ്റംബർ 12 നാണ് അജയന്റെ രണ്ടാം മോഷണം തിയറ്ററുകളിൽ എത്തിയത്. ആദ്യദിനം ഏഴ് കോടിക്ക് അടുത്ത കളക്ട് ചെയ്യാൻ ചിത്രത്തിനു സാധിച്ചിരുന്നു.റിലീസ് ചെയ്തു 12-ാം ദിനത്തിലും പ്രതിദിന കളക്ഷൻ ഒരു കോടി കടന്നു. ഇങ്ങനെ പോയാൽ ടൊവിനോയുടെ രണ്ടാമത്തെ നൂറ് കോടി ചിത്രമാകും അജയന്റെ രണ്ടാം മോഷണം.അതേസമയം ടൊവിനോ സോളോ നായകൻ ആയി ആദ്യമായി ആഗോളതലത്തിൽ 100 കോടി നേടുന്ന ആദ്യത്തെ ചിത്രമായിരിക്കും എആർഎം.

# ഗ്ലാഡിയേറ്റർ 2-ന്റെ പുത്തൻ ട്രെയിലർ പുറത്ത്

ആഗോള ബോക്സ് ഓഫീസിൽ വമ്പൻ വിജയം നേടിയ ചിത്രമാണ് 2000 ൽ പുറത്തെത്തിയ ഗ്ലാഡിയേറ്റർ. ചിത്രം നിരവധി അവാർഡുകളും വാരിക്കൂട്ടി. ഓസ്കറിൽ 12 നോമിനേഷനുകൾ നേടിയ ചിത്രം മികച്ച ചിത്രവും മികച്ച നടനുമടക്കം അഞ്ച് പുരസ്കാരങ്ങൾ സ്വന്തമാക്കി. ഇപ്പോഴിതാ നീണ്ട 24 വർഷങ്ങൾക്കിപ്പുറം ഗ്ലാഡിയേറ്ററിന് ഒരു രണ്ടാം ഭാഗം എത്തുകയാണ്. എപിക് ഹിസ്റ്റോറിക്കൽ ഡ്രാമ ഗണത്തിൽ പെടുന്ന ചിത്രം സംവിധാനം ചെയ്തത് റിഡ്‌ലി സ്കോട്ട് ആയിരുന്നു. മാക്സിമസ് ഡെസിമസ് മെറിഡിയസ് എന്ന നായക കഥാപാത്രമായി എത്തി വിസ്മയിപ്പിച്ചത് റസൽ ക്രോ ആയിരുന്നു.അന്ന് റസൽ ക്രോയും വാകിൻ ഫീനിക്സും മൽസരിച്ചഭിനയിച്ചെങ്കിൽ ഇന്ന് സ്ക്രീനിൽ നിറയുന്നത് പോൾ മെസ്കലും പെഡ്രോ പാസ്കലും ഒപ്പം ഡെൻസൽ വാഷിങ്ടണും. ഗ്ലാഡിയേറ്റർ 2 എന്ന് പേരിട്ടിരിക്കുന്ന ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് റിഡ്‌ലി സ്കോട്ട് തന്നെയാണ്. ചിത്രത്തിൻറെ നേരത്തെ പുറത്തെത്തിയ ട്രെയ്‌ലറിന് വലിയ വരവേൽപ്പ് ലഭിച്ചിരുന്നു. ഇപ്പോഴിതാ പുതിയ ട്രെയ്‌ലർ പുറത്തിറക്കിയിരിക്കുകയാണ് അണിയറക്കാർ. ഗ്ലാഡിയേറ്ററിലെ സംഭവവികാസങ്ങൾ നടന്ന് രണ്ട് പതിറ്റാണ്ടിന് ശേഷമുള്ള കാലത്താണ് ഗ്ലാഡിയേറ്റർ 2 ലെ കഥ നടക്കുന്നത്. റോമിന്റെ മുൻ ചക്രവർത്തി മാർകസ് ഒറിലിയസിന്റെ പൗത്രൻ ലൂഷ്യസ് വെറുസ് ആണ് ചിത്രത്തിലെ നായക കഥാപാത്രം. ജനറൽ മാർകസ് അകേഷ്യസിന്റെ നേതൃത്വത്തിലുള്ള റോമൻ സൈന്യം ലൂഷ്യസിനെ അടിമത്തത്തിലേത്ത് തള്ളിവിടുന്നു. മാക്സിമസിന്റെ (ഗ്ലാഡിയേറ്ററിലെ റസൽ ക്രോ) ജീവിതകഥയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ഒരു ഗ്ലാഡിയേറ്ററായി പോരിനൊരുങ്ങുകയാണ് ലൂഷ്യസ്.പോൾ മെസ്കലാണ് ലൂഷ്യസ് ആയി എത്തുന്നത്.

# അച്ഛൻ–മകൻ കോംബോ വൈകാതെ; ലാലും പ്രണവും ഒന്നിക്കുന്നു



കൊരട്ടല ശിവയുടെ ചിത്രത്തിൽ മോഹൻലാലും മകൻ പ്രണവ് മോഹൻലാലും ഒരുമിക്കുന്നു. തെലുങ്കിലാണ് അച്ഛൻ - മകൻ കോംബോ വരാൻ പോകുന്നത്.മോഹൻലാൽ നായകനായ ഒന്നാമൻ, സാഗർ ഏലിയാസ് ജാക്കി എന്നീ സിനിമകളിൽ പ്രണവ് അതിഥി വേഷങ്ങളിലെത്തിയിരുന്നു. പ്രണവ് നായകനായി അരങ്ങേറ്റം കുറിച്ച ആദി എന്ന സിനിമയിൽ മോഹൻലാലും ഒരു കാമിയോ റോൾ ചെയ്തു. പിന്നീട് കുഞ്ഞാലി മരയ്ക്കാരിൽ മോഹൻലാലിൻറെ ചെറുപ്പം അവതരിപ്പിച്ചതും പ്രണവ് ആയിരുന്നു.എന്നാൽ, ഈ സിനിമകളൊന്നും ഇരുവരും ഒന്നിച്ച മുഴുനീള കോംബോകൾക്ക് അവസരമായിരുന്നില്ല. ഇങ്ങനെയൊരു അവസരമാണ് പ്രണവ് ആരാധകരെ കാത്തിരിക്കുന്നത്.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ 132

Movie Pratheeksha (1979)
Director Chandrahasan
Lyrics ONV Kurup
Music Salil Chowdhury
Singer KJ Yesudas

ഓർമ്മകളേ..
ഓർമ്മകളേ കൈവള ചാർത്തി
വരൂ വിമൂകമീ വേദിയിൽ
ഏതോ... ശോകാന്തരാഗം
ഏതോ... ഗന്ധർവൻ പാടുന്നുവോ...
(ഓർമ്മകളേ)

ചിലങ്കകൾ പാടുന്നു അരികിലാണോ
വിപഞ്ചികൾ പാടുന്നു അകലെയാണോ
വിഷാദരാഗങ്ങളെൻ വിരുന്നുകാരാ...
(ഓർമ്മകളേ)

മധുപാത്രമെങ്ങോ ഞാൻ മറന്നു പോയി
മനസ്സിലെ ശാരിക പറന്നു പോയി
വിദൂരതീരങ്ങളേ അവളെ കണ്ടോ...
(ഓർമ്മകളേ)



ഡൽഹി ഡെർബാർ

# പുകയുന്ന പശ്ചിമേഷ്യ: ആഗോള സമാധാനത്തിന് ഭീഷണി

**നീണ്ടുനിൽക്കുന്ന സംഘർഷങ്ങൾക്കും വിഭാഗീയ പോരാട്ടങ്ങൾക്കും പേരുകേട്ട പ്രദേശമായ പശ്ചിമേഷ്യ വീണ്ടും തിളച്ചുമറിയുകയാണ്. ഇസ്രായേൽ രാഷ്ട്രവും പലസ്തീൻ ഇസ്ലാമിക് തീവ്രവാദ സംഘടനയായ 'ഹമാസും' തമ്മിലുള്ള യുദ്ധത്തിന്റെ രൂപത്തിൽ ഈ പ്രദേശം ഇതിനകം ഒരു വലിയ ദുരന്തത്തിന്റെ മുനമ്പിലായിരുന്നു.**

ഹിന്ദുക്കുഷ് പർവ്വത നിരകൾ പുകയുകയാണ്. ഒരു ആഗോള സ്ഫോടനമായി അതുമാറാൻ ഏറെ നേരമൊന്നും വേണ്ട. അതേ, പശ്ചിമേഷ്യയിൽ യുദ്ധ ഭീതി ഉയർത്തി ഇസ്രായേൽ – ഹിസ്ബുള്ള സംഘർഷം കൊടുംപിരിക്കൊള്ളുകയാണ്. ഗാസയിൽ ഇസ്രായേൽ നടത്തുന്ന സൈനിക നീക്കത്തിന് സമാനമായാണ് ലെബനന് എതിരായ സൈനിക നടപടിയെന്ന സൂചനകൾക്കിടെയാണ് സംഘർഷ ഭീതി ശക്തമാക്കുന്നത്. ലെബനൻ തലസ്ഥാനമായ ബെയ്രൂട്ടിന്റെ തെക്കൻ മേഖലകളിലാണ് ഇസ്രായേൽ ആക്രമണങ്ങൾ കൂടുതൽ ശക്തിയോടെ തുടരുന്നത്.

കഴിഞ്ഞ തിങ്കളാഴ്ച ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ ലെബനനിൽ 500 പേരിലധികമാണ് കൊല്ലപ്പെട്ടിട്ടുള്ളത്. ആയിരത്തോളം പേർക്ക് പരുക്കേൽക്കുകയുംചെയ്തിട്ടുള്ളസാഹചര്യത്തിൽ മരണസംഖ്യ ഇനിയും ഉയർന്നേക്കുമെന്നാണ് റിപ്പോർട്ടുകൾ. ഇസ്രായേൽ ലെബനനിൽ നടത്തിയ കൂട്ടക്കുരുതിക്ക് എതിരെ വ്യാപക വിമർശനം ഇതിനോടകം ഉയർന്നുകഴിഞ്ഞു.

ഒക്ടോബർ ഏഴിന് ഇസ്രായേലിലേക്ക് ഹമാസ് നടത്തിയ റോക്കറ്റ് ആക്രമണങ്ങൾക്ക് തിരിച്ചടിയായിട്ടായിരുന്നു ഗാസയ്ക്ക്മേൽഇസ്രായേൽസൈന്യം വ്യാപകമായ ആക്രമണം അഴിച്ചുവിട്ടത്. ഇതിന് സമാനമായ നീക്കമാണ് ലെബനനിലും ഇസ്രായേൽ നടത്തുന്നത്. ഇസ്രായേലിന്റെ നീക്കം പശ്ചിമേഷ്യയെ വലിയ സംഘർഷത്തിലേക്ക് കൊണ്ടെത്തിക്കും എന്ന് ഐക്യരാഷ്ട്ര സഭയും ലോക രാജ്യങ്ങളും മുന്നറിയിപ്പ് നൽകി കഴിഞ്ഞു. വീണ്ടുമൊരും ഗാസ ആവർത്തിക്കുമോ എന്ന സാഹചര്യമാണ് ലെബനൻ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ ചർച്ചയാകുന്നത്.

അതിനിടെ എല്ലാത്തരത്തിലുമുള്ള ആശയവിനിമയ ഉപകരണങ്ങളും ഉപേക്ഷിക്കാൻ ഇറാൻ റെവല്യൂഷനറി ഗാർഡിന് നിർദേശം നൽകിയിരിക്കുകയാണ്.



എന്നാൽ, ഇസ്രായേൽ ആക്രമണങ്ങളോട് അതിരൂക്ഷമായ ഭാഷയിലാണ് തുർക്കി പ്രതികരിച്ചത്. ലെബനനിലെ ഹിസ്ബുള്ളയുമായുള്ള ഇസ്രായേലിന്റെ സംഘർഷം "മുഴുവൻ മേഖലയെയും അരാജകത്വത്തിലേക്ക് വലിച്ചിഴയ്ക്കുമെന്ന്" തുർക്കി മുന്നറിയിപ്പ് നൽകി. ഖത്തറും ശക്തമായ ഭാഷയിലാണ് ആക്രമണത്തെ അപലപിച്ചത്. പശ്ചിമേഷ്യയിൽ ആക്രമണം വ്യാപിപ്പിക്കുന്ന ഇസ്രായേൽ നടപടി പ്രതിസന്ധി വർധിപ്പിക്കുന്നതാണ് എന്ന് ഖത്തർ വിദേശകാര്യ മന്ത്രാലയത്തിന്റെ അഭിപ്രായം. ഇപ്പോൾ ഉണ്ടായ സാഹചര്യങ്ങൾ പശ്ചിമേഷ്യയിൽ ആശങ്ക വർധിപ്പിക്കുന്നതാണ്. അന്തർദേശീയ തലത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കും സാഹചര്യം വഴിയൊരുക്കുമെന്നും ഖത്തർ വിദേശകാര്യ മന്ത്രാലയം ചൂണ്ടിക്കാട്ടുന്നു.

ഗാസയിലെ വെടിനിർത്തൽ സംബന്ധിച്ച ചർച്ചകളിൽ സുപ്രധാന പങ്കു വഹിക്കുന്ന രാജ്യമാണ് ഖത്തറും ഈജിപ്തും. ഇരു രാഷ്ട്രങ്ങളും ഇതിനോടകം ലെബനൻ ആക്രമണങ്ങളെ അപലപിച്ച് രംഗത്തെത്തിയിട്ടുണ്ട്. ഇസ്രായേൽ നടപടി ലെബനന്റെ പരമാധികാരത്തിലേക്കുള്ള കടന്നുകയറ്റമാണ് എന്നാണ് ഈജിപ്തിന്റെ ശക്തമായ അഭിപ്രായം.

ഇസ്രായേൽ ആക്രമണം കടുപ്പിച്ചതോടെ ജീവൻ സംരക്ഷിക്കാനുള്ള നെട്ടോട്ടത്തിലാണ് ലബനൻ ജനത. ലബനൻ മേഖലകളിൽ ജനങ്ങളാകെ ആശങ്കയിലാണ്. ഇതിനോടകം തന്നെ ഒട്ടേറെപ്പേർ നാടും വീടും വിട്ട് കൈയ്യിൽ കിട്ടിയതും എടുത്തുകൊണ്ട് ഇറങ്ങിക്കഴിഞ്ഞു. എവിടെ ഇവർക്ക് അഭയം ലഭിക്കുമെന്ന് ഒരെത്തും പിടിയുമില്ല. ജീവനിൽ കൊതിയുള്ളതിനാലാണ് ഈ പലായനം.

പശ്ചിമേഷ്യൻ യുദ്ധം അവസാനിപ്പിക്കണമെന്ന് കെയ്റോ സമാധാന ഉച്ചകോടി. വെടിനിർത്തൽ വേണമെന്ന് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് പറയുന്നുണ്ടെങ്കിലും ആരത് കേൾക്കാൻ. എങ്ങിനേയും യുദ്ധം അവസാനിപ്പിക്കണമെന്ന് അറബ് രാജ്യങ്ങളും ആവശ്യമുന്നയിച്ചു.

ഇതിനിടെ ഇന്ത്യ എല്ലാ നിർണായക പങ്കാളികളിലേക്കും എത്തിച്ചേരാനുള്ള നയതന്ത്ര ശ്രമങ്ങളുടെ ഭാഗമായ രീതിയിൽ വിദേശകാര്യ മന്ത്രി ജയശങ്കർ ഇറാൻ സന്ദർശിക്കുകയുണ്ടായി. ഇസ്രായേൽ -ഹമാസ് യുദ്ധം മൂലം ചെങ്കടലിലെ പ്രതിസന്ധി രൂക്ഷമാകുമ്പോൾ, രാജ്യത്തിന്റെ വ്യാപാരവും തന്ത്രപരമായ താൽപ്പര്യങ്ങളും സുരക്ഷിതമാക്കാൻ ഇന്ത്യ നിർണായക ശക്തികളുമായി നയതന്ത്ര ബന്ധം ആരംഭിച്ചിട്ടുണ്ട്. പാശ്ചാത്യ ശക്തികളും ഇസ്ലാമിക ലോകവും തമ്മിലുള്ള സംഘട്ടനത്തിൽ നിഷ്പക്ഷതയുടെ ഒരു രേഖയാണ് ഇന്ത്യ സ്വീകരിച്ചിരിക്കുന്നത്. അതിൽ ഇന്ത്യ ഹൂതികളുടെ അക്രമത്തെ വിമർശിച്ച് ചെങ്കടലിൽ യുഎസ് നേതൃത്വത്തിലുള്ള ബഹുരാഷ്ട്ര നാവിക സഖ്യത്തിൽ ചേരുന്നില്ല.

ചെങ്കടൽ സംഘർഷം ഇന്ത്യയിലേക്കുള്ള വളം കയറ്റുമതി വൈകിപ്പിക്കുന്നു എന്നതിനു പുറമെ ചരക്ക് ചെലവ് ക്രമം വിട്ട് വർദ്ധിക്കുകയും ചെയ്തിരിക്കുന്നു.

പശ്ചിമേഷ്യയിലെ പ്രതിസന്ധി രൂക്ഷമാകുന്നത് ആഗോള വ്യാപാരത്തെ ബാധിക്കുകയും ചെങ്കടൽ വഴിയുള്ള ഇന്ത്യയുടെ വാർഷിക വ്യാപാരത്തിന് ഏകദേശം 235 -240 ബില്യൺ ഡോളറിന്റെ ഭീഷണിയുയർത്തുകയും ചെയ്തിരിക്കുന്നു.

ജയശങ്കറും ഇറാനിയൻ കൗൺസിലർ അമിറാബ്ദൊല്ലാഹിയാനും തമ്മിലുള്ള ചർച്ചയെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് മറുപടിയായി എംഇഎ വക്താവ് പറഞ്ഞു, ചെങ്കടൽ, ഏദൻ ഉൾക്കടൽ, അവിടെയുള്ള അക്രമവും അസ്ഥിരീകരണവും, ഇന്ത്യയെ ഏറെ ആശങ്കയിലാഴ്ത്തുന്നുണ്ട്.

ട്രേഡ് അനലിസ്റ്റ് അജയ് ശ്രീവാസ്തവയുടെ അഭിപ്രായത്തിൽ, യൂറോപ്പുമായുള്ള ഏഷ്യൻ വ്യാപാരത്തെ ഈ സംഘർഷം ബാധിക്കും. മിതമായ ഉയർന്ന ചിലവിൽ പോലും അയൽരാജ്യങ്ങളുമായുള്ള സമീപ പ്രദേശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വിതരണ ശൃംഖല പുനഃക്രമീകരിക്കുന്നതിലേക്ക് ഇത് നയിച്ചേക്കാം.

◗ *എമ എൽസ എൽവിൻ*

# വീട്ടമ്മയിൽ നിന്ന് താരപ്രചാരകയിലേക്ക്

ഒട്ടേറെ രാഷ്ട്രീയ മാറ്റങ്ങൾക്ക് ഇടയിലാണ് ഇത്തവണ ജാർഖണ്ഡ് തിരഞ്ഞെടുപ്പ് നടക്കുന്നത്. ചമ്പായി സോറന്റെ കൂടുമാറ്റവും മുഖ്യമന്ത്രിയായിരുന്ന ഹേമന്ത് സോറന്റെ ജയിൽ വാസവും ഒക്കെയായി നിരവധി മാറ്റങ്ങളാണ് സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നത്.

അതേസമയം ഇത്തവണ എങ്ങനെയും സംസ്ഥാനത്ത് ഭരണം പിടിക്കാൻ ഉറച്ച് തന്നെയാണ് ബി.ജെ.പി നീക്കം. അതിന്റെ ഭാഗമായി ഒട്ടേറെ തന്ത്രങ്ങളും അവർ മെനയുന്നുണ്ട്. മറുവശത്ത് ഇന്ത്യ സഖ്യം എതിരിട്ട് നിൽക്കുന്നു. അതിന് നേതൃത്വം നൽകുന്നതാവട്ടെ ജാർഖണ്ഡ് മുക്തി മോർച്ചയും. അവരുടെ ഏറ്റവും പ്രധാന താര പ്രചാരകയായി മുൻനിരയിൽ ഉള്ളത് കൽപന സോറൻ ആണ്.



### ആരാണ് കൽപന സോറൻ?

ജാർഖണ്ഡ് രാഷ്ട്രീയത്തിൽ ഈ പേര് കേട്ട് തുടങ്ങിയിട്ട് അധിക നാളായിട്ടില്ല. ഈ വർഷം ജനുവരിയിൽ ഇഡി അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചതോടെ ഹേമന്ത് സോറൻ മുഖ്യമന്ത്രി പദം രാജിവച്ചതോടെയാണ് ഈ പേര് ശരിക്കും മാധ്യമങ്ങൾ ഏറ്റെടുത്ത് തുടങ്ങിയത്. ബിഹാറിൽ റാബ്രി ദേവിയെ പോലെ അടുത്ത മുഖ്യമന്ത്രിയായി ഹേമന്ത് സോറൻ കൽപനയെ അവതരിപ്പിക്കും എന്നായിരുന്നു വാർത്തകൾ.

എന്നാൽ രാഷ്ട്രീയത്തിൽ ഒട്ടും പരിചയമില്ലാത്ത ഒരു സാധാരണ വീട്ടമ്മയായ കൽപന അതിന് മുതിരില്ലെന്ന് കരുതിയവരും ഒട്ടേറെ. പക്ഷേ ഈ പ്രതീക്ഷകളെ ഒക്കെ അസ്ഥാനത്താക്കിയാണ് അവർ ഉപതിരഞ്ഞെടുപ്പിൽ മത്സരിച്ചതും ബിജെപിയെ തോൽപിച്ചതും. കന്നിയങ്കത്തിൽ തന്നെ വിജയം കണ്ടതോടെ കൽപന സോറന് താര പരിവേഷമാണ് കൈവന്നിരിക്കുന്നത്.

കൽപനയെ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ ഭാര്യ സുനിത കെജ്രിവാളുമായി താരതമ്യം ചെയ്യുന്നവരും ഉണ്ട്. എന്നാൽ സുനിത തിരഞ്ഞെടുപ്പ് ഗോദയിലേക്ക് ഇറങ്ങിയില്ല. എങ്കിലും ബി.ജെ.പി വിമർശനത്തിൽ ഇരുവർക്കും ഇടയിലെ സാമ്യതകൾ ഏറെയാണ്. കൽപനയാവട്ടെ ഒരു പടി കൂടി കടന്ന് ജനപ്രതിനിധിയുടെ പ്രിവിലേജ് കൂടി അണിഞ്ഞു.

### ബി.ജെ.പിക്ക് വെല്ലുവിളിയാവുമോ കൽപന?

ഇക്കുറി ജാർഖണ്ഡിൽ ഇന്ത്യാ സഖ്യത്തിന്റെ പ്രചരണത്തിന് ചുക്കാൻ പിടിക്കുന്നവരിൽ ഒരാളായിരിക്കും കൽപന സോറൻ എന്നുറപ്പാണ്. തിരഞ്ഞെടുപ്പ് തീയതി വരും മുൻപ് തന്നെ അവർ കളത്തിൽ ഇറങ്ങി കഴിഞ്ഞു. മായ സമ്മാൻ യാത്ര എന്ന പേരിൽ ബി.ജെ.പിയുടെ പരിവർത്തൻ യാത്രയ്ക്ക് ബദലായി നടത്തുന്ന പരിപാടിയിൽ ജെഎംഎമ്മിന്റെ കരുത്തേറിയ ശബ്ദമായി അവർ മാറി കഴിഞ്ഞു.

ഇതോടെ ഇന്ത്യ സഖ്യത്തിന്റെ മുഖമായി കൽപന മാറുമെന്നാണ് കരുതപ്പെടുന്നത്. നിലവിലെ സാഹചര്യത്തിൽ അവർ തിരഞ്ഞെടുപ്പിൽ എന്തായാലും മത്സരിച്ചേക്കും. പ്രത്യേകിച്ച് ഉപതിരഞ്ഞെടുപ്പിൽ ജയിച്ച ആത്മവിശ്വാസം കൈമുതലായി നിൽക്കുമ്പോൾ.

കൂടാതെ വനിതാ വോട്ടർമാർക്ക് ഇടയിൽ നല്ല സ്വാധീനം ഉണ്ടാക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ടെന്നാണ് വിലയിരുത്തൽ.

കഴിഞ്ഞ തവണ ബി.ജെ.പിക്ക് ഹേമന്ത് സോറനെ മാത്രം നേരിട്ടാൽ മതിയായിരുന്നു എങ്കിൽ ഇക്കുറി കാര്യങ്ങൾ വ്യത്യസ്തമാണ്. ജയിൽ നിന്ന് കൂടുതൽ കരുത്തോടെ വന്ന സോറൻ ഭാര്യയെ ഒപ്പം നിർത്തി പ്രചരണം കൂടുതൽ കടുപ്പിക്കാനാണ് ഒരുങ്ങുന്നത്. കഴിഞ്ഞ ദിവസങ്ങളിലെ റാലികളിൽ എല്ലാം തന്നെ ഇതിന്റെ സൂചനകൾ കൽപന വാക്കുകളിലൂടെ നൽകി കഴിഞ്ഞു. ഇനി കാത്തിരിക്കേണ്ടത് വോട്ടെടുപ്പിനാണ്.

# വിരമിക്കാനുള്ള തീരുമാനത്തെക്കുറിച്ച് ആദം ഗിൽക്രിസ്റ്റ്



ടെസ്റ്റ് ക്രിക്കറ്റ് ചരിത്രത്തിൽ 100 ടെസ്റ്റുകൾ കളിക്കുന്ന രണ്ടാമത്തെ മാത്രം വിക്കറ്റ് കീപ്പറെന്ന ചരിത്രനേട്ടത്തിന് 4 ടെസ്റ്റുകൾ മാത്രം ബാക്കി നിൽക്കെ അപ്രതീക്ഷിതമായ വിരമിക്കൽ തീരുമാനം എന്തുകൊണ്ട് എടുത്തു എന്നതിനെ പറ്റി മനസ് തുറന്ന്

ഓസ്ട്രേലിയൻ വിക്കറ്റ് കീപ്പിംഗ് ഇതിഹാസം ആദം ഗിൽക്രിസ്റ്റ്. 2008ൽ ഇന്ത്യയ്ക്കെതിരായ അഡലെയ്ഡ് ടെസ്റ്റിനൊടുവിലായിരുന്നു ഗിൽക്രിസ്റ്റിന്റെ അപ്രതീക്ഷിതമായ വിരമിക്കൽ പ്രഖ്യാപനം. ക്ലബ് പ്രേരി ഫയർ പോഡ്കാസ്റ്റിലായിരുന്നു ഗിൽക്രിസ്റ്റ് മനസ്സ് തുറന്നത്.ഞാൻ 2008ൽ ഇന്ത്യയ്ക്കെതിരെ അഡ്ലെയ്ഡ് ടെസ്റ്റിൽ കളിക്കുകയായിരുന്നു. എന്റെ 96-ാമത്തെ ടെസ്റ്റായിരുന്നു അത്. വെസ്റ്റ് ഇൻഡീസിലേക്ക് പോകാനുള്ള ഓസീസ് ടീമിന്റെ ഭാഗമാകാനായിരുന്നു എന്റെ പ്ലാൻ. തലേദിവസം ഞാൻ എന്റെ ഭാര്യയുമായി അതെല്ലാം ചർച്ച ചെയ്തു. എന്നാൽ പിറ്റേന്ന് കളിക്കാനിറങ്ങിയപ്പോൾ ബ്രെറ്റ്ലിയുടെ പന്തിൽ വിവിഎസ് ലക്ഷ്മൺ നൽകിയ ഒരു അനായാസമായ ക്യാച്ച് ഞാൻ കൈവിട്ടു. സ്റ്റേഡിയത്തിലെ വലിയ സ്ക്രീനിൽ ആ ക്യാച്ച് വിടുന്ന ദൃശ്യങ്ങൾ ഞാൻ കുറേതവണ നോക്കി നിന്നു. ആ നിമിഷമാണ് എന്റെ സമയമായെന്ന് ഞാൻ തിരിച്ചറിഞ്ഞത്. രണ്ടാമതൊന്ന് ആലോചിക്കാതെ തന്നെ എന്റെ അടുത്ത് നിന്നിരുന്ന മാത്യു ഹെയ്ഡനോട് ഞാൻ കാര്യം പറഞ്ഞു. എന്റെ കാലം കഴിഞ്ഞു, വിരമിക്കാനായുള്ള സമയമായെന്നുള്ളതിന്റെ തിരിച്ചറിവായിരുന്നു ആ ക്യാച്ച് കൈവിട്ട സംഭവം എന്ന് പറഞ്ഞു. എന്നാൽ ഇതൊന്നും കാര്യമാക്കേണ്ട എന്ന് ഹെയ്ഡൻ പറഞ്ഞു.എന്നാൽ ആ നിമിഷം തന്നെ ഞാൻ തീരുമാനമെടുത്തിരുന്നു. എന്റെ മനസിൽ വെസ്റ്റ് ഇൻഡീസ് പര്യടനമോ ഇന്ത്യക്കെതിരെ ഇനി നടക്കാനിരിക്കുന്ന മറ്റ് മത്സരങ്ങളോ ഒന്നും കടന്നുവന്നില്ല. അങ്ങനെ ആ തീരുമാനമെടുത്തു. എന്നാൽ ഒരിക്കലും ആ തീരുമാനത്തിൽ ദുഃഖം തോന്നിയിട്ടില്ല. ഗിൽക്രിസ്റ്റ് പറഞ്ഞു.

# വിരാട് കോഹ്‌ലിയും ഋഷഭ് പന്തും ഡൽഹി രഞ്ജി ട്രോഫി സാധ്യതാ പട്ടികയിൽ



നവംബറിൽ തുടങ്ങുന്ന ഓസ്ട്രേലിയൻ പരമ്പരക്ക് മുമ്പ് വിരാട് കോലിയും വിക്കറ്റ് കീപ്പർ റിഷഭ് പന്തും രഞ്ജി ട്രോഫിയിൽ കളിച്ചേക്കുമെന്ന് സൂചന. രഞ്ജി ട്രോഫിക്കുള്ള ഡൽഹിയുടെ 84 അംഗ സാധ്യതാ ടീമിലാണ് ഇരുവരും ഇടം പിടിച്ചത്. അതേ സമയം, മുൻ ഇന്ത്യൻ താരം ഇഷാന്ത് ശർമ സാധ്യതാ ടീമിലില്ല.രണ്ട് ഘട്ടങ്ങളിലായാണ് ഇത്തവണ രഞ്ജി ട്രോഫി നടക്കുന്നത്. ആദ്യ ഘട്ടം ഒക്ടോബർ 11 മുതൽ നവംബർ 16വരെയാണ്. രണ്ടാം ഘട്ടം ജനുവരി 23നാണ് തുടങ്ങുന്നത്. ഇടവേളയിൽ ആഭ്യന്തര വൈറ്റ് ബോൾ ടൂർണമെൻറുകൾ നടക്കും. ഒക്ടോബർ 11 മുതൽ നവംബർ 16വരെ നടക്കുന്ന ആദ്യ ഘട്ട രഞ്ജി മത്സരങ്ങളുടെ സമയത്ത് ഇന്ത്യ-ന്യൂസിലൻഡിനെതിരായ മൂന്ന് മത്സരങ്ങളടങ്ങിയ ടെസ്റ്റ് പരമ്പരയിൽ കളിക്കുന്നതിനാൽ കോലിയ്ക്കും പന്തിനും ഡൽഹിയുടെ ആദ്യറൗണ്ട് മത്സരങ്ങളിൽ കളിക്കാനാവില്ലെന്ന് ഉറപ്പാണ്. നവംബർ 5നാണ് ന്യൂസിലൻഡിനെതിരായ അവസാന ടെസ്റ്റ് കഴിയുന്നത്.അഞ്ച് വർഷത്തിന് ശേഷം ആഭ്യന്തര ക്രിക്കറ്റിലേക്കുള്ള കോഹ്‌ലിയുടെ തിരിച്ചുവരവ് ഇത് അടയാളപ്പെടുത്തുന്നു. ന്യൂസിലൻഡിനെതിരായ ഇന്ത്യയുടെ ടെസ്റ്റ് പരമ്ബരയ്ക്ക് മുന്നോടിയായി മാച്ച് പ്രാക്ടീസ് ആയി ഇരുവർക്കും ഈ മത്സരം ഉപയോഗിക്കാം. കഴിഞ്ഞ സീസണിൽ രഞ്ജിയിൽ നോക്കൗട്ട് റൗണ്ടിലെത്താൻ ഡൽഹിക്ക് കഴിഞ്ഞിരുന്നില്ല. 2018ലാണ് വിരാട് കോലി അവസാനമായി രഞ്ജി ട്രോഫിക്കുള്ള ഡൽഹിയുടെ സാധ്യതാ ടീമിലെത്തിയത്. എന്നാൽ അന്ന് ഒറ്റ മത്സരത്തിൽപോലും കോലി കളിച്ചിരുന്നില്ല.

## വനിതാ പ്രൊഫഷണൽ ആഭ്യന്തര ക്രിക്കറ്റിൽ തുല്യ വേതനം പ്രഖ്യാപിച്ച് ഇംഗ്ലണ്ട്



2025 മുതൽ പുരുഷന്മാരുടെയും വനിതകളുടെയും പ്രൊഫഷണൽ ആഭ്യന്തര ക്രിക്കറ്റിൽ തുടക്ക ശമ്ബളം തുല്യമാക്കുമെന്ന് ഇംഗ്ലണ്ട് ആൻഡ് വെയിൽസ് ക്രിക്കറ്റ് ബോർഡ് (ഇസിബി).എഫ്സിസി, പ്രൊഫഷണൽ ക്രിക്കറ്റേഴ്സ് അസോസിയേഷൻ (പിസിഎ), ഇസിബി എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഇസിബിയുടെ പ്രൊഫഷണൽ ഗെയിം കമ്മിറ്റി (പിജിസി) പ്രാരംഭ ശമ്ബളവും ശമ്ബള ബജറ്റ് വിശദാംശങ്ങളും അംഗീകരിച്ചിട്ടുണ്ട്.ഈ നീക്കം വനിതാ ഗെയിമിൽ ആദ്യമായി അവതരിപ്പിക്കപ്പെടുന്ന 'റൂക്കി' തലത്തിലും സാധാരണയായി ഒരു കളിക്കാരന്റെ ആദ്യത്തെ പ്രൊഫഷണൽ കരാറായിരിക്കും, കൂടാതെ ആദ്യ ടീമുകളിൽ ഇടം നേടിയ കളിക്കാർക്ക് 'സീനിയർ പ്രോ' തലത്തിലും ബാധകമാകും. 2023 ലെ ഇൻഡിപെൻഡന്റ് കമ്മീഷൻ ഫോർ ഇക്വിറ്റി ഇൻ ക്രിക്കറ്റിന്റെ (ഐസിഇസി) റിപ്പോർട്ടിന്റെ പശ്ചാത്തലത്തിലാണ് ഈ തീരുമാനം. പുരുഷ-വനിതാ കളിക്കാർക്കുള്ള പ്രാരംഭ ശമ്ബളം തുല്യമാക്കാനുള്ള നീക്കം, വനിതാ പ്രൊഫഷണൽ ഗെയിമിന്റെ പുനഃസംഘടനയുടെ ഭാഗമായി സ്വീകരിച്ച ഏറ്റവും പുതിയ നടപടിയെ പ്രതിനിധീകരിക്കുന്നു.

# അൽനാസറിന്റെ നെടുംതൂൺ പരിക്കേറ്റ് പുറത്ത്; ക്ലബിന് കനത്ത തിരിച്ചടി



സൗദി പ്രോ ലീഗിലെ മിന്നും ക്ലബ്ബായ അൽ നാസർ എഫ്സിക്ക് കനത്ത തിരിച്ചടി. അൽ അലാമിയെന്ന അൽ നാസർ എഫ്സിയുടെ സൂപ്പർ താരം പരിക്കിനെ തുടർന്ന് പുറത്താണെന്ന് റിപ്പോർട്ട്. കിംഗ്സ് കപ്പ് ഓഫ് ചാമ്പ്യൻസ് ഫുട്ബോളിന്റെ 32-ാം റൗണ്ടിൽ അൽ ഹസം എഫ്സിക്കെതിരായ മത്സരത്തിനിടെയാണ് അൽ നാസർ സൂപ്പർതാരത്തിന് പരിക്കേറ്റത്.2023 ജനുവരി ഒന്നു മുതൽ പോർച്ചുഗൽ ഇതിഹാസമായ ക്രിസ്റ്റ്യാനോ റൊണാൾഡോ എത്തിയതോടെയാണ് അൽ നസർ എഫ് സി ലോക ശ്രദ്ധാ കേന്ദ്രങ്ങളിൽ ഒന്നായി മാറിയത്. 175 മില്യൺ പൗണ്ട് വാർഷിക പ്രതിഫലത്തിലാണ് പോർച്ചുഗൽ ഇതിഹാസമായ സിആർ 7 അൽ നസർ എഫ് സി യിൽ തുടരുന്നത്. അൽ നസർ എഫ് സിയുടെ ബ്രസീലിയൻ അറ്റാക്കിങ് മിഡ്ഫീൽഡറായ ആൻഡേഴ്സൺ ടാലിസ്കയാണ് പരിക്കേറ്റ് പുറത്തായിരിക്കുന്നത്. ക്രിസ്റ്റ്യാനോ റൊണാൾഡോ - സെനഗൽ സൂപ്പർ താരം സാദിയൊ മാനെ എന്നിവർക്കൊപ്പം അൽ നസർ എഫ് സിയുടെ ആക്രമണം നയിച്ചിരുന്നത് ആൻഡേഴ്സൺ ടാലിസ്കയായിരുന്നു. 2021 ജൂലൈ 1നാണ് ആൻഡേഴ്സൺ ടാലിസ്ക അൽ നാസർ എഫ്സിയിൽ ചേർന്നത്.

# മെസി ഇൻ്റർ മയാമി വിടാനൊരുങ്ങുന്നു; വീണ്ടും പഴയ ക്ലബിലേക്ക്!



മിയാമി: അർജൻ്റീനയുടെ ഇതിഹാസ താരം ലയണൽ മെസ്സി അമേരിക്കൻ ക്ലബ് ഇൻ്റർ മിയാമി വിടാനൊരുങ്ങുന്നു. സീസണിൻ്റെ അവസാനത്തോടെ അദ്ദേഹം മിയാമി വിടുമെന്ന് അഭ്യൂഹമുണ്ട്. അതിനുമുമ്പ് ക്ലബ്ബിനെ ലീഗ് ചാമ്പ്യന്മാരാക്കുക എന്നതായിരിക്കും മെസിയുടെ ലക്ഷ്യം. പിഎസ്ജിയിൽ നിന്നാണ് മെസ്സി ഇൻ്റർ മിയാമിയിലെത്തിയത്. ബാഴ്സലോണയുമായുള്ള 21 വർഷത്തെ ബന്ധം ഉപേക്ഷിച്ച് 2021ലാണ് മെസ്സി പിഎസ്ജിയിലെത്തിയത്. രണ്ടുവർഷത്തേക്കായിരുന്നു കരാർ. ബാഴ്സലോണയുടെ സാമ്പത്തിക പ്രതിസന്ധിയെ തുടർന്നാണ് കരാർ റദ്ദാക്കിയത്.പിഎസ്ജിയെ വലിയ നേട്ടത്തിലേക്ക് നയിക്കാൻ മെസ്സിക്ക് കഴിഞ്ഞില്ല. മെസ്സിക്കൊപ്പം നെയ്മറും എംബാപ്പെയും ഉണ്ടായിട്ടും ഫ്രഞ്ച് ക്ലബ്ബിന് ചാമ്പ്യൻസ് ലീഗ് കിരീടം നേടാനായില്ല. അതിനിടെ മെസ്സിയും ആരാധകരുടെ പരിഹാസത്തിന് ഇരയായി. ഖത്തർ ലോകകപ്പ് നേടിയതിന് പിന്നാലെയാണ് മെസ്സി പിഎസ്ജി വിട്ടത്. മെസ്സി ബാഴ്സലോണയിലേക്ക് മടങ്ങിയെത്തുമെന്ന് അഭ്യൂഹങ്ങളുണ്ടായിരുന്നു. ആ ശ്രമവും പരാജയപ്പെട്ടപ്പോൾ മെസ്സി മിയാമിയിലെത്തി.അടുത്ത വർഷം മെസി, മിയാമി വിടുമെന്ന് ഉറപ്പായതോടെ മെസി അർജൻ്റെൻ ക്ലബിലേക്ക് തിരിച്ചെത്തുമെന്ന് വാർത്തകൾ വരികയാണ്.

## ഐസിസി ടെസ്റ്റ് റാങ്കിംഗ്; ആറാം സ്ഥാനത്തേക്ക് ഉയർന്ന് റിഷഭ് പന്ത്, കോഹ്‌ലി പുറത്ത്



ഐസിസി ടെസ്റ്റ് റാങ്കിംഗിൽ ആറാം സ്ഥാനത്തേക്ക് ഉയർന്ന് റിഷഭ് പന്ത്. ബംഗ്ലാദേശിനെതിരായ ആദ്യ ടെസ്റ്റിൽ ഋഷഭ് പന്തിൻ്റെ ഉജ്ജ്വല സെഞ്ച്വറിയാണ് അദ്ദേഹത്തെ ആദ്യ പത്തിൽ എത്തിച്ചത്. രണ്ട് ഇന്നിംഗ്സുകളിലുമായി 23 റൺസ് മാത്രം നേടിയ വിരാട് കോഹ്‌ലി ആദ്യ പത്തിൽ നിന്ന് പുറത്തായി, അഞ്ച് സ്ഥാനങ്ങൾ താഴ്ന്ന് 12-ാം സ്ഥാനത്തെത്തി. അതേസമയം 11 റൺസ് മാത്രം നേടിയ രോഹിത് ശർമ്മ അഞ്ച് സ്ഥാനങ്ങൾ താഴ്ന്ന് പത്താം റാങ്കിലെത്തി.ടെസ്റ്റ് ബാറ്റിംഗ് റാങ്കിംഗിൽ ജോ റൂട്ട് ഒന്നാം സ്ഥാനത്ത് തുടരുന്നു. ബൗളിംഗ് റാങ്കിംഗിൽ രണ്ടാം ഇന്നിംഗ്സിൽ അഞ്ച് വിക്കറ്റ് വീഴ്ത്തിയ ഇന്ത്യയുടെ രവിചന്ദ്രൻ അശ്വിൻ ഒന്നാം സ്ഥാനത്ത് തുടരുന്നു.സെഞ്ചുറി ഉൾപ്പെടെയുള്ള ഓൾറൗണ്ട് പ്രകടനമാണ് അശ്വിനെ റാങ്കിങ്ങിൽ മുന്നിൽ നിർത്തിയത്. ഫാസ്റ്റ് ബൗളർ ജസ്പ്രീത് ബുംറ രണ്ടാം സ്ഥാനത്ത് തുടരുമ്പോൾ ഓസ്ട്രേലിയയുടെ ജോഷ് ഹേസൽവുഡ് മൂന്നാം സ്ഥാനത്താണ്.ബൗളർമാരിൽ രവീന്ദ്ര ജഡേജ ആറാം സ്ഥാനത്തേക്ക് ഉയർന്നപ്പോൾ ഓസ്ട്രേലിയയുടെ നഥാൻ ലിയോൺ ഏഴാം സ്ഥാനത്തേക്ക് താഴ്ന്നു.

## 35 വയസിലും 19കാരിയുടെ ആവേശം ഇന്നുമുണ്ട്: ഹർമൻ പ്രീത് കൗർ



ഒക്ടോബർ മൂന്നിന് വനിതാ ടി20 ലോകകപ്പ് ആരംഭിക്കാനിരിക്കെ ഇന്ത്യയുടെ തയ്യാറെടുപ്പുകളിൽ ആത്മവിശ്വാസം പ്രകടിപ്പിച്ച് ക്യാപ്റ്റൻ ഹർമൻപ്രീത് കൗർ. കഴിഞ്ഞ കുറച്ച് വർഷങ്ങളായി മികച്ച പ്രകടനം തുടരുന്നുണ്ടെങ്കിലും ഇന്ത്യക്ക് ഇതുവരെ ഒരു ലോകകപ്പ് നേടാനായിട്ടില്ല. അതുകൊണ്ട് തന്നെ ഇത്തവണ ടീം മികച്ച പ്രകടനം നടത്തുമെന്ന പ്രതീക്ഷയിലാണ് ആരാധകർ.കഴിഞ്ഞ കുറച്ച് വർഷങ്ങളിലെ ഏറ്റവും മികച്ച പ്രതിരോധമാണ് ഇന്ത്യയുടേതെന്ന് ക്യാപ്റ്റൻ ഹർമൻപ്രീത് കൗർ പറഞ്ഞു. ലോകകപ്പിൻ്റെ അവസാന പതിപ്പ് നോക്കുമ്പോൾ ഇന്ത്യയുടേത് മികച്ച ലൈനപ്പാണ്. ഞങ്ങൾ എല്ലാ കോളങ്ങളും ടിക്ക് ചെയ്തു. ലോകകപ്പിന് മുന്നോടിയായി നടത്തിയ വാർത്താ സമ്മേളനത്തിൽ ഹർമൻപ്രീത് കൗർ പറയുന്നു.കഴിഞ്ഞ ഏഷ്യാ കപ്പിലും ടീം നന്നായി കളിച്ചു. എന്നാൽ ചില മോശം ദിവസങ്ങൾ സംഭവിക്കുന്നു. ഞാൻ ഒരുപാട് ലോകകപ്പുകൾ കളിക്കുമെന്ന് എനിക്കറിയാം. എനിക്കറിയാം ഞാൻ ഒരുപാട് ലോകകപ്പുകളായി കളിക്കുന്നു. എന്നാൽ പഴയ ആ 19 കാരിയിലുണ്ടായിരുന്ന അതേ ആവേശം 35 വയസിലും എനിക്കുണ്ട്. ഹർമൻ പ്രീത് കൗർ പറയുന്നു.

## ഋഷഭ് പന്തിന് വിശ്രമം; സഞ്ജുവിന് നറുക്ക് വീഴുമോ?



ഇന്ത്യൻ ക്രിക്കറ്റ് ടീമിലേക്ക് മടങ്ങിവരാൻ മലയാളി താരം സഞ്ജു സാംസണിന് അവസരമൊരുങ്ങുന്നു. ബംഗ്ലാദേശിനെതിരായ ടി20 പരമ്പരയിലേക്ക് സഞ്ജുവിനെ സെലക്ടർമാർ പരിഗണിക്കുന്നതായാണ് റിപ്പോർട്ട്. ശ്രീലങ്കക്കെതിരെ ജുലൈയിൽ നടന്ന രണ്ട് മത്സരങ്ങളിലും തോറ്റ് മടങ്ങിയെങ്കിലും ദുലീപ് ട്രോഫിയിൽ ഇന്ത്യ ഡി ടീമിനായി പുറത്തെടുത്ത മികച്ച പ്രകടനമാണ് സഞ്ജുവിനെ വീണ്ടും സെലക്ടർമാർക്ക് മുന്നിൽ എത്തിച്ചിരിക്കുന്നത്. ന്യൂസിലൻഡ് പര്യടനം മുൻനിർത്തി ഋഷഭ് പന്തിന് വിശ്രമം നൽകാൻ തയ്യാറായാൽ വിക്കറ്റ് കീപ്പർ ബാറ്ററായി സഞ്ജുവിന് ബംഗ്ലാദേശ് സിരീസിൽ നറുക്ക് വീണേക്കും.അജിത് അഗാർക്കറുടെ നേതൃത്വത്തിലുള്ള ബിസിസിഐ സെലക്ഷൻ കമ്മിറ്റി ട്വൻറി 20 ടീമിനെ പ്രഖ്യാപിക്കാനുള്ള അവസാനഘട്ട ചർച്ചകളിലാണ്. 2015-ൽ ദേശീയ ടീമിൽ അരങ്ങേറിയ സഞ്ജുവിന് പല കാരണങ്ങളാൽ ഇതുവരെ ടീമിൽ സ്ഥിരം കസേര ലഭിച്ചിട്ടില്ല എന്നതാണ് വാസ്തവം. ലോകകപ്പ് വിജയത്തിന് പിന്നാലെ വിരാട് കോലിയും രോഹിത് ശർമയും ടി20 ഫോർമാറ്റിൽ നിന്ന് വിരമിച്ചത് സഞ്ജുവിന് ഗുണമാകുമെന്നാണ് വിലയിരുത്തൽ. ശ്രീലങ്കൻ പരമ്പരയിലെ മോശം ഇന്നിങ്സുകൾ സഞ്ജുവിൻറെ സാധ്യതകൾക്ക് മങ്ങലേൽപ്പിക്കുമോ എന്ന ആശങ്കയും ആരാധകർക്കിടയിലുണ്ട്.ദുലീപ് ട്രോഫിയിൽ ഇന്ത്യ ഡിക്കായി കളിച്ച അവസാന മത്സരത്തിൽ 106, 45 എന്നിങ്ങനെയായിരുന്നു സഞ്ജുവിൻറെ സമ്പാദ്യം. സെഞ്ചുറി കരുത്തുമായി ഇഷാൻ കിഷനും സഞ്ജുവിന് വെല്ലുവിളി ഉയർത്തുന്നു. അതേസമയം, ഇറാനി ട്രോഫിക്കുള്ള റെസ്റ്റ് ഓഫ് ഇന്ത്യ ടീമിലേക്ക് സഞ്ജുവിനെ പരിഗണിച്ചേക്കില്ല . ഒക്ടോബർ 1 - 5 വരെയാണ് ഇറാനി ട്രോഫി മത്സരങ്ങൾ.

# റാഫേൽ വരാനെ ഫുട്ബോളിൽ നിന്ന് വിരമിക്കുമെന്ന് സൂചന



വെറ്ററൻ ഫ്രഞ്ച് ഫുട്ബോൾ താരം റാഫേൽ വരാനെ പ്രൊഫഷണൽ ഫുട്ബോളിൽ നിന്ന് വിരമിക്കാനൊരുങ്ങുന്നതായി റിപോർട്ടുകൾ.അടുത്തിടെ ഇറ്റാലിയൻ ടീമായ കോമോയിൽ ചേർന്ന വരാനെ, ക്ലബിനായുള്ള തൻ്റെ അരങ്ങേറ്റ മത്സരത്തിൽ പരിക്കേറ്റതിനെത്തുടർന്ന് കരിയർ അവസാനിപ്പിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതായാണ് വിവരം. ഈ വേനൽക്കാലത്ത് ഒരു ഫ്രീ ട്രാൻസ്ഫറിൽ കോമോയിലേക്ക് നീങ്ങിയ വരാനെ, ആ പ്രാരംഭ ഗെയിമിന് ശേഷം ഇതുവരെ കളത്തിന് പുറത്തായിരുന്നു. ഇപ്പോൾ 31-കാരൻ പരിക്കുകൾ കാരണം ക്ലബ്ബുമായുള്ള കരാർ അവസാനിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതായാണ് റിപ്പോർട്ട്.മുൻ റയൽ മാഡ്രിഡിൻ്റെയും മാഞ്ചസ്റ്റർ യുണൈറ്റഡിൻ്റെയും ഡിഫൻഡർ വരും മണിക്കൂറുകളിൽ വിരമിക്കൽ പ്രഖ്യാപിച്ചേക്കുമെന്ന് ഫാബ്രിസിയോ റൊമാനോ വെളിപ്പെടുത്തി. യുവേഫ ചാമ്പ്യൻസ് ലീഗും ഫ്രാൻസിനൊപ്പം ഫിഫ ലോകകപ്പും ഉൾപ്പെടെ നിരവധി ട്രോഫികൾ വരാനെ നേടിയിട്ടുണ്ട്.

# ശരീരഭാരം കുറയ്ക്കാൻ ഈ ഭക്ഷണങ്ങൾ ഒഴിവാക്കൂ



പുതിയ ജീവിതശൈലിയും ചിട്ടയായ ഭക്ഷണക്രമവും ശരീരഭാരം കുറയ്ക്കാൻ അത്യാവശ്യമാണ്. അതിനാൽ ഭാരം കുറയ്ക്കാൻ ശ്രമിക്കുന്നെങ്കിൽ ഈ ഭക്ഷണങ്ങൾ പൂർണമായും ഒഴിവാക്കണം.

**പഞ്ചസാര അടങ്ങിയ പാനീയങ്ങൾ**

സോഡകൾ, ഫ്രൂട്ടി, എനർജി ഡ്രിങ്കുകൾ എന്നിവയുൾപ്പെടെയുള്ള പഞ്ചസാര പാനീയങ്ങൾ കലോറികളാൽ നിറഞ്ഞതും പോഷക ഗുണങ്ങൾ നൽകാത്തതുമാണ്. ഈ പാനീയങ്ങൾ രക്തത്തിലെ പഞ്ചസാരയുടെ അളവ് വർദ്ധിപ്പിക്കും, ഇത് വിശപ്പും ആസക്തിയും വർദ്ധിപ്പിക്കുകയും ചെയ്യും.

**പ്രഭാതഭക്ഷണം ഒഴിവാക്കുന്നത് നിർത്തുക**

പ്രഭാതഭക്ഷണം ഒഴിവാക്കുന്നത് ശരീരഭാരം കുറയ്ക്കാൻ സഹായിക്കും എന്നതാണ് ഏറ്റവും സാധാരണമായ തെറ്റിദ്ധാരണകളിൽ ഒന്ന്. എന്നിരുന്നാലും, നിങ്ങളുടെ മെറ്റബോളിസത്തിന് പ്രഭാതഭക്ഷണം നിർണായകമാണെന്ന് നിരവധി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

**സംസ്കരിച്ച ലഘുഭക്ഷണങ്ങൾ**

ചിപ്സ്, കുക്കീസ്, പാക്കേജ് ചെയ്ത മധുരപലഹാരങ്ങൾ എന്നിവ കലോറി കൂടുതൽ ഉള്ളതും പോഷകങ്ങൾ കുറവുള്ളതുമാണ്.

**ആരോഗ്യകരമായ ഭക്ഷണങ്ങൾ അമിതമായി കഴിക്കുന്നതും ഒഴിവാക്കുക:**

ആരോഗ്യകരമായ ഭക്ഷണങ്ങൾ നിങ്ങളുടെ ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണെങ്കിലും, പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ പോലും അമിതമായി കഴിച്ചാൽ ശരീരഭാരം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് ഓർമ്മിക്കേണ്ടത് പ്രധാനമാണ്. അണ്ടിപ്പരിപ്പ്, അവോക്കാഡോ, ധാന്യങ്ങൾ, എന്നിവയെല്ലാം ശരീരത്തിന് ഗുണം ചെയ്യും, എന്നാൽ അവയിൽ കലോറിയും കൂടുതലാണ്.

**ശുദ്ധീകരിച്ച കാർബോഹൈഡ്രേറ്റുകൾ**

വൈറ്റ് ബ്രെഡ്, പാസ്ത, പേസ്ട്രികൾ എന്നിവ രക്തത്തിലെ പഞ്ചസാര വർദ്ധിപ്പിക്കുകയും അമിത ഭക്ഷണത്തിലേക്ക് നയിക്കുകയും ചെയ്യും.

**വറുത്ത ഭക്ഷണങ്ങൾ**

അനാരോഗ്യകരമായ കൊഴുപ്പും കലോറിയും കൂടുതൽ ഉള്ളതിനാൽ വറുത്ത ഭക്ഷണങ്ങൾ ശരീരഭാരം കുറയ്ക്കുന്നത് മന്ദഗതിയിലാക്കുന്നു.

**മിഠായി, ചോക്ലേറ്റ് ബാറുകൾ**

പഞ്ചസാരയും കൊഴുപ്പും നിറഞ്ഞ ഇവ ശരീരത്തിൽ അനാവശ്യ കലോറികളെ ചേർക്കുന്നു.

**ഐസ്ക്രീം**

പഞ്ചസാരയും കൊഴുപ്പും കൂടുതൽ ഉള്ളതിനാൽ ശരീരഭാരം നിയന്ത്രിക്കാൻ ശ്രമിക്കുന്നവർ ഇത് പൂർണമായും ഒഴിവക്കേണ്ടതാണ്.

## മൂത്രാശയ അണുബാധ; ഫ്രിഡ്ജിൽ സൂക്ഷിച്ചശേഷം ഉപയോഗിക്കുന്ന മാംസവും രോഗകാരി



അറുപത് ശതമാനം സ്ത്രീകൾക്ക് അവരുടെ ജീവിതകാലത്ത് ഒരിക്കലെങ്കിലും അനുഭവിക്കേണ്ടി വരുന്ന ഒന്നാണ് മൂത്രത്തിലെ അണുബാധ അഥവാ യൂറിനറി ട്രാക്ട് ഇൻഫെക്ഷൻ (യുടിഐ). ഇപ്പോഴിതാ ഇത് സംബന്ധിച്ച ഒരു പുതിയ പഠനം പുറത്ത് വന്നിരിക്കുകയാണ്.

ഇടയ്ക്കിടെയുള്ള അണുബാധയിൽ നിങ്ങളുടെ ഫ്രിഡ്ജും ഒരു ഭാഗമാണെന്നാണ് ഗവേഷകർ പറയുന്നത്. യുഎസിൽ നടത്തിയ ഒരു പഠനം പറയുന്നത് മലിനമായ മാംസത്തിൽ കാണപ്പെടുന്ന Escherichia coli (ഇ കോളി) ബാക്ടീരിയകളാണ് ആവർത്തിച്ചുള്ള യുടിഐകൾക്ക് പിന്നിലെന്നാണ്.

യുഎസിൽ ഓരോ വർഷവും ഏകദേശം 500,000 യുടിഐകൾക്ക് ഇകോളി അടങ്ങിയ മാംസം കാരണമാകുന്നതായി 2023ലെ ഒരു പഠനം പറയുന്നു. അണുബാധ വർദ്ധിക്കുന്നതിലെ പ്രധാന ഘടകമാണിത്. സ്റ്റോറുകളിൽ വിൽക്കുന്ന മാംസ ഉൽപ്പന്നങ്ങളിൽ ഇ കോളിയുടെ 30 മുതൽ 70 ശതമാനം വരെ അടങ്ങിയിട്ടുണ്ട്.

**എന്താണ് യുടിഐ**

വൃക്കകൾ, മൂത്രസഞ്ചി, മൂത്രനാളി, എന്നിവ ഉൾപ്പെടുന്ന മൂത്രാശയ വ്യവസ്ഥയുടെ ഏതെങ്കിലും ഭാഗത്ത് സംഭവിക്കുന്ന അണുബാധയാണ് മൂത്രനാളി അണുബാധ. മിക്ക യുടിഐകളും താഴത്തെ മൂത്രനാളിയെ ബാധിക്കുന്നു. മൂത്രനാളിയിലൂടെ ബാക്ടീരിയകൾ പ്രവേശിച്ച് മൂത്രസഞ്ചിയിൽ പെരുകാൻ തുടങ്ങുമ്പോഴാണ് യുടിഐകൾ സാധാരണയായി ഉണ്ടാകുന്നത്.

കുടലിൽ വസിക്കുന്ന ഇ കോളി എന്ന ബാക്ടീരിയയാണ് ഈ അണുബാധകളിൽ ഭൂരിഭാഗത്തിനും കാരണമാകുന്നത്. ശുചിത്വമില്ലായ്മ, ലൈംഗിക പ്രവർത്തനങ്ങൾ, ചില ആരോഗ്യ അവസ്ഥകൾ തുടങ്ങിയ ഘടകങ്ങൾ അണുബാധ വികസിപ്പിക്കാനുള്ള സാധ്യത വർധിപ്പിക്കും.

**എന്താണ് യുടിഐക്ക് കാരണമാകുന്നത്?**

മോശം ശുചിത്വം, സെക്സ്, ചില ആരോഗ്യ അവസ്ഥകൾ തുടങ്ങിയ ഘടകങ്ങൾ അണുബാധ വികസിപ്പിക്കാനുള്ള സാധ്യത വർദ്ധിപ്പിക്കും. സ്ത്രീകളിൽ ലൈംഗിക പ്രവർത്തനങ്ങൾക്ക് മൂത്രനാളിയിലേക്കു ബാക്ടീരിയയെ കൊണ്ടുവരാൻ കഴിയും. ബീജനാശിനികൾ പോലുള്ള ചില ഗർഭനിരോധന മാർഗങ്ങൾ അപകടസാധ്യത വർധിപ്പിക്കുന്നു. ആർത്തവവിരാമ സമയത്തുണ്ടാകുന്ന ഹോർമോൺ മാറ്റങ്ങളും അണുബാധയ്ക്കുള്ള സാധ്യത വർധിപ്പിക്കുന്നു.

**യുടിഐ അപകടങ്ങൾ**

ചികിത്സിച്ചില്ലെങ്കിൽ, യുടിഐ കൂടുതൽ ഗുരുതരമായ സങ്കീർണതകളിലേക്ക് പുരോഗമിക്കും. ഇടയ്ക്കിടെ മൂത്രമൊഴിക്കാനുള്ള പ്രേരണയും മൂത്രമൊഴിക്കുമ്പോൾ വേദന അനുഭവപ്പെടുന്നതും നേരിയ യുടിഐയുടെ ലക്ഷണങ്ങളാണ്. ചികിത്സിക്കാത്ത അണുബാധകൾ വൃക്കകളിലേക്ക് വ്യാപിക്കുകയും ഇത് പൈലോനെഫ്രൈറ്റിസ് എന്ന അവസ്ഥയിലേക്ക് നയിക്കുകയും ചെയ്യും. വൃക്ക അണുബാധയുടെ ഗുരുതര പാർശ്വഫലങ്ങളിൽ വൃക്ക തകരാറും സെപ്സിസും ഉൾപ്പെടുന്നു.

# ശരീരത്തിൽ ബയോട്ടിൻ കുറവാണോ? ലക്ഷണങ്ങൾ തിരിച്ചറിയാം




ശരീരത്തിന് ഏറ്റവും ആവശ്യമായ ബി വിറ്റാമിനുകളിൽ ഒന്നാണ് ബയോട്ടിൻ. ആരോഗ്യമുള്ള ചർമ്മത്തിനും മുടിക്കും നഖത്തിനും ബയോട്ടിൻ അത്യാവശ്യമാണ്. വിറ്റാമിൻബി 7 എന്നറിയപ്പെടുന്ന ബയോട്ടിൻ ഭക്ഷണത്തിലൂടെ നമുക്ക് ലഭിക്കുന്ന ഒരു പോഷകമാണ്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തിന്റെ അഭിപ്രായത്തിൽ, ബയോട്ടിന്റെ പ്രതിദിന മൂല്യം (ഡിവി) 30 മൈക്രോഗ്രാം ആണ്. മുട്ട, മധുരക്കിഴങ്ങ്, കൂൺ, ചീര, സോയാബീൻസ്, ബദാം, സൂര്യകാന്തി വിത്തുകൾ മുതലായവ ശരീരത്തിന് ബയോട്ടിൻ നൽകുന്നു. എന്നാൽ നിങ്ങളുടെ ശരീരത്തിന് എല്ലാ ദിവസവും ആവശ്യത്തിന് ബയോട്ടിൻ ലഭിക്കുന്നുണ്ടോ എന്ന് നിങ്ങൾക്ക് എങ്ങനെ അറിയാം? ബയോട്ടിൻ കുറവിന്റെ ചില ലക്ഷണങ്ങൾ തിരിച്ചറിയാൻ കഴിയും.

**1. മുടികൊഴിച്ചിൽ**

മുടികൊഴിച്ചിൽ കൂടുതൽ ഉണ്ടാകുന്നത് ബയോട്ടിന്റെ കുറവ് മൂലമാണ്. അതുകൊണ്ട് അമിതമായ മുടികൊഴിച്ചിൽ നിസ്സാരമായി കാണരുത്.

**2. ചർമ്മ പ്രശ്നങ്ങൾ**

ചർമ്മത്തിൽ, പ്രത്യേകിച്ച് നിങ്ങളുടെ കണ്ണുകൾ, മൂക്ക് അല്ലെങ്കിൽ വായ എന്നിവയ്ക്ക് ചുറ്റുമുള്ള ചുവന്ന, ചെതുമ്പൽ പാടുകൾ ചിലപ്പോൾ ബയോട്ടിൻ കുറവിന്റെ മറ്റൊരു ലക്ഷണമാകാം. ആരോഗ്യമുള്ള ചർമ്മം നിലനിർത്താൻ ബയോട്ടിൻ അത്യാവശ്യമാണ്, കൂടാതെ അതിന്റെ കുറവ് വരണ്ട ചർമ്മത്തിന് കാരണമാകും.

**3. പൊട്ടുന്ന നഖങ്ങൾ**

ബയോട്ടിന്റെ കുറവും നഖത്തിന്റെ ആരോഗ്യം മോശമാക്കും. ഇത് നിങ്ങളുടെ നഖങ്ങൾ ദുർബലവും പൊട്ടുന്നതും ആക്കും.

**4. അമിതമായ ക്ഷീണം**

അമിതമായ ക്ഷീണം ബയോട്ടിൻ കുറവ് മൂലമാകാം. ബയോട്ടിൻ നിങ്ങളുടെ ഭക്ഷണത്തെ ഊർജ്ജമാക്കി മാറ്റാൻ സഹായിക്കുന്നു.

**5. കൈകളിലും കാലുകളിലും മരവിപ്പ്**

ബയോട്ടിന്റെ കുറവ് കൈകളിലും കാലുകളിലും മരവിപ്പിന് കാരണമാകും. കാരണം നിങ്ങളുടെ ശരീരത്തിലെ നാഡീവ്യവസ്ഥയുടെ പല പ്രവർത്തനങ്ങളെയും ബയോട്ടിൻ സഹായിക്കുന്നു. ഇതിന്റെ കുറവ് കാരണം ഇത്തരത്തിലുള്ള മരവിപ്പ് ഉണ്ടാകാം.

## 2020 മുതൽ ആഗോള ആരോഗ്യ പുരോഗതി സ്തംഭനാവസ്ഥയിലാണെന്ന് ബിൽ ഗേറ്റ്സ്



2020 മുതൽ ആഗോള ആരോഗ്യ പുരോഗതി സ്തംഭനാവസ്ഥയിലാണെന്ന് മൈക്രോസോഫ്റ്റ് സഹസ്ഥാപകനും ബിൽ & മെലിൻഡ ഗേറ്റ്സ് ഫൗണ്ടേഷന്റെ കോ -ചെയർമാനുമായ ബിൽ ഗേറ്റ്സ്.

2000നും 2020നും ഇടയിൽ കാര്യമായ പുരോഗതിയുണ്ടായിട്ടും, ശിശുമരണനിരക്ക് ഗണ്യമായി കുറഞ്ഞപ്പോൾ, കഴിഞ്ഞ അഞ്ച് വർഷമായി ആശങ്കാജനകമായ അവസ്ഥയിലാണ് മേഖല. ആഗോള ആരോഗ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ലോകം മികച്ച പാതയിൽ അല്ലായെന്ന് പറഞ്ഞ ഗേറ്റ്സ് ഈ പ്രശ്നം അഭിസംബോധന ചെയ്യേണ്ടതിന്റെ അടിയന്തര പ്രാധാന്യം ഊന്നിപ്പറഞ്ഞു.

ആഗോള ആരോഗ്യരംഗത്ത് നിക്ഷേപം നടത്തേണ്ടതിന്റെ പ്രാധാന്യത്തിന്റെ വ്യക്തമായ തെളിവുകൾ ഉണ്ടായിരുന്നിട്ടും, രാഷ്ട്രീയ ഇച്ഛാശക്തിയും സാമ്പത്തിക സ്രോതസ്സുകളും കുറയുന്നതായി ഗേറ്റ്സ് മുന്നറിയിപ്പ് നൽകി. ഗേറ്റ്സ് ഫൗണ്ടേഷൻ പോലുള്ള ജീവകാരുണ്യ സംഘടനകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ടെങ്കിലും അവരുടെ പരിശ്രമം മാത്രം അപര്യാപ്തമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

അതേസമയം വെല്ലുവിളി നിറഞ്ഞ ഈ സാഹചര്യത്തിലും ഇന്ത്യ മികച്ച മാതൃക കാട്ടിയതായി ബിൽ ഗേറ്റ്സ് പറഞ്ഞു. ആരോഗ്യത്തിന് മുൻഗണന നൽകുന്നതും സ്വന്തം ആരോഗ്യ പരിപാടികൾക്ക് വലിയ തോതിൽ ധനസഹായം നൽകുന്നതും ചൂണ്ടിക്കാട്ടിയാണ് ഗേറ്റ്സ് ഇന്ത്യൻ സർക്കാരിനെ പ്രശംസിച്ചത്.

ലോകത്ത് ഇനി സംഭവിച്ചേക്കാവുന്ന മഹാമാരികളെ നേരിടാൻ ലോകരാജ്യങ്ങൾ സജ്ജമാകാത്തതും ആശങ്കാജനകമാണെന്ന് ബിൽ ഗേറ്റ്സ് പറഞ്ഞു. കോവിഡ് പാൻഡെമിക് മുന്നിൽ ഉദാഹരണമായി നിൽക്കുമ്പോൾ യുഎസ് തിരഞ്ഞെടുപ്പ് പോലുള്ള പ്രധാന രാഷ്ട്രീയ വേദികളിൽ പോലും ഭാവി തയ്യാറെടുപ്പിനെക്കുറിച്ചുള്ള ചർച്ചകൾ ഉയരാത്തത് സങ്കടകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# ജെമിനി ആപ്പിൽ 'ഫയൽ അപ്‌ലോഡ്' ഫീച്ചർ എത്തി

എഐ ചാറ്റ്ബോട്ടായ ജെമിനിയുടെ ഫീച്ചറുകൾ അപ്ഗ്രേഡ് ചെയ്തുകൊണ്ടിരിക്കുകയാണ് ഗൂഗിൾ. കമ്പനി അതിന്റെ എല്ലാ സേവനങ്ങളിലേക്കും ജെമിനിയെ സമന്വയിപ്പിക്കാൻ ഒരുങ്ങുകയാണ്. ജൂൺ മാസത്തിൽ ജെമിനി ജിമെയിൽ വെബിൽ ഗൂഗിൾ അവതരിപ്പിച്ചിരുന്നു. ഇപ്പോഴിതാ ഉടൻ തന്നെ ജെമിനി ആപ്പിൽ ഫയലുകൾ അപ്‌ലോഡ് ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞേക്കും.

'ഫയൽ അപ്‌ലോഡ്' ഫീച്ചർ ഉപയോഗിച്ച് ജെമിനി ആപ്പിനുള്ളിൽ നിങ്ങളുടെ ഫോണിൽ നിന്ന് നേരിട്ട് ഫയലുകൾ അപ്‌ലോഡ് ചെയ്യാമെന്ന് ഗൂഗിൾ ഒരു ഔദ്യോഗിക ബ്ലോഗിൽ വിശദീകരിച്ചു. പുതിയ ഫീച്ചറിലൂടെ മൊബൈൽ ഉപയോക്താക്കൾക്കായി ജെമിനി ആപ്പ് അപ്ഗ്രേഡുചെയ്യാനാണ് ലക്ഷ്യമിടുന്നതെന്നും ഗൂഗിൾ കൂട്ടിച്ചേർത്തു. ഐഒഎസ്, ആൻഡ്രോയിഡ് ഉപയോക്താക്കൾക്ക് 'ഫയൽ അപ്‌ലോഡ്' ഫീച്ചർ ലഭ്യമാണ്.

'ഫയൽ അപ്‌ലോഡ്' ഫീച്ചർ തുടക്കത്തിൽ വെബ് ഉപയോക്താക്കൾക്കുള്ള ജെമിനി 1.5 പ്രോ പ്ലാറ്റ്ഫോമിലേക്ക് പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ ഇപ്പോൾ സ്മാർട്ട്ഫോൺ ഉപയോക്താക്കൾക്കും ഗൂഗിൾ ഫീച്ചർ ഉപയോഗിക്കാം. നിലവിൽ ജെമിനി അഡ്വാൻസ്ഡ് ഉപയോക്താക്കൾക്ക് ഈ ഫീച്ചർ ലഭ്യമാണ്.

**നിങ്ങളുടെ ജെമിനി ആപ്പിൽ ഫയലുകൾ എങ്ങനെ അപ്‌ലോഡ് ചെയ്യാം?**

1. ജെമിനി ആപ്പ് തുറക്കുക.
2. സ്ക്രീനിന്റെ ഇടത് കോണിൽ 'പ്ലസ്' ഐക്കണിൽ ക്ലിക്ക് ചെയ്യണം. മൈക്രോഫോൺ, ക്യാമറ ഓപ്ഷനുകൾക്ക് അടുത്തായി നിങ്ങൾക്ക് 'പ്ലസ്' ഐക്കൺ കണ്ടെത്താനാകും.
3. ഇതിൽ ആൻഡ്രോയിഡിലും ഐഒഎസിലും ലഭ്യമായ മൂന്ന് അപ്‌ലോഡ് ഓപ്ഷനുകൾ സ്ക്രീനിൽ കാണും.
4. ഈ ഓപ്ഷനുകളിൽ ഗാലറിയിൽ നിന്ന് ഫയൽ അപ്‌ലോഡ് ചെയ്യുക.
5. നിങ്ങൾക്ക് TXT, DOC, DOCX, PDF, RTF, DOT, DOTX, HWP, HWPX പോലുള്ള ഏത് ഫയലും അപ്‌ലോഡ് ചെയ്യാവുന്നതാണ്.

# ആൻഡ്രോയിഡിൽ നിന്ന് ഐഫോണിലേക്ക് വാട്സ്ആപ്പ് ചാറ്റുകൾ കൈമാറുന്നത് എങ്ങനെ?



ആൻഡ്രോയിഡ്, ഐഒഎസ് എന്നിവയുൾപ്പെടെ നിരവധി ഉപകരണങ്ങളിൽ പ്രവർത്തിക്കാനുള്ള കഴിവ് കൊണ്ട് തന്നെ വാട്ട്സ്ആപ്പിന് വലിയ ഉപയോക്തൃ അടിത്തറയുണ്ട്. ഈ രണ്ട് പ്ലാറ്റ്ഫോമുകളിലും അതിന്റെ ഭൂരിഭാഗം ചാറ്റ്ഓറിയന്റഡ് ഫീച്ചറുകളും വാട്സ് ആപ്പ് വാഗ്ദാനം ചെയ്യുന്നു.

നേരത്തെ തേഡ് പാർട്ടി ആപ്പുകളുടെ സഹായത്തോടെ മാത്രമേ ആൻഡ്രോയിഡ് ഫോണിൽ നിന്ന് ഐഒഎസ്സിലേക്കും തിരിച്ചും വാട്സാപ്പ് ചാറ്റുകൾ കൈമാറാൻ സാധിച്ചിരുന്നുള്ളൂ. അല്ലെങ്കിൽ പഴയ ഫോണിലെ ചാറ്റുകൾ ഒഴിവാക്കുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. പുതിയ ഫീച്ചർ വഴി വാട്സാപ്പ് ചാറ്റുകൾ മാത്രമേ പുതിയ ഫോണിലേക്ക് കൈമാറാനൊക്കൂ. വാട്സാപ്പ് കോൾ, പേമെന്റ് ഹിസ്റ്ററി എന്നിവ കൈമാറ്റം ചെയ്യപ്പെടില്ല. എങ്ങനെയെന്ന് നോക്കാം.

പ്രക്രിയ ആരംഭിക്കുന്നതിന് മുമ്പ്, വാട്ട്സ്ആപ്പ് ഉപയോക്താക്കൾ കുറച്ച് ആവശ്യകതകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം:

1. ആൻഡ്രോയിഡ് 15 അല്ലെങ്കിൽ ഉയർന്ന പതിപ്പുള്ള ആൻഡ്രോയിഡ് ഫോൺ
2. ഐഒഎസ് 15.5 അല്ലെങ്കിൽ ഉയർന്ന പതിപ്പുള്ള ഐ ഫോൺ
3. ഐ ഫോൺ ഒന്നുകിൽ പുതിയതോ ഫാക്ടറി റീസെറ്റ് ചെയ്തതോ ആയിരിക്കണം
4. വാട്സാപ്പിന്റെ ഏറ്റവും പുതിയ പതിപ്പ്
5. ചാറ്റ് കൈമാറ്റങ്ങൾക്ക് ഒരേ ഫോൺ നമ്പർ
6. സ്ഥിരതയുള്ള വൈ ഫൈ കണക്ഷൻ

**ആൻഡ്രോയിഡിൽ നിന്ന് ഐഫോണിലേക്ക് ചാറ്റുകൾ കൈമാറുന്നത് എങ്ങനെ?**

1. ഇതിനായി ആദ്യം Move to iOS ആപ്പ് ആൻഡ്രോയിഡ് ഫോണിൽ ഇൻസ്റ്റാൾ ചെയ്ത് തുറക്കുക. നിർദേശങ്ങൾ പിന്തുടരുക.
2. ഐഫോണിൽ കാണിക്കുന്ന കോഡ് ആൻഡ്രോയിഡ് ഫോണിൽ എന്റർ ചെയ്യുക. Continue ക്ലിക്ക് ചെയ്ത് സ്ക്രീനിൽ കാണുന്ന നിർദേശങ്ങൾ പിന്തുടരുക.
3. ട്രാൻസ്ഫർ ഡാറ്റ സ്ക്രീനിൽ Whatsapp എന്നത് തിരഞ്ഞെടുക്കുക ആൻഡ്രോയിഡ് ഫോണിൽ Start തിരഞ്ഞെടുക്കുക. കൈമാറ്റം ചെയ്യേണ്ട ഡാറ്റ തയ്യാറാക്കുന്നതിന് സമയം നൽകുക.
4. ഇത് പൂർത്തിയായാൽ നിങ്ങൾ വാട്സാപ്പിൽ നിന്ന് സൈൻ ഔട്ട് ചെയ്യപ്പെടും.
5. Next ബട്ടൻ ക്ലിക്ക് ചെയ്താൽ മൂവ് റ്റു ഐഓഎസ് ആപ്പിലേക്ക് തിരികെയെത്തും.
6. Continue ക്ലിക്ക് ചെയ്താൽ ചാറ്റ് കൈമാറ്റം ചെയ്യപ്പെടും.
7. ആപ്പ് സ്റ്റോറിൽ നിന്ന് ഏറ്റവും പുതിയ വാട്സാപ്പ് ഡൗൺലോഡ് ചെയ്യുക നിങ്ങളുടെ പഴയ ഫോണിലുണ്ടായിരുന്ന അതേ വാട്സാപ്പ് അക്കൗണ്ട് നമ്പർ നൽകി ലോഗിൻ ചെയ്യുക.
8. തുടർന്ന് വരുന്ന പ്രോംപ്റ്റിൽ Start തിരഞ്ഞെടുക്കുക. കൈമാറ്റം ചെയ്യപ്പെടുന്ന പ്രക്രിയ പൂർത്തിയാവും.
9. ശേഷം പഴയ ചാറ്റുകൾ നിങ്ങളുടെ ഐഫോണിലുള്ള വാട്സാപ്പിൽ കാണാം.
10. ബാക്ക് അപ്പ് ആക്റ്റിവേറ്റ് ചെയ്യുന്നത് വരെ ഈ ചാറ്റുകൾ നേരിട്ട് ഐക്ലൗഡിലേക്ക് അപ്‌ലോഡ് ചെയ്യപ്പെടില്ല. പഴയ ആൻഡ്രോയിഡ് ഫോണിലെ ചാറ്റുകൾ ഫോൺ ക്ലിയർ ചെയ്യുന്നത് വരെ അതിൽ തന്നെയുണ്ടാവും.

# എല്ലാം ഒരു കുടക്കീഴിൽ!! പുതിയ വീഡിയോ എഡിറ്റിംഗ് ടൂളുകളുമായി ഗൂഗിൾ ഫോട്ടോസ്

പുതിയ വീഡിയോ എഡിറ്റിംഗ് ടൂളുകളുമായി ഗൂഗിൾ ഫോട്ടോസ്. പുതിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) എഡിറ്റിംഗ് ഫീച്ചറും മൂന്ന് പുതിയ എഡിറ്റിംഗ് ടൂളുകളും പ്രഖ്യാപിച്ചു. ആൻഡ്രോയിഡിലും ഐഒഎസിലും ഈ എഐ പവർ ഫീച്ചർ ലഭ്യമാകും. എഡിറ്റിംഗ് ടൂളുകൾ നിലവിൽ ആൻഡ്രോയ്ഡ് ഉപയോക്താക്കൾക്ക് മാത്രമേ ലഭ്യമാകുന്നുള്ളൂ. അടുത്ത കുറച്ച് ദിവസങ്ങൾക്കുള്ളിൽ എല്ലാ ഉപയോക്താക്കൾക്കും ഈ ഫീച്ചർ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ട്രിം ടൂളുകൾ**

ആദ്യത്തേത് അപ്ഡേറ്റ് ചെയ്ത ട്രിം ടൂളാണ്. ഇത് വീഡിയോയുടെ ചില ഭാഗങ്ങൾ കട്ട് ചെയ്യാൻ ഉപയോഗിക്കുന്ന ടൂൾ ആണ്. വീഡിയോയുടെ ഒരു പ്രത്യേക ഭാഗം മാത്രം സുഹൃത്തുക്കൾക്ക് കാണിക്കാൻ ഇത് ഉപയോഗപ്രദമാണ്. ഈ അപ്ഡേറ്റ് ഉപയോഗിച്ച്, ഉപയോക്താക്കൾക്ക് അവർ ഇഷ്ടപ്പെടുന്ന പ്രത്യേക ഫ്രെയിമിലേക്ക് കൃത്യമായി ഫൂട്ടേജ് കട്ട് ആക്കാൻ കഴിയും.

**ഓട്ടോ എൻഹാൻസ് ബട്ടൺ**

ഫോട്ടോകളിലെ ഓട്ടോ എൻഹാൻസ് ഒബ്ജക്റ്റുകൾ കൂടുതൽ ഷാർപ്പ് ആക്കുവാനും ബ്രൈറ്റ്നസ്സും കോൺട്രാസ്റ്റും മൊത്തത്തിലുള്ള ലൈറ്റിംഗും മെച്ചപ്പെടുത്താനും സഹായിക്കും. ഈ അപ്ഡേറ്റ് ഉപയോഗിച്ച്, ഉപയോക്താക്കൾക്ക് വീഡിയോകളുടെ കളർ കറക്ഷൻ നടത്താനും കഴിയും.

**സ്പീഡ് ടൂൾ**

ഉപയോക്താക്കൾക്ക് ഒരു വീഡിയോയുടെ വേഗത കൂട്ടുവാനോ കുറയ്ക്കാനോ എളുപ്പത്തിൽ കഴിയും. തിരഞ്ഞെടുത്ത ഫ്രെയിമുകളിലേക്ക് രസകരമായ ഇഫക്റ്റുകൾ ചേർക്കാനും അവരെ അനുവദിക്കുന്നു. സ്ലോമോ ഇഫക്റ്റ് ചേർക്കാനും അതിന്റെ ദൈർഘ്യം വർദ്ധിപ്പിക്കാനും കഴിയും. അതേസമയം ആൻഡ്രോയിഡിലും ഐഒഎസിലും എഐ പവർ വീഡിയോ പ്രീസെറ്റുകൾ അവതരിപ്പിക്കുന്നുണ്ട്. കഴിഞ്ഞ മാസം ആദ്യം റിപ്പോർട്ട് ചെയ്തത്, വീഡിയോ ട്രിമ്മിംഗ്, ലൈറ്റിംഗ് ക്രമീകരിക്കൽ, വേഗത നിയന്ത്രിക്കൽ എന്നിവയും അതിലേറെയും പോലുള്ള നിർദ്ദിഷ്ട പ്രവർത്തനങ്ങൾക്കായി ഈ സവിശേഷത നിരവധി പ്രീസെറ്റുകൾ വാഗ്ദാനം ചെയ്യും എന്നാണ്.

ഉപയോക്താക്കൾക്ക് ഒരു പ്രീസെറ്റ് ആഡ് ആക്കിയാൽ ഒബ്ജക്റ്റിന്റെ ഡൈനാമിക്ക് മോഷൻ ട്രാക്കിംഗ്, ഒരു പ്രധാന മോമെന്റിൽ സൂം ഇൻ ചെയ്യുക, അല്ലെങ്കിൽ സ്ലോ മോഷൻ പ്രയോഗിക്കുക തുടങ്ങിയ ഇഫക്റ്റുകളും പ്രയോഗിക്കാൻ കഴിയും.




# ഐ ഫോണിലും ഇനി കോൾ റെക്കോർഡ് ചെയ്യാം; ഫീച്ചർ അവതരിപ്പിച്ച് കമ്പനി

ആൻഡ്രോയിഡിനെ അപേക്ഷിച്ച് ഐഫോണിൽ കോൾ റെക്കോർഡിംഗ് ഫീച്ചർ ഇല്ല എന്നതാണ് പലരും ചൂണ്ടിക്കാണിച്ച ഒരു കാര്യം. എന്നാൽ ഇപ്പോൾ പരിഹാരം എത്തി. ഐഫോണിലും കോൾ റെക്കോർഡിങ് ഫീച്ചർ അവതരിപ്പിക്കുകയാണ് കമ്പനി.

ഐഒഎസ് 18.1 അപ്ഡേറ്റിൽ ഇനി കോൾ റിക്കോർഡിങ് ലഭ്യമാകും. സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യാൻ കഴിയുന്ന എല്ലാ ഫോണുകളിലും കോൾ റിക്കോർഡ് ചെയ്യാവുന്നതാണ്.

ഇപ്പോൾ ബീറ്റാ ടെസ്റ്റിംഗിലുള്ള 18.1 അപ്ഡേറ്റിൽ കോൾ റെക്കോർഡിംഗ് ഫീച്ചർ വന്നപ്പോൾ ഇത് സ്ഥിരീകരിച്ചു. ഐഫോൺ 15 പ്രോ, 15 പ്രോ മാക്സ് ഫോണുകളിലും പുതിയതായി എത്തിയ 16ന്റെ മോഡലുകളിലും മാത്രമേ ആപ്പിൾ ഇന്റലിജൻസ് എന്ന എഐ ഫീച്ചർ ലഭ്യമാകൂ.

കാലങ്ങളായുള്ള ഉപയോക്താക്കളുടെ ആവശ്യമാണ് കോൾ റെക്കോർഡിങ്. കോൾ സ്ക്രീനിന്റെ ഇടത് ഭാഗത്ത് മുകളിലായി വോയ്സ് മെമോയുടെ വേവ് ഫോം ഐക്കൺ വരും.

ഇത് ടാപ്പ് ചെയ്താൽ കോൾ റെക്കോർഡ് ചെയ്യാം. കോളിനിടയ്ക്ക് തന്നെ റെക്കോർഡ്, പോസ് ചെയ്യാനും സ്റ്റോപ്പ് ചെയ്യാനും കഴിയും. റെക്കോർഡ് ചെയ്യുന്ന വിവരം മറുതലയ്ക്കലുള്ള ആളെ അറിയിക്കുകയും ചെയ്യും.

റെക്കോർഡ് ആകുന്ന കോളുകൾ നോട്സ് ആപ്പിലെ കോൾ റെക്കോർഡിങ് ഫോൾഡറിൽ സേവ് ആകും. ഈ കോൾ റെക്കോർഡുകൾ ടെക്സ്റ്റ് ആയി ട്രാൻസ്ക്രൈബ് ചെയ്യാം.

# ലെബനനിൽ കരയുദ്ധത്തിന്റെ സൂചന നൽകി ഇസ്രായേൽ സൈനിക മേധാവി



ജെറുസലേം: ലെബനനിൽ കരയിലൂടെയുള്ള സൈനിക നടപടിക്ക് ഇസ്രായേൽ സൈന്യം തയ്യാറെടുക്കുകയാണെന്ന് ഇസ്രായേൽ സൈനിക മേധാവി സൂചിപ്പിച്ചു. ഹിസ്ബുള്ള ഇസ്രായേലിലേക്ക് ഡസൻ കണക്കിന് റോക്കറ്റുകളും മിസൈലും ഉപയോഗിച്ച് ആക്രമണം നടത്തിയതിന് പിന്നാലെയാണ് കരയുദ്ധത്തിന്റെ മുന്നറിയിപ്പ് നൽകിയിരിക്കുന്നത്.

ഇതുവരെ ശക്തമായ വ്യോമാക്രമണമാണ് ഇസ്രയേൽ ലെബനനിൽ നടത്തിയിരുന്നത്.വടക്കൻ അതിർത്തിയിൽ ഇസ്രയേൽ സൈനികരെ അഭിസംബോധന ചെയ്ത ചീഫ് ഓഫ് സ്റ്റാഫ് ലെഫ്റ്റനന്റ് ജനറൽ ഹെർസി ഹലേവിയാണ് കരയുദ്ധ സൂചന നൽകിയത്. 'ഏറ്റവും പുതിയ വ്യോമാക്രമണങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത് നിങ്ങളുടെ സാധ്യമായ പ്രവേശനത്തിന് നിലമൊരുക്കാനും ഹിസ്ബുള്ളയെ അടിച്ചമർത്തുന്നത് തുടരാനുമാണ്,' ഹലേവി പറഞ്ഞു. ടെൽ അവീവിലേക്ക് മിസൈൽ തൊടുത്തുവിട്ട ഹിസ്ബുള്ളക്ക് ശക്തമായ തിരിച്ചടി നൽകാൻ തയാറാവാൻ സൈനികരോട് അദ്ദേഹം ആവശ്യപ്പെട്ടു. എന്നിരുന്നാലും ലെബനനിലെ ഏറ്റവും ശക്തമായ രാഷ്ട്രീയ ശക്തിയും ഇറാന്റെ പിന്തുണയോടെ അറബ് ലോകത്തെ ഉന്നത അർദ്ധസൈനിക വിഭാഗമായി പരക്കെ കണക്കാക്കപ്പെടുന്നതുമായ ഹിസ്ബുള്ളയ്ക്കെതിരായ കര ഓപ്പറേഷനാണോ വ്യോമാക്രമണമാണോ അതോ മറ്റേതെങ്കിലും തരത്തിലുള്ള പ്രതികാരമാണോ ഹലേവി ഉദ്ദേശിച്ചതെന്ന് വ്യക്തമല്ല.കരയിലൂടെയുള്ള അധിനിവേശത്തിന് ഉടൻ പദ്ധതിയില്ലെന്ന് ഇസ്രായേൽ സൈന്യം കഴിഞ്ഞ ദിവസങ്ങളിൽ പറഞ്ഞിരുന്നു.വടക്കൻ ദൗത്യങ്ങൾക്കായി രണ്ട് റിസർവ് ബ്രിഗേഡുകൾ സജീവമാക്കുമെന്നും ഇസ്രായേൽ സൈന്യം ബുധനാഴ്ച പറഞ്ഞു.

## ലെബനനിലെ ആക്രമണങ്ങളെ അംഗീകരിക്കാനാകില്ലെന്ന് ഫ്രാൻസിസ് മാർപാപ്പ



വത്തിക്കാൻ: ലെബനനിലെ ഇസ്രായേൽ ആക്രമണങ്ങളെ അപലപിച്ച് ഫ്രാൻസിസ് മാർപാപ്പ. ഇസ്രായേലിന്റെ ആക്രമണങ്ങളെ ഒരിക്കലും അംഗീകരിക്കാനാവില്ലെന്ന് മാർപാപ്പ പറഞ്ഞു.പോരാട്ടം അവസാനിപ്പിക്കാൻ സാധ്യമായതെല്ലാം ചെയ്യണമെന്ന് അദ്ദേഹം അന്താരാഷ്ട്ര സമൂഹത്തോട് അഭ്യർത്ഥിച്ചു. ഹിസ്ബുള്ള കമാൻഡർ ഇബ്രാഹിം ഖുബൈസിയും മറ്റ് ആറുപേരും ഇന്നലെ ഇസ്രയേൽ ലെബനനിൽ നടത്തിയ ആക്രമണത്തിൽ കൊല്ലപ്പെട്ടിരുന്നു. ഹിസ്ബുള്ള റോക്കറ്റ് വിഭാഗത്തിന്റെ കമാൻഡറാണ് ഖുബൈസി.

## ലബനനിലെ പേജർ സ്ഫോടനം: അന്വേഷണം പ്രഖ്യാപിച്ച് നോർവെ



ബെയ്റൂട്ട് : ലെബനനിലെ പേജർ സ്ഫോടനത്തിൽ നോർവീജിയൻ സുരക്ഷാ പൊലീസ് പ്രാഥമിക അന്വേഷണം ആരംഭിച്ചു. ഹിസ്ബുള്ളയ്ക്ക് പേജറുകൾ നൽകിയത് നോർവീജിയൻ ഉടമസ്ഥതയിലുള്ള കമ്പനിയാണെന്ന് ആരോപണം ഉയർന്ന സാഹചര്യത്തിലാണ് അന്വേഷണം. സ്ഫോടനവുമായി ബന്ധപ്പെട്ട് നിലവിൽ ബൾഗേറിയ, തായ് വാൻ, ഹംഗറി തുടങ്ങിയ രാജ്യങ്ങൾ അന്വേഷണം നടത്തുന്നുണ്ട്. ലബനനിൽ കഴിഞ്ഞ ആഴ്ചയാണ് ആയിരക്കണക്കിന് പേജറുകൾ പൊട്ടിത്തെറിച്ച് 39 പേർ കൊല്ലപ്പെട്ടത്.നോർവീജിയൻ ഉടമസ്ഥതയിലുള്ള ഒരു കമ്പനിക്ക് സ്ഫോടനത്തിൽ പങ്കുണ്ടെന്ന വർത്തകളെത്തുടർന്നാണ് അന്വേഷണം ആരംഭിച്ചത് എന്നും പൊലീസ് പറഞ്ഞു. പേജറുകളും വാക്കി-ടോക്കികളും പൊട്ടിത്തെറിച്ചുണ്ടായ ആക്രമണത്തിൽ ഇസ്രയേലിന് പങ്കുണ്ടെന്നാണ് ഹിസ്ബുള്ള ആരോപിക്കുന്നത്.

# ഷി ജിൻപിങ്ങിനെ വിമർശിച്ചതിന് ചൈനയിലെ മറ്റൊരു പ്രമുഖനും അപ്രത്യക്ഷനായി



ബെയ്ജിങ്: ഷി ജിൻപിങ്ങിനെ വിമർശിച്ചതിന് ശേഷം പൊതുജീവിതത്തിൽ നിന്ന് അപ്രത്യക്ഷരായ ചൈനയിലെ ഉന്നതരുടെ പട്ടികയിൽ ഒരു മികച്ച സാമ്പത്തിക വിദഗ്ധനും ഉൾപ്പെട്ടതായി ദി വാൾ സ്ട്രീറ്റ് ജേണൽ റിപ്പോർട്ട് ചെയ്യുന്നു. ഒരു ദശാബ്ദത്തോളം ചൈനീസ് അക്കാദമി ഓഫ് സോഷ്യൽ സയൻസസിൽ (സിഎഎസ്എസ്) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക്സിന്റെ ഡെപ്യൂട്ടി ഡയറക്ടറായി സേവനം അനുഷ്ഠിച്ച ഷു ഹെങ്പെംഗ് ആണ് അപ്രത്യക്ഷനായിരിക്കുന്നത്.തന്റെ നേതൃത്വത്തിനും സർക്കാരിനുമെതിരായ വിമർശനങ്ങൾക്കെതിരെ ഷി തന്റെ കടിഞ്ഞാണിടുന്നതിനിടെയാണ് ഷുവിന്റെ തിരോധാനം. ചൈനയുടെ കാബിനറ്റിലേക്ക് നേരിട്ട് റിപ്പോർട്ട് ചെയ്യുന്ന ഒരു സംസ്ഥാന ഗവേഷണ തിങ്ക് ടാങ്കാണ് സിഎഎസ്എസ്. ഷാങ്ഹായ് യൂണിവേഴ്സിറ്റി ഓഫ് പൊളിറ്റിക്കൽ സയൻസ് ആൻഡ് ലോയിലെ മുൻ അസോസിയേറ്റ് പ്രൊഫസറായ ചെൻ ദാവോയിൻ ഇതിനെ നേതൃത്വത്തെ പിന്തുണയ്ക്കുന്നതിനായി പാർട്ടി പ്രത്യയശാസ്ത്രം രൂപപ്പെടുത്തുന്നതിനുള്ള ബോഡി എന്നാണ് വിശേഷിപ്പിച്ചത്.ജേണൽ പറയുന്നതനുസരിച്ച്, ചൈനയുടെ മന്ദഗതിയിലുള്ള സമ്പദ്യവസ്ഥയെക്കുറിച്ച് പരാമർശിക്കുകയും വീചാറ്റിലെ ഒരു സ്വകാര്യ ഗ്രൂപ്പിൽ ഷിയുടെ നേതൃത്വത്തെ വിമർശിക്കുകയും ചെയ്തതിന് തൊട്ടുപിന്നാലെയാണ് 55-കാരൻ അപ്രത്യക്ഷനായത്. ബീജിംഗിലെ സിൻഹുവ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന ഒരു തിങ്ക് ടാങ്കിലെ ജീവനക്കാരുടെ പട്ടികയിൽ നിന്ന് ഷുവിന്റെ പേര് നീക്കം ചെയ്തതായി ദി ജേർണൽ റിപ്പോർട്ട് ചെയ്യുന്നു. ഏപ്രിൽ അവസാനമാണ് അദ്ദേഹം അവസാനമായി പൊതുവേദിയിൽ പ്രത്യക്ഷപ്പെട്ടതെന്ന് റിപ്പോർട്ടിൽ പറയുന്നു.പ്രസിദ്ധീകരണത്തിനും ആകയ്ക്കും ദവൗമായി ബന്ധപ്പെടാനോ അദ്ദേഹത്തിന് നിയമപരമായ പ്രാതിനിധ്യം ഉണ്ടോ എന്ന് നിർണ്ണയിക്കാനോ കഴിഞ്ഞില്ല. ചൈനീസ് അക്കാദമി ഓഫ് സോഷ്യൽ സയൻസസും സ്റ്റേറ്റ് കൗൺസിൽ ഇൻഫർമേഷൻ ഓഫീസും ബിഐെയിൽ നിന്നുള്ള അഭ്യർത്ഥനയോട് ഉടൻ പ്രതികരിച്ചില്ല.ചൈനീസ് റെഗുലേറ്റർമാരെ വിമർശിച്ചതിന് ശേഷം 2020 അവസാനത്തോടെ അലിബാബ സഹസ്ഥാപകൻ ജാക്ക് മാ അപ്രത്യക്ഷനായിരുന്നു. കഴിഞ്ഞ വർഷം, ചൈനീസ് സ്റ്റേറ്റ് മീഡിയ പ്രതിരോധ മന്ത്രി ജനറൽ ലി ഷാങ്ഫുവിനെ അധികാരത്തിൽ നിന്ന് നീക്കം ചെയ്തതായി ഒരു വിശദീകരണവും കൂടാതെ പകരക്കാരനെ പേരെടുക്കാതെയും പ്രഖ്യാപിച്ചു. അഴിമതിയുടെ പേരിൽ അദ്ദേഹം അന്വേഷണം നേരിടുകയായിരുന്നു, യുഎസ് ഉദ്യോഗസ്ഥർ ന്യൂയോർക്ക് ടൈംസിനോട് പറഞ്ഞു, 2023 ഓഗസ്റ്റ് അവസാനത്തിലാണ് അദ്ദേഹം അവസാനമായി പൊതുസ്ഥലത്ത് പ്രത്യക്ഷപ്പെട്ടത്. അതിന് ശേഷമാണ് കാണാതവുന്നത്.

## ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈൽ വിജയകരമായി പരീക്ഷിച്ചെന്ന് ചൈന



ബെയ്ജിംഗ്: ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈൽ വിജയകരമായി പരീക്ഷിച്ചെന്ന് ചൈന. പസഫിക് സമുദ്രത്തിലേക്കാണ് മിസൈൽ തൊടുത്തത്. 1980നുശേഷം ആദ്യമായാണു ചൈന അന്താരാഷ്ട്ര സമുദ്ര മേഖലയിൽ മിസൈൽ പരീക്ഷണം നടത്തുന്നത്.അണ്വായുധ പോർമുന വഹിക്കാൻ ശേഷിയുള്ള മിസൈൽ ആണിത്. സാധാരണ ചൈനയ്ക്കുള്ളിൽ തന്നെയാണ് ഇത്തരം മിസൈലുകൾ പരീക്ഷിക്കാറുള്ളത്. പരീക്ഷണത്തെക്കുറിച്ച് അയൽരാജ്യങ്ങൾക്കു മുന്നറിയിപ്പു നല്കിയതായി ചൈന അവകാശപ്പെട്ടു. എന്നാൽ മുന്നറിയിപ്പു ലഭിച്ചിട്ടില്ലെന്നു ജപ്പാൻ അറിയിച്ചു.

## പാകിസ്താന് 7 ബില്യൺ ഡോളർ വായ്പ നൽകാൻ ഐഎംഎഫ് അനുമതി



ഇസ്ലാമാബാദ്: സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പാകിസ്ഥാന് 7 ബില്യൺ ഡോളറിന്റെ പുതിയ വായ്പയ്ക്ക് അന്താരാഷ്ട്ര നാണയ നിധിയുടെ എക്സിക്യൂട്ടീവ് ബോർഡ് അംഗീകാരം നൽകി.പാകിസ്ഥാന്റെ തകർന്ന സമ്പദ്വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണെന്ന് വായ്പ നൽകുന്നതെന്ന് ഉദ്യോഗസ്ഥർ കൂട്ടിച്ചേർത്തു. ജൂൺ മുതൽ ഐഎംഎഫുമായി ചർച്ചകൾ നടത്തുകയായിരുന്നുവെന്നും അംഗീകാരത്തിന് ഐഎംഎഫ് മേധാവിക്കും അവരുടെ ടീമിനും പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫ് നന്ദി പറയുകയും ചെയ്തു

# ഇലോൺ മസ്കും ജോർജിയ മെലോണിയും ഡേറ്റിംഗിലോ?



ന്യൂയോർക്ക്: ടെസ്‌ല സ്ഥാപകനും ശതകോടീശ്വരനുമായ ഇലോൺ മസ്ക് ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുമായി ഡേറ്റിങ്ങിലെന്ന് അഭ്യൂഹങ്ങൾ.അടുത്തിടെ നടന്ന ഒരു അവാർഡ് ദാന ചടങ്ങിൽ മെലോണിക്കൊപ്പമുള്ള ടെസ്‌ല സ്ഥാപകൻ ഇലോൺ മാസ്കിന്റെ ചിത്രങ്ങൾ സമൂഹ മാധ്യമങ്ങളിൽ വൈറലായി മാറിയിരുന്നു. ഇതിന് പിന്നാലെ ഇരുവരും ഡേറ്റിംഗിലാണെന്ന അഭ്യൂഹങ്ങളും സോഷ്യൽ മീഡിയയിൽ പ്രചരിച്ചിരുന്നു. എന്നാൽ ഇതിന് മറുപടിയുമായി മസ്ക് തന്നെ രംഗത്തെത്തികഴിഞ്ഞ ദിവസം ന്യൂയോർക്കിൽ നടന്ന ഒരു അവാർഡ് ദാന ചടങ്ങിൽ മെലോണി വിശ്വസ്തയും സത്യസന്ധയുമാണെന്ന് മസ്ക് വിശേഷിപ്പിച്ചിരുന്നു. മെലോണിക്ക് അറ്റ്ലാന്റിക് കൗൺസിൽ ഗ്ലോബൽ സിറ്റിസൺ അവാർഡ് സമ്മാനിച്ചുകൊണ്ടായിരുന്നു മസ്കിന്റെ വാക്കുകൾ. സുന്ദരമായ ഹൃദയം ഉള്ള ഒരാൾക്കാണ് ഞാൻ ഈ അവാർഡ് നൽകുന്നത്. ഇറ്റലിയുടെ പ്രധാനമന്ത്രിയെന്ന നിലയിൽ മെലോണി മികച്ച ജോലിയാണ് ചെയ്തതെന്നും താൻ മെലോണിയുടെ ആരാധകനാണെന്നും മസ്ക് പറഞ്ഞു. തന്റെ ഔദ്യോഗിക എക്സ് അക്കൗണ്ടിലെ അഭിപ്രായങ്ങൾക്ക് ഇറ്റാലിയൻ പ്രധാനമന്ത്രി മസ്കിന് നന്ദിയും പറഞ്ഞിരുന്നു. പിന്നാലെ ഒരു ടെസ്‌ല ഫാൻ ക്ലബ് മസ്കിന്റെയും മെലോണിയുടെയും ചിത്രം 'ഇവർ ഡേറ്റിംഗിലാണോ' എന്ന അടിക്കുറിപ്പോടെ പോസ്റ്റ് ചെയ്യുകയായിരുന്നു. ഇത് സോഷ്യൽ മീഡിയ ഏറ്റെടുക്കുകയും ചെയ്തു.



# സ്വവർഗ വിവാഹം നിയമവിധേയമാക്കി തായ്‌ലൻഡ്

ബാങ്കോക്ക് : സ്വവർഗ വിവാഹം അനുവദിക്കുന്ന നിയമം പാസാക്കി തായ്‌ലൻഡ്. തെക്കുകിഴക്കൻ ഏഷ്യയിൽ സ്വവർഗ വിവാഹം അംഗീകരിക്കുന്ന ആദ്യ രാജ്യമായി തായ്‌ലൻഡ ഇതോടെ മാറും. തായ്‌വാനും നേപ്പാളും കഴിഞ്ഞാൽ സ്വവർഗ വിവാഹം അംഗീകരിക്കുന്ന ഏഷ്യയിലെ മൂന്നാമത്തെ രാജ്യമാണ് തായ്‌ലൻഡ്. ഔദ്യോഗിക ബിൽ 2025 ജനുവരി 22 മുതൽ പ്രാബല്യത്തിൽ വരും.ജൂൺ 18 ന്പാർലമെന്റ് പാസാക്കിയ വിവാഹ സമത്വ ബില്ലിനാണ് തായ്‌ലൻഡ് രാജാവ് വജിറലോങ്കോൺ ഔദ്യോഗികമായി അംഗീകാരം നൽകിയത്. തുടർന്ന് ഈ നിയമം റോയൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചു. ഔദ്യോഗിക ബിൽ 2025 ജനുവരി 22 മുതൽ പ്രാബല്യത്തിൽ വരും. 2019-ൽ, സ്വവർഗ വിവാഹം നിയമവിധേയമാക്കുന്ന ഏഷ്യയിലെ ആദ്യത്തെ പാർലമെന്റായി തായ്‌വാൻ മാറിയിരുന്നു. നേപ്പാൾ ആദ്യ സ്വവർഗ യൂണിയൻ രജിസ്റ്റർ ചെയ്തത് കഴിഞ്ഞ വർഷം നവംബറിലാണ്.

# കുട്ടികളില്ലെങ്കിൽ പിഴയുമായി റഷ്യ



മോസ്കോ:കുട്ടികളില്ലാതെ ജീവിക്കാൻ ആഗ്രഹിക്കുന്നവരെ ലക്ഷ്യമിട്ട് റഷ്യ പുതിയ നിയമനിർമ്മാണത്തിന് തയ്യാറെടുക്കുന്നു. കുട്ടികൾ വേണ്ടെന്ന് തീരുമാനിച്ചവരിൽ നിന്ന് പിഴ ഈടാക്കാൻ തീരുമാനിക്കുമെന്നാണ് റിപ്പോർട്ട്.കാൽ നൂറ്റാണ്ടിലെ ഏറ്റവും താഴ്ന്ന നിലയിലേക്ക് ജനനനിരക്ക് പോകുന്നുവെന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഈ നിർദ്ദേശം. പരമ്പരാഗത മൂല്യങ്ങളുടെ കോട്ടയായി റഷ്യയെ വിശേഷിപ്പിച്ച പുടിൻ, റഷ്യൻ ജനതയുടെ ഭാവി സുരക്ഷിതമാക്കാൻ സ്ത്രീകൾക്ക് കുറഞ്ഞത് മൂന്ന് കുട്ടികളെങ്കിലും ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചു.കുട്ടികളില്ലാതെ ജീവിക്കാൻ ആഗ്രഹിക്കുന്നവരിൽ നിന്ന് മൂന്ന് ലക്ഷം രൂപയ്ക്ക് തുല്യമായ പിഴ ചുമത്തും. സർക്കാർ ഉദ്യോഗസ്ഥർക്ക് ഏഴു ലക്ഷം രൂപ വരെ പിഴ ചുമത്തും. കുട്ടികളുടെ കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്നത് വ്യക്തി ജീവിതത്തിലേക്കുള്ള കടന്നുകയറ്റമാണെന്നും വിമർശനമുണ്ട്.














1620 75TH STREET
DOWNERS GROVE
ILLINOIS 60516

**Small or Big Gatherings & Special Occasions**
Call : 630-964-7090

**Authentic Indian Cuisine**
Call: 630-964-1720







**PICK-UP**
**DELIVERY**
**ORDER**
ONLINE

**Shikara**
**Restaurant**

*Your Destination In Downers Grove*

**1620 75th Street**
**Downers Grove**
**ILLINOIS 60516**

**Telephone**
630 964 1720